ബൈബിൾ തീർത്ഥാടനം 1

# ബൈബിൾ പഠനം

ഡോ. മൈക്കിൾ കാരിമറ്റം

MAR LOUIS PUBLICATIONS





ഡോ. മൈക്കിൾ
കാരിമറ്റം

തലശ്ശേരി അതിരൂപതയിലെ വൈദികൻ. 1942-ൽ ജനനം. 1968-ൽ റോമിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. 1979-ൽ റോമിലെ പൊന്തിഫിക്കൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബൈബിളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇപ്പോൾ മേരിമാതാ മേജർ സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.

ബൈബിൾ തീർത്ഥാടനം 1

# ബൈബിൾ പഠനം

ബൈബിൾ പഠനത്തിനുള്ള ഒരാമുഖം മാത്രമാണ് ഈ പുസ്തകം. തുടർന്ന് ബൈബിൾ ഗ്രന്ഥങ്ങൾക്കുള്ള വ്യാഖ്യാനം ഉൽപത്തിമുതൽ ആരംഭിക്കുന്നു.

"നമ്മുടെ കർത്താവിന്റെ തിരുശരീരത്തെ വണങ്ങുന്നതു പോലെയാണ് വി. ഗ്രന്ഥത്തെയും സഭ എന്നും വണങ്ങിപോന്നിട്ടുള്ളത്...
വിശുദ്ധ ഗ്രന്ഥത്തിലൂടെയാണ് സ്വർഗസ്ഥനായ പിതാവ് തന്റെ മക്കളെ അതീവസ്നേഹത്തോടെ ഉറ്റുനോക്കുന്നതും അവരുമായി സംഭാഷണം ചെയ്യുന്നതും. നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തോടു സംസാരിക്കുന്നു. ബൈബിൾ വായിക്കുമ്പോൾ അവിടുത്തെ ശ്രവിക്കുന്നു." (DV 25).

ശ്രദ്ധയോടെ ദൈവവചനം ശ്രവിക്കാനും ജീവിതത്തിൽ പ്രാവർത്തികമാക്കി ദൈവിക ജീവനിൽ വളരാനും ഈ വ്യാഖ്യാന പരമ്പര സഹായകമാകും.

**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph:0484-2352110
website:www.marlouiskochi.com
e-mail:marlouiskochi@gmail.com

MLP - 0202

ബൈബിൾ തീർത്ഥാടനം-1

# ബൈബിൾ പഠനം

ഡോ. മൈക്കിൾ കാരിമറ്റം

Mar Louis Publications, Kochi - 31

Malayalam
Bible Theerthadanam-1

**Bible Padanam**

*Author*

**Michael Karimattam**

*Printed at*
Alwaye Press, Aluva.

*Published by*

Mar Louis Publications

*Distributed by*

Mar Louis Arts & Book Centre
Broadway, Ernakulam.
Kochi - 682 031, Ph: 0484-2352110
website: www.marlouiskochi.com
e-mail: mlbookcentre@gmail.com

Price : ₹ 90.00

# ഉള്ളടക്കം

പേജ്


| | | |
|---|---|---|
| | ആമുഖം | 5 |
| 1. | ബൈബിൾ ദൈവവചനഗ്രന്ഥം | 11 |
| 2. | ഗ്രന്ഥകർത്താവ് - ദൈവനിവേശനം | 22 |
| 3. | കാനോനികഗ്രന്ഥങ്ങൾ | 31 |
| 4. | ബൈബിൾ എന്തിനു വായിക്കണം | 36 |
| 5. | ബൈബിൾ എങ്ങനെ വായിക്കണം | 49 |
| 6. | സുവിശേഷം പങ്കുവയ്ക്കൽ-സപ്തതലരീതി | 59 |
| 7. | ബൈബിൾ പഠനത്തിന് ഒരു മാർഗ്ഗരേഖ | 72 |
| 8. | ബൈബിൾ വ്യാഖ്യാനം-അടിസ്ഥാനതത്ത്വങ്ങൾ | 86 |
| 9. | ബൈബിൾ- രക്ഷാചരിത്രം | 106 |
| 10. | അനുബന്ധം: “ദൈവാവിഷ്കരണം” Dei Verbum | 121 |

# ആമുഖം

*"നന്മസ്വരൂപിയും ബുദ്ധിതന്നെയുമായ ദൈവം സ്വയം വെളിപ്പെടുത്താനും നമുക്ക് അജ്ഞാതമായ അവിടുത്തെ തിരുവിഷ്ടം നമ്മെ അറിയിക്കാനും തിരുമനസ്സായി... അവിടുത്തെ സ്നേഹത്തിന്റെ പാരമ്യത്തിൽനിന്നു മനുഷ്യരോട് സ്നേഹിതരോടെന്നതുപോലെ സംസാരിക്കുകയും അവരുടെ മധ്യേ വസിക്കുകയും ചെയ്യുന്നു. തന്റെ സഹവർത്തിത്വത്തിലേക്ക് മനുഷ്യരെ ക്ഷണിക്കുകയും കൊണ്ടുവരികയുമാണ് ഇതിൽ ദൈവത്തിന്റെ ഉദ്ദേശ്യം"* (DV2).

1965 നവംബർ 18-ാം തീയതി രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രസിദ്ധീകരിച്ച ദൈവാവിഷ്കരണം (Dei Verbum) എന്ന ഔദ്യോഗികരേഖ കത്തോലിക്കരുടെ ഇടയിൽ ബൈബിളിനോട് വലിയ താൽപര്യവും സ്നേഹവും ഉളവാക്കി. 1981 ഡിസംബർ 31-ാം തീയതി കേരള കത്തോലിക്കാസഭ സമ്പൂർണ്ണ ബൈബിളിന്റെ മലയാളം പരിഭാഷ പ്രസിദ്ധീകരിച്ചതോടെ ആധികാരികമായ ഒരു ബൈബിൾ വിവർത്തനം ലഭ്യമായി. അതോടെ കേരള കത്തോലിക്കരുടെ ഇടയിൽ ദൈവവചനമായ ബൈബിളിനോട് വലിയ ആഭിമുഖ്യം സംജാതമായി. ആ കാലഘട്ടത്തിൽത്തന്നെ ശക്തിയാർജ്ജിച്ച കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ ഉദ്യമങ്ങൾ ബൈബിളിനോട് കൂടുതൽ താൽപര്യം ഉളവാകാൻ ഇടയാക്കി. രൂപത - ഇടവക തലങ്ങളിൽ മതബോധനരംഗത്തും ബൈബിളിന് മുഖ്യമായ സ്ഥാനം നൽകപ്പെട്ടു.

ഇപ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ ദൈവത്തിന്റെ ആത്മാവ് ദൈവവചനത്തിലേക്ക് ദൈവജനത്തിന്റെ ശ്രദ്ധ ക്ഷണിച്ചു. ധാരാളം പേർ ബൈബിൾ വായിക്കാൻ തുടങ്ങി. മിക്കവാറും എല്ലാ വീടുകളിലും സമ്പൂർണ ബൈബിളിന്റെ ഒരു കോപ്പിയെങ്കിലും ഉണ്ടായിരിക്കുകയും കുടുംബ പ്രാർത്ഥനയുടെ ഭാഗമായി ഒരു ബൈബിൾ ഭാഗം വായിക്കുകയും സർവസാധാരണമായി. ബൈബിൾ വായിക്കാനും ബൈബിൾ വാക്യങ്ങൾ മനഃപാഠമാക്കാനും അനേകർക്കു

താൽപര്യമുണ്ടായി. ധ്യാനപ്രസംഗങ്ങൾ അധികപങ്കും വചനാധി ഷ്ഠിതമായി. അതോടൊപ്പം ഗൗരവതരമായ ചില പ്രശ്നങ്ങളും കട ന്നുവന്നു.

രണ്ടായിരം വർഷങ്ങൾക്കുമുമ്പ്, നമ്മുടേതിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു സാംസ്കാരിക സാഹചര്യത്തിൽ രൂപം കൊണ്ട തും, നമുക്ക് അപരിചിതമായ പുരാതന ഭാഷകളിൽ എഴുതപ്പെട്ടതും ആണ് ബൈബിളിലെ ഗ്രന്ഥങ്ങൾ എന്ന വസ്തുത പരിഗണിക്കാ തെ, ഓരോരുത്തരും താന്താങ്ങൾക്കു തോന്നിയവിധത്തിൽ ബൈബിൾ വ്യാഖ്യാനിക്കാൻ തുടങ്ങി. അപ്പോൾ പലരുടെയും വ്യാഖ്യാനങ്ങൾ വ്യത്യസ്തങ്ങളായി. ഒരേ വാക്യം തന്നെ ചിലപ്പോ ഴെങ്കിലും പരസ്പര വിരുദ്ധമായ അർത്ഥത്തിൽ വ്യാഖ്യാനിക്കപ്പെ ട്ടു. ഈ വ്യാഖ്യാനങ്ങൾ പലപ്പോഴും കത്തോലിക്കാസഭയുടെ ആധി കാരികപ്രബോധനങ്ങൾക്കു വിരുദ്ധവുമായി.

അങ്ങനെ ഐക്യത്തിന്റെ ഉറവിടവും മാർഗ്ഗവും ആകേണ്ട ദൈവവചനം കത്തോലിക്കരുടെ ഇടയിൽത്തന്നെ പിളർപ്പുകൾക്കു കാരണമായി. പുതിയ സെക്ടുകൾ രൂപം കൊണ്ടു. പല ധ്യാനകേ ന്ദ്രങ്ങളും ബൈബിളിന്റെ ചില പ്രത്യേക വശങ്ങൾക്കു ഊന്നൽ നൽകുകയും സുപ്രധാനമായ വിശ്വാസസത്യങ്ങൾ അവഗണിക്കു കയും ചെയ്യുകവഴി വിശ്വാസികളുടെ ഇടയിൽ ആശയക്കുഴപ്പത്തിനു കാരണമാകുന്നുണ്ട്. പൂർവ്വികരുടെ പാപംമൂലം പിൻതലമുറകൾ പേറുന്ന ശാപം, "കുടുംബവൃക്ഷ"ത്തിന്റെ വേരുകൾ ശുദ്ധീകരി ക്കൽ, പൈശാചികബന്ധനം ഒഴിപ്പിക്കൽ, മരിച്ചവരോടു സുവിശേഷം പ്രസംഗിക്കൽ തുടങ്ങി തികച്ചും സംശയാസ്പദവും തെറ്റിധാരണാ ജനകവുമായ വ്യാഖ്യാനങ്ങളും പ്രബോധങ്ങളും അനേകരെ വഴി തെറ്റിക്കുന്നതായും കാണുന്നു.

ഈ സാഹചര്യത്തിൽ ദൈവവചനം സഭയുടെ ആധികാരിക പ്രബോധനത്തിന്റെ പശ്ചാത്തലത്തിൽ വിശദമായി പഠിക്കുക അത്യാ വശ്യമായിവന്നു. ഈ ഒരു ആവശ്യം മുന്നിൽ കണ്ടുകൊണ്ട് തല ശ്ശേരി രൂപതാ വചനപ്രഘോഷണ സമിതിയുടെ ആഭിമുഖ്യത്തിൽ 1992-ൽ "ബൈബിൾ തീർത്ഥാടനം" എന്നൊരു വ്യാഖ്യാനപരമ്പര ആരംഭിക്കുകയുണ്ടായി. കഴിയുന്നതും വില കുറച്ച് പുസ്തകം ലഭ്യ മാക്കണം; അനാവശ്യമായ വിശദാംശങ്ങളും വിവിധ ഗ്രന്ഥകർത്താ ക്കളുടെ അഭിപ്രായങ്ങളും ഒഴിവാക്കി, പുസ്തകത്തിന്റെ വലുപ്പം

കഴിയുന്നതും കുറയ്ക്കണം. അങ്ങനെ സാധാരണക്കാർക്ക് വാങ്ങാനും വായിച്ചു മനസിലാക്കാനും കഴിയണം. ഇതൊക്കെ ആയിരുന്നു ആ പരമ്പര തയ്യാറാക്കുമ്പോൾ മനസിലുണ്ടായിരുന്ന ചില ലക്ഷ്യങ്ങൾ.

തികച്ചും ആശ്ചര്യകരമായിരുന്നു വായനക്കാരുടെ പ്രതികരണം. സന്യാസിനീ സമൂഹങ്ങൾ, ജീസസ് യൂത്ത് പോലുള്ള യുവജനസംഘടനകൾ, മതാധ്യാപകർ തുടങ്ങി അനേകം പേർ ഈ പുസ്തകങ്ങൾ പാഠപുസ്തകമായി ഉപയോഗിച്ചു. ആദ്യത്തെ പുസ്തകം (ആദിചരിത്രം) ആറുമാസത്തിനകം 20,000 കോപ്പികൾ വിതരണം ചെയ്തു. വീണ്ടും പുനഃപ്രസിദ്ധീകരണങ്ങൾ വേണ്ടിവന്നു. 1997 ആയപ്പോഴേക്കും ഉൽപത്തി മുതൽ 2 ദിനവൃത്താന്തങ്ങൾവരെയുള്ള 14 പുസ്തകങ്ങളുടെ വ്യാഖ്യാനം പൂർത്തിയാക്കി. തുടർന്ന് പ്രവാചകഗ്രന്ഥങ്ങളുടെ വ്യാഖ്യാനം ആരംഭിച്ചു. ആദ്യത്തെ പുസ്തകമായ ആമോസിന്റെ രചന പൂർത്തിയായപ്പോൾ, അപ്രതീക്ഷിതമായ ദൈവിക ഇടപെടൽ ഉണ്ടായി. എഴുത്തും പ്രസിദ്ധീകരണവും നിർത്തിവയ്ക്കാൻ ഞാൻ നിർബന്ധിതനായി.

പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ കോപ്പികൾ തീർന്നു. വീണ്ടും പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. ഏറെ വർഷങ്ങൾക്കുശേഷം 2013-ൽ തലശ്ശേരി രൂപതയിലെ വചനപ്രഘോഷണ കേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ അമ്പതിൽപരം ബൈബിൾ പണ്ഡിതന്മാരുടെ സഹായത്തോടെ, ആൽഫാ ബൈബിൾ വ്യാഖ്യാനം (Alpha Bible Commentary - ABC) എന്ന പേരിൽ 8 വാല്യങ്ങളിലായി ബൈബിളിലെ 73 പുസ്തകങ്ങളുടെയും വിശദമായ ഒരു വ്യാഖ്യാന പരമ്പര പ്രസിദ്ധീകരിക്കുകയുണ്ടായി. അതിനും സാമാന്യം നല്ല സ്വീകരണം ലഭിച്ചു.

എന്നാൽ ഈ വ്യാഖ്യാനഗ്രന്ഥങ്ങൾ സാധാരണക്കാർക്ക് അത്ര എളുപ്പത്തിൽ ലഭ്യമല്ല. 8 വാല്യങ്ങളും ഒരുമിച്ചാണ് വിതരണം ചെയ്യുക. ഓരോ വാല്യവും ഏകദേശം 1000 പേജ് ഉൾക്കൊള്ളുന്ന വലിയ പുസ്തകങ്ങളാണ്. അതിനാൽ ബൈബിൾ തീർത്ഥാടനത്തിന്റെ ശൈലിയിൽ ചെറുതും വില കുറഞ്ഞതുമായ വ്യാഖ്യാന ഗ്രന്ഥങ്ങൾ ഇന്നും ആവശ്യമായി വരുന്നു. ഈ സാഹചര്യത്തിലാണ് ബൈബിൾ തീർത്ഥാടനം എന്ന പരമ്പര വീണ്ടും പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്.

ബൈബിളിനെക്കുറിച്ച് അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് പരമ്പരയുടെ ആമുഖമായ ഈ വാല്യത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്താണ് ബൈബിൾ, എന്തുകൊണ്ട് ബൈബിൾ ദൈവവചനം എന്നറിയപ്പെടുന്നു, ആരാണിതിന്റെ ഗ്രന്ഥകർത്താവ്, ഏതു കാലത്താണ് ബൈബിൾ എഴുതപ്പെട്ടത്, എന്നിങ്ങനെ ബൈബിളിനെ സംബന്ധിച്ച പൊതുവായ കാര്യങ്ങൾ ആദ്യമേ ചർച്ച ചെയ്യുന്നു. തുടർന്ന് ബൈബിൾ വായിക്കേണ്ടതിന്റെ ആവശ്യകത, വായിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന പ്രയോജനം, വായിക്കേണ്ടവിധം എന്നിവ ചർച്ചാ വിഷയമാക്കുന്നു. പുരാതനകാലം മുതലേ സഭയിൽ നിലവിലിരുന്നതും ഇന്ന് വീണ്ടും പ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്നതുമായ ഭക്തിനിർഭരമായ ബൈബിൾ പാരായണം (lectio divina) എന്ന ബൈബിൾ വായനാരീതി പരിചയപ്പെടുത്തുന്നു. സുവിശേഷം പങ്കുവയ്ക്കൽ, സപ്തതലരീതി (Gospel sharing seven step method) എന്ന ബൈബിൾ പാരായണത്തിന്റെ ഒരു പ്രത്യേകരീതി വിശദമായി അവതരിപ്പിക്കുന്നു.

വിവിധങ്ങളായി ബൈബിൾ പഠനരീതികളും അതിനുള്ള മാർഗ്ഗരേഖകളുമാണ് തുടർന്ന് അവതരിപ്പിക്കുന്നത്. ബൈബിൾ വ്യാഖ്യാനിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ അടിസ്ഥാനതത്ത്വങ്ങളായി അവതരിപ്പിക്കുന്നു. ദൈവമനുഷ്യബന്ധത്തിന്റെ ചരിത്രമാണ് ബൈബിളിന്റെ ഇതിവൃത്തം. ഈ രക്ഷാചരിത്രത്തെ ചുരുക്കമായി അവതരിപ്പിച്ചുകൊണ്ടാണ് ഈ ആമുഖപഠനം സമാപിക്കുന്നത്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഔദ്യോഗികരേഖയായ "ദൈവാവിഷ്കരണം" (Dei Verbum DV) അനുബന്ധമായി ചേർത്തിരിക്കുന്നു.

ബൈബിൾ പഠനത്തിനുള്ള ഒരാമുഖം മാത്രമാണ് ഈ പുസ്തകം. തുടർന്ന് ബൈബിൾ ഗ്രന്ഥങ്ങൾക്കുള്ള വ്യാഖ്യാനം ഉൽപത്തി മുതൽ ആരംഭിക്കുന്നു. 73-ാമത്തെ പുസ്തകമായ വെളിപാട് വരെയുള്ള എല്ലാ ഗ്രന്ഥങ്ങൾക്കും ലളിതവും ഹ്രസ്വവുമായ വ്യാഖ്യാനങ്ങൾ തയ്യാറാക്കാനുള്ള ശ്രമത്തിന്റെ തുടക്കമായി ഇതിനെ പരിഗണിക്കാം.

"നമ്മുടെ കർത്താവിന്റെ തിരുശരീരത്തെ വണങ്ങുന്നതുപോലെയാണ് വി. ഗ്രന്ഥത്തെയും സഭ എന്നും വണങ്ങിപോന്നിട്ടുള്ളത്... വിശുദ്ധ ഗ്രന്ഥത്തിലുടെയാണ് സ്വർഗസ്ഥനായ പിതാവ് തന്റെ

മക്കളെ അതീവസ്നേഹത്തോടെ ഉറ്റുനോക്കുന്നതും അവരുമായി സംഭാഷണം ചെയ്യുന്നതും. ദൈവവചനത്തിന്റെ ശക്തിയും കഴിവും വലുതാണ്. അതു സഭയ്ക്ക് ആലംബവും ഊർജ്ജസ്വലതയും നൽകുന്നു. അവളുടെ മക്കൾക്കാവശ്യമായ വിശ്വാസത്തിനുവേണ്ട ശക്തിയും ആത്മാവിന്റെ ഭക്ഷണവും അതുതന്നെ" (DV 21). "വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതതന്നെയാണ്.... നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തോടു സംസാരിക്കുന്നു. ബൈബിൾ വായിക്കുമ്പോൾ അവിടുത്തെ ശ്രവിക്കുന്നു." (DV 25).

ഇപ്രകാരം ശ്രദ്ധയോടെ ദൈവവചനം ശ്രവിക്കാനും ജീവിതത്തിൽ പ്രാവർത്തികമാക്കി ദൈവിക ജീവനിൽ വളരാനും സഹായകമാകുമെന്ന പ്രതീക്ഷയോടെ, അങ്ങനെ ആകണമേ എന്ന പ്രാർത്ഥനയോടെ, ഈ വ്യാഖ്യാന പരമ്പര അനുവാചകസമക്ഷം വിനയത്തോടെ സമർപ്പിക്കുന്നു.

**മൈക്കിൾ കാരിമറ്റം**

1

# ബൈബിൾ ദൈവവചനഗ്രന്ഥം

മനുഷ്യവർഗ്ഗത്തിനു ദൈവം നൽകിയിട്ടുള്ള വെളിപാടുകളുടെ സംഗ്രഹം എന്നോ നമുക്കയച്ച കത്തുകളുടെ സമാഹാരം എന്നോ വിശേഷിപ്പിക്കാവുന്ന ഗ്രന്ഥമാണ് ബൈബിൾ.

## സർവകാല ബെസ്റ്റ്സെല്ലർ

ലോകമാസകലം എക്കാലത്തും ഏറ്റം അധികം പ്രചാരമുള്ള പുസ്തകം ഏതെന്നു ചോദിച്ചാൽ നിസംശയം പറയാം: ബൈബിൾ. പഴയനിയമം, പുതിയ നിയമം എന്നിങ്ങനെ ബൈബിൾ രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. യഹൂദരുടെ വിശുദ്ധഗ്രന്ഥമാണ് പഴയനിയമം എന്നു ക്രിസ്ത്യാനികൾ വിളിക്കുന്ന ബൈബിൾ. ഗ്രന്ഥം *(സെഫെർ)* വിശുദ്ധഗ്രന്ഥം, *(സെഫർ ഹ കോദെശ്)* അഥവാ *തനാക്* എന്നാണ് യഹൂദർ ബൈബിളിനെ വിളിക്കുന്നത്. പുസ്തകത്തിന്റെ ഉള്ളടക്കത്തെ ആസ്പദമാക്കിയുള്ളതാണ് അവസാനത്തെ പേര്. *തോറാ (Torah*- നിയമം) *നബിയിം (Nebiim* - പ്രവാചകന്മാർ), *കെത്തുബിം (Kethubim* –ലിഖിതങ്ങൾ) എന്നീ മൂന്നു വിഭാഗങ്ങളുടെ ചുരുക്കെഴുത്താണ് TNK - സൗകര്യാർത്ഥം തനാക് എന്നുച്ചരിക്കുന്നു. മുസ്ലീമുകളും ബൈബിളിനെ ആദരിക്കുന്നുണ്ട്.

പഴയനിയമം ഹീബ്രുഭാഷയിലും പുതിയനിയമം ഗ്രീക്കുഭാഷയിലുമാണ് രചിക്കപ്പെട്ടത്. പിൽക്കാലത്ത് അനേകം ഭാഷകളിലേക്ക് അവ വിവർത്തനം ചെയ്യപ്പെട്ടു. അടുത്തകാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട ഒരു കണക്കനുസരിച്ച് ലിപികളുള്ള 6909 ഭാഷകളാണ് ലോകത്തുള്ളത്. അതിൽ 2932 ഭാഷകളിലേക്ക് ബൈബിൾ മുഴുവനായോ, ചുരുങ്ങിയത് ഏതെങ്കിലും പുസ്തകമോ വിവർത്തനം ചെയ്തിട്ടുണ്ട്. പുതിയനിയമം മുഴുവനായും 1333 ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

ഒരു ജർമ്മൻ സ്വർണ്ണപ്പണിക്കാരനായിരുന്ന യൊഹാന്നസ് ഗുട്ടൻബർഗ് - 1440ൽ അച്ചടിയന്ത്രം കണ്ടുപിടിച്ചിട്ട് ആദ്യമായി അച്ച ടിച്ചത് ബൈബിളായിരുന്നു. അന്നു മുതൽ ഇന്നുവരെ, ഏറ്റം അധികം പ്രസിദ്ധീകരിക്കപ്പെടുന്നതും ബൈബിൾതന്നെ. 1981 ഡിസംബർ 31-ാം തീയതിയാണ് കേരള കത്തോലിക്കാ സഭയുടെ ഔദ്യോഗിക വിവർത്തനമായ പി.ഒ.സി. ബൈബിൾ ആദ്യമായി പ്രസിദ്ധീകരിച്ച ത്. ഇക്കഴിഞ്ഞ മുപ്പത്തിയാറുവർഷത്തിനിടയിൽ അമ്പതുലക്ഷ ത്തിൽപരം കോപ്പികൾ വിറ്റഴിഞ്ഞു. ഇപ്പോഴും പ്രതിവർഷം രണ്ടു ലക്ഷത്തിൽപ്പരം കോപ്പികൾ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു.

കേരള കത്തോലിക്കാ സഭയുടെ മതബോധകേന്ദ്രമായ പി.ഒ. സി. (pastoral orientation centre) പ്രസിദ്ധീകരിക്കുന്നതിനുമുമ്പു തന്നെ തോമസ് മൂത്തേടനച്ചൻ വിവർത്തനം ചെയ്ത് ആളൂരിൽ നിന്ന് 1962 മുതൽ ബൈബിൾ പ്രസിദ്ധീകരിച്ചിരുന്നു. അതിനുമുമ്പേ മംഗലപ്പുഴ, മാന്നാനം, കൂനമ്മാവ് എന്നീ കേന്ദ്രങ്ങളിൽ നിന്ന് ബൈബിൾ പൂർണമായോ ഭാഗികമായോ മലയാളത്തിൽ പ്രസിദ്ധീ കരിച്ചിരുന്നു. *"പ്ശീത്താ"* എന്ന പേരിൽ അറിയപ്പെടുന്ന സുറിയാനി ബൈബിളിന്റെ വിവർത്തനം മുഖ്യമായും ആരാധനക്രമവുമായി ബന്ധപ്പെട്ട ഉപയോഗങ്ങൾക്കായി കോട്ടയത്തുനിന്നും പ്രസിദ്ധീക രിക്കുന്നുണ്ട്. ഇതെല്ലാം കത്തോലിക്കാ വിവർത്തനങ്ങളാണ്.

എന്നാൽ പ്രോട്ടസ്റ്റന്റ് സഭകളാണ് ബൈബിൾ മലയാളത്തി ലേക്ക് ആദ്യമായി വിവർത്തനം ചെയ്തതും പ്രസിദ്ധീകരിച്ചതും. അതിൽ ഏറ്റം പ്രധാനപ്പെട്ട, സത്യവേദ പുസ്തകം എന്നറിയപ്പെ ടുന്ന വിവർത്തനം പ്രതിവർഷം അനേകലക്ഷം കോപ്പികൾ പ്രസി ദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ സംശയമില്ല, ലോകത്തിൽ എക്കാലത്തെയും ബെസ്റ്റ് സെല്ലർ ബൈബിൾതന്നെ.

## ബൈബിൾ എന്നപേര്

പി.ഒ.സി. സമ്പൂർണ ബൈബിളിന്റെ വിവർത്തനത്തിൽ മൂന്ന് ചീഫ് എഡിറ്റേഴ്സിൽ ഒരുവനായി പങ്കുചേരാൻ എനിക്ക് അവസരം ഒരുക്കിത്തന്ന ദൈവപരിപാലനയെ നന്ദിയോടെ ഓർക്കുന്നു. പ്രസി ദ്ധീകരണവുമായി ബന്ധപ്പെട്ട സുപ്രധാനമായ ഒരു ചോദ്യമായിരുന്നു പുസ്തകത്തിന്റെ പേര്. എന്തു പേരിൽ ഈ ഗ്രന്ഥം അറിയപ്പെ ടണം? പല പേരുകൾ നിർദ്ദേശിക്കപ്പെട്ടു: വിശുദ്ധഗ്രന്ഥം, തിരുവച

നഗ്രന്ഥം, ദൈവവചനം, വേദപുസ്തകം, ദൈവാവിഷ്കൃതഗ്രന്ഥം. അവസാനം 'ബൈബിൾ' എന്ന പേരാണ് ഏവർക്കും സ്വീകാര്യമായത്. എന്താണീ പേരിനർത്ഥം? എങ്ങനെയാണ് ഈ പേരുണ്ടായത്? ഇത് മലയാളഭാഷയിലെ ഒരു വാക്കല്ലല്ലോ?

ഏറ്റം ലളിതമായി പറഞ്ഞാൽ "പുസ്തകം" എന്നാണ് വാക്കിനർത്ഥം. ഗ്രീക്കുഭാഷയിൽ നിന്നാണ് ഈ പേരിന്റെ വരവ്. *"ബിബ്ലിയോൺ"* എന്ന് ഏകവചനത്തിലും "ബിബ്ലിയാ" എന്ന് ബഹുവചനത്തിലും *(Biblion-biblia)* പറയും. ഈ പേരിനു പിന്നിൽ ഒരു ചരിത്രമുണ്ട്. മധ്യധരണ്യാഴിയുടെ കിഴക്കേതീരത്ത്, ഇന്നത്തെ ലെബനോണിന്റെ തലസ്ഥാനമായ ബൈറൂട്ടിൽ നിന്ന് ഏകദേശം നാല്പതു കിലോമീറ്റർ വടക്കു പടിഞ്ഞാറായി ഒരു വലിയ പട്ടണത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. *ഗേബെൽ (Gebel)* എന്നായിരുന്നു തദ്ദേശഭാഷയിൽ പട്ടണത്തിന്റെ പേര്. അത് ഗ്രീക്ക് ഭരണത്തിനു കീഴിലായപ്പോൾ *ബിബ്ലോസ്* എന്നറിയപ്പെടാൻ തുടങ്ങി.

പുരാതനകാലത്ത് വളരെ തിരക്കേറിയ ഒരു തുറമുഖനഗരമായിരുന്നു ബിബ്ലോസ്. മുഖ്യമായും ദേവദാരു, കരുവേലകം മുതലായ വിലപ്പെട്ട മരങ്ങളായിരുന്നു കയറ്റുമതി ചെയ്തിരുന്ന ഒരു ഉല്പന്നം. ഈജിപ്തിൽ ധാരാളമായി വളർന്നിരുന്ന ഞാങ്ങണപോലുള്ള പപ്പിറസ് ചെടിയുടെ തണ്ടുകൾ ബിബ്ലോസിലേക്ക് ഇറക്കുമതി ചെയ്തിരുന്നു. ഈ തണ്ടുകൾ കീറി പായപോലെ നെയ്തെടുക്കുന്ന ഷീറ്റുകൾ എഴുത്തിനു പറ്റിയ പ്രതലമായിരുന്നു. ഇങ്ങനെ തയ്യാറാക്കിയ പപ്പിറസ് ഷീറ്റുകൾ ബിബ്ലോസിൽ നിന്നു ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. പപ്പിറസ് എന്ന വാക്കിൽ നിന്നാണ് പേപ്പർ (paper) എന്ന ഇംഗ്ലീഷ് വാക്കിന്റെ ഉത്ഭവം. ഇങ്ങനെ തയ്യാറാക്കിയ ഷീറ്റുകൾ സൗകര്യപ്രദമായ വലുപ്പത്തിൽ മുറിച്ച് കുത്തിക്കെട്ടി. അങ്ങനെ പുസ്തകങ്ങളുണ്ടായി. എഴുതപ്പെട്ടതിൽ ഏറ്റം പ്രധാനപ്പെട്ട പുസ്തകമായിരുന്ന വിശുദ്ധഗ്രന്ഥത്തെ ബിബ്ലോസ് നഗരവുമായി ബന്ധപ്പെടുത്തി "ബൈബിൾ" എന്നു വിളിക്കുക തികച്ചും സ്വാഭാവികമായിരുന്നു. പുസ്തകം (The book) എന്നേ വാക്കിനർത്ഥമുള്ളൂ.

## ബൈബിൾ ഒരു ഗ്രന്ഥ സമാഹാരം

ബൈബിൾ ഒരു പുസ്തകമാണ്; അതേസമയം അനേകം പുസ്തകങ്ങളുടെ ഒരു സമാഹാരവുമാണ്. ഉൽപത്തി മുതൽ വെളിപാടുവരെ 73 ഗ്രന്ഥങ്ങൾ ഈ സമാഹാരത്തിലുണ്ട്. പലതും സാമാന്യം ദീർഘമായ പുസ്തകങ്ങളാണ്; എന്നാൽ ചിലത് ഒരു പേജുപോലും തികയാത്ത ചെറിയ ലഘുലേഖകൾപോലെയും. 150 അധ്യായങ്ങളുള്ള സങ്കീർത്തനങ്ങളാണ് ബൈബിളിലെ ഏറ്റം ദീർഘമായ പുസ്തകം; വെറും 13 വാക്യങ്ങൾ മാത്രമുള്ള യോഹന്നാന്റെ രണ്ടാം ലേഖനം ഏറ്റം ചെറുതും.

പഴയനിയമം, പുതിയനിയമം എന്നിങ്ങനെ ബൈബിൾ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. നിയമം എന്ന പദം പുസ്തകത്തിന്റെ ഉള്ളടക്കം പൂർണ്ണമായും പ്രകടമാക്കുന്നില്ല; തന്നെയുമല്ല ഇത് നിയമങ്ങളുടെ ഒരു സമാഹാരമാണെന്ന തെറ്റായ സൂചന നൽകാനും ഇടയുണ്ട്. നിയമം എന്നതിനേക്കാൾ "ഉടമ്പടി" എന്ന പദമാണ് പുസ്തകങ്ങളുടെ ഉള്ളടക്കം വ്യക്തമാക്കാൻ കൂടുതൽ സഹായകം. ദൈവം മനുഷ്യനുമായി ചെയ്ത ഉടമ്പടികളാണ് പുസ്തകത്തിന്റെ ഉള്ളടക്കം, അഥവാ കേന്ദ്രം എന്ന് ഈ പേര് സൂചിപ്പിക്കും.

പഴയനിയമത്തിൽ 46 പുസ്തകങ്ങളാണുള്ളത്. അവയെ *ചരിത്രഗ്രന്ഥങ്ങൾ* (ഉൽപത്തി മുതൽ 2 മക്കബായർ വരെ 21 പുസ്തകങ്ങൾ), *ജ്ഞാനഗ്രന്ഥങ്ങൾ* (ജോബ് മുതൽ പ്രഭാഷകൻവരെ 7 പുസ്തകങ്ങൾ), *പ്രവാചകഗ്രന്ഥങ്ങൾ* (ഏശയ്യാ മുതൽ മലാക്കി വരെ 18 പുസ്തകങ്ങൾ) എന്നു മൂന്നു ഗണങ്ങളായി തിരിച്ചിരിക്കുന്നു. പുതിയനിയമത്തിലാകട്ടെ 27 പുസ്തകങ്ങൾ ഉണ്ട്. അവയെ *സുവിശേഷങ്ങൾ* (4), *അപ്പസ്തോലപ്രവർത്തനങ്ങൾ* (1), *ലേഖനങ്ങൾ* (21), *വെളിപാട്* (1) എന്നിങ്ങനെ നാലു ഗണങ്ങളായി തിരിക്കാം. ലേഖനങ്ങൾതന്നെ പൗലോസിന്റെ ലേഖനങ്ങൾ (13), ഹെബ്രായർക്ക് എഴുതപ്പെട്ട ലേഖനം (1), കതോലിക ലേഖനങ്ങൾ (7) എന്നിങ്ങനെ വീണ്ടും മൂന്നു ഗണങ്ങളായി തിരിക്കാറുണ്ട്. എന്നാൽ ആദ്യത്തെ അഞ്ചു പുസ്തകങ്ങളെ ചരിത്രപരം; ലേഖനങ്ങളെ ജ്ഞാനഗ്രന്ഥങ്ങൾ, വെളിപാടു പുസ്തകത്തെ പ്രവചനപരം എന്ന്, പഴയനിയമത്തിന്റെ ചുവടുപിടിച്ച്, വിഭജിക്കുന്നവരുമുണ്ട്.

പ്രപഞ്ചസൃഷ്ടി മുതൽ ദൈവപുത്രന്റെ മനുഷ്യാവതാരം വരെയുള്ള രക്ഷാചരിത്രമാണ് പഴയനിയമത്തിന്റെ ഇതിവൃത്തം. ദൈവ

വചനം മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവിന്റെ ജനനം, ജീവിതം, പ്രവർത്തനങ്ങൾ, പ്രബോധനങ്ങൾ, മരണം, ഉത്ഥാനം, മഹത്വീകരണം എന്നിങ്ങനെ രക്ഷാചരിത്രത്തിന്റെ പൂർത്തീകരണവും ഈ സുവിശേഷം ലോകാതിർത്തികൾവരെ അപ്പസ്തോലന്മാരും മറ്റ് യേശു ശിഷ്യരും വഴി എത്തിച്ചേർന്നതിന്റെ വിവരണങ്ങളുമാണ് പുതിയനിയമത്തിൽ പ്രതിപാദിക്കുന്നത്. ദൈവം ഈ പ്രപഞ്ചത്തെത്തന്നെ സമൂലം നവീകരിച്ച്, ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാക്കി, മനുഷ്യരോടൊത്ത് എന്നേക്കും വസിക്കുന്ന മനോഹരമായ ഒരു ദൃശ്യം അവതരിപ്പിച്ചുകൊണ്ട് ബൈബിൾ സമാപിക്കുന്നു. സൃഷ്ടി മുതൽ പുതിയ സൃഷ്ടിവരെ, പറദീസാ മുതൽ പറുദീസാ വരെയുള്ള സുദീർഘമായ രക്ഷാചരിത്രമാണ് ബൈബിൾ മൊത്തമായി അവതരിപ്പിക്കുന്നത്.

**ബൈബിളിന്റെ ഉത്ഭവം**

ബൈബിൾ ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന രൂപത്തിൽ എത്തുന്നതിനു പിന്നിൽ സുദീർഘമായൊരു പ്രക്രിയയുണ്ട്. ശാസ്ത്രീയമായ വിശകലനങ്ങൾക്കും പഠനങ്ങൾക്കും വിധേയമാക്കുന്നതിനുമുമ്പ് ബൈബിളിന്റെ ഉത്ഭവത്തെക്കുറിച്ച് വളരെ ലളിതമായൊരു കാഴ്ചപ്പാടാണ് നിലനിന്നത്. പഞ്ചഗ്രന്ഥം എന്നറിയപ്പെടുന്ന ആദ്യത്തെ അഞ്ചുപുസ്തകങ്ങൾ മോശ രചിച്ചു. തുടർന്നുള്ള ചരിത്ര പുസ്തകങ്ങൾ, ജോഷ്വാ, സാമുവേൽ, ഏലിയാ മുതലായവരാണ് എഴുതിയത്. പ്രവാസാനന്തര ചരിത്രം എസ്രായും നെഹെമിയായും കൂടെ എഴുതി. സങ്കീർത്തനങ്ങൾ ദാവീദും മറ്റു ജ്ഞാനഗ്രന്ഥങ്ങൾ സോളമനും രചിച്ചു. പ്രവാചക ഗ്രന്ഥങ്ങൾ ആരുടെ പേരിൽ അറിയപ്പെടുന്നുവോ അവരുടെ രചനയായി പരിഗണിക്കപ്പെട്ടു. അതുപോലെ തന്നെ സുവിശേഷങ്ങളും ലേഖനങ്ങളും വെളിപാടു പുസ്തകവും എല്ലാം ആരുടെ പേരിൽ അറിയപ്പെടുന്നുവോ അവർ എഴുതിയതാണെന്നു വിശ്വസിച്ചുപോന്നു. എന്നാൽ ഏതാണ്ട് പതിനാറാം നൂറ്റാണ്ടുമുതൽ ആരംഭിച്ച ശാസ്ത്രീയ ഗവേഷണങ്ങൾ ഈ ലളിതമായ കാഴ്ചപ്പാടിനു മാറ്റം വരുത്തി.

പല പുസ്തകങ്ങളും, പ്രത്യേകിച്ച് പുതിയ നിയമത്തിലെ ലേഖനങ്ങൾ, അവയുടെ കർത്താക്കളായി അറിയപ്പെടുന്ന അപ്പസ്തോലന്മാർ നേരിട്ട് എഴുതുകയോ പറഞ്ഞുകൊടുത്ത് എഴു

തിക്കുകയോ ചെയ്തതാണെന്ന് ഇന്നും പൊതുവേ കരുതപ്പെടുന്നു. എന്നാൽ സുവിശേഷങ്ങൾക്കും, അതിനേക്കാൾ അധികമായി പഴയനിയമ ഗ്രന്ഥങ്ങൾക്കും കൂടുതൽ സങ്കീർണ്ണമായ രചനാ ചരിത്രമുണ്ട്. ഈ രചനാ ചരിത്രത്തെ അഞ്ചു ഘട്ടങ്ങളായി തിരിക്കാം. 1 സംഭവം. 2. വിശദീകരണം 3. വാചിക പാരമ്പര്യം 4. ലിഖിത പാരമ്പര്യം 5. അന്തിമപ്രസാധനം.

**1. സംഭവം**

എഴുതപ്പെട്ട ദൈവവചനമാണ് ബൈബിൾ. വചനം എന്നാൽ വെളിപ്പെടുത്തൽ, അഥവാ വെളിപ്പെടുത്താൻ ഉപയോഗിക്കുന്ന മാധ്യമം എന്നാണർത്ഥം. അപ്പോൾ ബൈബിൾ ദൈവത്തിന്റെ വെളിപ്പെടുത്തൽ വിവരിക്കുന്ന ഗ്രന്ഥമാണ്. ഈ വെളിപ്പെടുത്തലാകട്ടെ മുഖ്യമായും ചില സംഭവങ്ങളിലൂടെയാണ് നടന്നത്; പ്രപഞ്ചസൃഷ്ടി, പിതാക്കന്മാരുടെ വിളി തുടങ്ങി അനേകം സംഭവങ്ങൾ. ഇവയിൽ ഏറ്റം പ്രധാനവും കേന്ദ്രവത്തും ആയി നിൽക്കുന്ന സംഭവമാണ് പുറപ്പാട്. ദൈവം തന്റെ പേരും യഥാർത്ഥ സ്വഭാവവും വെളിപ്പെടുത്തിയത് പുറപ്പാട് സംഭവത്തിലൂടെയാണ്.

ഈജിപ്തിലെ ഫറവോയുടെ ആധിപത്യത്തിൽ നരകതുല്യമായ ജീവിതം നയിച്ചിരുന്ന ഒരുപറ്റം അടിമകളെ ശക്തമായ കരത്താൽ ദൈവം മോചിപ്പിച്ചു. അത്ഭുതകരമായി വിഭജിച്ച കടലിനു നടുവിലൂടെ നടത്തി. മരുഭൂമിയിൽ തണലും വഴികാട്ടിയുമായി നയിച്ചു. ആകാശത്തുനിന്നു മന്ന വർഷിച്ചും പാറയിൽ നിന്ന് കുടിനീരൊഴുക്കിയും പരിപാലിച്ചു. ശത്രുക്കളുടെ ആക്രമണത്തിൽനിന്നു സംരക്ഷിച്ചു. സീനായ് മലയിൽവച്ചു ചെയ്ത ഉടമ്പടിയിലൂടെ അവരെ സ്വന്തം ജനമായി സ്വീകരിച്ചു. മരുഭൂമിയിലൂടെയുള്ള ദീർഘകാലത്തെ അലച്ചിലിനുശേഷം അവരെ കാനാൻ ദേശത്തു കുടിയിരുത്തി. ആ ദേശം അവർക്കു സ്വന്തമായി നൽകി. അവരെ ഒരു ജനത, ഒരു രാജ്യം ആക്കി ഉയർത്തി. സുദീർഘമായ ഈ പ്രക്രിയയെയാണ് പുറപ്പാടു സംഭവം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

പുതിയനിയമത്തെ സംബന്ധിച്ചും സമാനമായൊരു ചിത്രം ദൃശ്യമാണ്. ക്രിസ്തു സംഭവമാണ് പുതിയ നിയമത്തിന്റെ കേന്ദ്രം. യേശുവിന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം അഥവാ മഹത്വീകരണം വരെയുള്ള സംഭവപരമ്പരകളാണ് ക്രിസ്തുസംഭവം എന്നതുകൊ

ണ്ടുദ്ദേശിക്കുന്നത്. പുറപ്പാട് സംഭവത്തിനു സമാന്തരമാണ് ക്രിസ്തു സംഭവം. അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ നാടായ വാഗ്ദത്ത ഭൂമിയിലേക്കുള്ള പ്രയാണം അഥവാ കടന്നുപോകലാണ് പുറപ്പാട് സംഭവമെങ്കിൽ പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽനിന്ന് മനുഷ്യവർഗത്തെ ദൈവമക്കളുടെ അവസ്ഥയായ ദൈവരാജ്യത്തിലേക്കു നയിക്കുന്ന കടന്നുപോകലാണ് ക്രിസ്തുസംഭവം. രണ്ടും ചരിത്രസംഭവങ്ങൾതന്നെ. എന്നാൽ സംഭവങ്ങൾ കണ്ടവർ പോലും തങ്ങൾ ദൃക്സാക്ഷികളും അനുഭവസ്ഥരുമാകുന്ന യാഥാർത്ഥ്യങ്ങളുടെ അർത്ഥം ഗ്രഹിച്ചില്ല. അവയ്ക്കെല്ലാം വിശദീകരണം ആവശ്യമായിരുന്നു.

**2. വിശദീകരണം**

ഏവർക്കും ദൃശ്യമായ പ്രവർത്തനങ്ങളിലൂടെയാണ് ദൈവം സ്വയം വെളിപ്പെടുന്നത്. പക്ഷേ കാണുന്നവർ അവയുടെ അർത്ഥം ഗ്രഹിക്കണം എന്നില്ല. അപ്രതീക്ഷിതമായി വെള്ളം വഴി മാറിയ കടലിലൂടെ കടന്നവർ അതിന്റെ അർത്ഥം ഗ്രഹിച്ചില്ല. വേലിയിറക്കമാണെന്നു കരുതി. മരുഭൂമിയിൽ മന്ന കണ്ടപ്പോൾ ഇതെന്ത്? എന്നാണവർ ചോദിച്ചത്. ഇതുപോലെ ഓരോ സംഭവവും. ഇതു തങ്ങളിൽ അലിവുതോന്നി ദൈവം നൽകുന്ന ദാനങ്ങളാണെന്ന് നേതാവായ മോശ വിശദീകരിച്ചു കൊടുത്തപ്പോഴാണ് ഇവയെല്ലാം അവർക്ക് ദൈവാനുഭവത്തിന്റെ അവസരങ്ങളായത്.

യേശുവിന്റെ കാര്യത്തിലും സമാനമായതു സംഭവിച്ചു; പോരാ, വലിയ തെറ്റിധാരണകൾ പോലും ഉണ്ടായി. ദൈവാത്മാവിന്റെ ശക്തിയാൽ പിശാചുക്കളെ ബഹിഷ്കരിച്ചപ്പോൾ യേശു പിശാചുക്കളുടെ തലവനായ ബേൽസബൂലിനെ കൊണ്ടാണിത് ചെയ്തതെന്ന് ശത്രുക്കൾ ആരോപിച്ചു. അത്ഭുതകരമായി വർദ്ധിപ്പിച്ച അപ്പം തിന്നു തൃപ്തിയായവർ വീണ്ടും അപ്പം അന്വേഷിച്ചതല്ലാതെ അർത്ഥം ഗ്രഹിച്ചില്ല. ശിഷ്യന്മാർക്കുപോലും ക്രിസ്തു സംഭവത്തിന്റെ അർത്ഥം ഗ്രഹിക്കാനായില്ല. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്ക് ഉത്ഥിതനായ യേശു വിശദീകരിച്ചുകൊടുത്തപ്പോഴാണ് തങ്ങൾ ദർശിച്ചതും പങ്കുചേർന്നതുമായ ക്രിസ്തുസംഭവങ്ങൾ ദൈവികപദ്ധതിയുടെ പൂർത്തീകരണവും ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലും ആണെന്നു ഗ്രഹിക്കാൻ കഴിഞ്ഞത്.

### 3. പ്രഘോഷണം - വാചിക പാരമ്പര്യം

വിശദീകരണങ്ങളിലൂടെ തങ്ങൾക്കുണ്ടായ ദൈവാനുഭവം അനുഭവസ്ഥർ പങ്കുവച്ചു; പരസ്യമായി പ്രഘോഷിച്ചു. മോശയിലൂടെ കിട്ടിയ വിശദീകരണവും ജനത്തിനുണ്ടായ അനുഭവങ്ങളും അവർ തലമുറ തലമുറകളായി പങ്കുവച്ചു. വീടുകളിലും പ്രാർത്ഥനാലയങ്ങളിലും ഈ പങ്കുവയ്ക്കൽ തുടർന്നു. വിവിധങ്ങളായ പ്രാർത്ഥനകൾ ഈ പങ്കുവയ്ക്കലിന്റെ നിശ്ചിതരൂപങ്ങളായി. മോശയുടെയും മിരിയാമിന്റെയും കീർത്തനങ്ങൾ (പുറ. 15, 1-21), ദെബോറായുടെ കീർത്തനം (ന്യായാ. 5, 1-31), ഹന്നായുടെ കീർത്തനം (1 സാമു. 2, 1-10), ദാവീദിന്റെ വിലാപം (2സാമു. 1, 17-27), സർവ്വോപരി സങ്കീർത്തനങ്ങൾ മുതലായ ഉദാഹരണങ്ങളാണ്. അതോടൊപ്പം നിശ്ചിതദിവസങ്ങളിൽ ആഘോഷിച്ചിരുന്ന പെസഹാ, പന്തക്കുസ്താ, കൂടാരത്തിരുനാൾ മുതലായവ ദൈവത്തിന്റെ രക്ഷാകര പ്രവൃത്തികളെ അനുസ്മരിക്കാനുള്ള അവസരമായി. പെസഹാ ആഘോഷം വീടുകളിൽ നടത്തുമ്പോൾ പെസാഹ കുഞ്ഞാടിന്റെയും പുളിപ്പില്ലാത്ത അപ്പത്തിന്റെയും കഥകൾ പറയുന്ന കാരണവന്മാർ മക്കൾക്ക് തങ്ങളുടെ ദൈവാനുഭവം പകർന്നുകൊടുത്തു; ആരാധനാലയങ്ങളിൽ പുരോഹിതന്മാരും. ക്രമേണ ഈ വിവരണങ്ങൾ നിശ്ചിതരൂപം പ്രാപിച്ചു. അങ്ങനെ വാചിക പാരമ്പര്യങ്ങൾ (oral traditions) രൂപപ്പെട്ടു.

ഏതാണ്ട് ഇതുതന്നെയാണ് പുതിയനിയമത്തിലും, പ്രത്യേകിച്ച് സുവിശേഷഗ്രന്ഥങ്ങളുടെ രൂപീകരണത്തിലും, സംഭവിച്ചത്. യേശുക്രിസ്തുവിലൂടെ സംഭവിച്ച ദൈവിക വെളിപാടുകൾ പരിശുദ്ധാത്മാവിനാൽ പൂരിതരായ ശിഷ്യഗണം പങ്കുവച്ചു. 'ലോകത്തിന്റെ അതിർത്തികൾ വരെ നിങ്ങൾ എനിക്കു സാക്ഷികളായിരിക്കണം' (ലൂക്ക. 24, 17; അപ്പ. 1,8) എന്ന യേശുവിന്റെ നിർദ്ദേശം ശിരസാവഹിച്ച് അവർ സുവിശേഷം പ്രസംഗിച്ചു. യഹൂദരോടും വിജാതീയരോടും സുവിശേഷം പ്രസംഗിച്ചതിന്റെ അനേകം മാതൃകകൾ അപ്പസ്തോലപ്രവർത്തനങ്ങളിലും പൗലോസിന്റെ ലേഖനങ്ങളിലും കാണാം.

ഈ പ്രഘോഷണം മുഖ്യമായും രണ്ടു സാഹചര്യങ്ങളിലാണ് നടന്നത്, യേശുവിനെക്കുറിച്ച് ആദ്യമായി കേൾക്കുന്നവരോടു പറയുന്ന സാക്ഷ്യങ്ങളും വിശ്വസിച്ച് ക്രിസ്തീയസമൂഹത്തിന്റെ അംഗ

ങ്ങളായിത്തീർന്നവരുടെ ഇടയിലും, യേശുവിന്റെ (അന്ത്യഅത്താഴ ത്തിന്റെ) ഓർമ്മയാചരിക്കുന്ന പ്രാർത്ഥന കൂട്ടായ്മകളിലും. ഇപ്ര കാരമുള്ള സാക്ഷ്യങ്ങൾ കാലക്രമത്തിൽ ഒരു നിജതരൂപം പ്രാപി ച്ചു. അതിൽ ഏറ്റവും പുരാതനവും ആധികാരികവും സംക്ഷിപ്ത വുമായ വാചിക പാരമ്പര്യം യേശുവിന്റെ പെസഹാ സംഭവത്തെ ക്കുറിച്ചുള്ളതാണെന്ന് ബൈബിൾ പണ്ഡിതർ അഭിപ്രായപ്പെടുന്നു. യേശുവിന്റെ പീഡാനുഭവ-മരണ-ഉത്ഥാന വിവരണങ്ങൾ നാലു സുവിശേഷങ്ങളിലും ഏതാണ്ട് ഒരേ രീതിയിൽത്തന്നെ കാണുന്നത് ഈ നിഗമനത്തിന് ഉപോദ്ബലകമായി നിൽക്കുന്നു.

**4. ലിഖിത പാരമ്പര്യം**

ദൃക്സാക്ഷികൾ മൺമറയുകയും പുതിയ തലമുറകൾ കട ന്നുവരുകയും ചെയ്തപ്പോൾ വാചികമായി കൈമാറിവന്ന പാരമ്പ ര്യങ്ങൾ മറന്നുപോകാനും ചിലപ്പോഴെങ്കിലും വിട്ടുകളയലും കൂട്ടി ച്ചേർക്കലും സംഭവിക്കാനും സാധ്യത ഉണ്ടായിരുന്നു. ഈ സാഹച ര്യത്തിൽ പരമ്പരാഗതമായി കൈമാറിവന്ന അറിവുകൾ എഴുതി സൂക്ഷിക്കുക ആവശ്യമായി വന്നു. പഴയനിമയത്തിലെ ആദ്യത്തെ അഞ്ചുപുസ്തകങ്ങളായ പഞ്ചഗ്രന്ഥത്തെക്കുറിച്ചാണ് ഈ ദിശയിൽ ഏറ്റം കൂടുതൽ ഗവേഷണങ്ങൾ നടന്നിട്ടുള്ളത്. അതിൻപ്രകാരം, ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന അഞ്ചു പുസ്തകങ്ങളിൽ നാലു വ്യത്യസ്ത ലിഖിത പാരമ്പര്യങ്ങൾ ഉൾച്ചേർന്നിട്ടുണ്ട് എന്ന നിഗമ നത്തിൽ ഗവേഷകർ എത്തിച്ചേർന്നു. ദാവീദിന്റെ കാലം മുതൽ (ബി.സി. 1000) പ്രവാസാനന്തരം എസ്രാ - നെഹെമിയാമാരുടെ കാലം വരെ (ബി.സി 450)യുള്ള കാലഘട്ടത്തിലാണ് ഈ നാലു ലിഖിത പാരമ്പര്യങ്ങൾ രൂപം കൊണ്ടത് എന്ന നിഗമനം അതേപടിയല്ലെ ങ്കിലും വലിയൊരു പരിധിവരെ ഇന്നും അംഗീകരിക്കപ്പെടുന്നു. ഇത രഗ്രന്ഥങ്ങളെക്കുറിച്ചും ഈ രീതിയിലുള്ള ഗവേഷണങ്ങൾ നടക്കു കയും നിഗമനങ്ങൾ ഉരുത്തിരിയുകയും ചെയ്തിട്ടുണ്ട്.

സുവിശേഷങ്ങളെ സംബന്ധിച്ചും സമാനമായ കാഴ്ചപ്പാടാണ് ബൈബിൾ പണ്ഡിതർക്കുള്ളത്. ഇപ്രകാരം ഒരു പ്രക്രിയയിൽ താനും ഭാഗഭാക്കായി എന്ന് സുവിശേഷകനായ ലൂക്കാ സാക്ഷ്യ പ്പെടുത്തിയിട്ടുണ്ട് (ലൂക്കാ. 1, 1-4). അപ്പസ്തോല പ്രവർത്തനങ്ങളു ടെയും ലേഖനങ്ങളുടെയും പിന്നിലും ഈവ്വിധമൊരു പ്രക്രിയ നട ന്നതായി കരുതപ്പെടുന്നു.

## 5. അന്തിമപ്രസാധനം

ബൈബിൾ ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന രീതിയിൽ അന്തിമമായി പ്രസാധനം ചെയ്യപ്പെട്ടത് എന്നാണെന്ന കാര്യത്തിൽ ബൈബിൾ പഠിതാക്കളുടെ ഇടയിൽ തർക്കമുണ്ട്. പഴയനിയമത്തെക്കുറിച്ചാണ് അഭിപ്രായ വ്യത്യാസങ്ങൾ ഏറെയുള്ളത്. ഉൽപ്പത്തി മുതൽ 2 ദിനവൃത്താന്തങ്ങൾവരെയുള്ള പുസ്തകങ്ങൾ ബി.സി. അഞ്ചാം നൂറ്റാണ്ടിന്റെ പകുതിയോടെ അന്തിമരൂപം പ്രാപിച്ചു എന്നു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മറ്റു ചരിത്രഗ്രന്ഥങ്ങളെക്കുറിച്ച് (തോബിത് - 2 മക്കബായർ) ഇതുപോലൊരു അഭിപ്രായ സമന്വയമില്ല. ജ്ഞാനഗ്രന്ഥങ്ങളിൽ ജോബ്, സങ്കീർത്തനങ്ങൾ, സഭാപ്രസംഗകൻ, സുഭാഷിതങ്ങൾ ഉത്തമഗീതം - എന്നീ ഗ്രന്ഥങ്ങളും ബി. സി. നാലാം നൂറ്റാണ്ടിനുമുമ്പ് രൂപപ്പെട്ടതായി കരുതപ്പെടുന്നു. സങ്കീർത്തനങ്ങളും സുഭാഷിതങ്ങളും ദാവീദിന്റെയും സോളമന്റെയും കാലംമുതൽ നാലാം നൂറ്റാണ്ടുവരെയുള്ള സുദീർഘമായ കാലഘട്ടത്തിൽ രചിക്കപ്പെട്ടവയാണ്. ജ്ഞാനം ബി.സി. ഒന്നാം നൂറ്റാണ്ടിലും പ്രഭാഷകൻ ബി.സി. രണ്ടാം നൂറ്റാണ്ടിലും അന്തിമരൂപം പ്രാപിച്ചു എന്ന് കരുതപ്പെടുന്നു.

പുതിയനിയമ രചനയുടെ കാലഘട്ടത്തെക്കുറിച്ച് കുറച്ചുകൂടി വ്യക്തതയുണ്ട്. എ.ഡി. അൻപതോടുകൂടെ എഴുതപ്പെട്ട തെസലോണിക്കാക്കാർക്കുള്ള രണ്ടു ലേഖനങ്ങളാണ് പുതിയനിയമത്തിലെ 27 പുസ്തകങ്ങളിൽ ഏറ്റം ആദ്യം രചിക്കപ്പെട്ടത്. സുവിശേഷങ്ങളിൽ ആദ്യം എഴുതപ്പെട്ടത് മർക്കോസിന്റേതും (എ.ഡി. 65-70) അവസാനത്തേത് യോഹന്നാന്റേതും (എ.ഡി 90-95) ആണെന്നും കരുതപ്പെടുന്നു. അപ്പസ്തോല പ്രവർത്തനങ്ങൾ, ലൂക്കായുടെ സുവിശേഷത്തിന്റെ രണ്ടാം ഭാഗമാണ്. അതും സുവിശേഷത്തോടൊപ്പം എ.ഡി. 70-80 കാലഘട്ടത്തിലാണ് വിരചിതമായതെന്നു പണ്ഡിതമതം. ഹെബ്രായർക്കുള്ള ലേഖനം ജറുസലെമിന്റെ നാശത്തിനുമുമ്പ് എ.ഡി. 67-70 കാലഘട്ടത്തിൽ രചിക്കപ്പെട്ടു എന്ന അഭിപ്രായത്തിന് മുൻഗണനയുണ്ട്. കാതോലിക ലേഖനങ്ങളെ സംബന്ധിച്ച് വ്യക്തമായൊരു അഭിപ്രായ ഐക്യമില്ല. ഒന്നാം നൂറ്റാണ്ട് അവസാനിക്കുന്നതിനുമുമ്പ് അവയെല്ലാം രചിക്കപ്പെട്ടു എന്നു കരുതാം. അവസാനത്തെ പുസ്തകമായ വെളിപാട് പുസ്തകം കഠിനമായ മതപീഡനം അഴിച്ചുവിട്ട റോമൻ ചക്രവർത്തി ഡൊമീഷ്യന്റെ മരണത്തിന്

(എഡി 96) തൊട്ടുമുമ്പാണ് എഴുതപ്പെട്ടത് എന്ന് ബൈബിൾ പഠിതാക്കൾ കരുതുന്നു. അങ്ങനെ പുതിയ നിയമഗ്രന്ഥങ്ങളെല്ലാം എ.ഡി. 50–100 കാലഘട്ടത്തിൽ വിരചിതമായി എന്നതാണ് പൊതുനിഗമനം.

ഏകദേശം ആയിരം വർഷം നീണ്ടുനിന്ന സുദീർഘമായ ഒരു പ്രക്രിയയിലൂടെയാണ് 73 പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ബൈബിൾ വിരചിതമായത്. ഏതെങ്കിലും ഒന്നോ രണ്ടോ വ്യക്തികളുടെ രചനയല്ലത്. അനേകം വ്യക്തികളും സമൂഹങ്ങളും ഈ ഗ്രന്ഥത്തിന്റെ രചനയിൽ പങ്കുചേർന്നിട്ടുണ്ട്. എങ്കിൽപ്പിന്നെ ദൈവവചനമാണ് ബൈബിൾ എന്നു പറയാൻ കഴിയുമോ? അതിലേക്കാണ് നാം അടുത്തതായി ശ്രദ്ധതിരിക്കുന്നത്.

2

# ബൈബിൾ – ഗ്രന്ഥകർത്താവ്

അനേകം ഗ്രന്ഥങ്ങളുടെ (73) ഒരു സമാഹാരമാണ് ബൈബിൾ. എന്നാൽ അതേസമയം ബൈബിൾ ഒറ്റപുസ്തകമാണ്. ബൈബിളിൽ അനേകം പ്രമേയങ്ങൾ ചർച്ച ചെയ്യപ്പെടുന്നുണ്ട്. എന്നാൽ ഏറ്റം പ്രധാനപ്പെട്ടതും കേന്ദ്രവത്തും ആയ ഒരേയൊരു പ്രമേയമുണ്ട് – നിത്യരക്ഷ. ദൈവം മനുഷ്യനു നൽകുന്ന നിത്യരക്ഷയുടെ ചരിത്രമാണ് ബൈബിൾ മുഴുവൻ അനാവരണം ചെയ്യുന്നത്. ബാക്കി എല്ലാ വിഷയങ്ങളും ഈ ഒരു പ്രമേയവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ബൈബിളിൽ അനേകം കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ മുഖ്യകഥാപാത്രം അഥവാ കഥാനായകൻ ഒരാൾമാത്രം. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ – യേശുക്രിസ്തു. മറ്റെല്ലാവരും ഈ കഥാനായകനുമായി ബന്ധപ്പെട്ടുനിൽക്കുന്നു. അനേകം മനുഷ്യവ്യക്തികൾ ചേർന്നാണ് ബൈബിൾ രചിച്ചത്. എന്നാൽ എല്ലാ ഗ്രന്ഥകർത്താക്കൾക്കും ഉപരി ബൈബിളിന് ഒരു ഗ്രന്ഥകർത്താവുണ്ട് – ദൈവാത്മാവ്. ഇവിടെ രണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. 1. ദൈവാത്മാവാണ് ബൈബിളിന്റെ ഗ്രന്ഥകർത്താവ് എന്നു പറയുമ്പോൾ എന്താണർത്ഥമാക്കുന്നത്? 2. ബൈബിൾ രചനയിൽ പ്രവർത്തിച്ച അനേകം വ്യക്തികളുടെ പങ്ക് എങ്ങനെ മനസ്സിലാക്കണം?

## 1. പരിശുദ്ധാത്മാവ് – ബൈബിളിന്റെ ഗ്രന്ഥകർത്താവ്

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ദൈവവചനം (Dei Verbum -DV) എന്ന പ്രാമാണികരേഖ ബൈബിൾ രചനയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് ഇപ്രകാരം പഠിപ്പിക്കുന്നു. “വിശുദ്ധ ലിഖിതങ്ങളിൽ അനേകം ദൈവാവിഷ്കൃത സത്യങ്ങൾ ഉള്ളടങ്ങി പ്രകാശിക്കുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ നിവേശ

ത്താലാണ് ഇവ എഴുതപ്പെട്ടത്... അവയുടെ രചന പരിശുദ്ധാത്മാവിന്റെ നിവേശനത്താലാണ് ... നിവേശിത കർത്താക്കൾ. അഥവാ ഗ്രന്ഥകാരന്മാർ അസന്നിഗ്ധമായി പറയുന്നതെല്ലാം പരിശുദ്ധാത്മാവിന്റേതായി സ്വീകരിക്കണം." (DV 11)

**ദൈവനിവേശനം**

ദൈവനിവേശനം എന്ന വിശ്വാസസത്യത്തിലേക്കാണ് ഈ പഠനം വിരൽചൂണ്ടുന്നത്. എന്താണ് ദൈവനിവേശനം? *ഇൻസ്പിരാസിയോ (inspiratio)* എന്നാണ് ലത്തീൻ വാക്ക്. ഊതൽ അഥവാ ഊതപ്പെട്ടത് എന്ന് വാച്യാർത്ഥം. മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിനും *(തെയോപ്നെവുസ്തോസ് - theopneustos)* ഇതുതന്നെ അർത്ഥം. "വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്" (2 തിമോ 3,16) എന്നു പൗലോസ് എഴുതുമ്പോൾ ഇതേ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. പലരും ഈ വാക്ക് അക്ഷരാർത്ഥത്തിൽത്തന്നെ എടുക്കുകയും അങ്ങനെ ബൈബിൾ മുഴുവൻ ദൈവത്തിന്റെ ആത്മാവ് ഊതിക്കൊടുത്താത്തതാണ് എന്നു പഠിപ്പിക്കുകയും ചെയ്യുന്നു.

പല പ്രോട്ടസ്റ്റന്റുസഭകളും ബൈബിളിന്റെ ഗ്രന്ഥകർത്താവിനെക്കുറിച്ച് ഇങ്ങനെയാണ് വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും. ഈ പ്രബോധനത്തെ സാധൂകരിക്കുന്നതാണ് കലാകാരന്മാർ പല കാലഘട്ടങ്ങളിലും വരച്ച സുവിശേഷകന്മാരുടെ ചിത്രങ്ങൾ. കയ്യിൽ പേനയും കടലാസുമായി ആലോചിച്ചിരിക്കുന്ന എഴുത്തുകാരൻ. അയാളുടെ തോളിൽ ഇരുന്ന് ചെവിയിലേക്കു മന്ത്രിക്കുന്ന പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവ്. ഏറെ പ്രചാരമുള്ള ഈ ചിത്രം ദൈവനിവേശനത്തിന്റെ ഒരു ദൃശ്യാവിഷ്കാരമാണ്. പരിശുദ്ധാത്മാവ് പറഞ്ഞുകൊടുക്കുന്നു. ഗ്രന്ഥകാരൻ കേൾക്കുന്നത് എഴുതുന്നു. ഈ പ്രക്രിയയിൽ എഴുതപ്പെട്ട പുസ്തകത്തിന്റെ മുഴുവൻ കർത്തൃത്വവും പരിശുദ്ധാത്മാവിനാണ്. മാനുഷിക എഴുത്തുകാരന് ഒരു പേനയുടെയോ എഴുത്തുയന്ത്രത്തിന്റെയോ സ്ഥാനമേയുള്ളൂ. ഈ കാഴ്ചപ്പാടിൽ വിശുദ്ധഗ്രന്ഥരചനയിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ *"ദൈവനിശ്വസനം"* എന്നും ഗ്രന്ഥത്തെ *"ദൈവനിശ്വസിതം"* എന്നും വിളിക്കണം എന്നും അവർ വാദിക്കുന്നു. ഗ്രീക്ക് - ലത്തീൻ വാക്കുകളുടെ അക്ഷരാർത്ഥത്തിൽ ഈ വാദം ശരിയാണുതാനും.

അപ്പോൾ ഉൽപത്തി മുതൽ വെളിപാടു വരെയുള്ള 73 പുസ്ത

കങ്ങളും പല കാലഘട്ടങ്ങളിൽ പരിശുദ്ധാത്മാവ് കൃത്യമായി പറഞ്ഞുകൊടുത്ത് എഴുതിച്ചതാണെന്നു വരും. പക്ഷേ, ഈ നിഗമനം സ്വീകരിച്ചാൽ അനേകം ചോദ്യങ്ങൾ ഉത്തരം കിട്ടാതെ അവശേഷിക്കും. എന്തുകൊണ്ട് ഒരേ ക്രിസ്തുസംഭവത്തിനു നാലു വിവരണങ്ങൾ? നാലു സുവിശേഷങ്ങളും തമ്മിൽ സാമ്യമുണ്ടെങ്കിലും ഭാഷാശൈലി, അവതരണക്രമം, ഊന്നലുകൾ എന്നിങ്ങനെ അനേകം കാര്യങ്ങളിൽ വ്യത്യാസങ്ങളുണ്ട്. പഴയനിയമത്തിലും പുതിയനിയമത്തിലും ഇതുപോലെ അനേകം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനാവില്ല. തന്നെയുമല്ല, മാനുഷിക എഴുത്തുകാർ വെറും യന്ത്രങ്ങൾ പോലെ പ്രവർത്തിച്ചു എന്നു പറയുന്നതും മനസിലാക്കാൻ വിഷമമുണ്ട്. ലൂക്കാ സുവിശേഷകൻ തന്റെ രചനയെക്കുറിച്ചു പറയുന്നത് ഇവിടെ പ്രത്യേകം ശ്രദ്ധേയമാകുന്നു.

"നമ്മുടെ ഇടയിൽ നിറവേറിയ കാര്യങ്ങളുടെ വിവരണം എഴുതാൻ അനേകം പേർ പരിശ്രമിച്ചിട്ടുണ്ടല്ലോ. അതാകട്ടെ, ആദിമുതൽതന്നെ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകരും ആയിരുന്നവർ നമുക്ക് ഏല്പിച്ചുതന്നിട്ടുള്ളത് അനുസരിച്ചാണ്... എല്ലാ കാര്യങ്ങളും പ്രാരംഭം മുതൽക്കേ സൂക്ഷ്മമായി പരിശോധിച്ചതിനു ശേഷം എല്ലാം ക്രമമായി നിനക്കെഴുതുന്നത് ഉചിതമാണെന്ന് എനിക്കും തോന്നി" (ലൂക്കാ 1, 1-3). സുവിശേഷരചനയിൽ മാനുഷികമായ പങ്കിന്റെ വ്യക്തമായൊരു ഉദാഹരണമാണിത്. അതിനാൽ ദൈവാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് കത്തോലിക്കാ സഭ ആധികാരികമായി പഠിപ്പിക്കുന്നത് ശ്രദ്ധിക്കണം.

"വിശുദ്ധ ലിഖിതങ്ങൾ രചിക്കാൻവേണ്ടി ദൈവം ചിലരെ തിരഞ്ഞെടുത്തു. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവർ സ്വന്തം ശക്തിയും കഴിവുകളും ഉപയോഗിച്ചിട്ടുണ്ട്. അതിനാൽ അവരും യഥാർത്ഥ നിർമ്മാതാക്കളാണ്. എന്നാൽ ദൈവമാണ് അവരിലും അവർ വഴിയും പ്രവർത്തിച്ചത്. അതുകൊണ്ട് അവിടുന്ന് ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും അവ മാത്രവുമാണ് അവർ എഴുതിയിട്ടുള്ളത്" (DV-11). ചുരുക്കത്തിൽ, ദൈവവും മനുഷ്യനും ഒരുമിച്ച് രചിച്ചതാണ് ബൈബിൾ. അഥവാ, മനുഷ്യന്റെ ഭാഷയിൽ എഴുതപ്പെട്ട ദൈവവചനമാണ് ബൈബിൾ. മനുഷ്യാവതാരത്തോടാണ് വത്തിക്കാൻ രേഖ ബൈബിളിനെ ഉപമിക്കുന്നത്. "ദൈവവചനങ്ങൾ മാനുഷികഭാഷയിൽ അവതരിപ്പിക്കുമ്പോൾ അവ മനുഷ്യഭാഷണ

ത്തോടു സദൃശ്യമാകും. നിത്യനായ പിതാവിന്റെ വചനം ഒരിക്കൽ ബലഹീനമായ മനുഷ്യശരീരം സ്വീകരിച്ചപ്പോൾ മനുഷ്യനു സദൃശ്യനായതുപോലെ" (DV-13).

ബൈബിൾ രചനയുടെ വിവിധ ഘട്ടങ്ങളെക്കുറിച്ചു കണ്ട കാര്യങ്ങൾ ഇവിടെ പ്രത്യേകം ശ്രദ്ധേയമാകുന്നു. ദൈവം സ്വയം വെളിപ്പെടുത്തുന്ന സംഭവം മുതൽ ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന വിധത്തിൽ രൂപപ്പെടുന്നതുവരെ നടന്ന പ്രക്രിയയിൽ എവിടെയാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എന്നു ചോദിക്കാം. അവസാനം ഇന്നത്തെ രീതിയിൽ എഴുതിയ വ്യക്തിയിലാണെന്നു കരുതുന്നവരുണ്ട്. എന്നാൽ അതു മാത്രമല്ല, ദൈവാവിഷ്കരണത്തിന്റെയും വെളിപ്പെടുത്തലുകളുടെ കൈമാറലിന്റെയും അടക്കം ഈ പ്രക്രിയയിൽ ഉടനീളം ദൈവാത്മാവിന്റെ പ്രവർത്തനം കാണണം. അപ്പോൾ ദൈവനിവേശനം എന്നത് ഒരു വ്യക്തിയിൽ മാത്രം സംഭവിക്കുന്ന കാര്യമല്ല, മറിച്ച് രക്ഷാചരിത്രത്തിലുടനീളം നടക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്.

വെളിപ്പെടുത്താനായി താൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ മുഴുവനും, അവ മാത്രവും, ലിഖിതരൂപത്തിൽ അവതരിപ്പിക്കുന്നതിനു വേണ്ടി ദൈവം നൽകുന്ന പ്രത്യേക പ്രചോദനവും സഹായവുമാണ് ദൈവനിവേശനം എന്നു പറയാം. ഇവിടെ ദൈവിക വെളിപ്പെടുത്തൽ അനുഭവിക്കുകയും കൈമാറുകയും ചെയ്യുന്ന സകലരും, അഥവാ സഭാസമൂഹം, ഈ ദൈവനിവേശനത്തിനു വിധേയരാകുന്നു. അവസാനം പുസ്തകരൂപത്തിൽ എഴുതുന്നവർ വരെയുള്ള ഒരു നിരതന്നെ ഈ പ്രക്രിയയിൽ പങ്കുകാരാകുന്നു.

**ദൈവനിവേശനം എന്തല്ല**

ദൈവനിവേശനത്തെക്കുറിച്ച് പല തെറ്റായ ധാരണകളും നിലനിൽക്കുന്നതിനാൽ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

**1. ചൊല്ലിക്കൊടുക്കലല്ല (not dictation)** എന്ത് എഴുതണം എന്ന് ഗ്രന്ഥകാരന്മാരുടെ ചെവിയിൽ പരിശുദ്ധാത്മാവ് മന്ത്രിക്കുന്നതല്ല ദൈവനിവേശനം. ഓരോ എഴുത്തുകാരും താന്താങ്ങളുടെ കഴിവുകളും ലക്ഷ്യങ്ങളും ഉപയോഗിച്ചിട്ടുണ്ട്.

**2. തെറ്റാവരം മാത്രമല്ല (not inerrancy)** ദൈവനിവേശനം എന്നാൽ എഴുതി കൈമാറുന്ന കാര്യങ്ങളിൽ വിശ്വാസത്തിനോ ധാർമ്മികതയ്ക്കോ വിരുദ്ധമായ തെറ്റുകൾ ഒന്നും ഉണ്ടാകാതെ ഗ്രന്ഥകർത്താ

ക്കളെ പരിശുദ്ധാത്മാവ് പ്രത്യേകം കാത്തുപാലിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം നിഷേധാത്മകമായ ഒരു കാഴ്ചപ്പാടിലേക്ക് ദൈവനിവേശനത്തെ ഒതുക്കാനാവില്ല.

**3. അംഗീകാരം മാത്രമല്ല (not subsequent approbation)** സ്വന്തം താല്പര്യവും ആഗ്രഹങ്ങളും വീക്ഷണങ്ങളും അനുസരിച്ച് വ്യക്തികൾ തയ്യാറാക്കിയ ലിഖിതങ്ങൾക്കു ദൈവാത്മാവ് പിന്നീടു നൽകുന്ന അംഗീകാരം മാത്രമായും ദൈവനിവേശനത്തെ പരിമിതപ്പെടുത്താനാവില്ല. വിശ്വാസ-ധാർമ്മിക വിഷയങ്ങളെ സംബന്ധിച്ച് വ്യക്തികൾ രചിക്കുന്ന ഗ്രന്ഥങ്ങൾക്ക് സഭാധികാരികൾ നൽകുന്ന "nihil obstat'' (തെറ്റായി ഒന്നും ഈ ഗ്രന്ഥത്തിലില്ല) എന്ന അംഗീകാരമുദ്രയുമല്ല ദൈവനിവേശനം. തെറ്റിൽനിന്നു കാത്തുസൂക്ഷിക്കുന്നു എന്നതു ശരി; എന്നാൽ അതു മാത്രമല്ല.

ബൈബിൾ രചനയുടെ പ്രക്രിയയിൽ ഉടനീളം പരിശുദ്ധാത്മാവ് നൽകിയ പ്രകാശവും പ്രചോദനവും ഉത്തേജനവും സംരക്ഷണവും നിയന്ത്രണവും നടത്തിപ്പും എല്ലാം ഉൾക്കൊള്ളുന്നതാണ് ദൈവനിവേശനം.

**ദൈവനിവേശനത്തിന്റെ ഫലങ്ങൾ** ദൈവാത്മാവിന്റെ പ്രത്യേകമായ പ്രചോദനത്താലും നിയന്ത്രണത്താലും രചിക്കപ്പെട്ടതിനാൽ ശ്രദ്ധേയമായ ചില സവിശേഷതകൾ ബൈബിളിനുണ്ട്. അവയിൽ സുപ്രധാനമായ നാലുകാര്യങ്ങൾ ചുവടെ ചേർക്കുന്നു.

**1. ബൈബിൾ ദൈവവചനമാണ്**

വചനം എന്നാൽ വെളിപ്പെടുത്താൻ ഉപയോഗിക്കുന്ന മാധ്യമം എന്നാണ് വിവക്ഷ. ഇതിൽ വാക്കും പ്രവൃത്തിയും ഉൾപ്പെടുന്നു. ദൈവനിവേശനത്തിന്റെ ഫലമായി ബൈബിൾ മുഴുവൻ ദൈവത്തിന്റെ വെളിപ്പെടുത്തലാണ്. രണ്ടു കാര്യങ്ങളാണ് വെളിപ്പെടുത്തലിന്റെ വിഷയങ്ങൾ: ദൈവം തന്നെത്തന്നെയും തന്റെ രക്ഷാകര പദ്ധതിയും വെളിപ്പെടുത്തുന്നു. “ദൈവാവിഷ്കരണം വഴി ദൈവം തന്നെത്തന്നെയും മനുഷ്യരക്ഷയെക്കുറിച്ചുണ്ടായിരുന്ന തന്റെ ശാശ്വത തീരുമാനങ്ങളും വെളിപ്പെടുത്താനും പകർന്നു തരാനും തിരുമനസ്സായി” (DV 6). “ദൈവം പറഞ്ഞു” എന്ന മുഖവുരയോടെ അവതരിപ്പിക്കുന്നവ മാത്രമല്ല ദൈവവചനം. ദൈവം വാക്കും പ്രവൃത്തിയും വഴിയാണ് വെളിപ്പെടുത്തുന്നത്. അതിനാൽ സംഭവവിവരണങ്ങളടക്കം ബൈബിൾ മുഴുവൻ ദൈവവചനമാണ്.

**2. അപ്രമാദിത്വം** ബൈബിൾ ദൈവനിവേശിതമാകയാൽ അതിൽ തെറ്റുണ്ടാവുകയില്ല. തെറ്റാവരം എന്നതുകൊണ്ട് വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിക്കുന്ന കാര്യങ്ങൾ മാത്രമേ വിവക്ഷിക്കുന്നുള്ളൂ. എന്തു വിശ്വസിക്കണം, എങ്ങനെ ജീവിക്കണം എന്നു ബൈബിൾ പഠിപ്പിക്കുമ്പോൾ തെറ്റുണ്ടാവുകയില്ല. എന്നാൽ ചരിത്രം, ഭൂമിശാസ്ത്രം മുതലായ കാര്യങ്ങളെക്കുറിച്ചുള്ള വിവരണങ്ങളിലും കാഴ്ചപ്പാടുകളിലും തെറ്റുകൾ ഉണ്ടാകാം. കാരണം വിവിധ ശാസ്ത്രങ്ങൾ പഠിപ്പിക്കുക ബൈബിളിന്റെ ലക്ഷ്യമല്ല. അന്ന് അനുവാചകരുടെ ഇടയിൽ നിലവിലിരുന്ന കാഴ്ചപ്പാടുകൾ അനുസരിച്ചാണ് ഗ്രന്ഥകർത്താക്കൾ രചന നടത്തിയത്. പ്രപഞ്ചത്തിന്റെ ഘടന, ഭൂമിയുടെ പ്രായം തുടങ്ങി അനേകം കാര്യങ്ങളിൽ ശാസ്ത്രീയ നിഗമനങ്ങൾ ബൈബിളിന്റേതിൽനിന്നു വ്യത്യസ്തമാണ്. ഇവിടെ ഗലീലേയോയുടെ സുപ്രസിദ്ധമായ ഒരു ചൊല്ല് പ്രസക്തമാകുന്നു. Bible does not teach how the heavens go, but how to go to heaven =“ആകാശഗോളങ്ങൾ എങ്ങനെ പോകുന്നു എന്നല്ല, എങ്ങനെ സ്വർഗ്ഗത്തിൽ പോകാം എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്.”

**3. പരസ്പര ഐക്യം** ബൈബിളിൽ അനേകം പുസ്തകങ്ങളുണ്ടെങ്കിലും പരിശുദ്ധാത്മ നിവേശനത്താൽ വിരചിതമാകയാൽ ബൈബിൾ ഒറ്റ ഗ്രന്ഥമാണ്. അതിനാൽ അതിന്റെ ഭാഗങ്ങൾ തമ്മിൽ ഐക്യമുണ്ടായിരിക്കും. പരസ്പര വൈരുദ്ധ്യമുണ്ടാവുകയില്ല. ചില പ്രസ്താവനകൾ പ്രത്യക്ഷത്തിൽ പരസ്പര വിരുദ്ധങ്ങളാണെന്നു തോന്നാമെങ്കിലും അടുത്തു പരിശോധിക്കുമ്പോൾ അവ പരസ്പര വിരുദ്ധമല്ല, പൂരകമാണെന്നു മനസിലാകും. സമാധാനത്തെക്കുറിച്ചുള്ള യേശുവിന്റെ ചില വചനങ്ങൾ ഉദാഹരണമായി എടുക്കാം. യേശു അനേകം തവണ ശിഷ്യർക്കും ജനങ്ങൾക്കും സമാധാനം ആശംസിക്കുന്നുണ്ട്. (യോഹ 14, 17;26,20). എന്നാൽ സമാധാനമല്ല ഭിന്നതയാണ് താൻ കൊണ്ടുവന്നിരിക്കുന്നത് എന്നും പറയുന്നു (ലൂക്കാ. 12, 51). ഈ പ്രസ്താവനകൾ തമ്മിൽ വ്യത്യാസങ്ങളുണ്ടെങ്കിലും യേശു നൽകുന്ന സമാധാനം ലോകം നൽകുന്നതിൽ നിന്നു വ്യത്യസ്തമാണ് എന്ന സത്യമാണ് ഇവിടെ ഊന്നിപ്പറയുന്നത്.

**4. ബൈബിൾ ജീവിതത്തിനു മാനദണ്ഡം** ദൈവവചനമാകയാൽ എന്തു വിശ്വസിക്കണം, എങ്ങനെ ജീവിക്കണം എന്നു ബൈബിൾ പഠിപ്പിക്കുന്നു. ഇവിടെ പ്രത്യേക ശ്രദ്ധയർഹിക്കുന്ന ഒന്നുണ്ട്. ജീവിതത്തിനു മാനദണ്ഡമായി സ്വീകരിക്കേണ്ടത് പഴയ നിയമ

മല്ല, പുതിയ നിയമമാണ്. യേശു പഴയ നിയമം ഇല്ലാതാക്കിയില്ല; പക്ഷേ പൂർത്തിയാക്കി. പഴയനിയമത്തിൽ കാണുന്ന പല വിശ്വാസ സത്യങ്ങളും യേശുവിലൂടെ നൽകപ്പെട്ട പുതിയ വെളിപാടിന്റെ വെളിച്ചത്തിൽ വേണം സ്വീകരിക്കാൻ. ദൈവം ഒരുവൻ മാത്രമാണ് എന്ന സത്യം പഴയനിയമത്തിൽ ഊന്നിപ്പറയുന്നു. എന്നാൽ ദൈവത്തിന്റെ ഈ ഏകത്വം ഏകാകിത്വമല്ല, മറിച്ച് മൂന്നാളുകളുടെ കൂട്ടായ്മയായ ത്രിത്വമാണെന്നു പുതിയനിയമത്തിൽ വെളിപ്പെടുന്നു. ധാർമ്മികതയെ സംബന്ധിച്ചും ഇതുപോലൊരു പൂർത്തീകരണം സംഭവിക്കുന്നുണ്ട് (മത്താ. 5,17-18). "പൂർവ്വികരോടു പറയപ്പെട്ടതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു" എന്ന ആമുഖത്തോടെ ആറുതവണ ഈ പൂർത്തീകരണം മത്തായി എടുത്തുകാട്ടുന്നുണ്ട് (മത്താ. 5,21-48). യേശുവിലൂടെ വെളിപ്പെടുത്തപ്പെട്ടതായിരിക്കണം വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും മാനദണ്ഡം.

**2. മാനുഷികഗ്രന്ഥകർത്താക്കൾ** ബൈബിൾ രചനയിൽ മുഖ്യഗ്രന്ഥകർത്താവ് പരിശുദ്ധാത്മാവാണ്. എന്നാൽ ദൈവം തിരഞ്ഞെടുത്ത അനേകം മനുഷ്യരിലൂടെയാണ് ഗ്രന്ഥരചന നിർവഹിച്ചത്. ആരാണ് ഈ ഗ്രന്ഥകാരന്മാർ? ഗ്രന്ഥകർത്താവിനെക്കുറിച്ച് പുരാതനകാലത്തു നിലവിലിരുന്ന ചില കാഴ്ചപ്പാടുകൾ ഇവിടെ ശ്രദ്ധേയമാകുന്നു. അതിൽ ചിലതെല്ലാം ഇന്നും നിലനിൽക്കുന്നുണ്ട്. ഒരാളുടെ പേരിൽ പുസ്തകം അറിയപ്പെടുന്നതുകൊണ്ട് അയാൾതന്നെ നേരിട്ട് എഴുതിയതാകണം ആ പുസ്തകം എന്നില്ല. ഗ്രന്ഥകർത്താവിനെ സംബന്ധിച്ച് പ്രധാനമായും അഞ്ചു വീക്ഷണങ്ങൾ നിലവിലിരുന്നു.

**1. തനിച്ച് എഴുതുന്നയാൾ** ഒരാൾ സ്വയം കൈകൊണ്ട് എഴുതിയ പുസ്തകത്തിന്റെയും ലേഖനത്തിന്റെയും കർത്താവ് അയാൾതന്നെ. എക്കാലവും പ്രസക്തവും സ്വീകാര്യവുമാണ് ഈ കാഴ്ചപ്പാട്. ഒരാൾ എഴുതിയത് വേറൊരാൾ പകർത്തി എഴുതിയാലും ഗ്രന്ഥകർത്താവ് ആദ്യം എഴുതിയ ആളാണ്, പകർത്തിയെഴുതിയ ആളല്ല. വി. ലൂക്കായുടെ സുവിശേഷമാണ് ഏറ്റം വ്യക്തമായ ഉദാഹരണം. എന്നാൽ ഇപ്രകാരം കണിശമായി പറയാവുന്ന ഗ്രന്ഥകർത്താക്കൾ ബൈബിളിൽ ചുരുക്കമാണ്.

**2. പറഞ്ഞുകൊടുത്ത് എഴുതിക്കുന്ന ആൾ** എഴുതേണ്ട കാര്യങ്ങൾ വ്യക്തമായി പറഞ്ഞുകൊടുക്കുന്നു. എഴുതുന്നയാളെ ഗുമസ്തൻ എന്നാവും വിളിക്കുക. ഇവിടെ ഗ്രന്ഥകാരൻ എഴുതുന്ന ആളല്ല,

പറഞ്ഞുകൊടുക്കുന്ന ആൾതന്നെ. വി. പൗലോസിന്റെ ലേഖനങ്ങൾ എല്ലാംതന്നെ ഈ അർത്ഥത്തിലാണ് അറിയപ്പെടുന്നത്.

**3. ആശയം നൽകുന്ന ആൾ** പല സാഹചര്യങ്ങളിലും ഒരാൾ നേരിട്ടെഴുതാതെ, താൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ മറ്റൊരാളെ പറഞ്ഞു കേൾപ്പിക്കുന്നു. കേട്ടയാൾ കാര്യങ്ങൾ വ്യക്തമായും ക്രമമായും, പറഞ്ഞുകൊടുക്കുന്ന ആളിന്റെ ആശയം ഒന്നും വിട്ടുകളയാതെയും കൂട്ടിച്ചേർക്കാതെയും എഴുതുന്നു. ഇവിടെ ആശയത്തിന്റെ ഉറവിടമായ ആളാണ് ഗ്രന്ഥകർത്താവ്. വി. പത്രോസിന്റെ പ്രസ്താവന "വിശ്വസ്ത സഹോദരനായി ഞാൻ കണക്കാക്കുന്ന സിൽവനോസു വഴി ചുരുക്കത്തിൽ ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു" (1 പത്രോ. 5,12) ഉദാഹരണമാണ്. മെത്രാന്മാരുടെ ഇടയലേഖനങ്ങൾ, മാർപ്പാപ്പാമാരുടെ ചാക്രികലേഖനങ്ങൾ മുതലായവയ്ക്കും അധികപങ്കും ഇപ്രകാരമുള്ള ഗ്രന്ഥകർത്തൃത്വമാണുള്ളത്.

**4. ആശയങ്ങളുടെ ഉറവിടമായ** ഗുരു ഒരാളുടെ മരണശേഷം ശിഷ്യന്മാർ ഗുരുവചനങ്ങളും ചെയ്തികളും പ്രബോധനങ്ങളും ശേഖരിച്ച് പുസ്തകമായി പ്രസിദ്ധീകരിക്കാറുണ്ട്. ബൈബിളിലെ പല പുസ്തകങ്ങളും ഇപ്രകാരം രൂപപ്പെട്ടതാണ്. പ്രവാചക ഗ്രന്ഥങ്ങൾ അധികപങ്കും ഇപ്രകാരമാണ് അറിയപ്പെടുന്നത്. ഉദാഹരണം ഏശയ്യായുടെ പുസ്തകം. പ്രവാസത്തിനുമുമ്പ്, ബി.സി. എട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രവാചകനാണ് ഏശയ്യാ. അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന പുസ്തകത്തിന് 66 അധ്യായങ്ങളുണ്ട്. അവയിൽ 1-39 അധ്യായങ്ങൾ പ്രവാസത്തിനുമുമ്പും 40-55 അധ്യായങ്ങൾ പ്രവാസകാലത്തും 56-66 അധ്യായങ്ങൾ പ്രവാസത്തിനുശേഷവും എഴുതപ്പെട്ടതായി കരുതപ്പെടുന്നു. എന്നാൽ ഇവയെല്ലാം ഏശയ്യായുടെ പുസ്തകം എന്ന പേരിലാണറിയപ്പെടുന്നത്.

**5. സാഹിത്യരൂപത്തിന്റെ ഉറവിടം** ഇതിൽനിന്നെല്ലാം വ്യത്യസ്തമായി മറ്റൊരു തരത്തിലുള്ള ഗ്രന്ഥകർത്തൃത്വവും പുരാതനകാലത്ത് പ്രചാരത്തിലിരുന്നു. ഏതെങ്കിലും ഒരു സാഹിത്യരൂപത്തിന്റെതന്നെ ഉറവിടമായി സുപ്രസിദ്ധരായ ചില ചരിത്രപുരുഷന്മാർ കരുതപ്പെട്ടിരുന്നു. ദീർഘകാലംകൊണ്ടു വിരചിതമായ പല കൃതികളും സമാഹരിച്ച് അപ്രകാരമുള്ള വ്യക്തികളുടെ പേരിൽ പ്രസിദ്ധീകരിക്കുകയും സാധാരണമായിരുന്നു. ബൈബിളിലെ ആദ്യത്തെ അഞ്ചു

പുസ്തകങ്ങൾ മോശയുടെ പുസ്തകങ്ങൾ എന്നാണറിയപ്പെടുന്നത്. തോറാ (നിയമം) എന്നു ഹീബ്രുവിൽ പേരുള്ള ഈ പുസ്തകങ്ങൾ മുഴുവൻ മോശ എഴുതിയെന്ന് ഒരുകാലത്ത് കരുതപ്പെട്ടിരുന്നു. എന്നാൽ മോശയുടെ കാലം മുതൽ എസ്രായുടെ കാലംവരെ, ഏകദേശം എട്ടു നൂറ്റാണ്ടു ദീർഘിച്ച ഒരു പ്രക്രിയയിലൂടെയാണ് പഞ്ചഗ്രന്ഥത്തിന്റെ രചന പൂർത്തിയായത്.

അസാധാരണ സിദ്ധിയുള്ള ഒരു ഗായകനായിട്ടാണ് ദാവീദ് പരിഗണിക്കപ്പെട്ടിരുന്നത്. വിഷാദരോഗത്തിനടിമയായ സാവൂൾ രാജാവിന് ഉണർവ്വും ഉന്മേഷവും പകരാൻ ദാവീദിന്റെ സംഗീതം സഹായകമായി എന്നതു ചരിത്ര പാരമ്പര്യം. ദാവീദിന്റേതായി അനേകം കീർത്തനങ്ങൾ ബൈബിളിൽ കാണാം. മാത്രമല്ല, സങ്കീർത്തനങ്ങൾ മുഴുവൻ ദാവീദിന്റെ പുസ്തകം എന്ന പേരിൽ അറിയപ്പെടുന്നുണ്ട്.

മഹാജ്ഞാനിയായിരുന്നു മകൻ സോളമൻ. അതിനാൽ ജ്ഞാനഗ്രന്ഥങ്ങളെല്ലാം തന്നെ സോളമന്റെ രചനകളായും അറിയപ്പെടുന്നു. "സോളമന്റെ ജ്ഞാനം" എന്ന പേരിൽ അറിയപ്പെടുന്ന പുസ്തകം ബി.സി. ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തോടെയാണ് രചിക്കപ്പെട്ടത് എന്നു ബൈബിൾ പണ്ഡിതർ കരുതുന്നു. എന്നാലും സോളമന്റെ പേരിൽ അറിയപ്പെടുന്നതിൽ ആരും അപാകതയൊന്നും കാണുന്നില്ല.

ഇതിനും പുറമേ തൂലികാനാമം, അഥവാ വ്യാജനാമം ഉപയോഗിച്ചും ഗ്രന്ഥങ്ങൾ രചിക്കപ്പെടാറുണ്ട്. ദാനിയേലിന്റെ പുസ്തകം ഉദാഹരണം. ബി.സി. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അന്തിയോക്കസ് നാലാമന്റെ മതമർദ്ദനകാലത്ത് രചിക്കപ്പെട്ട പുസ്തകം ബി.സി. ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബാബിലോൺ രാജാവ് നബുക്കദ് നേസറിന്റെ കാലത്തേതായി അവതരിപ്പിക്കുന്നു. അതിനാൽ ഒരാളിന്റെ പേരിൽ അറിയപ്പെടുന്നതുകൊണ്ടുമാത്രം ആ പുസ്തകം മുഴുവൻ അയാൾതന്നെ രചിച്ചതായിരിക്കണം എന്നു കരുതേണ്ടതില്ല. ഇങ്ങനെ ഗ്രന്ഥകർത്താവിന്റെ പേരു നൽകുന്നത് ഒരു നുണയായി ആരും കരുതുന്നുമില്ല.

# 3

# കാനോനിക ഗ്രന്ഥങ്ങൾ

**പ**രിശുദ്ധാത്മാവിന്റെ പ്രത്യേക പ്രചോദനത്താൽ രചിക്കപ്പെട്ട ദൈവവചനഗ്രന്ഥമാണ് ബൈബിൾ. എന്നാൽ ഏതൊക്കെ പുസ്തകങ്ങളാണ് ഈ ഗ്രന്ഥസമാഹാരത്തിൽപ്പെടുന്നത് എന്ന് എങ്ങനെ അറിയും? ഒരു പുസ്തകം ദൈവനിവേശിതമാണെന്നതിന് എന്തു തെളിവാണുള്ളത്? ക്രിസ്തുവിശ്വാസികളുടെ ഇടയിൽത്തന്നെ ഈ വിഷയത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. കത്തോലിക്കർ പ്രസിദ്ധീകരിക്കുന്ന ബൈബിളിൽ 73 പുസ്തകങ്ങളുണ്ട്. എന്നാൽ പ്രോട്ടസ്റ്റന്റ് ബൈബിളിൽ 66 പുസ്തകങ്ങളേയുള്ളൂ. പഴയനിയമത്തിൽ 7 പുസ്തകങ്ങൾ കുറവുണ്ട്. ഇതിനുംപുറമേ മറ്റനേകം ഗ്രന്ഥങ്ങൾ, പഴയനിയമത്തിലും പുതിയനിയമത്തിലും, ഒരുകാലത്ത് ബൈബിളിന്റെ ഭാഗമായി പരിഗണിക്കപ്പെട്ടിരുന്നു, യഹൂദരുടെയും ക്രൈസ്തവരുടെയും ഇടയിൽ. ഈ സാഹചര്യത്തിൽ ചോദ്യം ഏറ്റം പ്രസക്തമാകുന്നു.

സഭാ സമൂഹത്തിലാണ് ബൈബിൾ രൂപപ്പെട്ടത് എന്ന് കാര്യം ആദ്യമേ മനസിൽ സൂക്ഷിക്കണം. ഇസ്രായേൽ ഒരു ജനമായി രൂപപ്പെട്ട് എത്രയോ നൂറ്റാണ്ടുകൾക്കുശേഷമാണ് ബൈബിൾ എഴുതപ്പെട്ടത്! ആദ്യത്തെ അഞ്ചുപുസ്തകങ്ങളായ പഞ്ചഗ്രന്ഥം ഇന്നത്തെ അവസ്ഥയിൽ അന്തിമമായി പ്രസാധനം ചെയ്യപ്പെട്ടത് ബി.സി. അഞ്ചാം നൂറ്റാണ്ടിലാണ്. അതിനാൽ ബൈബിൾ ഉണ്ടാകുന്നതിനു മുമ്പേ ജനം ഉണ്ടായി. പുതിയനിയമത്തെ സംബന്ധിച്ചും ഇതു ശരിയാണ്. യേശു മരിച്ച് ഏകദേശം 35 വർഷങ്ങൾക്കുശേഷമാണ് ഇന്നു നമുക്ക് ലഭിച്ചിരിക്കുന്നതിൽ ഏറ്റം ആദ്യത്തേതായി കരുതപ്പെടുന്ന മർക്കോസിന്റെ സുവിശേഷം രചിക്കപ്പെട്ടത് (എ.ഡി. 65-70). യോഹന്നാന്റെ സുവിശേഷമാകട്ടെ ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോ

ടെയും (എ.ഡി. 90). പൗലോസിന്റെ ആദ്യത്തെ ലേഖനം (1തെസ) എഴുതപ്പെട്ടത് എ.ഡി. 50 ലാണ്. ചുരുക്കത്തിൽ ക്രിസ്തുസംഭവം കഴിഞ്ഞ് 20 വർഷത്തിലേറെ പിന്നിട്ടതിനുശേഷമാണ് പുതിയനിയമത്തിലെ ആദ്യഗ്രന്ഥം പ്രസിദ്ധീകൃതമായത്.

ഇതിന്റെ കൂടെ മറ്റൊരു കാര്യവും പരിഗണിക്കണം. വിശ്വാസികളുടെ സമൂഹത്തിൽ, വിശ്വാസികൾക്കുവേണ്ടി എഴുതപ്പെട്ടതാണ് ബൈബിൾഗ്രന്ഥങ്ങൾ. അതിനാൽത്തന്നെ, ഏതാണ് ദൈവനിവേശിത ഗ്രന്ഥങ്ങൾ, ആധികാരികമായ മതഗ്രന്ഥങ്ങൾ എന്നു നിർണ്ണയിക്കുന്നത് സഭയുടെ പ്രബോധനാധികാരമാണ്. ഇപ്രകാരം ദൈവവചനം എന്ന് സഭ ഔദ്യോഗികമായി പ്രഖ്യാപിക്കുന്ന പുസ്തകങ്ങളുടെ പട്ടിക *"കാനോൻ"* എന്ന് അറിയപ്പെടുന്നു; പട്ടികയിൽപ്പെട്ട ഗ്രന്ഥങ്ങളെ *"കാനോനിക ഗ്രന്ഥങ്ങൾ"* എന്നും.

പുതിയനിയമത്തിന്റെ കാര്യത്തിൽ എ.ഡി. രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇപ്രകാരം ഒരു പട്ടിക നിലവിൽ വന്നു. ചില പുസ്തകങ്ങളെക്കുറിച്ച് തർക്കം നിലനിന്നെങ്കിലും നാലാം നൂറ്റാണ്ടിന്റെ പകുതിയോടെ പുതിയ നിയമത്തിലെ 27 പുസ്തകങ്ങൾ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു.

അലക്സാണ്ട്റിയായിലെ പാത്രിയർക്കീസായ അത്തനാസിയുസ് (296-373) പെസഹാ തിരുനാളിനോടനുബന്ധിച്ച് 367-ൽ പ്രസിദ്ധീകരിച്ച ഇടയലേഖനത്തിൽ പുതിയനിയമത്തിൽ 27 പുസ്തകങ്ങളാണുള്ളതെന്ന്, അവയുടെ പേരുസഹിതം, ഔദ്യോഗികമായി പഠിപ്പിച്ചു. പിന്നീട് പല പ്രാദേശിക സൂനഹദോസുകളും സാർവ്വത്രിക സൂനഹദോസുകളും ഈ പ്രബോധനം ആവർത്തിച്ചു. 1546 -ൽ തെന്ത്രോസ് സൂനഹദോസ് "കാനോനിക ഗ്രന്ഥങ്ങളെക്കുറിച്ച്" (de canonicis scripturis) എന്ന പ്രാമാണികരേഖയിൽ പഴയനിയമവും പുതിയനിയമവും ഉൾപ്പെടുന്ന ബൈബിളിന്റെ പട്ടിക പ്രസിദ്ധീകരിച്ചു.

**കാനോനികതയുടെ മാനദണ്ഡങ്ങൾ** പുതിയനിയമത്തെ സംബന്ധിച്ച് കാനോനികതയുടെ മാനദണ്ഡങ്ങളായി നാലു കാര്യങ്ങളാണ് സഭ നിർദ്ദേശിക്കുന്നത്. 1. അപ്പസ്തോലിക ഉത്ഭവം. അപ്പസ്തോലന്മാരുടെ കാലത്ത്, അതായത് ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിനുമുമ്പ്, ഏതെങ്കിലും ഒരപ്പസ്തോലനുമായി ബന്ധപ്പെട്ട് വിരചിതമായിരിക്കണം. 2. സാർവ്വത്രികസഭ ഔദ്യോഗികമായി അംഗീകരി

ച്ചിരിക്കണം. 3. സഭയുടെ ഔദ്യോഗിക വിശ്വാസപാരമ്പര്യത്തോട് പൂർണ്ണമായും യോജിക്കണം. 4. സഭാപിതാക്കന്മാർ ഈ ഗ്രന്ഥത്തിൽനിന്ന് ഉദ്ധരിച്ചിരിക്കണം.

പഴയനിയമത്തിന്റെ കാര്യത്തിൽ വ്യത്യാസമുണ്ട്. ക്രിസ്തുസഭ പഴയനിയമമായി കരുതുന്ന ബൈബിൾ ഗ്രന്ഥങ്ങൾ യഹൂദരുടെ വിശുദ്ധഗ്രന്ഥമാണ്. അതിനാൽ യഹൂദർ ബൈബിളായി കരുതുന്ന പുസ്തകങ്ങൾ മാത്രമേ ക്രിസ്ത്യാനികളും അംഗീകരിക്കാവൂ എന്നതാണ് പൊതുവേ പ്രൊട്ടസ്റ്റന്റ് നിലപാട്. അതിൻപ്രകാരം പഴയനിയമത്തിൽ 39 ഗ്രന്ഥങ്ങളാണ് കാനോനികഗ്രന്ഥങ്ങളായി അംഗീകരിക്കുന്നത്. കത്തോലിക്കാസഭ ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്നതിൽ നിന്ന് തോബിത്, യൂദിത്ത്, 1-2 മക്കബായർ, ജ്ഞാനം, പ്രഭാഷകൻ, ബാറുക്ക് എന്നീ ഏഴു പുസ്തകങ്ങളും, എസ്തേർ 11-16; ദാനി 3,23നും 24നും ഇടയിൽ ചേർന്നിരിക്കുന്ന മൂന്നു യുവാക്കളുടെ കീർത്തനം എന്നറിയപ്പെടുന്ന 68 വാക്യങ്ങൾ, ദാനി 13-14 അധ്യായങ്ങൾ എന്നിവയും ഒഴിവാക്കുന്നു.

ഈ പുസ്തകങ്ങളും പുസ്തകഭാഗങ്ങളും ഹീബ്രുഭാഷയിൽ ലഭ്യമല്ല എന്നതാണ് ഈ ഒഴിവാക്കലിനു കാരണം. എന്നാൽ ഇവയിൽ പലതിന്റെയും മൂലഭാഷ ഹീബ്രു ആയിരുന്നു എന്നതിന് ആ പുസ്തകങ്ങളിൽത്തന്നെ തെളിവുണ്ട്. ഉദാ: പ്രഭാഷകന്റെ പുസ്തകം തർജ്ജിമയാണെന്ന് ഗ്രന്ഥകാരൻതന്നെ പറയുന്നു. പുസ്തകത്തിന്റെ മുഖവുര കാണുക. യൂദിത്തിന്റെ പുസ്തകത്തിന്റെ ചില ഭാഗങ്ങളുടെ ഹീബ്രുമൂലം ഖുമ്റാൻ ചുരുളുകൾക്കിടയിൽ കണ്ടെത്തിയിട്ടുണ്ട്. അതിനാൽ ഹീബ്രു മൂലഭാഷ എന്ന മാനദണ്ഡം ഈ പട്ടികയുണ്ടാക്കിയവർ പാലിക്കുന്നില്ല. കത്തോലിക്കാസഭ ഔദ്യോഗികമായി ഉപയോഗിച്ചിരുന്നത് സപ്തതി എന്നറിയപ്പെടുന്ന ഗ്രീക്ക് വിവർത്തനമായിരുന്നു. അതിനാൽ ഹീബ്രു മൂലഭാഷ എന്നതിൽ നിന്നും വ്യത്യസ്തമായ ചില മാനദണ്ഡങ്ങളാണ് കത്തോലിക്കാസഭ സ്വീകരിച്ചത്.

എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെയോ രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആണ് യഹൂദർ തന്നെ ബൈബിളിന്റെ ഔദ്യോഗിക പട്ടിക അന്തിമമായ തീരുമാനിച്ചത്. ക്രൈസ്തവർ സപ്തതി ഉപയോഗിച്ച് യേശുവിനെ ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്ന മിശിഹായും രക്ഷകനും ആണെന്നു സ്ഥാപിക്കാൻ ശ്രമി

ച്ചിരുന്നത് ഇപ്രകാരം ഒരു പട്ടികയുടെ തീരുമാനത്തിൽ പ്രധാന പ്പെട്ട ഒരു കാരണമായി എടുത്തുകാട്ടാറുണ്ട്.

നാലു കാര്യങ്ങളാണ് ഒരു ഗ്രന്ഥം ബൈബിളിന്റെ ഭാഗമായി അംഗീകരിക്കുന്നതിന് മാനദണ്ഡമായി യഹൂദർ എടുത്തത്. 1. തോറാ (പഞ്ചഗ്രന്ഥം)യിലെ പ്രബോധനങ്ങളോടു പൂർണ്ണമായും ഐക്യം ഉണ്ടായിരിക്കണം. 2. എസ്രായുടെ കാലത്തോ അതിനു മുമ്പോ എഴു തപ്പെട്ടതായിരിക്കണം. 3. ഹീബ്രുഭാഷയിൽ എഴുതപ്പെട്ടതായിരിക്ക ണം. 4. പാലസ്തീനായിൽ വച്ചു വിരചിതമായിരിക്കണം. ഈ മാനദ ണ്ഡങ്ങൾ അനുസരിച്ച് അതുവരെ ബൈബിളിന്റെ ഭാഗമായി കരു തപ്പെട്ടിരുന്ന പല പുസ്തകങ്ങളും പുറന്തള്ളപ്പെട്ടു.

പഴയനിയമത്തിന്റെ കാനോനികതയെ സംബന്ധിച്ച് കത്തോ ലിക്കാസഭ രണ്ടു പ്രധാന മാനദണ്ഡങ്ങളാണ് സ്വീകരിച്ചിരിക്കുന്ന ത്. ഏതെങ്കിലും പുസ്തകത്തിൽനിന്ന് യേശുവോ അപ്പസ്തോല ന്മരോ ഉദ്ധരിക്കുകയോ ഏതെങ്കിലും പുസ്തകം പുതിയനിയമ ഗ്രന്ഥത്തിൽ പരാമർശ വിഷയമാവുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആ പുസ്തകം ബൈബിളിന്റെ ഭാഗമായി പരിഗണിക്കുന്നു. സപ്തതി യാണ് കത്തോലിക്കാസഭ കാനോനിക ഗ്രന്ഥങ്ങൾക്ക് അടിസ്ഥാന മായി സ്വീകരിച്ചിരിക്കുന്നതെങ്കിലും സപ്തതിയിലെ ചില ഗ്രന്ഥ ങ്ങൾ കാനോനികമായി അംഗീകരിച്ചിട്ടില്ല.

**അപ്പോക്രിഫ** ഹീബ്രു ഭാഷയിൽ ഇല്ലാത്തതും കത്തോലിക്കാസഭ ഔദ്യോഗികമായി അംഗീകരിക്കുന്നതുമായ പുസ്തകങ്ങളെ പ്രോട്ട സ്റ്റന്റ് സഭകൾ *അപ്പോക്രിഫ (apocrypha)* അഥവാ അപ്രാമാണിക ഗ്രന്ഥങ്ങൾ എന്നു വിളിക്കുന്നു. കത്തോലിക്കരാകട്ടെ ഇവയെ *ഉത്തര കാനോനിക ഗ്രന്ഥങ്ങൾ (deutero canonical books)* എന്നാണ് വിശേ ഷിപ്പിക്കുന്നത്.

എന്നാൽ ഒരുകാലത്ത് ചിലരെങ്കിലും ബൈബിളിന്റെ ഭാഗ മായും ദൈവനിവേശിത ഗ്രന്ഥങ്ങളായും കരുതിയിരുന്നതും എന്നാൽ കത്തോലിക്കരും പ്രോട്ടസ്റ്റന്റ് സഭകളും ഒരുപോലെ കാനോനികമായി അംഗീകരിക്കാത്തതതുമായ അനേകം ഗ്രന്ഥങ്ങൾ പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും ഭാഗമായി കരുത പ്പെട്ടിരുന്നു. ഈ പുസ്തകങ്ങളെ കത്തോലിക്കർ *അപ്പോക്രിഫ* അഥവാ അപ്രാമാണിക ഗ്രന്ഥങ്ങൾ എന്നും പ്രോട്ടസ്റ്റന്റ് സഭകൾ

*പ്സെവുദെപിഗ്രഫ (pseudepigrapha)* അഥവാ വ്യാജനാമഗ്രന്ഥങ്ങൾ എന്നും വിശേഷിപ്പിക്കുന്നു.

ഏനോക്കിന്റെ പുസ്തകം, പന്ത്രണ്ടു ഗോത്രപിതാക്കന്മാരുടെ ഉടമ്പടി ഗ്രന്ഥങ്ങൾ, ഏശയ്യായുടെ സ്വർഗ്ഗാരോപണം, ആദാമിന്റെയും ഹവ്വായുടെയും പുസ്തകം, ജൂബിലിയുടെ പുസ്തകം എന്നിങ്ങനെ അനേകം ഗ്രന്ഥങ്ങൾ പഴയനിയമവുമായി ബന്ധപ്പെട്ടതായുണ്ട്. എല്ലാ അപ്പസ്തോലന്മാരുടെയും പേരിൽ, അവരുടെ പ്രവൃത്തികൾ എന്ന ശീർഷകത്തിലുള്ള പുസ്തകങ്ങൾ, മറിയം മഗ്ദലേനായുടെ സുവിശേഷം, അപ്പസ്തോലന്മാരുടെ പേരിലുള്ള സുവിശേഷങ്ങൾ എന്നിങ്ങനെ എ.ഡി. 2-4 നൂറ്റാണ്ടുകളിൽ രൂപംകൊണ്ട അനേകം ഗ്രന്ഥങ്ങൾ ചില സ്ഥലങ്ങളിലെങ്കിലും ബൈബിളിന്റെ ഭാഗമായി കരുതപ്പെട്ടിരുന്നു. തോമ്മായുടെ പ്രവർത്തനങ്ങൾ (Acts Thomas) പത്രോസിന്റെ സുവിശേഷം, ബാർണബാസിന്റെ സുവിശേഷം എന്നിങ്ങനെ അനേകം ഗ്രന്ഥങ്ങൾ ഏറെ പ്രസിദ്ധമാണ്.

കാനോനികഗ്രന്ഥങ്ങളിൽ ഇല്ലാത്തതും എന്നാൽ വായനക്കാർ അറിയണം എന്നാഗ്രഹിക്കുന്നതുമായ അനേകം വിവരങ്ങൾ ഇപ്രകാരമുള്ള അപ്രാമാണിക ഗ്രന്ഥങ്ങളിൽ കാണാം. ഇത്തരം പുസ്തകങ്ങളിൽനിന്നു ലഭിക്കുന്ന വിവരങ്ങളാണ് പലപ്പോഴും ദർശനങ്ങളും പ്രത്യേക വെളിപാടുകളുമായി അവതരിക്കപ്പെടുന്നത്. ഉദാഹരണത്തിന് കിഴക്കുനിന്നു കാഴ്ചകളുമായി വന്നത് മെൽക്കിയോർ, കാസ്പർ, ബൽത്താസർ എന്ന മൂന്നു രാജാക്കാന്മാരായിരുന്നു എന്ന അറിവ് അപ്രാമാണിക ഗ്രന്ഥങ്ങളുടെ സംഭാവനയാണ്. ഏനോക്കിന്റെ പുസ്തകത്തിലെ ദർശനങ്ങൾ ഇന്നു പല സെക്ടുകളും വളരെ ആധികാരികമായി ഉപയോഗിക്കുന്നുണ്ട്.

ദൈവം നൽകുന്ന രക്ഷാകരസന്ദേശം ആധികാരികമായി നമുക്കു ലഭിക്കുന്നത് സഭ ഔദ്യോഗികമായ കാനോനികം എന്ന് അംഗീകരിച്ചിട്ടുള്ള പുസ്തകങ്ങളിൽനിന്നാണ്; അപ്രാമാണിക ഗ്രന്ഥങ്ങളിൽ നിന്നല്ല. അപ്രാമാണികം എന്നു വിശേഷിപ്പിക്കുന്നതുതന്നെ അവയുടെ പ്രബോധനങ്ങൾ കത്തോലിക്കാ വിശ്വാസത്തിനു നിരക്കുന്നതല്ല എന്നു കാണിക്കാൻ വേണ്ടിയാണ്. ഒരുകാലത്തു നിലവിലിരുന്ന ചിന്താഗതികൾ മനസിലാക്കാൻ സഹായിക്കുമെങ്കിലും വിശ്വാസത്തിനും ധാർമ്മികതയ്ക്കും മാനദണ്ഡമായി ഈ ഗ്രന്ഥങ്ങൾ പരിഗണിക്കാനാവില്ല.

4

# ബൈബിൾ എന്തിനു വായിക്കണം

ദൈവം മനുഷ്യർക്കു നൽകുന്ന രക്ഷാകരസന്ദേശമാണ് ബൈബിളിന്റെ ഉള്ളടക്കം. അതിനാൽ എന്തിനു വായിക്കണം എന്ന ചോദ്യംതന്നെ അപ്രസക്തമായി തോന്നാം. എന്നാലും ബൈബിൾ വായനയുടെ ലക്ഷ്യത്തെക്കുറിച്ച് വ്യക്തമായ അവബോധം ഉണ്ടാവുക ആവശ്യമാണ്. മറ്റേതൊരു പുസ്തകവുംപോലെ അറിവ് സമ്പാദിക്കാനോ മാനസികോല്ലാസത്തിനോ വേണ്ടി ബൈബിൾ വായിക്കുന്നവരുണ്ട്. മറ്റു പുരാതന ഗ്രന്ഥങ്ങൾപോലെ വിശദവും വിദഗ്ധവുമായ ഗവേഷണ പഠനങ്ങൾക്ക് ബൈബിളിനെ വിധേയമാക്കുന്നവരുമുണ്ട്. എന്നാൽ ഇതൊന്നുമല്ല ബൈബിൾ വായനയുടെ മുഖ്യ ലക്ഷ്യം.

ഒരനുഭവം ഓർമ്മയിലുണ്ട്. 1998-2000 കാലഘട്ടത്തിൽ ഞാൻ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ താമസിച്ച് അവിടെ തുടങ്ങിയ ബൈബിൾ കോളേജിന്റെ നേതൃത്വം വഹിക്കുന്ന കാലം. ശനിയാഴ്ച രാവിലെയാണ് ആഴ്ചതോറുമുള്ള ധ്യാനം അവസാനിക്കുക. സമാപനബലിയർപ്പണവും സന്ദേശവും ജോർജ്ജ് പനക്കലച്ചനാണ് നിർവഹിക്കുന്നത്. ഏകദേശം മൂന്നുമണിക്കൂർ ദീർഘിക്കുന്ന ഈ സമാപന ചടങ്ങിൽ അച്ചൻ പറയാറുള്ള ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. "പ്രിയപ്പെട്ടവരേ, ധ്യാനം കൂടി നിങ്ങൾ വീട്ടിൽ ചെന്നുകഴിയുമ്പോൾ എല്ലാ ദിവസവും ഒരൗൺസ് ടോണിക്ക് കഴിക്കണം" കേൾവിക്കാർക്ക് കൗതുകം. എന്തു ടോണിക്കാണാവോ അച്ചൻ തരാൻ പോകുന്നത്? അച്ചൻ തുടർന്നു: "ടോണിക്ക് മറ്റൊന്നുമല്ല, 119-ാം സങ്കീർത്തനം. 176 വാക്യങ്ങളുള്ള ഈ സങ്കീർത്തനത്തിലെ ഓരോ വാക്യം നിങ്ങൾ ഓരോ ദിവസവും ഭക്ഷിക്കണം."

ദൈവവചനത്തിന്റെ പ്രാധാന്യം, പ്രവർത്തനങ്ങൾ, വചനം കൊണ്ടു ലഭിക്കുന്ന അനുഗ്രഹങ്ങൾ എന്നിങ്ങനെ ബൈബിളിനെക്കുറിച്ചുള്ള വലിയൊരു കീർത്തനമാണ് 119-ാം സങ്കീർത്തനം. അതിലെ ഓരോ വാക്യവും സുദീർഘമായ ധ്യാനത്തിനും പ്രാർത്ഥനയ്ക്കും വിഷയമാക്കണം. അപ്പോൾ ദൈവാത്മാവ് നമ്മുടെ ജീവിതത്തിൽ അത്ഭുതകരമായി പ്രവർത്തിക്കുന്നത് അനുഭവവേദ്യമാകും. ഇതാണ് അച്ചൻ വിശദീകരിച്ചത്.

ബൈബിളിന്റെ പ്രാധാന്യത്തെക്കുറിച്ച് മറ്റൊരു ഉദാഹരണം കൂടെ ഉദ്ധരിക്കട്ടെ. കത്തോലിക്കാ സഭയിലെ ദൈവശാസ്ത്രകാരന്മാരിൽ അഗ്രഗണ്യനാണ് സഭാ പിതാവും ഹിപ്പോയിലെ മെത്രാനുമായ വി. ആഗസ്തിനോസ് (354-430). 32-ാം വയസിൽ സമൂല പരിവർത്തനം ഉണ്ടാകുന്നതുവരെ അത്ര വിശുദ്ധമായൊരു ജീവിതമല്ല അദ്ദേഹം നയിച്ചിരുന്നത്. അപാര പാണ്ഡിത്യമുള്ള തത്ത്വജ്ഞാനിയെങ്കിലും ധാർമ്മികജീവിതത്തിൽ അനേകം പാളിച്ചകൾ സംഭവിച്ചിരുന്നു. അന്നൊരു രാത്രിയിൽ ഉറങ്ങിക്കിടന്ന അഗസ്റ്റിൻ ഒരു ശബ്ദം കേട്ട് ഞെട്ടിയുണർന്നു.

ശബ്ദം പുറത്തുനിന്നല്ല തന്റെ ഉള്ളിൽ നിന്നാണ് ഉണ്ടായതെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ലത്തീൻഭാഷയിൽ വ്യക്തമായ രണ്ടു വാക്കുകളാണ് അദ്ദേഹം കേട്ടത് *"തോള്ളെ ഏത് ലേജെ" (tolle et lege).* "എടുത്തു വായിക്കുക" എന്നർത്ഥം. എന്താണ് വായിക്കേണ്ടത്? മേശപ്പുറത്തിരുന്ന ബൈബിൾ ശ്രദ്ധയിൽപ്പെട്ടു. ബൈബിൾ തുറന്നപ്പോൾ കിട്ടിയത് മർക്കോസ് 8,36: "ഒരുവൻ ലോകം മുഴുവനും നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവനെന്തു പ്രയോജനം? മനുഷ്യൻ സ്വന്തം ആത്മാവിനു പകരമായി എന്തു കൊടുക്കും?" ഈ വാക്യങ്ങൾ ഹൃദയത്തിൽ പതിച്ചു; ജീവിതത്തെ ആകെ തകിടം മറിച്ചു. തത്ത്വജ്ഞാനിയായ അഗസ്റ്റിനെ വിശുദ്ധ സഭാപിതാവായ ആഗസ്തീനോസ് ആക്കി മാറ്റി.

ബൈബിൾ എന്തിനു വായിക്കണം എന്നതിനുള്ള ഒരു മറുപടി ഇവിടെ കാണാം. എന്നാൽ ഇതു മാത്രമല്ല. ബൈബിൾ വായിക്കേണ്ടതിന്റെ ആവശ്യകതയെയും വായിക്കുന്നതുകൊണ്ടുണ്ടാകുന്ന പ്രയോജനത്തെയുംകുറിച്ച് ബൈബിളിൽത്തന്നെ അനേകം തവണ പറയുന്നുണ്ട്. അവയിൽ ചിലത് തിരഞ്ഞെടുത്ത് ചുവടെ ചേർക്കുന്നു.

**1. ദൈവസ്വരം ശ്രവിക്കാൻ** ബൈബിളിലൂടെ ദൈവമാണ് നമ്മോട് സംസാരിക്കുന്നത്. അത് നമുക്ക് നിത്യരക്ഷ നൽകുന്നതിനുവേണ്ടി യാണ്. ഈ സംസാരത്തിന്റെ അന്തിമവും വ്യക്തിരൂപത്തിലുള്ള തുമായ അവതരണമാണ് മാംസം ധരിച്ച വചനമായ യേശുക്രിസ്തു. "പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു". (ഹെബ്രാ. 1,1-2). "വി. ഗ്രന്ഥത്തിലൂടെയാണ് സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ മക്കളെ അതീവ സ്നേഹത്തോടെ ഉറ്റുനോക്കുന്നതും അവരുമായി സംഭാഷണം ചെയ്യുന്നതും. ദൈവ വചനത്തിന്റെ ശക്തിയും കഴിവും വളരെ വലുതാണ്. (DV21). "പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തോടു സംസാരിക്കുന്നു. ദൈവ വചനം വായിക്കുമ്പോൾ നാം അവിടുത്തെ ശ്രദ്ധിക്കുന്നു." (DV25). ദൈവം എന്നോട് എന്തു പറയുന്നു എന്നു കേൾക്കുന്നതിനുവേ ണ്ടിയാവണം ഞാൻ ബൈബിൾ വായിക്കുന്നത്.

**2. സത്യം അറിയാൻ** ബൈബിൾ വായിക്കുന്നതിന്റെ ഒരു മുഖ്യ ലക്ഷ്യം സത്യം അറിയുകയാണ്. "തന്നിൽ വിശ്വസിച്ച യഹൂദരോട് യേശു പറഞ്ഞു: നിങ്ങൾ എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ യഥാർത്ഥത്തിൽ നിങ്ങൾ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറി യുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ. 8,31-32). എന്നെ, എന്റെ ചുറ്റുപാടുമുള്ള മനുഷ്യരെ, ഞാൻ ജീവി ക്കുന്ന ലോകത്തെക്കുറിച്ചുള്ള സത്യം എങ്ങനെയാണ് ഞാൻ അറി യുക? ആരാണ് ഈ ഞാൻ? ഞാൻ എവിടെനിന്നു വരുന്നു? എങ്ങോട്ട് പോകുന്നു? ഞാൻ എങ്ങനെ ഇവിടെ എത്തി? എന്താണ് എന്റെ ആത്യന്തികലക്ഷ്യം? എന്നിങ്ങനെയുള്ള ചോദ്യങ്ങളെല്ലാം സത്യാന്വേഷണമാണ്. ഇവയ്ക്കു ഞാൻ കണ്ടെത്തുന്ന മറുപടി എന്റെ ജീവിതത്തെ സമഗ്രമായി സ്വാധീനിക്കും എന്നതിൽ സംശ യമില്ല. പക്ഷേ, പലപ്പോഴും നമുക്ക് ലഭിക്കുന്ന ഉത്തരങ്ങൾ ഭാഗിക മായ സത്യമായിരിക്കും; ചിലപ്പോൾ പൂർണ്ണമായും നുണയും.

എന്നെ സംബന്ധിക്കുന്ന പരമമായ സത്യം എന്റെ ഉറവിടവും ലക്ഷ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആ അന്വേഷണം എല്ലാറ്റി ന്റെയും ആരംഭവും ആത്യന്തികലക്ഷ്യവുമായ, ആൽഫയും ഒമേഗ യുമായ ദൈവത്തിൽ ചെന്നുനിൽക്കും. സത്യം ഒന്നേയുള്ളൂ ദൈവം.

ആ സത്യം വെളിപ്പെടുത്തുന്ന മാധ്യമമാണ് വചനം. അതിനാൽ വചനപാരായണം നമ്മെ സത്യത്തിലേക്കു നയിക്കും; സത്യജ്ഞാനം യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും.

**3. നിത്യജീവൻ ലഭിക്കാൻ** മനുഷ്യനെ സംബന്ധിച്ച ദൈവത്തിന്റെ ആത്യന്തികലക്ഷ്യം എന്നും തന്നോടുകൂടെ ആയരിക്കുക എന്ന താണ്. മണ്ണിൽ നിന്നു മെനഞ്ഞെടുത്ത് തന്റെ ശ്വാസംകൊണ്ടു ജീവൻ നൽകിയ മനുഷ്യനെ ദൈവം പറുദീസായിൽ പാർപ്പിച്ചു. ദൈവത്തോടൊന്നിച്ചു വസിക്കുന്നതുതന്നെയാണ് പറുദീസാ. പാപം മൂലം നഷ്ടപ്പെടുത്തിയ പറുദീസായിലേക്ക് മനുഷ്യനെ തിരിച്ചുകൊണ്ടുവരുകയാണ് രക്ഷാകരപദ്ധതിയുടെ ലക്ഷ്യം. അതുതന്നെയാണ് ദൈവവചനമായ ബൈബിളിന്റെയും ലക്ഷ്യം. അതിനാൽ ബൈബിൾ വായിക്കുന്നത് ഈ നിത്യജീവിതത്തിനുവേണ്ടിയാകണം.

അപ്പം വർദ്ധിപ്പിച്ച് ആയിരങ്ങളെ തൃപ്തിപ്പെടുത്തിയതിന്റെ പിറ്റേന്ന് തന്നെ അന്വേഷിച്ചുവന്ന ജനക്കൂട്ടവുമായി യേശു നടത്തിയ സംഭാഷണം സംഘട്ടനത്തിൽ കലാശിച്ചു. തന്റെ ശരീരമാണ് യഥാർത്ഥ ഭക്ഷണം എന്ന പ്രഖ്യാപനത്തിൽ കുപിതരായി അവർ ഞങ്ങൾ ആരും നരഭോജികളല്ല എന്നുപറഞ്ഞ് പിരിഞ്ഞുപോയി. ശിഷ്യരുടെ ഇടയിൽപ്പോലും ഇടർച്ചയുണ്ടായി. അപ്പോഴാണ് തന്റെ പന്ത്രണ്ടു പേരോടുമായി യേശു ചോദിച്ചത്: നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ? അതിനു ശിഷ്യരുടെ മറുപടി പ്രത്യേകം ശ്രദ്ധേയമാകുന്നു: “കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്ക് പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്” (യോഹ 6,68). നിത്യജീവന്റെ വചനം - അതാണ് ബൈബിൾ. “ഞാൻ നിങ്ങളോട് പറഞ്ഞ വചനം ആത്മാവും ജീവനുമാണ്” (യോഹ. 6,63) എന്നു യേശുതന്നെ പഠിപ്പിക്കുന്നുണ്ട്. ദൈവവചനം ജീവന്റെ ഉറവിടമാണെന്നു യഹൂദരും വിശ്വസിച്ചിരുന്നതായി യേശു അനുസ്മരിപ്പിക്കുന്നുണ്ട്: “വിശുദ്ധ ലിഖിതങ്ങൾ നിങ്ങൾ പഠിക്കുന്നു. എന്തെന്നാൽ അവയിൽ നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നു” (യോഹ. 5,39).

**4. ആത്മാവിനാഹാരം** ശരീരത്തിനെന്നതുപോലെ ആത്മാവിനും ആഹാരം ആവശ്യമുണ്ട്. ആത്മീയജീവൻ നിലനിർത്താനും വളർത്താനും ആവശ്യമായ ആഹാരമാണ് ദൈവവചനം. ഈ സത്യം ഇസ്രായേൽ ജനം മരുഭൂമിയിൽവച്ച് അനുഭവിച്ചറിഞ്ഞു. ദൈവം അവരെ മരുഭൂമിയിലൂടെ നയിച്ചതും വിശപ്പറിയാൻ ഇടയാക്കിയതും

മന്നാ കൊണ്ട് തീറ്റിപ്പോറ്റിയതും "അപ്പം കൊണ്ടുമാത്രമല്ല, കർത്താവിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാക്കിത്തരാൻ വേണ്ടിയാണ്" (നിയ 8,3). ഈ വചനം ഉദ്ധരിച്ചുകൊണ്ടാണ് അപ്പത്തിന്റെ പ്രമേയവുമായി വന്ന പ്രലോഭകനെ യേശു നേരിട്ടത് (മത്താ 4, 4). "അങ്ങയെ ആശ്രയിക്കുന്നവരെ പോറ്റുന്നത് വിവിധ ധാന്യവിളകളല്ല, അങ്ങയുടെ വചനമാണ്" (ജ്ഞാനം 16,26). ശരീരത്തിനാഹാരം ആവശ്യമാണ്; അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് യേശു അനേകരുടെ വിശപ്പകറ്റിയിട്ടുമുണ്ട്. എന്നാൽ മനുഷ്യൻ അപ്പത്തിന്, ഭൗതികവസ്തുക്കൾക്ക്, അടിമയാകരുത്. ആത്മാവാണ് പ്രധാനം. ആത്മീയജീവനാവശ്യമായ ആഹാരമാണ് ദൈവവചനം. ഈ ആഹാരം തേടിയാകണം ബൈബിൾ വായിക്കുന്നത്.

**5. വഴിവിളക്ക്** പിതാവിന്റെ ഭവനം, അഥവാ പിതാവിന്റെ ഹൃദയം ആകുന്ന സ്വർഗ്ഗത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന തീർത്ഥാടകരാണ് മനുഷ്യർ. വഴി ദുർഘടവും വീതികുറഞ്ഞതുമാണ്. എളുപ്പവഴി തേടാൻ, വഴിമാറി നടക്കാൻ പ്രലോഭനങ്ങൾ ശക്തമാകും. വഴി തടയുന്നവരും വഴിതെറ്റിക്കുന്നവരും ഉണ്ടാകും. എങ്ങനെയാണ് നിത്യജീവനിലേക്കു നയിക്കുന്ന വഴി നാം കണ്ടെത്തുക? ചുറ്റിലും ഇരുൾ പരക്കുമ്പോൾ, വഴി കാണാൻ ക്ലേശിക്കേണ്ടിവരുമ്പോൾ ആരാണ് നമ്മെ നേരായ വഴിക്കു നടത്തുക? ഇവിടെയാണ് ദൈവവചനം നമുക്ക് മാർഗ്ഗദർശകമാകുന്നത്: "നീ ഇടത്തോട്ടോ വലത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽനിന്ന് ഒരു സ്വരം ശ്രവിക്കും: ഇതാണ് വഴി, ഇതിലേക്ക് പോകുക" (ഏശ 30,20).

119-ാം സങ്കീർത്തനം ഏതാണ്ട് മുഴുവനായും വചനത്തെ വഴിവിളക്കായിട്ടാണ് അവതരിപ്പിക്കുന്നത്. "യുവാവ് തന്റെ മാർഗ്ഗം എങ്ങനെ നിർമ്മലമായി സൂക്ഷിക്കും? അങ്ങയുടെ വചനം അനുസരിച്ച് വ്യാപരിച്ചുകൊണ്ട്" (സങ്കീ. 119,9). "അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീ. 119,105). "അങ്ങയുടെ വചനം ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു; എളിയവർക്ക് അത് അറിവുപകരുന്നു" (സങ്കീ. 119,130). ജീവിതത്തിന് ആവശ്യമായി നിർദ്ദേശങ്ങളാണ് പ്രമാണങ്ങൾ. ഒരർത്ഥത്തിൽ ബൈബിൾ മുഴുവൻതന്നെ മനുഷ്യജീവിതത്തിനു വഴികാട്ടിയാണ്. അതിനാൽ ദൈവവചനമാകുന്ന വിളക്കുകയ്യിലെടുക്കുകയാണ് ബൈബിൾ വായിക്കുമ്പോൾ ചെയ്യുന്നത്.

ഈ സത്യമാണ് വി. പൗലോസ് ശ്രേഷ്ഠ ശിഷ്യനായ തിമോത്തേയൂസിനെ അനുസ്മരിപ്പിക്കുന്നത്: "വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റു തിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിന് പര്യാപ്തനാവുകയും ചെയ്യുന്നു."(2 തിമോ. 3,16-17). എന്തു വിശ്വസിക്കണം എന്നു പഠിപ്പിക്കുന്നതാണ് പ്രബോധനം. എന്തുചെയ്യണം, എങ്ങനെ ജീവിക്കണം എന്നു നിർദ്ദേശിക്കുന്നത് ശാസനം. വഴിതെറ്റിയാൽ ചൂണ്ടിക്കാണിച്ച്, നേരെ നടക്കാൻ പ്രേരിപ്പിക്കുന്നത് തെറ്റു തിരുത്തൽ. ദൈവഹിതമനുസരിച്ച് ജീവിക്കുന്നത് നീതിയിലുള്ള പരിശീലനം. അങ്ങനെ ദൈവവചനം വഴിയാണ് മനുഷ്യൻ ദൈവനിശ്ചിതമായ ലക്ഷ്യം പ്രാപിക്കുന്നത്.

**6. തീരുമാനം എടുക്കാൻ പ്രേരിപ്പിക്കുന്നു** ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചത് അവൻ സ്വതന്ത്രനായിരിക്കാൻ വേണ്ടിയാണ്. മനുഷ്യനെ അടിമയാക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. അടിമയുടെ നിർബന്ധിതമായ അനുസരണമല്ല, മക്കളുടെ സ്വതന്ത്രമായ സ്നേഹമാണ് ദൈവം ആഗ്രഹിക്കുന്നത്. ഈ സ്വതന്ത്ര്യം തന്നെയാണ് മനുഷ്യന്റെ അന്തഃസത്ത. ഈ സ്വാതന്ത്ര്യമാണ് മനുഷ്യനിൽ ദൈവം പതിച്ചിരിക്കുന്ന സാദൃശ്യം. എന്നാൽ സ്വാതന്ത്ര്യം ദുരുപയോഗിക്കാൻ സാധ്യതയുണ്ട്. അതിനാൽ നന്മയും തിന്മയും തമ്മിൽ, നേരും നുണയും തമ്മിൽ വിവേചിച്ചറിയാൻ ദൈവം മനുഷ്യനെ സഹായിക്കുന്നു. ആ സഹായമാണ് ദൈവവചനം.

"ഇതാ ഇന്നു ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും, മരണവും തിന്മയും വച്ചിരിക്കുന്നു... നീയും നിന്റെ സന്തതികളും ജീവിക്കേണ്ടതിന് ജീവൻ തിരഞ്ഞെടുക്കുക. നിന്റെ ദൈവമായ കർത്താവിനെ സ്നേഹിച്ച്, അവിടുത്തെ വാക്കുകേട്ട്, അവിടുത്തോട് ചേർന്നുനിൽക്കുക. നിനക്കു ജീവനും ദീർഘായുസും ലഭിക്കും" (നിയ. 30,15-20). തിരഞ്ഞെടുക്കാൻ മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. എന്നാൽ താൻ തിരഞ്ഞെടുക്കുന്നതെന്ത്, എന്തായിരിക്കും ആ തിരഞ്ഞെടുപ്പിന്റെ ആത്യന്തികഫലം എന്ന് അറിഞ്ഞുകൊണ്ടുവേണം തിരഞ്ഞെടുക്കാൻ. വചനം അനുസരിച്ചു ജീവിക്കുന്നവർ പാറയിൽ ഭവനം പണിയുന്നു; വചനത്തെ മാനിക്കാത്തവർ മണലിലും.

സ്വർഗ്ഗവും നരകവും നമ്മൾതന്നെയാണ് തിരഞ്ഞെടുക്കുന്നത്. എങ്ങനെയെന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. “ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. എന്റെ സ്വരംകേട്ട് വാതിൽ തുറന്നുതരുന്ന വന്റെ അടുത്തേക്ക് ഞാൻ വരും. ഞങ്ങൾ ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്യും” (വെളി 3,19-20). അകത്തുനിന്നു കുറ്റിയിട്ടിരിക്കുന്ന വാതിൽ ദൈവം തല്ലിത്തകർക്കുകയില്ല. ഞാൻ തുറന്നാലേ ദൈവം കടന്നു വരൂ! ഇതുതന്നെയാണ് വചനം വായിക്കുമ്പോൾ സംഭവിക്കുന്നത്. നന്മയായതു കാട്ടിത്തരുന്നു. സ്വീകരിക്കുകയോ തിരസ്കരിക്കു കയോ ചെയ്യാം. എന്നാൽ തിരസ്കരിക്കുമ്പോൾ നിത്യനാശം തിര ഞ്ഞെടുക്കുകയാണെന്ന് മറക്കരുത്.

**7. പൂർണ്ണസൗഖ്യം ലഭിക്കാൻ** മനുഷ്യൻ ആരോഗ്യവാനും സന്തു ഷ്ടനും ആയിരിക്കണം എന്നതാണ് ദൈവത്തിന്റെ ആഗ്രഹം. എന്നാൽ പലതരം രോഗങ്ങൾ ശരീരത്തെ അലട്ടുന്നു; അതിലുപരി മനസിനെ അസ്വസ്ഥവും കലുഷിതവുമാക്കുന്നു. അന്തിമവിശകല നത്തിൽ പാപമാണ് രോഗത്തിന്റെയും മരണത്തിന്റെയും മൂലകാ രണം. പാപത്തിൽ നിന്നു പൂർണ്ണമായും മുക്തിനേടിക്കഴിയുമ്പോൾ പിന്നെ രോഗവും മരണവും ഉണ്ടാകില്ല. ഈ സത്യമാണ് ജ്ഞാന ഗ്രന്ഥത്തിൽ നമ്മെ അനുസ്മരിപ്പിക്കുന്നത്: “മരുന്നോ ലേപനൗഷ ധമോ അല്ല, എല്ലാവരേയും സുഖപ്പെടുത്തുന്ന അങ്ങയുടെ വചന മാണ് അവരെ സുഖപ്പെടുത്തിയത്” (ജ്ഞാനം 16,12).

യേശുവിന്റെ അത്ഭുതപ്രവൃത്തികളിൽ അധികപങ്കും രോഗശാ ന്തിയായിരുന്നു. അവിടുത്തെ വചനമാണ് സൗഖ്യം നൽകിയത്. തന്റെ രോഗിയായ ഭൃത്യനുവേണ്ടി സഹായം യാചിച്ചെത്തിയ ശതാ ധിപൻ ഈ സത്യം ഏറ്റുപറയുന്നു: “അങ്ങ് ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി, എന്റെ ഭൃത്യൻ സുഖപ്പെട്ടുകൊള്ളും” (ലൂക്കാ. 7,7). യേശു തന്റെ വിടവാങ്ങൽ പ്രഭാഷണത്തിൽ ഇത് ശിഷ്യന്മാരെ അനു സ്മരിപ്പിക്കുകയുണ്ടായി. “ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു” (യോഹ 15,3).

ആത്മാവിന്റെ സൗഖ്യം ശരീരത്തിലേക്കും വ്യാപിക്കും, പാപം മനുഷ്യനെ രോഗിയാക്കുന്നതുപോലെ. അതിനാൽ ആത്മാവിനും ശരീരത്തിനും സൗഖ്യം ആവശ്യമുണ്ട്. തളർവാതരോഗിക്ക് ശാരീ രിക സൗഖ്യം നൽകുന്നതിനുമുമ്പേ പാപമോചനം വഴി ആത്മീയ സൗഖ്യമാണ് നൽകുന്നത് (മാർക്കോ 25-12). വചനം പ്രഘോഷി

ക്കാൻ ശിഷ്യന്മാരെ അയയ്ക്കുമ്പോൾ രോഗികളെ സുഖപ്പെടുത്താൻ വരവും കൃപയും നൽകുന്നതും രോഗശാന്തി സുവിശേഷത്തിന്റെ ആധികാരികതയ്ക്ക് അടയാളമായി എടുത്തുകാട്ടുന്നതും ശ്രദ്ധേയമാണ് (മത്താ 10, 7-8; മർക്കോ 16, 15-17). യേശുവിന്റെ കാലത്തേതുപോലെ തന്നെ ഇന്നും വചനം വഴി അനേകം മാനസാന്തരങ്ങളും രോഗശാന്തികളും സംഭവിക്കുന്നതിന് നാമെല്ലാം സാക്ഷികളാണല്ലോ.

എന്നാൽ ഒരു വ്യക്തിയുടെയോ അയാളുടെ മാതാപിതാക്കളുടെയോ ഏതെങ്കിലും പാപം മൂലമാണ് അയാൾ രോഗിയാകുന്നത് എന്ന വിശ്വാസം ബൈബിളിന്റെ പൊതുവായ, പ്രത്യേകിച്ചും യേശുവിന്റെ കാഴ്ചപ്പാടിനു നിരക്കുന്നതല്ല. ഇന്നു പലരും സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിക്കുന്ന ഒന്നാണ് പൂർവികാരുടെ പാപം മൂലം ഉണ്ടാകുന്ന ശാപവും കുടുംബവൃക്ഷത്തെ ശുദ്ധീകരിക്കാനുള്ള വിദ്യകളും. പിതാക്കന്മാരുടെ പാപത്തിന് മൂന്നും നാലും തലമുറവരെ ശിക്ഷിക്കും (പുറ 20,5) എന്ന് താക്കീത് പ്രവാചകന്മാർ തിരുത്തിയതും യേശു തള്ളിപ്പറഞ്ഞതും കാണാതെ പോകരുത്.

"പിതാക്കന്മാർ പച്ചമുന്തിരിങ്ങതിന്നു. മക്കളുടെ പല്ലു പുളിച്ചു എന്ന് ആ നാളുകളിൽ ആരും പറയുകയില്ല. ഓരോരുത്തനും അവനവന്റെ അകൃത്യം മൂലമാണ് മരിക്കുക. പച്ചമുന്തിരിങ്ങ തിന്നവന്റെ പല്ലേ പുളിക്കൂ" (ജറെ 31, 29-30). ഈ സത്യം കൂടുതൽ വ്യക്തവും വിശദവുമായി എസക്കിയേൽ അവതരിപ്പിക്കുന്നുണ്ട് (എസെ. 18). ദേവാലയ വാതിൽക്കൽ ഭിക്ഷ യാചിച്ച കുരുടനെക്കുറിച്ചുള്ള ശിഷ്യന്മാരുടെ ചോദ്യത്തിന് യേശു നൽകിയ മറുപടി ഈ പ്രശ്നത്തിന് അന്തിമതീർപ്പു കല്പിക്കുന്നതായി കാണാം. ഈ മനുഷ്യൻ കുരുടനായി ജനിച്ചത് "ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" (യോഹ 9,3). രോഗവും രോഗസൗഖ്യവും ദൈവമഹത്വം പ്രകടമാക്കുന്ന അവസരങ്ങളാകാം. അതിനാൽ ദൈവവചനം വായിക്കുന്നത് ശാരീരികസൗഖ്യത്തിനും അതിലുപരി ആത്മാവിന്റെ സൗഖ്യത്തിനുംവേണ്ടിയാവണം.

**8. ആശ്വാസം, സമാധാനം, പ്രത്യാശ ലഭിക്കാൻ** ദൈവഹിതമാണ് ജീവനും സൗഖ്യവും ശക്തിയും നൽകി വഴിനടത്തുന്നത്. ശാരീരിസൗഖ്യം ലഭിച്ചില്ലെങ്കിലും മനസിനു ശാന്തിയും സമാധാ

നവും സന്തോഷവും പകരാൻ ദൈവവചനത്തിനു കഴിയും. "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ. 11,28). യേശു നൽകുന്ന ഈ വാഗ്ദാനം ദൈവവചന ശ്രവണത്തിലൂടെയാണ് പൂർത്തിയാകുന്നത്. മറ്റാർക്കും തരാൻ കഴിയാത്ത സന്തോഷവും സമാധാനവും ദൈവവചനം നമുക്കു നൽകും (യോഹ. 14,27;15,11).

കഠിനമായ ക്ലേശങ്ങളുടെയും ക്രൂരമായ മതമർദ്ദനങ്ങളുടെയും നടുവിലും ഹൃദയത്തിന്റെ ആഴങ്ങളിൽ ആർക്കും എടുത്തു മാറ്റാനാവാത്ത സമാധാനവും സന്തോഷവും നൽകാൻ ദൈവവചനത്തിനുകഴിയും എന്ന് അനേകം വ്യക്തികളുടെ സാക്ഷ്യം ബൈബിളിലുണ്ട്. മാത്രമല്ല ഇന്നും യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ പീഡനമേൽക്കുന്ന ദശലക്ഷക്കണക്കിനു വ്യക്തികളുടെ അനുഭവങ്ങളും ഈ സത്യത്തെ സാക്ഷ്യപ്പെടുത്തുന്നു. കൊറിന്ത്യർക്കെഴുതിയ രണ്ടാം ലേഖനത്തിൽ വി. പൗലോസ് തനിക്കനുഭവിക്കേണ്ടിവന്ന നിരവധി പീഡനങ്ങൾ അക്കമിട്ടുനിരത്തുന്നുണ്ട് (2കൊറി 1,3-5; 4,7-15;5,1-10;8,2).

യേശുവിന്റെ പേരിൽ വളരെയേറെ സഹിക്കേണ്ടിവന്ന ഒരു സഭയാണ് ഫിലിപ്പിയിലേത്. എന്നാൽ അവർക്കെഴുതുന്ന ലേഖനത്തിലാണ് പൗലോസിന്റെ ഹൃദയത്തിൽ നിറഞ്ഞുകവിഞ്ഞ സന്തോഷവും സമാധാനവും ചിറപൊട്ടിയൊഴുകുന്നത്: "സന്തോഷിക്കുവിൻ, ഞാൻ വീണ്ടും പറയുന്നു, സന്തോഷിക്കുവിൻ... കർത്താവ് അടുത്തെത്തിയിരിക്കുന്നു... എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും" (ഫിലി 4,4-7). കർത്താവ് അടുത്തുണ്ട് എന്നതാണ് സന്തോഷത്തിന്റെ നിദാനം. ഈ ഉറപ്പ് നൽകുന്നതാണ് ദൈവവചനം. ഹൃദയം തുറന്നുവചനം ശ്രവിക്കുമ്പോൾ അവാച്യമായ സന്തോഷവും സമാധാനവും ഹൃദയത്തിൽ നിറയും. ഭൗതികവസ്തുക്കളോടുള്ള ആസക്തി അകലും. സുവിശേഷത്തിലെ സക്കേവൂസിന്റേതുപോലെ എത്രയെത്ര അനുഭവങ്ങൾ ഇന്നും നാം കാണുന്നു! സംശയം വേണ്ടാ, വചനം സ്വീകരിക്കുന്ന ഹൃദയത്തിൽ ദൈവം തന്നെ സന്തോഷവും സമാധാനവും നിറയ്ക്കും. നിരാശയകലും. പ്രത്യാശ പുലരും. ജീവിതം സഫലമാകും.

**9. ജീവിതത്തിൽ പരിവർത്തനമുണ്ടാകാൻ** ദൈവവചനം ശക്തമാണ്. പ്രപഞ്ചത്തെ സൃഷ്ടിച്ചതും പരിപാലിക്കുന്നതും പരിവർത്തനപ്പെടുത്തുന്നതും ദൈവവചനമാണ്. മനുഷ്യവ്യക്തികളെ സംബന്ധിച്ചും ഇതെല്ലാം ദൈവവചനം ചെയ്യുന്നു. പക്ഷേ, പലപ്പോഴും നാം ആ വചനത്തിന്റെ ശക്തി മനസിലാക്കാറില്ല; മനസ്സിലാക്കിയവർ പങ്കുവയ്ക്കാറുമില്ല.

ഒരു ചെറിയ ഉദാഹരണം IRA (ഐറിഷ് റിപ്പബ്ലിക്കൻ ആർമി) വളരെ ശക്തമായിരുന്ന കാലം. രണ്ടു സന്യാസിനിമാർ ഐർലണ്ടിൽനിന്ന് ലണ്ടനിലെ വിമാനത്താവളത്തിൽ വന്നിറങ്ങി. പെട്ടികളുമായി കടന്നുവന്നപ്പോൾ കസ്റ്റംസ് ഉദ്യോഗസ്ഥൻ ചോദിച്ചു: എന്തെങ്കിലും ഡിക്ലയർ ചെയ്യാനുണ്ടോ? അല്പമൊന്നു സംശയിച്ചശേഷം ഒരു സിസ്റ്റർ പറഞ്ഞു: ഉണ്ട്. ഉത്തരം കേട്ട ഉദ്യോഗസ്ഥൻ ഞെട്ടി. എന്താണത്? മറുപടി: സ്ഫോടകവസ്തു (explosive). ഇപ്പോൾ ഉദ്യോഗസ്ഥരെല്ലാം ആകെ ഭയന്നു. ബോംബു നിർവീര്യമാക്കുന്ന ആളുകൾ സ്ഥലത്തെത്തി. മാറ്റിവച്ച പെട്ടി ഭയത്തോടും വിറയലോടും കൂടെ തുറന്നപ്പോൾ കണ്ടത് നാല് സമ്പൂർണ ബൈബിൾ! ഇതാണോ നിങ്ങളുടെ സ്ഫോടകവസ്തു? ഉദ്യോഗസ്ഥർക്കു തമാശയും അതിലേറെ പുച്ഛവും. ഒന്നു ഭക്ഷിച്ചുനോക്കൂ, അപ്പോൾ അറിയാം, കൂസലില്ലാതെ സിസ്റ്ററിന്റെ മറുപടി.

ഇതു വെറുമൊരു തമാശയായി തോന്നാം. എന്നാൽ ബൈബിൾ തന്നെ നൽകുന്ന സാക്ഷ്യങ്ങളും മനുഷ്യരിലും സമൂഹങ്ങളിലും ബൈബിൾ വരുത്തുന്ന മാറ്റങ്ങളും സൂക്ഷ്മമായി പരിശോധിച്ചാൽ ഇതു തികച്ചും സത്യമാണെന്നു കാണാൻ കഴിയും. "എന്റെ വചനം അഗ്നിപോലെയും പാറയെ തകർക്കുന്നകൂടം പോലെയുമല്ലേ? കർത്താവ് ചോദിക്കുന്നു" (ജറെ 23,29). വ്യാജപ്രവാചകന്മാരുമായുണ്ടായ സംഘട്ടനത്തിനു നടുവിലാണ് ജറെമിയാ ഇപ്രകാരം വചനത്തെ വിശേഷിപ്പിച്ചത്. ദൈവവചനത്തെ നിസ്സാരമായി പുച്ഛിച്ചുതള്ളിയ വ്യാജപ്രവാചകന്മാർക്കെതിരേ കർത്താവ് അരുളിചെയ്തു: "അവർ ഇങ്ങനെ പറഞ്ഞതുകൊണ്ട് എന്റെ വചനം നിന്റെ നാവിൽ ഞാൻ അഗ്നിയാക്കും; അവരെ ഞാൻ വിറകാക്കും; അഗ്നി അവരെ വിഴുങ്ങും" (ജറെ 5, 14).

സമൂഹത്തിൽ നിലനിന്ന അധാർമ്മികവും ദൈവഹിതത്തിനു വിരുദ്ധവുമായ കാഴ്ചപ്പാടുകളെയും സംവിധാനങ്ങളെയും "പിഴുതെറിയാനും ഇടിച്ചുതകർക്കാനും, നശിപ്പിക്കാനും തകിടം മറി

ക്കാനും പുതിയവ പണിതുയർത്താനും നട്ടുവളർത്താനുമായി" ദൈവം ജറെമിയായുടെ നാവിൽ നിക്ഷേപിച്ചത് ദൈവവചനമാണ്. (ജറെ 1, 8-10).

പുതിയനിയമത്തിലും ദൈവവചനത്തെക്കുറിച്ചുള്ള ഈ കാഴ്ച പ്പാട് ശക്തമായിത്തന്നെ അവതരിപ്പിക്കുന്നുണ്ട്. "ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്; ഇരുവായ്ത്തല വാളി നേക്കാൾ മൂർച്ചയേറിയതും, ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി, ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോ ഗങ്ങളെയും വിവേചിക്കുന്നതുമാണ്" (ഹെബ്രാ. 4, 12). വചനത്തെ വാളിനോടാണ് പുതിയനിയമത്തിൽ പൊതുവേ തുലനം ചെയ്യുന്നത് (എഫേ 6,17;വെളി1,16;19,15).

വ്യക്തിജീവിതങ്ങളെ മാത്രമല്ല, മനുഷ്യസമൂഹത്തെ ഒന്നടങ്കം ഉടച്ചുവാർക്കാനും അഗ്നിശുദ്ധി ചെയ്യാനും മാത്രം ശക്തമാണ് ദൈവ വചനം. എന്നാൽ പലപ്പോഴും ശക്തമായ ഈ വചനം പലരുടെയും പ്രഘോഷങ്ങളിലൂടെയും വിശദീകരണങ്ങളിലൂടെയും കടന്നുവരു മ്പോൾ നനഞ്ഞ പടക്കം പോലെയും വായ്ത്തലമടങ്ങിയ വാൾപോ ലെയും ആയിത്തീരുന്നു. കേൾവിക്കാരെ ആശ്വസിപ്പിക്കുക എന്ന തിലുപരി ജീവിതത്തിൽ സമൂലമായ പരിവർത്തനത്തിനുള്ള വെല്ലു വിളി ഉയർത്താൻ കഴിയാതെ പോകുന്നു. അതിനും പുറമേ സാഹ ചര്യത്തിൽനിന്ന് അടർത്തിയെടുത്ത ഏതാനും വാക്യങ്ങൾ ഉദ്ധരി ച്ചുകൊണ്ട് ദൈവവചനത്തെ സ്വത്തു സമ്പാദിക്കാനുള്ള മാർഗ്ഗമായി അവതരിപ്പിക്കുന്നവരും വിരളമല്ല. വചനപ്രഘോഷണത്തിലൂടെ സമ്പന്നരാകുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും എണ്ണം പെരുകുന്നു.

സുവിശേഷ പ്രഘോഷണത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച പൗലോസ് അപ്പസ്തോലന്റെ ചില വാക്യങ്ങൾ ഇവിടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ദൈവവചനത്തെ ലാഭകരമായ ഒരു കച്ചവടച്ച രക്കാക്കി മാറ്റുന്നവർക്കെതിരേയുള്ള കലഹമാണ് ഒന്ന്. "ദൈവവ ചനത്തിൽ മായം ചേർത്ത് കച്ചവടം നടത്തുന്ന അനേകരുണ്ട്. അവ രെപ്പോലെയല്ല ഞങ്ങൾ" (2കോറി 2,17). ഉദരപൂരണവും സ്വത്തു സമ്പാദനവും ലക്ഷ്യം വച്ച് സുവിശേഷം പ്രഘോഷിക്കുമ്പോൾ കേൾവിക്കാർക്ക് ഇമ്പമായതുമാത്രം പറയുകയും സമൂല പരിവർത്ത നത്തിനുള്ള ആഹ്വാനം ഒഴിവാക്കുകയും ചെയ്യും. ഇപ്രകാരം പ്രസം ഗിക്കുന്നവർക്ക് വലിയ സ്വീകാര്യത ഉണ്ടാകും എന്ന അപ്പസ്തോ

ലന്റെ താക്കീതും ശ്രദ്ധേയമാണ്; “ജനങ്ങൾ ഉത്തമമായ പ്രബോധനത്തിൽ സഹിഷ്ണുത കാണിക്കാത്ത കാലംവരുന്നു. കേൾവിക്ക് ഇമ്പമുള്ളവയിൽ ആവേശം കൊള്ളുകയാൽ അവർ തങ്ങളുടെ അഭിരുചിക്ക് ചേർന്ന പ്രബോധകരെ വിളിച്ചുകൂട്ടും” (2 തിമോ 4,3).

സുവിശേഷ പ്രഘോഷണം ഉപജീവനമാർഗ്ഗമാക്കാൻ കഴിയുമായിരുന്നിട്ടും ന്യായമായ ആ അവകാശം വേണ്ടെന്നുവച്ച് സ്വന്തം കൈകൊണ്ട് കഠിനാധ്വാനം ചെയ്ത അപ്പസ്തോലൻ തന്റെ തന്നെ മാതൃകയാണ് എടുത്തുകാട്ടുന്നത്. ആരിൽനിന്നും സൗജന്യമായി ഒന്നും സ്വീകരിക്കാതെ കഠിനാധ്വാനം ചെയ്ത് മാതൃക നൽകുക മാത്രമല്ല (2തെസ3, 8–10) ഇപ്രകാരം സൗജന്യ ഭക്ഷണം സ്വീകരിക്കുന്നത് നാണക്കേടായി കരുതുകയും ചെയ്തു. “മറ്റൊരുവനിൽ നിന്ന് അഭിമാനക്ഷതം ഏല്ക്കുന്നതിനേക്കാൾ ഭേദം മരിക്കുകയാണ്” (1 കോറി 9,14). ധനമോഹത്തെ സകല തിന്മകളുടെയും മൂല കാരണമായി (1 തിമോ 6,10) അവതരിപ്പിക്കുമ്പോൾ സമ്പൽസമൃദ്ധിയുടെ സുവിശേഷം എന്ന ആശയത്തിന്റെ തായ്‌വേരിനാണ് അപ്പസ്തോലൻ കത്തിവയ്ക്കുന്നത്.

മായം ചേർക്കാത്ത ദൈവവചനം ഹൃദയ പരിവർത്തനത്തിലേക്കു നയിക്കും. സ്ഥായിയായ സന്തോഷവും സമാധനവും അതു നൽകും. വ്യക്തിജീവിതത്തിലുണ്ടാകുന്ന മാറ്റം കുടുംബത്തിലും സമൂഹത്തിലും പ്രതിഫലിക്കും. ചുങ്കക്കാരൻ മത്തായിയുടെയും സക്കേവൂസിന്റെയും പോലെ എത്രയെത്ര ഉദാഹരണങ്ങൾ! അപ്പസ്തോല പ്രവർത്തനങ്ങൾ വരച്ചുകാട്ടുന്ന ആദിമ ക്രൈസ്തവസമൂഹത്തിന്റെ ചിത്രം തന്നെ ഏറ്റം പ്രധാനപ്പെട്ട സാക്ഷ്യം (അപ്പ. 2, 44–47;4, 32–37). അതേസമയം അനനിയാ – സഫീറാ ദമ്പതിമാരുടെ ദുരന്തം താക്കീതായും നിൽക്കുന്നു (അപ്പ 5,1–11). സമ്പത്തു പങ്കുവയ്ക്കാൻ തയ്യാറാകാതെ വചനം ശ്രവിക്കുമ്പോൾ ധനികനായ യുവാവിന് സംഭവിച്ചത് (മർക്കോ 10, 17–25) ഒരു മുന്നറിയിപ്പായി നിൽക്കുന്നു, ഒട്ടകത്തിന്റെ മുമ്പിൽ സൂചിക്കുഴപോലെ.

**10. വചനം ഹൃദയത്തിൽ സൂക്ഷിക്കണം ജീവിതത്തിൽ പകർത്തണം**

പരിശുദ്ധ കന്യകാമറിയമാണ് വചനശ്രവണത്തിന്റെ ഏറ്റം ഉദാത്തമായ മാതൃക. കേട്ട കാര്യങ്ങൾ മുഴുവൻ അവൾക്ക് ഉടനെ മനസിലായില്ല. പക്ഷെ അതു ഹൃദയത്തിൽ സൂക്ഷിച്ച്, നിരന്തരം ധ്യാനവിഷയമാക്കി (ലൂക്കാ 2, 19–51). “ഞാനിന്നു കല്പിക്കുന്ന ഈ വച

നങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കണം....” (നിയ 6, 6-10). ഹൃദയത്തിൽ സൂക്ഷിച്ച് നിരന്തരം ധ്യാനിക്കുമ്പോൾ വചനം ജീവിതത്തിൽ നിർണായകമായ സ്വാധീനം ചെലുത്തും; സമഗ്രമായ പരിവർത്തനം വരുത്തും. ചിന്തയും പ്രവൃത്തികളും, സർവ്വോപരി ജീവിതവീക്ഷണവും മൂല്യങ്ങളും ദൈവഹിതത്തിനും പദ്ധതിക്കും അനുരൂപമാകും.

ഇവിടെയും പതിയിരിക്കുന്ന ഒരപകടം ശ്രദ്ധയിൽപെടാതെ പോകരുത്. വായിക്കുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടരുത്. വി. യാക്കോബിന്റെ ഉപദേശവും താക്കീതും ഇവിടെ ശ്രദ്ധേയമാകുന്നു. “നിങ്ങൾ വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ.......” (യാക്കോ 1, 22-25). ശ്രദ്ധിച്ചുകേൾക്കണം എന്ന് യേശുവും അനേകം തവണ അനുശാസിച്ചിട്ടുണ്ട് (മത്താ. 15,10; മർക്കോ. 7,14). ശ്രദ്ധിച്ചു കേൾക്കുന്നതിന്റെ ഉത്തമമായ ഉദാഹരണമാണ് സാമുവേൽ: “കർത്താവേ, അരുളിചെയ്താലും. അങ്ങയുടെ ദാസനിതാ ശ്രവിക്കുന്നു” (1 സാമു 3,10). സാമുവേൽ കേട്ടത് ദൈവവിളിയായിരുന്നു. വചനത്തിലൂടെ ലഭിച്ച വിളി സാമുവേലിനെ പുതിയൊരു മനുഷ്യനാക്കി. ജനത്തെ മുഴുവൻ നേർവഴിക്കു നയിക്കുന്ന, മോശ കഴിഞ്ഞാൽ ഏറ്റം വലിയ നേതാവുമാക്കി.

ദൈവം എന്താണ് എന്നോട് പറയുന്നത് എന്നു ഗ്രഹിക്കാനും അതു ജീവിതത്തിൽ പകർത്താനുമുള്ള തീരുമാനത്തോടെ ബൈബിൾ വായിക്കുമ്പോൾ വ്യക്തികളിലുണ്ടാകുന്ന മാറ്റങ്ങൾ പ്രവചനാതീതമായിരിക്കും. ഇന്നും അപ്രകാരമുള്ള എത്രയെത്ര തിളങ്ങുന്ന ഉദാഹരണങ്ങൾ നാം കാണുന്നു!

അവസാനമായി, ബൈബിൾ എഴുതപ്പെട്ടതിന്റെ ലക്ഷ്യംതന്നെ വിശ്വാസത്തിലൂടെ സംഭവിക്കുന്ന ജീവിതപരിവർത്തനവും നിത്യജീവനിലുള്ള പങ്കുചേരലുമാണ് എന്നു യോഹന്നാന്റെ സാക്ഷ്യം ഈ വിചിന്തനങ്ങൾക്ക് ഒരു ഉപസംഹാരമായി സ്വീകരിക്കാം: “ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്” (യോഹ. 20,31).

# 5

# ബൈബിൾ എങ്ങനെ വായിക്കണം

**നി**ത്യജീവൻ നൽകുന്ന ദൈവവചനമാണ് ബൈബിൾ; മനുഷ്യന്റെ വാക്കുകളിൽ എഴുതപ്പെട്ട ദൈവവചനം. ദൈവം തന്നെത്തന്നെയും മനുഷ്യരക്ഷയെ സംബന്ധിച്ച തന്റെ പദ്ധതിയെയും ബൈബിളിലൂടെ വെളിപ്പെടുത്തുന്നു. അതിനാൽ ദൈവത്തേയും അവിടുത്തെ രക്ഷാകരപദ്ധതിയെയും അറിയുന്നതിനും നിത്യജീവനിലേക്കു നയിക്കുന്ന ഇടുങ്ങിയ വഴി കണ്ടെത്തി, അതിലൂടെ നടന്ന് പിതൃഭവനത്തിൽ എത്തുന്നതിനും വേണ്ടിയാണ് നാം ബൈബിൾ വായിക്കുന്നത്. എന്നാൽ എങ്ങനെ വായിക്കണം എന്ന ചോദ്യം ഇവിടെ ഉയരുന്നു. പല തരത്തിലുള്ള വായനകൾ സാധ്യമാണ്; നിലവിലുണ്ട്താനും. അതിനാൽ ബൈബിൾ വായിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട മനോഭാവവും വായിക്കേണ്ട വിധവും ശ്രദ്ധിക്കണം.

**1. ആദരവോടെ, ശ്രദ്ധയോടെ വായിക്കണം** പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തോടു സംസാരിക്കുന്നു. ബൈബിൾ വായിക്കുമ്പോഴാകട്ടെ, ദൈവം നമ്മോടു സംസാരിക്കുന്നു. ദൈവമാണ് സംസാരിക്കുന്നതെങ്കിൽ തീർച്ചയായും വലിയ ആദരവോടെയും ഭക്തിയോടെയും നാം ശ്രദ്ധിക്കണം; കാതു കൊണ്ടല്ല, ഹൃദയം കൊണ്ട്. "കർത്താവേ അരുളി ചെയ്താലും, ദാസനിതാ ശ്രവിക്കുന്നു" (1 സാമു 3,8) എന്ന സാമുവേലിന്റെ യാചന ഉദാഹരണമാണ്. ദൈവവചനം നമ്മുടെ ജീവിതത്തെ കാതലായ വിധത്തിൽ സ്വാധീനിക്കും. അതിനാൽ എന്താണ് ദൈവം എന്നോട് പറയുന്നത് എന്നു കേൾക്കാൻ അതീവ ശ്രദ്ധയോടെ വായിക്കണം.

ഗിബയോനിൽ വച്ച് ബലിയർപ്പിച്ച സോളമന് സ്വപ്നത്തിൽ ദൈവം പ്രത്യക്ഷപ്പെട്ട് പറഞ്ഞു. എന്തുവേണമെങ്കിലും ചോദിച്ചു

കൊള്ളുക. ഇവിടെ സോളമൻ നൽകിയ മറുപടി ശ്രദ്ധേയമാണ്: "നന്മയും തിന്മയും തിരിച്ചറിഞ്ഞ്, അങ്ങയുടെ ജനത്തെ നയിക്കാൻ പോരുന്ന വിവേകം ഈ ദാസനു നൽകിയാലും." (1 രാജാ 3,9). "വിവേകം" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന്റെ വാച്യാർത്ഥം "ശ്രവിക്കുന്ന ഹൃദയം" എന്നാണ്. ഹൃദയം കൊണ്ടു ശ്രവിക്കണം. അപ്പോഴാണ് വാക്കുകൾക്കു പിന്നിൽ മുഴങ്ങുന്ന ദൈവ ശബ്ദം കേൾക്കാൻ കഴിയുന്നത്. ദൈവം എന്നോടു പറയുന്നത് വിശ്വസിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും ജീവിതം ക്രമ പ്പെടുത്താനുമുള്ള ആഗ്രഹത്തോടെയും തീരുമാനത്തോടെയും ആയിരിക്കണം ബൈബിൾ വായിക്കുന്നത്.

**2. അനുദിനം വായിക്കണം** ബൈബിളിലൂടെ ദൈവമാണ് നമ്മോട് സംസാരിക്കുന്നത് എന്നു ബോധ്യമുണ്ടെങ്കിൽ എല്ലാ ദിവസവും അല്പസമയം ബൈബിൾ വായനക്കായി മാറ്റിവെക്കുന്നത് ഒരു ഭാര മല്ല, അനുഗ്രഹമായി കാണാൻ കഴിയും. എപ്പോഴെങ്കിലും വായി ക്കുക എന്നതിനേക്കാൾ ഒരു നിശ്ചിത സമയം ബൈബിൾ വായന ക്കായി മാറ്റി വെക്കാനും കഴിയുന്നത്ര വിശ്വസ്തതയോടെ ആ തീരു മാനം നടപ്പിലാക്കാനും ശ്രമിക്കണം. ആത്മാവിനാഹാരവും ജീവി തയാത്രയിൽ വഴിവിളക്കും ആണ് ദൈവവചനം എന്നതു മറക്കാതി രിക്കുക. ആഹാരത്തിനുവേണ്ടി ശരീരം വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നതുപോലെ വചനത്തിനുവേണ്ടി ആത്മാവിൽ വിശപ്പും ദാഹവും ഉണ്ടാകണം.

**3. വായന പലവിധം** ബൈബിൾ വായന തന്നെ പല വിധത്തിൽ നടത്താറുണ്ട്. ബൈബിൾ തുറന്ന് ആദ്യം കാണുന്ന പുസ്തക ഭാഗം, അതിലെ ഒരു ഖണ്ഡിക വായിക്കുന്നവരുണ്ട്. കണ്ണിൽ പെടു ന്നത് (random reading) വായിക്കുക എന്ന് ഇതിനെ വിശേഷിപ്പി ക്കാം. ഒരേ പുസ്തകം തന്നെ തുടർച്ചയായി വായിക്കാൻ കഴി യും. തുടർ വായന (continuous reading) എന്ന് ഈ വായനയെ വിളിക്കാം. ഇനി ബൈബിളിന്റെ ആദ്യ പുസ്തകമായ ഉൽപ്പത്തി മുതൽ അവസാന പുസ്തകമായ വെളിപാടുവരെ തുടർച്ചയായി വായിക്കാറുണ്ട്. ആണ്ടിൽ ഒരിക്കൽ ബൈബിൾ മുഴുവൻ ഒരു വട്ടം വായിക്കുന്ന ധാരളം ആളുകളുണ്ട്. ഒരാഴ്ചകൊണ്ട് ബൈബിൾ മുഴു വൻ വായിക്കുന്ന അഖണ്ഡ പാരായണം ഇന്ന് പല പള്ളികളിലും ആഘോഷമായി നടത്താറുണ്ട്. അതുപോലെ തന്നെ, ഒരാൾ ഒറ്റ ക്കിരുന്ന് നടത്തുന്ന വ്യക്തിപരമായ ബൈബിൾ വായന (personal

bible reading) യുണ്ട്. ഒരു ഗ്രൂപ്പിൽ ഒരാൾ വായിക്കുകയും മറ്റു ള്ളവർ കേൾക്കുകയും ചെയ്യുന്ന സമൂഹ വായന (group reading) യുമുണ്ട്. ഇതെല്ലാം നല്ലതും ഉപകാരപ്രദവുമാണ്.

**4. ആരാധനക്രമബന്ധിയായ വായന** ക്രിസ്തുവിന്റെ സഭ മുഖ്യ മായും ഒരു ആരാധന സമൂഹമാണ്. "എന്നെ ആരാധിക്കാനായി എന്റെ ജനത്തെ വിട്ടയയ്ക്കുക" (പുറ 4, 23) എന്ന കല്പനയിൽ ദൈവം തനിക്കായി ഒരു ജനത്തെ തിരഞ്ഞെടുക്കുന്നതിന്റെ ലക്ഷ്യം വ്യക്തമാകുന്നുണ്ട്. ദൈവാരാധനയാണ് ദൈവജനത്തിന്റെ ലക്ഷ്യവും അവരുടെ ജീവിതത്തിന്റെ കേന്ദ്രവും. ഈ ആരാധന യിൽ ഒരു സുപ്രധാന ഘടകമാണ് ബൈബിൾ വായന. വി. കുർബ്ബാ നയെന്ന ആരാധന തന്നെ രണ്ടു ഭാഗമായി തിരിച്ച് ആദ്യഭാഗത്തു വചനവും രണ്ടാം ഭാഗത്ത് അപ്പവും പങ്കുവെക്കുന്നു. (liturgy of the word and liturgy of the eucharist).

എമ്മാവൂസ് യാത്രയിലൂടെ യേശു ശിഷ്യന്മാർക്കു നൽകിയ ഒരു മാതൃകയാണ് ഇവിടെ അനുകരിക്കുന്നത്. വചനം വിഭജിച്ചു പങ്കുവെച്ച് ഹൃദയം ജ്വലിപ്പിച്ചതിനുശേഷമാണ് അപ്പം മറിച്ചു കൊടു ത്തത് (ലൂക്കാ 24, 13-35). തിരുസഭയുടെ എല്ലാ ആരാധനാ ശുശ്രൂ ഷകളിലും ബൈബിൾ വായന ഒരു അവശ്യഘടകമായി പരിഗണി ക്കപ്പെടുന്നു. ആരാധനാ വത്സരത്തിലെ പ്രത്യേക കാലഘട്ടങ്ങളുടെ ചൈതന്യം ഉൾക്കൊള്ളുന്നതും അന്നന്നത്തെ വിചിന്തനത്തിന് വിഷ യവുമായാണ് വായനകൾ തിരഞ്ഞെടുക്കുന്നത്. അവിടെയും ശ്രദ്ധിച്ചു കേൾക്കുക പ്രസക്തമാണ്. ഈ വായനകൾ തന്നെ വീടു കളിലും കുടുംബ പ്രാർത്ഥനയുടെ ഭാഗമായി വായിക്കാറുണ്ട്.

**5. പ്രശ്ന പരിഹാരത്തിനു പ്രചോദനം** വ്യക്തി ജീവിതത്തിലും ആത്മീയ സംഭാഷണങ്ങളിലും ദൈവഹിതം തിരിച്ചറിയാൻ വേണ്ടി ബൈബിൾ ഉപയോഗിക്കുന്ന ഒരു രീതിയുണ്ട്. കണ്ണുകളടച്ച് അല്പ സമയം നിശ്ശബ്ദമായി പ്രാർത്ഥിച്ചതിനുശേഷം ബൈബിൾ തുറക്കു ന്നു. ആദ്യമേ കണ്ണിൽപെടുന്ന വചനം വായിക്കുന്നു. ഞാൻ അഭി മുഖീകരിക്കുന്ന പ്രശ്നത്തിന് ദൈവം നിർദ്ദേശിക്കുന്ന പരിഹാര മായി ആ വചനം സ്വീകരിക്കുന്നു. സങ്കീർണ്ണമായ ജീവിത പ്രശ്ന ങ്ങളിൽ തീരുമാനം എടുക്കാൻ ബുദ്ധിമുട്ടുമ്പോൾ ഈ ബൈബിൾ വാക്യം കണ്ടെത്തൽ സഹായകമാകാം. എന്നാൽ എപ്പോഴും ഒരു പോലെ സ്വീകാര്യമായ ഒരു രീതിയാണിതെന്നു കരുതാനാവില്ല.

പ്രശ്നപരിഹാരങ്ങൾ നിർദ്ദേശിക്കുന്ന ഒരു മാന്ത്രിക ഗ്രന്ഥമല്ല ബൈബിൾ. അതിലെ എല്ലാ വാക്യങ്ങളും എപ്പോഴും ഒരുപോലെ എല്ലാവർക്കും പ്രാവർത്തികമാക്കാനുള്ള കല്പനകളോ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളോ ആയിരിക്കുകയില്ല. സാഹചര്യത്തിൽ നിന്നടർത്തിയെടുത്തു വായിക്കുന്ന വചനങ്ങൾ ചിലപ്പോൾ വഴിതെറ്റിച്ചെന്നും വരാം. അതിനാൽ അതീവ ശ്രദ്ധയോടും ജാഗ്രതയോടും കൂടെ മാത്രമേ ഈ വായനാ രീതി പ്രായോഗികമാക്കാൻ കഴിയൂ. ഇക്കാര്യം ശ്രദ്ധിക്കാത്തതിനാൽ പലപ്പോഴും തെറ്റായ സന്ദേശം ലഭിക്കാറുണ്ട്. ബൈബിൾ മുഴുവൻ ദൈവവചനമാണെങ്കിലും എല്ലാ വചനങ്ങളും എന്റെ തീരുമാനങ്ങൾക്കുള്ള നിർദ്ദേശങ്ങളായി കരുതാനാവില്ല.

**6. ആത്മീയ പാരായണം (lectio divina)**

ഇന്ന് എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളിലും വളരെയേറെ പ്രചാരമുള്ളതും പ്രോത്സാഹിപ്പിക്കപ്പെട്ടതുമായ ഒരു വായനാ രീതിയാണിത്. വ്യക്തിപരമായും സമൂഹത്തിലും ഒരുപോലെ പ്രായോഗികമാക്കാവുന്ന ഈ വായനാരീതി അടുത്തകാലത്ത് മാർപ്പാപ്പമാർ പ്രോത്സാഹിപ്പിക്കുകയുണ്ടായി. കരിസ്മാറ്റിക് പ്രാർത്ഥനാ ഗ്രൂപ്പുകളിൽ, പ്രത്യേകിച്ചും യുവജനങ്ങളുടെ ഇടയിൽ വലിയ സ്വീകാര്യതയുള്ളതിനാൽ ഈ വായനാരീതി അല്പമൊന്ന് അടുത്തു കാണുന്നത് ഉപകാരപ്രദമായിരിക്കും.

വിശുദ്ധഗ്രന്ഥ പാരായണം മിക്കവാറും എല്ലാ മതങ്ങളിലും ആചരിക്കാറുണ്ട്. നോമ്പുമാസങ്ങളിലെ ഖുറ്ആൻ പാരായണം, കർക്കിടകമാസത്തെ ഗീത - രാമായണ പാരായണം മുതലായവ സുപരിചിതമാണ്. സിക്കുകാർക്കുമുണ്ട് ഇതുപോലുള്ള വിശുദ്ധഗ്രന്ഥപാരായണം. വീടുകളിലും പ്രാർത്ഥനാലയങ്ങളിലും, സമൂഹം കൂട്ടായും വ്യക്തികൾ തനിച്ചും ഇപ്രകാരമുള്ള പാരായണം നടത്താറുണ്ട്. ഇതുമായി സാമ്യമുള്ള ഒരു വായനാരീതിയാണ് ബൈബിളിന്റെ ആത്മീയപാരായണം.

ദൈവികവായന (lectio divina എന്നു ലത്തീനിൽ) എന്നാണ് ഈ വായനാരീതി അറിയപ്പെടുന്നത്. ആത്മീയപാരായണം എന്നും ഇതു വിവർത്തനം ചെയ്യാം. വിശുദ്ധഗ്രന്ഥം സാവധാനം, ഭക്തിയോടെ, ശ്രദ്ധയോടെ വായിക്കുന്നതിനെയാണ് ഇതു സൂചിപ്പിക്കു

ന്നത്. ബൈബിൾ ദൈവവചനമാണ്. നാം ബൈബിൾ വായിക്കുമ്പോൾ ദൈവം നമ്മോടു സംസാരിക്കുന്നു. അതിനാൽ ഇത് ഒരു ദൈവികവായന, അഥവാ ദൈവസ്വരം ശ്രവിക്കാനുള്ള വായനയായി മാറുന്നു. ഇപ്രകാരം ഏറ്റം ലളിതമായി വിശദീകരിക്കാവുന്ന ഈ വായനാരീതിക്ക് കലാക്രമത്തിൽ ചില നിശ്ചിതരൂപങ്ങളും ഘടകങ്ങളും കൈവന്നു.

എ.ഡി. മൂന്നാം നൂറ്റാണ്ടുമുതൽ പൗരസ്ത്യ സന്യാസികളുടെ ഇടയിൽ രൂപം കൊണ്ടതാണ് ഈ വായനാരീതി. അഗാധ തത്ത്വജ്ഞാനിയും ബൈബിൾ പണ്ഡിതനുമായ അലക്സാണ്ട്റിയായിലെ ഒരിജെൻ അദമാൻസിയുസ് (Origen Adamantius AD 185-254) ആത്മീയ പാരായണത്തിന്റെ ആവശ്യകതയെയും പ്രാധാന്യത്തെയുംകുറിച്ച് പറയുകയുണ്ടായി. പ്രത്യക്ഷത്തിൽ കാണുന്നതും ആദ്യവായനയിൽ ശ്രദ്ധയിൽപ്പെടുന്നതുമായ കാര്യങ്ങളേക്കാൾ കൂടുതൽ ആഴമേറിയ സത്യങ്ങൾ ബൈബിൾ വചനങ്ങളിൽ ഒളിഞ്ഞുകിടപ്പുണ്ട്. അവ മനസിലാക്കാൻ ഏകാഗ്രവും തീക്ഷ്ണമായ ധ്യാനവും ആത്മീയാന്വേഷണവും ആവശ്യമാണെന്ന് ഒരിജെൻ പഠിപ്പിച്ചു. പൗരസ്ത്യ സന്യാസസഭകളിൽ ആത്മീയമായ ബൈബിൾ പാരായണത്തിന് വലിയ പ്രാധാന്യമുണ്ടായിരുന്നു.

നോറിക്കായിലെ വി. ബെനഡിക്റ്റാണ് (480–547) പാശ്ചാത്യ സഭയിൽ ഈ വായനാരീതി പ്രചരിപ്പിച്ചത്. ബെനഡിക്റ്റയിൻ സന്യാസസഭയുടെ സ്ഥാപകനായ അദ്ദേഹം സന്യാസനിയമസംഹിതയുടെ ഭാഗമായി ആത്മീയപാരായണം നിർദ്ദേശിച്ചു. "സംസാരിക്കുന്നതും പഠിപ്പിക്കുന്നതും ഗുരുവാണെങ്കിൽ ശിഷ്യൻ നിശബ്ദനായിരുന്നു ശ്രവിക്കണം. ബൈബിൾ വായനയിൽ ദൈവമാണ് ഗുരു; വായിക്കുന്നവർ ശിഷ്യർ". നിയമസംഹിതയിലെ 6–ാം ഖണ്ഡികയാണിത്.

വിശുദ്ധഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതതന്നെയാണെന്നു തറപ്പിച്ചു പറഞ്ഞതിനുശേഷം ദൈവാവിഷ്കരണം (DV) എന്ന പ്രമാണരേഖയിൽ കൗൺസിൽ പിതാക്കന്മാർ ഇപ്രകാരം പഠിപ്പിക്കുന്നു. "അതുകൊണ്ട് അവർ (വിശ്വാസികളും നേതാക്കളും) നല്ല മനസ്സോടെ ദൈവവചനം നിറഞ്ഞുനിൽക്കുന്ന ആരാധനക്രമത്തിലൂടെയോ ഭക്തിനിർഭരമായ പാരായണ (lectio divina) ത്തിലൂടെയോ ഇതു സാധിക്കാവുന്നതാണ്" (DV 25).

2005 നവംബർ 6-ാം തീയതി, ഞായറാഴ്ച മധ്യാഹ്നത്തിലെ പ്രാർത്ഥനാ ശുശ്രൂഷയുടെ മധ്യേ ബെനഡിക്ട് മാർപാപ്പ ഇപ്രകാരം ഉദ്ബോധിപ്പിച്ചു. "പുരാതനവും ഇന്ന് വളരെവേഗം പ്രചരിച്ചുകൊണ്ടിരിക്കുന്നതുമായ ദൈവിക, അഥവാ ആത്മീയപാരായണത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ദൈവവചനഭാഗം വായിച്ച്, അതിനെക്കുറിച്ച് ആഴത്തിൽ ധ്യാനിക്കുക, വചനഭാഗം വീണ്ടും വീണ്ടും വായിക്കുക, സഭാപിതാക്കന്മാർ പറഞ്ഞതുപോലെ വചനം അയവിറക്കുക, വചനത്തെ ഞെക്കിപ്പിഴിഞ്ഞ് സത്തെടുക്കുക, അങ്ങനെ ധ്യാനത്തെ പോഷിപ്പിക്കുക, ജീവജലം കൊണ്ടെന്നതുപോലെ ജീവിതത്തെ നനച്ചു ഫലമണിയിക്കുക എന്നൊക്കെയാണ് ഇതിനർത്ഥം"

**ആത്മീയപാരായണം - ഘടന** ശ്രദ്ധാപൂർവ്വം ബൈബിൾ വായിച്ചു ധ്യാനിക്കുക എന്നാണ് ആത്മീയപാരായണം കൊണ്ട് അർത്ഥമാക്കുന്നത്. കാലക്രമത്തിൽ ഇതിനു ഒരു പ്രത്യേക ഘടന കൈവന്നു. എന്നാൽ ഈ ഘടനയിലും വ്യത്യാസങ്ങൾ കാണാം. മൂന്ന്, നാല്, അഥവാ അഞ്ച് ഘടകങ്ങൾ അഥവാ പടികൾ ഈ വായനാരീതിക്ക് നിർദ്ദേശിക്കാറുണ്ട്.

*വായന* (lectio - reading), *വിചിന്തനം* (meditatio - meditaiton) *പ്രാർത്ഥന* (oratio-prayer) എന്ന മൂന്നു പടികളാണ് ഏറ്റം ലളിതമായ രീതി. ഇതിന്റെ കൂടെ ധ്യാനം (contemplatio - contemplation) എന്നൊരു പടികൂടെ പുരാതനകാലത്തുതന്നെ ചേർത്തിരുന്നു. ഇതിനും പുറമേ *പ്രവർത്തനം* (operatio - action) എന്ന് അഞ്ചാമത്തെ ഒരു പടിയും ചേർക്കാറുണ്ട്. ഓരോന്നിനെക്കുറിച്ചും വളരെ ചുരുക്കമായി ചുവടെ പ്രതിപാദിക്കുന്നു.

**1. വായന (Lectio - Reading)**

തിരഞ്ഞെടുത്ത ഒരു ബൈബിൾഭാഗം ശ്രദ്ധയോടെ വായിക്കുന്നു. സാധാരണമായി ബൈബിളിലെ ഏതെങ്കിലും പുസ്തകത്തിൽനിന്ന് ഒരു ഖണ്ഡികയാണ് വായിക്കുന്നത്. തനിച്ചെങ്കിൽ നിശ്ശബ്ദമായി; ഗ്രൂപ്പിലെങ്കിൽ എല്ലാവർക്കും കേൾക്കാൻ തക്കവിധം ഉച്ചത്തിൽ, സാവകാശം വായിക്കുന്നു. ഓരോ വാക്കിനും ഊന്നൽ നൽകിയും അർത്ഥം ഹൃദയത്തിൽ പതിയത്തക്ക രീതിയിലും വായിക്കണം.

**2. വിചിന്തനം (meditatio - meditation)**

വായിച്ചുകേട്ട വാക്യങ്ങൾ, അഥവാ ഹൃദയത്തിൽ പതിഞ്ഞ വാക്കുകൾ നിശ്ശബ്ദം മനസിൽ ഉരുവിടുന്നു. ഇതിനെയാണ് വചനം അയവിറക്കുക എന്ന് പിതാക്കന്മാർ വിളിക്കുന്നത്. ദൈവം എന്താണ് പറയുന്നത്, പ്രത്യേകിച്ചും എന്നോട് എന്തു പറയുന്നു, എനിക്ക് എന്ത് വെളിപ്പെടുത്തിത്തരുന്നു, എന്ത് വാഗ്ദാനം ചെയ്യുന്നു, എന്താവശ്യപ്പെടുന്നു എന്നൊക്കെ വിചിന്തനം ചെയ്യുക. ഈ വിചിന്തനത്തിൽ ദൈവസ്വരം ഹൃദയത്തിൽ കേൾക്കാൻ ശ്രമിക്കണം. ദൈവാത്മാവ് ദൈവികരഹസ്യങ്ങൾ വെളിപ്പെടുത്തിത്തരും എന്ന വിശ്വാസത്തോടെ (1 കോറി 2,14-15) യാണ് ഈ വിചിന്തനം നടത്തേണ്ടത്.

**3. പ്രാർത്ഥന (oratio - prayer)**

വായിച്ചുകേട്ട ബൈബിൾ വചനത്തെക്കുറിച്ചുള്ള വിചിന്തനത്തിന്റെ വെളിച്ചത്തിൽ മനസിൽ രൂപപ്പെടുന്ന പ്രാർത്ഥന സ്വന്തം വാക്കുകളിൽ ദൈവതിരുമുമ്പിൽ അവതരിപ്പിക്കുക. ദൈവാത്മാവിന്റെ പ്രചോദനത്തിനു വഴങ്ങിയാവണം പ്രാർത്ഥന. വചനം വായിച്ചുധ്യാനിച്ചപ്പോൾ ദൈവസ്വരത്തിനു കാതോർക്കുകയായിരുന്നു. ഇപ്പോൾ നമ്മുടെ ഹൃദയത്തിൽനിന്നു പൊന്തിവരുന്ന വിചാര-വികാരങ്ങൾ വാക്കുകളായി ദൈവതിരുമുമ്പിൽ അവതരിപ്പിക്കുക. സ്തുതിപ്പോ, നന്ദിയോ, മാപ്പപേക്ഷയോ, യാചനയോ, മധ്യസ്ഥപ്രാർത്ഥനയോ, അല്ലെങ്കിൽ ഇവയെല്ലാം ചേർന്നതോ ആയി പ്രാർത്ഥിക്കാവുന്നതാണ്.

**4. ധ്യാനം (contemplatio- contemplation)**

മനസിനെ ശാന്തമാക്കി, എല്ലാ വിചിന്തനങ്ങളും ചിന്തകളും അവസാനിപ്പിച്ച് നിശബ്ദമാവുക. "ശാന്തമാവുക. ഞാൻ ദൈവമാണെന്നറിയുക" (സങ്കീ. 46,10) എന്ന നിർദ്ദേശം ഇവിടെ വഴികാട്ടിയാവണം. ആത്മീയമായ വായനയിലെ ഏറ്റവും പ്രധാനപ്പെട്ട പടിയാണിത്. നിശ്ശബ്ദം ശ്രവിക്കുക. വിചാര വികാരങ്ങളെല്ലാം അടക്കി, ഏകാഗ്രതയോടെ, ദൈവസ്വരത്തിനു കാതോർക്കുക. ഈ നിശ്ശബ്ദതയിൽ ഞാനും എന്റെ ഹൃദയത്തിൽ വസിക്കുന്ന ദൈവവും മാത്രം. അവിടുത്തെ സാന്നിധ്യം, സ്നേഹം, കരുതൽ, ഹൃദയം കൊണ്ട് തൊട്ടറിയാൻ ശ്രമിക്കുക. മണ്ണിൽ പതിക്കുന്ന വിത്തുകൾ നിശ്ശബ്ദതയിലാണ് കിളിർക്കുന്നത്. കാത്തിരിക്കുക. ഇവിടെ ഞാൻ പരിപൂർണ്ണമായും സ്വീകരിക്കുന്ന മനോഭാവത്തിലും അവസ്ഥയിലുമാ

യിരിക്കണം. അപ്പോഴാണ് ദൈവം എന്നിലും എന്നിലൂടെയും പ്രവർത്തിക്കുന്നത്. ഇപ്രകാരമുള്ള അവസ്ഥയിലാണ് മിസ്റ്റിക് അനുഭൂതിയിലേക്ക് ദൈവം മനുഷ്യാത്മാവിനെ ഉണർത്തുന്നത്.

**5. പ്രവർത്തനം (operatio-action)**

"വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ" (യാക്കോ. 1, 22) എന്ന വി. യാക്കോബിന്റെ ആഹ്വാനമാണ് ഈ പടിയുടെ പ്രചോദനം. കേട്ടതുകൊണ്ടായില്ല; കേൾക്കുന്നതു ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കണം. എങ്കിൽ മാത്രമേ വചനം വ്യക്തി ജീവിതത്തിലും സമൂഹത്തിലും ഫലവത്താവുകയുള്ളു. ശ്രവണവും മനനവും പ്രാർത്ഥനയും എല്ലാം പ്രവൃത്തിയിലേക്കു നയിക്കണം. എന്തു ചെയ്യണം എന്ന് ദൈവാത്മാവു തന്നെ പ്രചോദനം നല്കും. ലളിതവും ഉപകാരപ്രദവും കഴിവിനനുസൃതവുമായിരിക്കണം പ്രാവർത്തികമാക്കാൻ എടുക്കുന്ന തീരുമാനം. സ്വന്തം ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങൾക്കും തിരുത്തലുകൾക്കും ആയിരിക്കണം മുൻഗണന. വചനപാരായണം കഴിഞ്ഞാൽ എന്തെങ്കിലും ചെറിയ ഒരു വ്യത്യാസമെങ്കിലും, അതു ചിന്താരീതിയിലും ജീവിതശൈലിയിലും പ്രകടമാകണം. അതോടൊപ്പം സമൂഹത്തോടുള്ള സമീപനത്തിലും സമൂഹത്തിന്റേതായ പ്രവർത്തനങ്ങളിലും ഏറ്റം ചെറുതെങ്കിലും ദൃശ്യമായ ഒരു വ്യതിയാനം അനുഭവവേദ്യമാകണം.

**ചില മുൻകരുതലുകൾ**

വ്യക്തികൾക്കും ചെറിയ സമൂഹങ്ങൾക്കും ഒരുപോലെ ഉപകാരപ്രദവും പ്രചോദനാത്മകവുമായ ഒന്നാണ് മേൽ വിവരിച്ച ആത്മീയ പാരായണം. അതേസമയം ഈ വായനാരീതി ഉപയോഗിക്കുമ്പോൾ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

1. ബൈബിൾ വായിക്കുകയും പ്രാർത്ഥിക്കുകയും പഠിക്കുകയും ചെയ്യാൻ ഉപയോഗിക്കുന്ന പല രീതികളിൽ ഒന്നാണിത് എന്ന കാര്യം മറക്കരുത്. ഇതുമാത്രമല്ല വിശുദ്ധ ഗ്രന്ഥം വായിച്ചു പ്രചോദനം ഉൾക്കൊള്ളാൻ സഹായകമായ മാർഗ്ഗം.

2. ആത്മീയ പാരായണത്തിൽ സുപ്രധാനമാണ് വിചിന്തനവും ധ്യാനവും. അതിലൂടെ വചനത്തിന്റെ ഉള്ളറകളിലേക്ക് ദൈവാത്മാവ്

വായനക്കാരെ കൈപിടിച്ചു നടത്തും. അതേ സമയം ഈ വിചിന്തന-ധ്യാനങ്ങളിൽ സ്വന്തം താൽപര്യങ്ങളും വ്യാഖ്യാനങ്ങളും കടന്നുകൂടാൻ സാധ്യതയുണ്ട്. എന്റെ വെറും തോന്നലുകളെ ദൈവാത്മാവിന്റെ പ്രചോദനങ്ങളിൽ നിന്നും അശുദ്ധാത്മാവിന്റെ പ്രലോഭനങ്ങളിൽ നിന്നും തിരിച്ചറിയാൻ കഴിയണം. അതില്ലാതെ പോകുമ്പോൾ അനേകം തെറ്റിധാരണകളും ദുർവ്യാഖ്യാനങ്ങളും കടന്നുകൂടാനും ഐക്യത്തിന്റെ അടയാളമായ സഭയിൽത്തന്നെ പിളർപ്പുകൾ ഉണ്ടാകാനും കാരണമാകും.

ഇപ്രകാരമുണ്ടായ പിളർപ്പുകൾക്കു ചരിത്രം സാക്ഷി. മാത്രമല്ല, ഇന്നു നിലവിലിരിക്കുന്ന ആയിരക്കണക്കിനു സഭകളും ഇപ്രകാരമായൊരു അപകടത്തിന്റെ ദൃശ്യോദാഹരണങ്ങളാണ്. "ഭൗതിക മനുഷ്യന് ദൈവാത്മാവിന്റെ ദാനങ്ങൾ ഭോഷത്തമാകയാൽ അവൻ അതു സ്വീകരിക്കുന്നില്ല. ഈ ദാനങ്ങൾ ആത്മീയമായി വിവേചിക്കേണ്ടവയാകയാൽ അവ ഗ്രഹിക്കാനും അവനു സാധിക്കുന്നില്ല. ആത്മീയ മനുഷ്യൻ എല്ലാ കാര്യങ്ങളും വിവേചിച്ചറിയുന്നു. അവനെ വിധിക്കാൻ ആർക്കും സാധിക്കുകയില്ല." (1 കോറി. 2,14-15) വി. പൗലോസിന്റെ ഈ പ്രബോധനം ഓരോ വായനക്കാരും എടുത്തു പ്രയോഗിക്കുമ്പോൾ വഴിതെറ്റാനും സഭയിൽ പിളർപ്പുകൾ ഉണ്ടാകാനും സാധ്യതയുണ്ട്.

അതിനാൽ ആത്മീയ വിചിന്തനങ്ങളിലൂടെ ലഭിക്കുന്ന പ്രചോദനങ്ങൾ സഭയുടെ ആധികാരിക പ്രബോധനങ്ങൾക്കു വിരുദ്ധമല്ല എന്നു ഉറപ്പു വരുത്തേണ്ടതുണ്ട്. വ്യക്തി ജീവിതത്തിൽ ആത്മീയ ഉണർവിനും ഉൽക്കർഷത്തിനും ആത്മീയ വിചിന്തനങ്ങളിലൂടെ ലഭിക്കുന്ന ആത്മാവിന്റെ വെളിപ്പെടുത്തലുകൾ സഹായിക്കും എന്നതിൽ സംശയമില്ല. എന്നാൽ ഓരോ വ്യക്തിക്കും ഇപ്രകാരമുണ്ടാകുന്ന തോന്നലുകൾ സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായി അവതരിപ്പിക്കുമ്പോൾ മേൽസൂചിപ്പിച്ച ശ്രദ്ധ, സഭാപഠനങ്ങളോടുള്ള പൊരുത്തം, അവശ്യം പാലിച്ചേ മതിയാകു. ഇതിൽ വരുന്ന വീഴ്ചകൾ ഇന്നും പല ധ്യാനകേന്ദ്രങ്ങളിലും സുവിശേഷ പ്രഘോഷണവേദികളിലും വ്യക്തിപരമായ കൗൺസലിംഗുകളിലും ചെറുതല്ല.

3. മനന-ധ്യാനങ്ങളിലൂടെ കിട്ടുന്ന ഉൾക്കാഴ്ചകൾ ബൈബിളിന്റെ സമഗ്രമായ കാഴ്ചപാടുകൾക്കു വിരുദ്ധമാകരുത്. ഒറ്റപ്പെട്ട വാക്കുകളും വാക്യങ്ങളും ധ്യാനവിഷയമാക്കുമ്പോഴും അവ ബൈബിളിന്റെ

ഭാഗമാണെന്ന കാര്യം ഓർമ്മയുണ്ടാകണം. വചനം എന്താണ് എന്നോ പറയുന്നത് എന്ന് ധ്യാനത്തിലൂടെ മനസിലാക്കാൻ കഴിയും. അപ്പോഴും സഭയുടെ ആധികാരിക പ്രബോധനത്തിനും വിശ്വാസ പ്രമാണങ്ങൾക്കും അതു വിരുദ്ധമാകരുത്. സ്വന്തം തോന്നലുകളെ ദൈവവചനമായി തെറ്റിധരിക്കരുത്.

**4. പാരായണം മാത്രം പോരാ** ഈ വായനാരീതി ബൈബിൾ പഠനത്തിന്റെ ആവശ്യകത ഇല്ലാതാക്കുന്നില്ല. പാരായണത്തോടൊപ്പം പഠനവും ആവശ്യമാണ്. അതിനുള്ള മാർഗ്ഗരേഖകൾ സഭയുടെ ആധികാരിക പ്രബോധനങ്ങളിൽ കാണാം. ബൈബിൾ വ്യാഖ്യാനത്തെക്കുറിച്ചുള്ള അധ്യായത്തിൽ ഇതു വിശദമായി പ്രതിപാദിക്കുന്നതായിരിക്കും.

ആത്മീയ പാരായണം വഴി ലഭിക്കുന്ന ഉൾക്കാഴ്ചകൾ വിശദമായ പഠനങ്ങൾക്കും, വൈകാരിക വ്യാഖ്യനങ്ങൾ യുക്തിഭദ്രമായ വിചിന്തനങ്ങൾക്കും നിഗമനങ്ങൾക്കും വിരുദ്ധമാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ആത്മീയ പ്രചോദനവും വിശദമായ പഠനവും, ഭക്തിയും യുക്തിയും, വികാരവും വിചാരവും പരസ്പര വിരുദ്ധമായല്ല, പൂരകങ്ങളായി കരുതിയാലേ ആത്മീയപാരായണം ഉദ്ദേശിക്കുന്ന ലക്ഷ്യം കണ്ടെത്താൻ സഹായകമാകൂ!

# 6

# സുവിശേഷം പങ്കുവെയ്ക്കൽ സപ്തതലരീതി
# (Gospel Sharing - Seven step method)

**ബൈ**ബിൾ വായനയുടെ പല രീതികൾ കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടു. അതിൽ ആത്മീയ പാരായണത്തിന് കൂടുതൽ ഊന്നൽ നൽകി വിശദീകരിക്കുകയുണ്ടായി. വ്യക്തിപരമായോ, ഗ്രൂപ്പുകളിലോ ഉപയോഗിക്കാവുന്ന ഒരു ബൈബിൾ വായനാരീതിയാണതെന്നും നാം കണ്ടു. ഈ വായനാരീതി തന്നെ ഗ്രൂപ്പുകളെ, പ്രത്യേകിച്ചും പ്രാർത്ഥനാഗ്രൂപ്പുകളെ ലക്ഷ്യം വച്ചുകൊണ്ട് കൂടുതൽ വിശദവും ഫലപ്രദവുമായ വിധത്തിൽ അവതരിപ്പിക്കുന്ന ഒരു വായനാ-പ്രാർത്ഥനാരീതിയാണ് സുവിശേഷം പങ്കുവെയ്ക്കൽ - സപ്തതലരീതി. ആദിമ സന്യാസ സമൂഹങ്ങളിൽ രൂപംകൊണ്ട്, സാവധാനം വളർന്നു വികസിച്ച ആത്മീയ പാരായണത്തിന്റെ കൂടുതൽ വികസിതവും ആനുകാലികവുമായ ഒരു രീതിയായി ഇതിനെ കാണാം.

ലത്തീൻ അമേരിക്കയിലെയും സൗത്ത് ആഫ്രിക്കയിലെയും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിൽ (Basic Christian Communities-BCC) ആരംഭിച്ചതും ഏറെ പ്രയോജനപ്രദമായി അവതരിക്കപ്പെട്ടിട്ടുള്ളതുമായ ഈ ബൈബിൾ വായന - പ്രാർത്ഥനാരീതി കേരളത്തിലെ പല രൂപതകളിലും കുടുംബ കൂട്ടായ്മകളിൽ ഉപയോഗിക്കുന്നുണ്ട്. ജീസസ് യൂത്ത് പോലുള്ള യുവജനങ്ങളുടെ ഗ്രൂപ്പുകളിലും ഈ രീതിക്ക് ഏറെ പ്രചാരമുണ്ട്. ഈ രീതിയുടെ വിശദാംശങ്ങൾ അറിഞ്ഞിരിക്കുന്നത് ബൈബിൾ സന്ദേശം ഉൾക്കൊള്ളാൻ ഏറെ സഹായകമാവും.

സുവിശേഷം പങ്കുവയ്ക്കൽ ഒരു പഠനക്കളരിയല്ല എന്ന് ആദ്യമേ അറിഞ്ഞിരിക്കണം. ഇത് ഒരു ഗ്രൂപ്പിൽ വായിച്ച്, ദൈവവചനം ശ്രവിക്കാനും ദൈവവചനം ഉപയോഗിച്ച് പ്രാർത്ഥിക്കാനുമുള്ള

ഒരു രീതിയാണ്. ഇവിടെ ആരും ആരെയും പഠിപ്പിക്കുന്നില്ല; ഉപദേശിക്കുന്നില്ല, തിരുത്തുന്നുമില്ല. ഒരു ചെറിയ സമൂഹം ഒരുമിച്ചിരുന്ന് ദൈവവചനം ശ്രവിക്കുന്നു; ശാന്തമായി, ഏകാഗ്രതയിൽ വചനത്തിന് കാതോർക്കുന്നു. ഹൃദയത്തിൽ നിമന്ത്രിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രചോദനം ഗ്രഹിച്ച് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു. അങ്ങനെ ഓരോരുത്തർക്കും ലഭിക്കുന്ന ആന്തരിക പ്രചോദനം മറ്റുള്ളവർക്കും സഹായകമാകുന്നു.

"രണ്ടോ മൂന്നോപേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും" (മത്താ. 18, 20) എന്ന യേശുവിന്റെ വാഗ്ദാനം ഈ പ്രാർത്ഥനാരീതിയുടെ അടിസ്ഥാനമായി നില്ക്കുന്നു. വചനം ശ്രവിക്കാനും പ്രാർത്ഥിക്കാനുമായി ഒരുമിച്ചുകൂടുന്ന ക്രിസ്തു വിശ്വാസികളുടെ ഇടയിൽ നാഥന്റെ സാന്നിധ്യമുണ്ട്. സഹായകനായ പരിശുദ്ധാത്മാവ് അവരെ സത്യത്തിന്റെ ഉള്ളറകളിലേക്ക് നയിക്കും. ഈ ബോധ്യത്തോടെയാവണം സുവിശേഷം പങ്കുവെയ്ക്കാനായി ഒരുമിച്ചുകൂടുന്നത്. എഴുതപ്പെട്ട ദൈവവചനത്തിലൂടെയാണ് അവിടുന്ന് ഇന്നു നമ്മോടു സംസാരിക്കുന്നത്. അതു കേൾക്കാൻ പ്രാർത്ഥനാപൂർവ്വം വായിക്കണം; ഹൃദയം കൊണ്ട് ശ്രവിക്കണം. സുവിശേഷം പങ്കുവയ്ക്കൽ-സപ്തതലരീതി അതിനു സഹായിക്കും. താഴെ പറയുന്നവയാണ് ഈ പ്രാർത്ഥനാരീതിയുടെ മുഖ്യ ലക്ഷ്യങ്ങൾ.

1. ഉത്ഥിതനായ നാഥന്റെ സാന്നിധ്യം കൂട്ടായ്മയിൽ അനുഭവിക്കുക. 2. കൂട്ടായ്മയിലെ ഓരോ അംഗത്തേയും ദൈവവചനം വ്യക്തിപരമായി സ്പർശിക്കാൻ സഹായിക്കുക. 3. വ്യക്തിപരമായ പങ്കുവയ്ക്കലിലൂടെ വിശ്വാസത്തിൽ ആഴപ്പെടാൻ പരസ്പരം സഹായിക്കുക. 4. ഗ്രൂപ്പിലെ അംഗങ്ങൾ തമ്മിൽ പരസ്പരം വിശ്വാസം ശക്തിപ്പെടുത്തി ആഴമേറിയ വ്യക്തിബന്ധങ്ങൾ വളർത്തുക. 5. സമൂഹത്തിന്റെ നന്മയ്ക്കായുള്ള പ്രവർത്തനങ്ങൾക്കു രൂപംകൊടുക്കാൻ അനുയോജ്യമായ ആത്മീയാന്തരീക്ഷം വളർത്തുക. 6. ദൈവരാജ്യത്തിന്റെ ചെറിയ പതിപ്പുകളും ഇടവകസമൂഹത്തിന്റെ ശക്തിസ്രോതസുകളുമായി കുടുംബ കൂട്ടായ്മകളെ രൂപപ്പെടുത്തുക. 7. സർവ്വോപരി എല്ലാവരും യേശുക്രിസ്തുവിന്റെ മൗതിക ശരീരമാകുന്ന സഭയിലെ അംഗങ്ങളും അതിനാൽത്തന്നെ പരസ്പരം സഹായിക്കാനും വളർത്താനും ഉത്തരവാദപ്പെട്ടവരും ആണെന്നും ദൈവാത്മാവാണ് നമ്മെ നിരന്തരം നയിക്കുന്നത് എന്നുമുള്ള ബോധ്യത്തിൽ ആഴപ്പെ

ടാനും സഹായിക്കുക. അങ്ങനെ ദൈവസ്നേഹത്തിനും അവിടുത്തെ രാജ്യത്തിനും സാക്ഷികളാവുക.

ഈ ലക്ഷ്യങ്ങൾ നേടിയെടുക്കണമെങ്കിൽ ചില കാര്യങ്ങൾ ആരംഭം മുതലേ ശ്രദ്ധിക്കണം. ദൈവവചനമായിരിക്കണം ജീവിതത്തിന്റെ കേന്ദ്രവും വഴികാട്ടിയും. അതിനാൽ വചനത്തിന്റെ ആന്തരികാർത്ഥം ഗ്രഹിക്കാനും ജീവിതത്തിൽ പകർത്താനുമുള്ള ആഗ്രഹത്തോടെയായിരിക്കണം പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുക്കുന്നത്. ഒരേ വചനം പലർക്കും പല തരത്തിലുള്ള ഉൾക്കാഴ്ചകൾ നൽകുന്നു. അതു പങ്കുവയ്ക്കുമ്പോൾ എല്ലാവരും ശ്രദ്ധിച്ചുകേൾക്കണം. വായിച്ചുകേട്ട വചനത്തിലൂടെ മാത്രമല്ല, അതിനെക്കുറിച്ച് ഗ്രൂപ്പിലെ അംഗങ്ങൾക്കു പരിശുദ്ധാത്മാവ് നൽകുന്ന പ്രചോദനങ്ങളിലൂടെയും ദൈവം നമ്മോടു സംസാരിക്കുന്നു എന്നു തിരിച്ചറിയണം.

ദൈവവചനം പങ്കുവയ്ക്കുന്നത് ഉപദേശത്തിന്റെയോ വിമർശനത്തിന്റെയോ ആഹ്വാനത്തിന്റെയോ ശൈലിയിലാകരുത്. “ദൈവം എന്നോട് ഇപ്രകാരം പറയുന്നതായി എനിക്കനുഭവപ്പെടുന്നു” എന്ന മനോഭാവത്തോടെയായിരിക്കണം പങ്കുവയ്ക്കൽ. ഈ സപ്തതല രീതിയുടെ എല്ലാ ഘട്ടങ്ങളിലും എല്ലാവരും സജീവമായി പങ്കെടുക്കണം. ഓരോരുത്തർക്കും ലഭിക്കുന്ന പ്രചോദനങ്ങൾ എല്ലാവർക്കും കേൾക്കത്തക്കവിധത്തിൽ ഉച്ചത്തിലും വ്യക്തമായും പറയാൻ പ്രത്യേകം ശ്രദ്ധിക്കണം. ഭാഷാഭംഗി പരിഗണിക്കേണ്ടതില്ല. പറയാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ മനസ്സിൽ അടുക്കിവയ്ക്കാനുള്ള വ്യഗ്രതയിൽ മറ്റുള്ളവർ പറയുന്നത് ശ്രദ്ധിക്കാതിരിക്കാൻ ഇടയാകരുത്.

പങ്കെടുക്കുന്ന എല്ലാവരുടെയും കയ്യിൽ ബൈബിൾ, പുതിയ നിയമം എങ്കിലും, ഉണ്ടായിരിക്കണം. ലീഡർ വചനഭാഗം അറിയിക്കുമ്പോൾ എല്ലാവരും ബൈബിൾ തുറന്ന് ആ ഭാഗം കണ്ടെത്തുകയും, ഒരാൾ വായിക്കുമ്പോൾ മറ്റുള്ളവർ തങ്ങളുടെ ബൈബിളിൽ നോക്കി നിശ്ശബ്ദം വായിക്കുകയും ചെയ്യണം. ബൈബിളിൽനിന്ന് ഏതുഭാഗം വേണമെങ്കിലും വായനയ്ക്കായി തെരഞ്ഞെടുക്കാം. എന്നാലും ഈ പ്രത്യേക പ്രാർത്ഥനാരീതിക്ക് സുവിശേഷങ്ങളാണ് അത്യുത്തമം. വായിക്കാനുള്ള ഭാഗം ലീഡർ മുൻകൂട്ടി തെരഞ്ഞെടുത്തിരിക്കണം. പ്രാർത്ഥന തുടങ്ങിയിട്ട് കണ്ണടച്ച് ബൈബിൾ തുറന്ന് കാണുന്ന ഭാഗം വായിക്കുന്നത് ഈ പ്രാർത്ഥനാ രീതിയിൽ സഹായകമാകില്ല.

ഗ്രൂപ്പിന്റെ സംഖ്യ സൗകര്യംപോലെ നിശ്ചയിക്കുക. പത്തിനും പതിനഞ്ചിനും ഇടയിൽ അംഗസംഖ്യയുണ്ടാവുന്നതാണ് നല്ലത്. അതേസമയം കുടുംബപ്രാർത്ഥനയുടെ ഭാഗമായും ഈ പ്രാർത്ഥ നാരീതി ഉപയോഗിക്കാം. അപ്പോൾ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ച് പങ്കുചേരുന്നു. ഇടവകകളിലെ കുടുംബ കൂട്ടായ്മയിലാ ണെങ്കിൽ, കുട്ടികൾ, യുവാക്കൾ, മുതിർന്നവർ എന്ന മൂന്നു ഗ്രൂപ്പു കളായി തിരിക്കുന്നതാവും പ്രാർത്ഥന സുഗമവും വിജയപ്രദവും ആകാൻ സഹായിക്കുന്നത്.

## വചനം പങ്കുവയ്ക്കൽ - സപ്തതല രീതി

1. യേശുവിനെ ക്ഷണിക്കുക.
2. വിശുദ്ധ ഗ്രന്ഥം വായിക്കുക.
3. സ്പർശിച്ച വചനം പങ്കവയ്ക്കുക.
4. നിശ്ശബ്ദം ശ്രവിക്കുക.
5. സന്ദേശം പങ്കുവയ്ക്കുക - ജീവന്റെ വചനം തിരഞ്ഞെടുക്കുക.
6. ദൗത്യം ഏറ്റെടുക്കുക.
7. സ്വയം പ്രേരിതമായി പ്രാർത്ഥിക്കുക.

## സപ്തതല രീതിയുടെ വിശദീകരണം

അടുത്തതായി ഈ പ്രാർത്ഥനാ രീതിയുടെ ഓരോ ഘടകവും വിശദമായി കാണാൻ ശ്രമിക്കാം. എല്ലാവർക്കും പരസ്പരം കാണ ത്തക്കവിധത്തിൽ ഗ്രൂപ്പ് വട്ടത്തിൽ ഇരിക്കണം. ഈ വൃത്തത്തിൽ ആർക്കും പ്രത്യേക സ്ഥാനമില്ല. പരസ്പരം സഹോദരീസഹോദര ന്മാർ എന്ന നിലയിൽ എല്ലാവരും തുല്യരാണ്. സഹോദരങ്ങളുടെ കൂട്ടായ്മയാണ് സഭ. വട്ടത്തിൽ ഇരിക്കുന്നതുകൊണ്ട് ഈ തുല്യതയും സാഹോദര്യവും കൂട്ടായ്മയും പ്രകടമാക്കാൻ കഴിയും. എല്ലാവരുടെയും കൈയ്യിൽ ബൈബിൾ ഉണ്ടായിരിക്കണം. മുൻകൂട്ടി അറിയിച്ചിട്ടുള്ള നിശ്ചിതസമയത്തുതന്നെ തുടങ്ങാൻ ശ്രദ്ധിക്കേണ്ട താണ്.

### 1. യേശുവിനെ ക്ഷണിക്കുക

സമ്മേളനത്തിന്റെ മുഖ്യ അതിഥിയും സമ്മേളനത്തിന്റെ നായ കനും യേശുവാണ്. അവിടുന്ന് എപ്പോഴും നമ്മോടുകൂടെയുണ്ട്. എന്നാൽ നാം അവിടുത്തെ സാന്നിദ്ധ്യത്തെക്കുറിച്ച് പലപ്പോഴും ബോധവാന്മാരല്ല. അവിടുത്തെ സജീവസാന്നിദ്ധ്യം ശക്തമായ വിധ ത്തിൽ അനുഭവവേദ്യമാകുന്നതിനു വേണ്ടിയാണ് നാം സമ്മേളന

ത്തിലേക്ക് യേശുവിനെ ക്ഷണിക്കുന്നത്. ഏതു സമ്മേളനവും ഒരു സ്വാഗതപ്രസംഗത്തോടെയാണല്ലോ ആരംഭിക്കുക. ഇവിടെ യേശുവിനാണ് നാം സ്വാഗതം പറയുന്നത്.

യേശുവിന്റെ തന്നെ ഏതെങ്കിലും വാഗ്ദാനമോ പ്രവർത്തനമോ അനുസ്മരിച്ചുകൊണ്ട് അവിടുത്തെ ക്ഷണിക്കാവുന്നതാണ്.

ഉദാ: "ഞങ്ങളുടെ ഗുരുവും സ്നേഹിതനുമായ യേശുവേ, അങ്ങയെ കാണാൻ ആഗ്രഹിച്ച സക്കേവൂസിന്റെ ഭവനത്തിൽ കടന്നുചെന്ന്, ആ ഭവനത്തിന് അങ്ങ് രക്ഷ നൽകിയല്ലോ. ലോകാവസാനം വരെ ഞങ്ങളോടുകൂടെ ഉണ്ടായിരിക്കുമെന്നും അവിടുന്ന് വാക്കു തന്നിട്ടുണ്ട്. ഈ വാഗ്ദാനത്തെപ്രതി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങയുടെ വചനം പങ്കുവയ്ക്കുന്നതിനായി ഒരുമിച്ചു കൂടിയിരിക്കുന്ന ഞങ്ങളുടെ മധ്യത്തിലേക്ക് അങ്ങ് കടന്നുവരണമേ. അങ്ങ് ഞങ്ങളോടു കൂടെയിരുന്ന് ഞങ്ങളോടും സംസാരിക്കണമേ. അവിടുത്തെ വചനങ്ങൾ ശ്രവിക്കാൻ ഞങ്ങളുടെ കാതുകൾ തുറക്കുകയും ഗ്രഹിക്കാൻ ഹൃദയങ്ങളെ ഉദ്ദീപിപ്പിക്കുകയും ചെയ്യണമേ. ആമ്മേൻ."

ഇതുപോലെ മറ്റേതെങ്കിലും വാഗ്ദാനമോ സംഭവമോ അനുസ്മരിച്ചുകൊണ്ട് യേശുവിനെ ക്ഷണിക്കാവുന്നതാണ്. യേശു ക്ഷണം സ്വീകരിച്ച് ഏതെങ്കിലും വീട്ടിൽ അതിഥിയായി ചെന്ന സംഭവങ്ങൾ (കാനാ, കഫർണാം, ബെഥാനിയ, എമ്മാവൂസ്), രോഗികളുടെ അടുക്കലേക്ക് കടന്നുചെന്ന സംഭവങ്ങൾ മുതലായവയിൽ ഏതെങ്കിലും എടുക്കുക. ഉത്ഥിതനായ നാഥൻ നമ്മുടെ മദ്ധ്യേ ഉണ്ട്, അവിടുത്തെ സാന്നിദ്ധ്യത്തിലാണ് നാം സമ്മേളിക്കുന്നത് എന്ന അവബോധത്തിലേക്ക് വരികയാണ് പ്രധാനം. ഉചിതമെന്നുതോന്നുന്ന ഏതെങ്കിലും ഒരു പ്രാർത്ഥനാ ഗാനം, പ്രത്യേകിച്ച് പരിശുദ്ധാത്മാവിന്റെ സഹായം യാചിക്കുന്ന ഗാനം, ആലപിച്ചതിനുശേഷം യേശുവിനെ ക്ഷണിക്കുന്നത് കൂടുതൽ ഉചിതമായിരിക്കും.

### 2. വിശുദ്ധ ഗ്രന്ഥം വായിക്കുക

വായിക്കാനായി തിരഞ്ഞെടുക്കുന്ന ബൈബിൾഭാഗം ലീഡർ അറിയിക്കുന്നു. ഉദാ: വിശുദ്ധ മർക്കോസ് എഴുതിയ സുവിശേഷം അധ്യായം പത്ത്. എല്ലാവരും ബൈബിൾ തുറന്ന് അധ്യായം കണ്ടുപിടിച്ചു എന്ന് ഉറപ്പാക്കിയതിനുശേഷം തിരുവചനങ്ങൾ 46 മുതൽ

52 വരെ എന്ന് തുടർന്നു പറയുന്നു. ഒരാളെ സുവിശേഷഭാഗം വായിക്കാൻ ക്ഷണിക്കുന്നു. ക്ഷണിക്കപ്പെട്ടയാൾ വാക്കുകൾ നിർത്തി, വ്യക്തമായി സാവകാശം വായിക്കുന്നു. ഒരു മിനിറ്റിനു ശേഷം അതേ വാക്യങ്ങൾ മറ്റൊരാളിനോട് വായിക്കാൻ ആവശ്യപ്പെടുന്നു. വായിക്കുന്ന സമയത്ത് എല്ലാവരും തങ്ങളുടെ കൈയിലുള്ള ബൈബിളിൽ നോക്കി മൗനമായി വായിക്കുന്നു. തിരുവചനങ്ങൾ ഹൃദയത്തിൽ പതിയുന്നതിനുവേണ്ടിയാണ് രണ്ടു തവണ വായിക്കുന്നത്.

### 3. വചനം പങ്കുവയ്ക്കുക

വായിച്ച സുവിശേഷത്തിലെ ഏതെങ്കിലും വാക്യമോ വാക്യഭാഗമോ തന്നെ പ്രത്യേകം സ്പർശിക്കുന്നതായി ഓരോരുത്തർക്കും അനുഭവപ്പെടും. ആ വാക്കോ വാക്യശകലമോ ഓരോരുത്തരും സാവകാശം, ധ്യാനാത്മകമായി മൂന്നു തവണ ആവർത്തിച്ചതിനു ശേഷമേ അടുത്തയാൾ ശബ്ദിക്കാവൂ. ഓരോരുത്തരിലൂടെയും യേശുനാഥൻ സമൂഹത്തോടു പൊതുവായും ഓരോ അംഗത്തോടും വ്യക്തിപരമായും സംസാരിക്കുകയാണ് എന്ന ബോദ്ധ്യത്തോടെ വേണം വചനം പങ്കുവയ്ക്കാനും സ്വീകരിക്കാനും. ഒന്നിലധികം പേർ ഒരേ വാക്കുകൾ തിരഞ്ഞെടുത്താലും കുഴപ്പമില്ല. ആത്മാർത്ഥതയാണു പ്രധാനം.

ഉദാ: 1. അന്ധയാചകൻ വഴിയരികിൽ ഇരിപ്പുണ്ടായിരുന്നു
അന്ധയാചകൻ വഴിയരികിൽ ഇരിപ്പുണ്ടായിരുന്നു
അന്ധയാചകൻ വഴിയരികിൽ ഇരിപ്പുണ്ടായിരുന്നു

2. യേശുവേ എന്നിൽ കനിയേണമേ
യേശുവേ എന്നിൽ കനിയേണമേ
യേശുവേ എന്നിൽ കനിയേണമേ

3. യേശു നിന്നെ വിളിക്കുന്നു
യേശു നിന്നെ വിളിക്കുന്നു
യേശു നിന്നെ വിളിക്കുന്നു

4. ഗുരോ എനിക്കു കാഴ്ച വീണ്ടുകിട്ടണം
ഗുരോ എനിക്കു കാഴ്ച വീണ്ടുകിട്ടണം
ഗുരോ എനിക്കു കാഴ്ച വീണ്ടുകിട്ടണം

5. അവൻ യേശുവിനെ അനുഗമിച്ചു

അവൻ യേശുവിനെ അനുഗമിച്ചു
അവൻ യേശുവിനെ അനുഗമിച്ചു

തിരുവചനങ്ങൾ മനഃപാഠമാക്കാൻ വേണ്ടിയല്ല അവ ആവർത്തിച്ച് ഉരുവിടുന്നത്. ഒറ്റ വായനയിൽ ശ്രദ്ധിക്കപ്പെടാതെ പോയേക്കാവുന്ന പല കാര്യങ്ങളും ആ വാക്കുകളിലുണ്ടാവാം. ധ്യാനാത്മകമായി അവ ആവർത്തിക്കുമ്പോൾ ഓരോരുത്തർക്കും ഹൃദയത്തിൽ ആ വാക്ക് അഥവ വാക്യശകലം ഒരു അനുഭവമായി മാറും. അതുമായി താദാത്മ്യപ്പെടാൻ കഴിയും. എല്ലാവരും യേശുവിനെ കണ്ട്, അവിടുത്തെ വാക്കുകേട്ട്, അനുഗമിച്ചപ്പോൾ കുരുടൻ വഴിവക്കിൽ ഇരിക്കുകയായിരുന്നു. ഒരു പക്ഷേ ഞാനും ഇതുപോലെ യേശുവിനെ കാണാനോ, കേൾക്കാനോ കഴിയാതെ ജീവിതത്തിന്റെ വഴിവക്കിൽ, എന്റെ ഏകാന്ത ദുഃഖങ്ങളെ താലോലിച്ച് ഇരിക്കുകയാവാം. അല്ലെങ്കിൽ യേശു എന്നെ വിളിക്കുന്നു എന്ന അനുഭവമായിരിക്കാം ഇതിൽ നിന്നു ലഭിക്കുന്നത്. അതുമല്ലെങ്കിൽ എന്താണു എനിക്കു വേണ്ടത് എന്ന് യേശു എന്നോട് ചോദിക്കുകയാവാം. വിശ്വാസത്തിൽ ആഴപ്പെടാനോ യേശുവിനെ അനുഗമിക്കാനോ ഉള്ള ആഹ്വാനമായിരിക്കും ലഭിക്കുക. ഉള്ളിൽ തട്ടുന്ന അനുഭവത്തിന്റെ ആർദ്രതയോടെ വചനം പങ്കുവയ്ക്കുക.

**4. നിശബ്ദം ശ്രവിക്കുക**

എല്ലാവരും തങ്ങളെ സ്പർശിച്ച വചനം പങ്കുവെച്ചുകഴിയുമ്പോൾ ലീഡർ നാലാം ഘട്ടം അറിയിക്കുന്നു.

**ലീഡർ:** ഇപ്പോൾ നാഥൻ നമ്മോടു സംസാരിക്കുന്നത് ഹൃദയംകൊണ്ടു ശ്രവിക്കാം. അഞ്ചു മിനിറ്റുനേരം നമുക്ക് നിശബ്ദരായിരിക്കാം.

ഹൃദയംകൊണ്ട് ശ്രവിക്കുമ്പോഴാണ് വചനത്തിന്റെ ആഴങ്ങളിലേക്കു നമുക്ക് കടക്കാൻ കഴിയുക. ഹൃദയത്തെ സ്പർശിച്ച വാക്കോ വാക്യശകലമോ മനസ്സിൽ ആവർത്തിച്ചുകൊണ്ട് യേശുവിന്റെ സ്വരം ശ്രവിക്കാം. എന്താണ് ഈ വാക്കിലൂടെ അഥവാ സംഭവത്തിലൂടെ നാഥൻ എന്നോടു പറയുന്നത് എന്നു ഹൃദയത്തിൽ ചോദിച്ചുകൊണ്ടും ശ്രവിക്കാവുന്നതാണ്. ശാന്തതയും ഏകാഗ്രതയും ഇവിടെ സുപ്രധാനമാണ്. ഗ്രൂപ്പുമായി പങ്കുവയ്ക്കാനുള്ള ആശയം വാചകങ്ങളായി രൂപപ്പെടുത്തുവാൻ ശ്രമിച്ച് ഈ സമയം പാഴാക്കരുത്. ഹൃദയംകൊണ്ടു ശ്രവിക്കുന്നവർക്കേ വചനം ഗ്രഹിക്കാനും സന്ദേശം ഉൾക്കൊള്ളാനും പിന്നീട് പങ്കുവയ്ക്കാനും കഴിയൂ. എത്ര മിനിറ്റ് നിശബ്ദത പാലിക്കണമെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ നിശ്ച

യിക്കുക. തീരെ കുറവോ ഏറെ ദീർഘമോ ആകാതിരിക്കാൻ ശ്രദ്ധിക്കണം. 3-5 മിനിറ്റ് ആയിരിക്കും പൊതുവെ മെച്ചം.

**5. സന്ദേശം പങ്കുവയ്ക്കുക**

നിശബ്ദ ശ്രവണത്തിനായി നിശ്ചയിച്ച സമയം കഴിയുമ്പോൾ **ലീഡർ:** ഓരോരുത്തരും തങ്ങളുടെ ഹൃദയത്തിൽ കേട്ടത് എന്താണെന്ന് ഇനി പങ്കുവയ്ക്കാം.

തുടർന്ന് ഓരോരുത്തരും തങ്ങൾക്കു ലഭിച്ച സന്ദേശം പങ്കുവയ്ക്കുന്നു.

ഉദാ: 1. അന്ധയാചകൻ വഴിയരികിൽ ഇരിക്കുകയായിരുന്നു എന്ന വചനം എന്നെ കൂടുതലായി സ്പർശിച്ചു. അയാളെപ്പോലെ ഞാനും വഴിയരികിൽ ഇരിക്കുകയാണ്. യേശുവിനെ കാണാനോ കേൾക്കാനോ കഴിയാത്ത വിധം എന്റെ ജീവിതം അന്ധമായിത്തീർന്നിരിക്കുന്നു. എന്നാൽ എനിക്കു കാഴ്ചയും ജീവിതത്തിന് അർത്ഥവും ലക്ഷ്യവും തരാൻ കഴിവുള്ള യേശു എന്റെ മുമ്പിലൂടെ കടന്നുപോകുന്നു എന്ന് ഇപ്പോൾ മനസ്സിലായി. കുരുടൻ ചെയ്തതുപോലെ ഞാനും ഉച്ചത്തിൽ യേശുവിനെ വിളിച്ചപേക്ഷിക്കണം എന്നാണ് നാഥൻ എന്നോടു പറയുന്നത്.

2. അവൻ കൂടുതൽ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു എന്ന വാക്യശകലമാണ് എന്നെ സ്പർശിച്ചത്. ഞാൻ പ്രാർത്ഥിക്കാറുണ്ട്, പക്ഷേ അത് പലപ്പോഴും വിശ്വാസത്തോടെയോ ബോധ്യത്തോടെയോ അല്ല. പ്രാർത്ഥിക്കുന്ന കാര്യം സാധിക്കാത്തതിനാൽ നിരാശ തോന്നാറുണ്ട്. കുരുടനോട് നിശ്ശബ്ദനായിരിക്കാൻ പറഞ്ഞതുപോലെ പലരും എന്നെ നിരുത്സാഹപ്പെടുത്താറുണ്ട്. ഇനി പ്രാർത്ഥിച്ചിട്ടു കാര്യമില്ല എന്നു തോന്നുന്ന നിമിഷങ്ങളും ഉണ്ടാകാറുണ്ട്. എന്നാൽ, നിരാശനാകാതെ കൂടുതൽ തീക്ഷ്ണമായി, ഉറച്ച വിശ്വാസത്തോടെ പ്രാർത്ഥിക്കാനാണ് കർത്താവ് എന്നോട് ആവശ്യപ്പെടുന്നത്.

3. അവൻ കുതിച്ചു ചാടി യേശുവിന്റെ അടുത്തെത്തി എന്ന വാക്യമാണ് എന്റെ ഹൃദയത്തിൽ തറച്ചത്. യേശു വിളിക്കുന്നു എന്നു കേട്ട മാത്രയിൽ കുരുടൻ ബാക്കിയെല്ലാം മറന്ന് അവിടുത്തെ സമീപത്തേക്കു കുതിച്ചു. എന്റെ ഏകാന്തതയിലും ദുഃഖത്തിലും പ്രശ്നങ്ങളിലും ചടഞ്ഞു കൂടിയിരിക്കാതെ കർത്താവിന്റെ അടുക്കലേക്കു ചെല്ലാൻ അവിടുന്ന് എന്നെ വിളിക്കുന്നതായി തോന്നുന്നു. ദൈവീക

കാര്യങ്ങളിൽ കുറച്ചുകൂടി തീക്ഷ്ണതയും താത്പര്യവും പ്രകടിപ്പിക്കാൻ, നാളെയാകട്ടെ എന്നു മാറ്റി വയ്ക്കാതെ ഇന്നുതന്നെ തുടങ്ങാൻ അവിടുന്ന് പറയുകയാണ്. അതിനു തടസ്സമായി നിൽക്കുന്ന ചില കാര്യങ്ങൾ ഉപേക്ഷിക്കാനും കർത്താവ് ആവശ്യപ്പെടുന്നു.

ഇതുപോലെ ഓരോരുത്തരും താന്താങ്ങൾക്കു ലഭിച്ച സന്ദേശങ്ങൾ പങ്കുവയ്ക്കുന്നു. ഇവിടെ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

1. മറ്റുള്ളവരെ പഠിപ്പിക്കുകയോ ഉപദേശിക്കുകയോ ചെയ്യുന്നതായിരിക്കരുത് സന്ദേശം പങ്കുവയ്ക്കൽ.

2. ഒരാൾക്കു ലഭിച്ച സന്ദേശം എല്ലാവരും കേൾക്കണം. എന്നാൽ അതിനെ ആരും ചോദ്യം ചെയ്യരുത്. ഇതു ചർച്ചയല്ല.

3. സന്ദേശം പങ്കുവയ്ക്കൽ ഒരു പരസ്യകുമ്പസാരം ആകാതിരിക്കാൻ ശ്രദ്ധിക്കണം. സ്വന്തം തെറ്റുകളും വീഴ്ചകളും പാപങ്ങളും പരസ്യമായി ഏറ്റു പറയേണ്ടതില്ല. അതിനു വേറെ വേദിയുണ്ടല്ലോ. ഗ്രൂപ്പിലെ അംഗങ്ങൾ തമ്മിൽ ഹൃദയഐക്യം വളരുന്നതനുസരിച്ച് പങ്കുവയ്ക്കൽ കൂടുതൽ വ്യക്തിപരവും ആഴമേറിയതും ആകാം.

4. മറ്റുള്ളവരുടെ പ്രശംസ പിടിച്ചുപറ്റാൻവേണ്ടിയുള്ള വാക്കുകളായി സന്ദേശം അധഃപതിക്കാതിരിക്കാനും ശ്രദ്ധിക്കണം. തികഞ്ഞ ആത്മാർത്ഥതയും വിവേകവും ഈ പങ്കുവയ്ക്കലിൽ പാലിക്കണം.

**ജീവന്റെ വചനം**

ഈ പങ്കുവയ്ക്കലിന്റെ അവസാനം പ്രത്യേകം പ്രസക്തമെന്നു ഗ്രൂപ്പിനു തോന്നുന്ന ഒരു വചനം ജീവന്റെ വചനമായി തിരഞ്ഞെടുക്കുന്നു. അടുത്ത മീറ്റിംഗ് വരെ നിരന്തരം ഓർമ്മിക്കാനും ശക്തികേന്ദ്രമായി സൂക്ഷിക്കാനും വേണ്ടിയാണ് ജീവന്റെ വചനം തിരഞ്ഞെടുക്കുന്നത്. ഗ്രൂപ്പിലെ എല്ലാവർക്കും ഒരുപോലെ സ്വീകാര്യമായ വചനമായിരിക്കണം തിരഞ്ഞടുക്കുന്നത്. ഈ വചനം എപ്രകാരം ഉപകാരപ്രദമായി എന്ന് അടുത്ത സമ്മേളനത്തിൽ വിചിന്തനം ചെയ്യുകയും അതേ വചനം തന്നെ വീണ്ടും ജീവന്റെ വചനമായി തുടർന്നു സ്വീകരിക്കുകയോ അല്ലെങ്കിൽ വേറൊരു വചനം തിരഞ്ഞെടുക്കുകയോ ചെയ്യണം. ഉദാ: "എന്നാൽ അവൻ കൂടുതൽ ഉച്ചത്തിൽ

നിലവിളിച്ചു" എന്ന വാചകമായിരിക്കാം ഒരു ഗ്രൂപ്പ് ജീവന്റെ വചന മായി തിരഞ്ഞെടുക്കുന്നത്. പ്രതിസന്ധികളിൽ തളരാതെ നിരന്തരം പ്രാർത്ഥിക്കാനും കർത്താവു തന്നെ വിജയം നൽകും എന്ന പ്രത്യാ ശയോടെ പ്രവർത്തനങ്ങൾ തുടരാനും എല്ലാ ക്ലേശങ്ങളിലും പിടി ച്ചുനിൽക്കാനും ഇതു പ്രചോദനം നൽകും.

**6. ദൗത്യം ഏറ്റെടുക്കുക**

സന്ദേശം പങ്കുവയ്ക്കുകയും ജീവന്റെ വചനം തിരഞ്ഞെടു ക്കുകയും ചെയ്തതിനുശേഷം അടുത്തഘട്ടത്തിലേക്കു കടക്കുന്നു.

**ലീഡർ:** ഇനി കർത്താവു നമ്മെ ഏല്പ്പിക്കുന്ന ദൗത്യം എന്താ ണെന്നു കണ്ടെത്താൻ ശ്രമിക്കാം.

പുതിയ ദൗത്യത്തെ കുറിച്ച് ചിന്തിക്കുന്നതിനുമുമ്പേ, കഴിഞ്ഞ പ്രാർത്ഥനാ യോഗത്തിൽ ഏറ്റെടുത്ത ദൗത്യം എപ്രകാരം നടപ്പി ലാക്കിയെന്ന് ചർച്ച ചെയ്യുന്നു. ഏൽപിച്ചിരുന്ന കാര്യം ചെയ്തുവോ? ദൗത്യം വിജയിച്ചുവോ? എന്തെല്ലാം പ്രതിസന്ധികൾ നേരിട്ടു? ഇനിയും എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ടോ? എന്നിങ്ങനെയുള്ള കാര്യങ്ങൾ പങ്കുവയ്ക്കുന്നു. പരാജയപ്പെട്ടെങ്കിൽ എന്താണു കാരണം എന്നു കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. ആവശ്യമെന്നു തോന്നിയാൽ കൂടുതൽ ആളുകളെ, അല്ലെങ്കിൽ വേറെ ആളുകളെ ദൗത്യം ഏല്പിക്കുകയും ചെയ്യുന്നു.

ഏറ്റെടുക്കുന്ന ദൗത്യത്തെക്കുറിച്ച് ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. 1. ഉപകാരപ്രദവും ആവശ്യകവും എന്ന് എല്ലാവർക്കും ബോധ്യമുള്ള ദൗത്യങ്ങളേ ഏറ്റെടുക്കാവൂ. 2. വലിയ ബുദ്ധിമുട്ടു കൂടാതെയും ചുരുങ്ങിയ കാലയളവിലും പൂർത്തിയാക്കാവുന്നതാ യിരിക്കണം ദൗത്യം. 3. ആര്, എപ്പോൾ, എന്തു ചെയ്യണം എന്ന് എല്ലാവരും കൂടി നിശ്ചയിക്കണം. ഒരു വ്യക്തിയുടെയോ ഗ്രൂപ്പിലെ ഒരു വിഭാഗത്തിന്റെയോ ആശയങ്ങൾ മറ്റുള്ളവരുടെമേൽ അടി ച്ചേൽപ്പിക്കുന്ന വിധത്തിലുള്ള തീരുമാനം ആയിരിക്കരുത്. 4. ധ്യാന വിഷയമാക്കിയ ദൈവവചനഭാഗത്തുനിന്ന് നേരിട്ടു രൂപംകൊള്ളുന്ന ദൗത്യം ആകണമെന്നില്ല. യേശുവിന്റെ ആഗ്രഹത്തിന് ഏറ്റം നിര ക്കുന്നത് എന്താണെന്ന് ചിന്തിക്കണം.

ദൗത്യം തിരഞ്ഞെടുക്കാനും തീരുമാനിക്കാനും താഴെ നിർദ്ദേ ശിക്കുന്ന രീതി ഉപകാരപ്രദമാണ്.

1. തങ്ങൾക്കു പ്രധാനപ്പെട്ടതെന്നു തോന്നുന്ന ദൗത്യങ്ങൾ പലർ അവതരിപ്പിക്കുന്നു. 2. അതിൽ ഏറ്റം പ്രധാനപ്പെട്ടതും ആവശ്യമുള്ളതും നിശ്ചിത കാലയളവിനുള്ളിൽ ചെയ്തുതീർക്കാൻ കഴിയുന്നതും ഏറ്റം വിജയസാധ്യതയുള്ളതുമായ ദൗത്യം ഏതെന്നു ചർച്ച ചെയ്ത് എല്ലാവർക്കും സ്വീകാര്യമായ ഒരു ദൗത്യം നിശ്ചയിക്കുന്നു. 3. തീരുമാനം നടപ്പിലാക്കാൻ വിവിധ മാർഗ്ഗങ്ങൾ ഓരോരുത്തരും നിർദ്ദേശിക്കുന്നു. 4. അതിൽ ഏറ്റവും ഫലപ്രദമെന്ന് എല്ലാവർക്കും തോന്നുന്ന ഒരു മാർഗ്ഗം സ്വീകരിക്കാൻ തീരുമാനം എടുക്കുന്നു. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം.

**ദൗത്യനിർണ്ണയം വിവിധ ആശയങ്ങൾ**

a. വീടില്ലാത്ത ഒരാൾക്ക് വീടു വച്ചുകൊടുക്കുക.

b. ചികിത്സ അത്യാവശ്യമായിരിക്കുന്ന ഒരു രോഗിക്ക് വേണ്ട സാമ്പത്തിക സഹായം ചെയ്യുക.

c. അവശനിലയിൽ വീട്ടിൽ കഴിയുന്ന ഒരു വൃദ്ധരോഗിയെ സന്ദർശിച്ച് ആശ്വസിപ്പിക്കുക.

d. ഇടവകയിലെ പ്രാർത്ഥ്നാ ഗ്രൂപ്പുകൾ കൂടുതൽ സജീവമാക്കുക

e. പരസ്പരം കലഹിച്ചുനിൽക്കുന്ന രണ്ടു കുടുംബങ്ങളെ തമ്മിൽ രമ്യപ്പെടുത്തുക.

f. ഞായറാഴ്ച കുർബാനയിലെ ഭാഗഭാഗിത്വം കൂടുതൽ സജീവമാക്കുക

ഇവയിൽ b, c ഏറ്റവും ആവശ്യമായി എല്ലാവർക്കും തോന്നുന്നതിനാൽ അതു തിരഞ്ഞെടുക്കുന്നു. അടുത്തതായി എങ്ങിനെയാണ് ഇത് നടപ്പിലാക്കുക എന്നു ചർച്ച ചെയ്യുന്നു. വൃദ്ധരോഗിയെ സന്ദർശിക്കാൻ രണ്ടുപേരെ ചുമതലപ്പെടുത്തുന്നു. അവർ ഗ്രൂപ്പിനു വേണ്ടി ഒരാഴ്ചയ്ക്കകം രോഗിയെ കണ്ട് എല്ലാവരുടെയും ആശംസകളും പ്രാർത്ഥനാ വാഗ്ദാനങ്ങളും അറിയിക്കാൻ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. ചികിത്സാ സഹായത്തെകുറിച്ച് അടുത്തതായി ചർച്ച ചെയ്യുന്നു. പല നിർദ്ദേശങ്ങൾ ഉണ്ടാകാം.

a. വികാരിയച്ചനെകണ്ട് ഇടവകയുടെ സഹായം അഭ്യർത്ഥിക്കുക.

b. രോഗിയെ കഴിവതും വേഗം ഏറ്റം നല്ല ആശുപത്രിയിൽ എത്തിക്കുക.

c. ചികിത്സയ്ക്ക് ആവശ്യമായ തുക പ്രാർത്ഥനാ ഗൂപ്പിൽനിന്നും ശേഖരിക്കുക. ഓരോരുത്തർക്കും കഴിയുന്ന തുക വാഗ്ദാനം ചെയ്യുക

d. രൂപതാഫണ്ടിൽനിന്ന് കഴിയുന്നത്ര തുക വാങ്ങാൻ ശ്രമിക്കുക.

e. രോഗിയുടെ കുടുംബാംഗങ്ങളുമായി സംസാരിച്ച് കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കിയിട്ട് എന്താണ് ആവശ്യമെന്നും എന്താണ് സാധ്യതകൾ എന്നും തീരുമാനിക്കുക.

ഇതിൽ പലതും ആവശ്യവും ഫലപ്രദവുമാകയാൽ ഏറ്റം മെച്ച മെന്നു തോന്നുന്ന കാര്യങ്ങൾചെയ്യാനായി ഒന്നോ രണ്ടോ പേരെ വീതം ചുമതലപ്പെടുത്തുക. ഈ ദൗത്യം എപ്രകാരം നിർവ്വഹിച്ചു വെന്ന് അടുത്ത സമ്മേളനത്തിൽ ഓരോരുത്തരും വിവരിക്കണം.

## 7. സ്വയം പ്രേരിതപ്രാർത്ഥന

പങ്കുവയ്ക്കലിന്റെ അവസാനത്തെ ഘടകമാണിത്. തങ്ങളു ടേതായ വാക്കുകളിൽ പ്രാർത്ഥിക്കാൻ ലീഡർ ഗ്രൂപ്പിനെ ക്ഷണിക്കു ന്നു. മനഃപാഠമാക്കിയ ഏതെങ്കിലും പ്രാർത്ഥന ചൊല്ലാതെ, കേട്ടതും ധ്യാനിച്ചതുമായ ദൈവവചനത്തിന്റെയും പങ്കുവച്ച സന്ദേശങ്ങളു ടെയും എടുത്ത തീരുമാനങ്ങളുടേയും വെളിച്ചത്തിൽ ഓരോരുത്തരും സ്വന്തം വാക്കുകളിൽ പ്രാർത്ഥിക്കുന്നു. അത് നന്ദിയുടേയോ, സ്തുതി പ്പിന്റെയോ, യാചനയുടേയോ രൂപത്തിലാകാം. കഴിയുന്നതും വ്യക്തവും ഹ്രസ്വവുമായിരിക്കണം പ്രാർത്ഥന. എല്ലാവർക്കും പ്രാർത്ഥിക്കാൻ അവസരം ലഭിക്കണം. ഓരോരുത്തരും പ്രാർത്ഥിച്ചു കഴിയുമ്പോൾ ഗ്രൂപ്പു മുഴുവൻ ഒരുമിച്ച് യേശുവേ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു, യേശുവേ ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു; യേശുവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നിങ്ങനെ ഉചിത മായ മറുപടി നൽകുന്നു. എല്ലാവരും പ്രാർത്ഥിച്ചു കഴിയുമ്പോൾ **ലീഡർ:** സ്വർഗ്ഗസ്ഥനായ പിതാവേ....., നന്മ നിറഞ്ഞ മറിയമേ....., ത്രിത്വ സ്തുതി എന്നീ പ്രാർത്ഥനകൾ തുടങ്ങുകയും എല്ലാവരും ചേർന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## വിലയിരുത്തൽ

പ്രാർത്ഥനയ്ക്കുശേഷം പങ്കുവയ്ക്കലിന്റെ വിവിധ വശ ങ്ങളെക്കുറിച്ച് ഗ്രൂപ്പിലെ അംഗങ്ങളെല്ലാം തങ്ങളുടെ അഭിപ്രായം പ്രക ടിപ്പിക്കുന്നു. ഓരോ ഘട്ടവും നടത്തിയ വിധത്തെക്കുറിച്ചും വിലയി രുത്തി എന്താണ് നന്നായത്, എവിടെയാണ് പാളിച്ചകൾ വന്നത്, എപ്ര കാരമാണ് മെച്ചപ്പെടുത്താൻ സാധിക്കുക എന്നു കണ്ടെത്തുന്നു.

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ അതിനു സഹായിക്കും.

1. സമ്മേളന സമയം മുഴുവൻ പ്രാർത്ഥനയുടെ അന്തരീക്ഷം നിലനിർത്താൻ കഴിഞ്ഞുവോ? പ്രാർത്ഥനാരൂപിക്ക് തടസ്സമാകുന്ന

എന്തെങ്കിലും ഉണ്ടായിരുന്നുവോ? യേശുവിന്റെ സജീവസാന്നിദ്ധ്യം പ്രാർത്ഥനയിലുടനീളം അനുഭവിക്കാൻ കഴിഞ്ഞുവോ?

2. എല്ലാവരുടെയും കയ്യിൽ ബൈബിൾ ഉണ്ടായിരുന്നുവോ? വായന തുടങ്ങുന്നതിനുമുമ്പ് എല്ലാവരും ബൈബിൾ ഭാഗം കണ്ടെത്തിയോ? വായന വ്യക്തവും ധ്യാനാത്മകവും ആയിരുന്നോ?

3. തിരഞ്ഞെടുത്ത വചനം ഓരോരുത്തരും പങ്കുവച്ചത് എല്ലാവർക്കും മനസ്സിലാക്കാൻ കഴിഞ്ഞോ? ഓരോ പങ്കുവയ്ക്കലിനും ഇടയ്ക്ക് ആവശ്യമായ മൗനം പാലിച്ചോ? അതോ തിരക്കിട്ടുപറഞ്ഞു തീർക്കാൻ ശ്രമിക്കുകയായിരുന്നുവോ?

4. ഹൃദയംകൊണ്ട് ശ്രവിക്കാൻ എടുത്ത സമയം കൂടുതലോ കുറവോ ആയി അനുഭവപ്പെട്ടോ?

5. സന്ദേശം യഥാർത്ഥത്തിൽ വ്യക്തിപരവും ഹൃദയംഗമവുമായ പങ്കുവയ്ക്കലായിരുന്നുവോ? ആരെങ്കിലും ഈ അവസരം ഉപദേശത്തിനോ വിമർശനത്തിനോ വേണ്ടി ഉപയോഗിച്ചോ?

6. ദൗത്യത്തെകുറിച്ചുള്ള ചർച്ച പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ നയിക്കപ്പെട്ടു എന്നു തോന്നുന്നുണ്ടോ? കർത്താവിന്റെ ഹിതം അനുസരിച്ചുള്ള തീരുമാനമാണോ എടുത്തത്? ആരെങ്കിലും തങ്ങളുടെ താത്പര്യം ഗ്രൂപ്പിന്റെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചോ?

7. എല്ലാവരും സജീവവും സ്വതന്ത്രവുമായി പ്രാർത്ഥിച്ചോ? ആവശ്യത്തിനു സമയം എല്ലാവർക്കും ലഭിച്ചോ?

8. ലീഡർ തന്റെ കടമ ശരിക്കും നിർവ്വഹിച്ചോ?

9. അടുത്ത സമ്മേളനം കൂടുതൽ മെച്ചപ്പെടുത്താൻ എന്തെങ്കിലും നിർദ്ദേശമുണ്ടോ?

ആത്മാർത്ഥമായ തുറന്ന വിലയിരുത്തലുകളിലൂടെ ഓരോ സമ്മേളനവും കഴിഞ്ഞതിനേക്കാൾ മെച്ചപ്പെടുത്താൻ സാധിക്കും. എന്തെങ്കിലും പാളിച്ചകളോ കുറവുകളോ ചൂണ്ടികാണിക്കുന്നത് കുറ്റപ്പെടുത്തുന്ന ശൈലിയിൽ ആകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കുറവുകൾ എടുത്തുകാട്ടുമ്പോൾ സ്വയം ന്യായീകരിക്കാൻ ശ്രമിക്കാതെ, വിനയത്തോടെ സ്വീകരിക്കാനും എല്ലാവരും ശ്രമിക്കണം. യേശു ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു സമൂഹമായി വളരുകയാണ് ഈ പങ്കുവയ്ക്കലിന്റെ ലക്ഷ്യം എന്ന് എല്ലാവരും അനുസ്മരിക്കണം.

# 7

# ബൈബിൾ പഠനം

മാനവരക്ഷയ്ക്കുവേണ്ടി ദൈവം നൽകുന്ന വചനമാണ് ബൈബിൾ. അത് എല്ലാവർക്കും ലഭ്യവും സുഗ്രാഹ്യവും ആയിരിക്കേണ്ടതാണ്. എന്നാൽ ഈ വചനം രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന മനുഷ്യരാണ് എഴുതി പിൻതലമുറകൾക്ക് കൈമാറിയത്. എഴുതിയവർ അന്നു നിലവിലിരുന്നതും സുപരിചിതവുമായ ഭാഷയാണ് ഉപയോഗിച്ചത്. പക്ഷേ, ഇന്ന് അതു മനസിലാക്കണമെങ്കിൽ പഠനം ആവശ്യമുണ്ട്. അന്ന് ഉപയോഗിച്ചിരുന്ന ഭാഷാശൈലി, നിലവിലിരുന്ന ആചാരങ്ങൾ, വിശ്വാസങ്ങൾ, രചനാ സങ്കേതങ്ങൾ എന്നിങ്ങനെ നിരവധി കാര്യങ്ങൾ എഴുത്തിനെ സ്വാധീനിക്കുന്നു. അവയെക്കുറിച്ച് അറിയാതെ അവർ കൈമാറാൻ ഉദ്ദേശിക്കുന്ന അർത്ഥം ഗ്രഹിക്കുക എളുപ്പമല്ല; പലപ്പോഴും തെറ്റായ ധാരണകൾ ഉണ്ടാകാനും കാരണമാകും. അതുകൊണ്ടാണല്ലോ ഒരേ ബൈബിൾ വിശ്വാസത്തിന്റെ അടിസ്ഥാനമായി സ്വീകരിക്കുന്ന ക്രിസ്ത്യാനികൾക്കിടയിൽ പലതരത്തിലുള്ള വ്യാഖ്യാനങ്ങൾ നിലനിൽക്കുന്നത്.

ബൈബിൾ പഠനം പല രീതിയിലാകാം. പഠിക്കുന്ന ആളുകൾ. വിഷയം, വിധം, ഉപയോഗിക്കുന്ന രീതികൾ മുതലായവയെ ആശ്രയിച്ച് വ്യത്യസ്ത പഠന സാധ്യതകളുണ്ട്. ഇവയെ ചുരുക്കമായി പ്രതിപാദിക്കാനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

**പഠിക്കുന്ന ആളുകൾ**

മൂന്നുവിധത്തിലുള്ള പഠനസാധ്യതകളാണ് സാധാരണമായുള്ളത്.

**1. അധ്യാപക-വിദ്യാർത്ഥി** ഒരാൾ പഠിപ്പിക്കുന്നു. വിദ്യാർത്ഥികൾ കേട്ടു പഠിക്കുന്നു. ഇതാണല്ലോ സാധാരണ ക്ലാസുകളിൽ സംഭവിക്കാറുള്ളത്. അധ്യാപകൻ നേരിട്ടു പ്രത്യക്ഷനാകണമെന്നില്ല. കറസ്പോണ്ടൻസ് കോഴ്സുകളും കോൺടാക്റ്റ് ക്ലാസുകളും ടി.വി.

പ്രോഗ്രാമുകളും ഇന്റർനെറ്റ് വഴിയുള്ള പഠനസഹായികളും എല്ലാം ഈ വിഭാഗത്തിൽപ്പെടുന്നു.

**2. ഗ്രൂപ്പ് പഠനക്കളരി (Group study)**

സമാനതാൽപര്യമുള്ളവർ ഒരുമിച്ചു ചേർന്ന് ഒരു ഗ്രൂപ്പായി ബൈബിൾ പഠിക്കാറുണ്ട്. നിശ്ചിത ദിവസങ്ങളിൽ ഗ്രൂപ്പ് സമ്മേളിക്കുന്നു. വരുന്നതിനുമുമ്പ് എല്ലാവരും വിഷയം പഠിച്ചിരിക്കും. ഒരാൾ മുഖ്യ അവതാരകനായി വിഷയം അവതരിപ്പിക്കും. ചോദ്യങ്ങളും ചർച്ചകളും വഴി വിഷയത്തിന്റെ ആഴങ്ങളിലേക്കു കടക്കാൻ ശ്രമിക്കും. ബൈബിൾ പഠിക്കുന്നതോടൊപ്പം ആനുകാലിക യാഥാർത്ഥ്യങ്ങളോട് ബൈബിൾ എങ്ങനെ പ്രതികരിക്കുന്നു, ബൈബിൾ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ ആനുകാലിക യാഥാർത്ഥ്യങ്ങളെ എങ്ങനെ കാണണം, വിലയിരുത്തണം, പ്രതികരിക്കണം മുതലായവ ഈ പഠനരീതിയുടെ ഭാഗമായിവരും. ഇപ്രകാരമുള്ള പ്രതികരണങ്ങളിലൂടെയാണ് ദൈവവചനം സജീവവും ഊർജ്ജസ്വലവും ഇരുവായ്ത്തലവാൾപോലെ മൂർച്ചയുള്ളതും, അനീതി നിറഞ്ഞ സംവിധാനങ്ങളെ കടപുഴക്കാനും തകിടം മറിക്കാനും, നീതിനിഷ്ഠമായ സമൂഹനിർമ്മിതിയിൽ സജീവമായി പങ്കുചേരാനും ശക്തമാണെന്നും അനുഭവവേദ്യമാകുന്നത്.

**3. വ്യക്തിപരമായ പഠനം (personal study)**

ലഭ്യമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് വ്യക്തികൾ തനിച്ചു പഠിക്കുന്നു. മറ്റു പഠനരീതികൾക്ക് അവസരമില്ലാത്തപ്പോൾ മാത്രമല്ല, അവ ഉപയോഗിക്കുമ്പോഴും വ്യക്തിപരമായ പഠനം അത്യന്താപേക്ഷിതമാണ്. വ്യക്തിപരമായ പഠനത്തിലൂടെയാണ് ദൈവവചനം ഒരു ജീവിതാനുഭവമായി മാറുന്നത്. ഈ പഠനത്തിൽ വഴി തെറ്റാതെ ശ്രദ്ധിക്കണം. സഭയുടെ ഔദ്യോഗികമായ പ്രബോധനങ്ങളും വിശ്വാസപ്രഖ്യാപനങ്ങളും ഇവിടെ മാർഗ്ഗദർശകമാകണം; പരിധികൾ നിശ്ചയിക്കുകയും വേണം.

## പഠനവിഷയം

പൊതുവേ പറയുമ്പോൾ ബൈബിളാണ് പഠനവിഷയമെങ്കിലും ഈ ബൈബിളിനെ പല രീതികളിൽ പഠനവിഷയമാക്കാം.

**1. വാക്കുകൾ (word study)**

ബൈബിളിൽ പ്രത്യക്ഷപ്പെടുന്ന വാക്കുകൾ പഠിക്കുകയാണ് ഒരു സാധ്യത. ആകാരാദിക്രമത്തിലോ അല്ലെങ്കിൽ താല്പര്യമുള്ള ഏതെ

ങ്കിലും വാക്കുകൾ തിരഞ്ഞെടുത്തോ പഠനവിഷയമാക്കാവുന്നതാണ്. ഇപ്രകാരമുള്ള പഠനമാണ് ബൈബിൾ നിഘണ്ഡുവിൽ നടത്തുന്നത്. ഒരു വാക്ക് ബൈബിളിൽ എവിടെയെല്ലാം വരുന്നു? ഏതേതു സാഹചര്യങ്ങളിലാണ് ഈ വാക്കുപയോഗിച്ചിരിക്കുന്നത? സാഹചര്യം മാറുന്നതനുസരിച്ച് അർത്ഥവ്യത്യാസങ്ങൾ ഉണ്ടാകുന്നുണ്ടോ? പഴയനിയമത്തിലും പുതിയനിയമത്തിലും ഒരേ അർത്ഥത്തിലാണോ ഉപയോഗിക്കുന്നത്? അർത്ഥവ്യതിയാനങ്ങളിൽ എന്തെങ്കിലും വളർച്ച കാണാൻ കഴിയുമോ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഈ പഠനത്തിൽ ഉന്നയിക്കുന്നു. സൂചികാ ബൈബിൾ (Bible concordance), ബൈബിൾ നിഘണ്ഡു (Bible dictionary, Lexicon) മുതലായവ ഈ പഠനത്തിനു സഹായിക്കും.

**2. പ്രമേയങ്ങൾ (Thematic study)**

വാക്കുകളുടെ അപഗ്രഥനത്തേക്കാൾ ഒരു വിഷയം ആഴത്തിൽ പഠിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. ഒരു പ്രമേയം ഒന്നിലധികം വാക്കുകളിലൂടെ അവതരിപ്പിക്കുന്നുണ്ടാവും. തന്നെയുമല്ല, മൂലഭാഷയിൽ അവതരിപ്പിച്ചിരിക്കുന്ന ഒരു പ്രമേയം വിവർത്തനം ചെയ്യുമ്പോൾ മുഴുവൻ അർത്ഥവും ലഭിക്കണമെന്നില്ല. അതിനാൽ ഒരേ മൂലപദം വിവർത്തനം ചെയ്യാൻ പല പദങ്ങൾ ഉപയോഗിക്കേണ്ടിവരും.

“ഹെസെദ്” (hezed) എന്ന ഹീബ്രുവാക്ക് ഉദാഹരണമായെടുക്കാം. സ്നേഹം എന്നാണ് ഈ പദം പൊതുവേ വിവർത്തനം ചെയ്യുക. എന്നാൽ സ്നേഹം എന്ന വാക്ക് ഹെസെദിന്റെ അർത്ഥതലങ്ങൾ മുഴുവൻ വെളിപ്പെടുത്തുന്നില്ല. ദൈവം ഉടമ്പടിയിലൂടെ ഉറപ്പുനൽകിയിട്ടുള്ളതും ഒരിക്കലും കുറയാത്തതും പിൻവലിക്കാത്തതും വിശ്വസ്തവും ശാശ്വതവുമായ സ്നേഹമാണ് മൂലപദം വിവക്ഷിക്കുന്നത്. അതിനാൽ സ്ഥിരസ്നേഹം, അചഞ്ചലസ്നേഹം, വിശ്വസ്തത എന്നൊക്കെ വിവർത്തനം ചെയ്യാം.

ഇങ്ങനെ വിവിധ അർത്ഥതലങ്ങളുള്ള പദങ്ങളിലൂടെ അവതരിപ്പിക്കുന്ന പ്രമേയങ്ങളുടെ വിശദമായ പഠനമാണ് ഇവിടെ വിവക്ഷിക്കുന്നത്. സ്നേഹം എന്ന പദത്തിന്റെ ഗ്രീക്കുമൂലവും ഇതുപോലെ ശ്രദ്ധേയമാണ്. ശത്രുക്കളെ സ്നേഹിക്കണം (മത്താ. 5,44) എന്ന് യേശു പറയുമ്പോൾ എന്താണർത്ഥമാക്കുക? നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് പത്രോസിനോട് യേശു മൂന്നു തവണ ചോദിച്ചു. മൂന്നുതവണയും പത്രോസ് ഞാൻ നിന്നെ സ്നേഹി

ക്കുന്നു എന്നു മറുപടിയും പറഞ്ഞു. എന്നാൽ യേശുവിന്റെ ചോദ്യവും പത്രോസിന്റെ മറുപടിയും ഗ്രീക്കിൽ രണ്ടു പദങ്ങൾ കൊണ്ടാണവതരിപ്പിച്ചിരിക്കുന്നത് എന്ന് പഠിച്ചാലേ മനസിലാകൂ. *ഈരാൻ (Eran-eros)* കമിതാക്കൾ, വിവാഹിതരാകാൻ ആഗ്രഹി ക്കുന്നവർ, വിവാഹിതർ തമ്മിലുള്ള സ്നേഹമാണിത്. പ്രേമം എന്നോ കാമം എന്നോ വിവർത്തനം ചെയ്യാം. *സ്തോർ ഗെയിൻ (storgein storge)* മാതാപിതാക്കൾക്ക് മക്കളോടുള്ള സ്നേഹം-വാത്സല്യം; *ഫിലെയിൻ (philein-philia)* കൂട്ടുകാർ തമ്മിലുള്ള സ്നേഹം - ഇഷ്ടം. *അഗപ്പാൻ (agapan - agape)* - ദൈവത്തിന്റെ സ്നേഹം - ദിവ്യസ്നേഹം. ഇങ്ങനെ നാലു വ്യത്യസ്ത ഗ്രീക്കുപദങ്ങൾ 'സ്നേഹിക്കുക' എന്നു വിവർത്തനം ചെയ്യാറുണ്ട്.

യേശു പത്രോസിനോട് ചോദിക്കുമ്പോൾ ആദ്യത്തെ രണ്ടു തവണ 'അഗപ്പാൻ' എന്ന ക്രിയാരൂപമാണ് സുവിശേഷകർത്താവ് ഉപയോഗിക്കുന്നത്. പത്രോസിന്റെ മറുപടിയിൽ "ഫിലെയിൻ" എന്ന വാക്കും. മൂന്നാംതവണ യേശുവും "ഫിലെയിൻ" എന്ന പദം ഉപയോഗിക്കുന്നു. അപ്പോഴാണ് പത്രോസ് ആകെ തകർന്നുപോകുന്നത്. ശിയയോനെ നീ എന്നെ സ്നേഹിക്കുന്നുവോ? ഉവ്വ് കർത്താവേ, എനിക്ക് നിന്നെ ഇഷ്ടമാണ് - ഇതായിരിക്കും അർത്ഥം ഗ്രഹിക്കാൻ സഹായിക്കുന്ന വിവർത്തനം. പഠനത്തിന്റെ ആവശ്യകത മനസിലാക്കാൻ ഒരു ഉദാഹരണമായി എടുത്തുകാട്ടിയതാണ് ഈ വാക്ക്.

ഇതുപോലെ അനേകം പ്രമേയങ്ങൾ പഠന വിഷയമാക്കേണ്ടതുണ്ട്: രക്ഷ, സത്യം, സ്വാതന്ത്ര്യം, പാപം, അനുതാപം, മാനസാന്തരം, സുവിശേഷം, ജീവൻ മുതലായവ ഉദാഹരണങ്ങൾ. ഇങ്ങനെയുള്ള സുപ്രധാന പ്രമേയങ്ങൾ പഠിക്കുന്നതിലൂടെ ബൈബിളിൽ വെളിപ്പെടുന്ന രക്ഷാകര സന്ദേശം കൂടുതൽ ആഴത്തിൽ ഗ്രഹിക്കാൻ സാധിക്കും.

**3. വ്യക്തികൾ (Character study)**

അനേകം വ്യക്തികളുടെ ജീവിതങ്ങളിലൂടെയാണ് ബൈബിളിലെ രക്ഷാകരസന്ദേശം അനാവൃതമാകുന്നത്. വ്യക്തികൾക്ക് ലഭിക്കുന്ന ദൈവികപ്രചോദനങ്ങൾ, അതിന് അവർ നൽകുന്ന മറുപടി, അതിന്റെ പരിണതഫലങ്ങൾ, പ്രത്യാഘാതങ്ങൾ, ആ വ്യക്തിയുടെ തന്നെ വിവിധ അനുഭവങ്ങൾ മുതലായവ ദൈവികവെളിപ്പെടുത്തലിന്റെ പ്രതലമാകുന്നു. ഓരോ വ്യക്തിയുടെയും ജീവിതം സമഗ്ര

മായി, ആ വ്യക്തിയുടെ സ്ഥാനത്തു സ്വയം നിന്നുകൊണ്ട് അപഗ്രഥിക്കുമ്പോൾ വിലയേറിയ ഉൾക്കാഴ്ചകൾ ലഭിക്കും. ഇപ്രകാരം ഒരു പഠനമാണ് പരാജിതരുടെ സുവിശേഷം, ഹവ്വായുടെ പുത്രിമാർ, പുതിയനിയമത്തിലെ സ്ത്രീകൾ എന്നീ പുസ്തകങ്ങളിൽ നടത്താൻ ഞാൻ ശ്രമിച്ചിരിക്കുന്നത്. ഒരർത്ഥത്തിൽ ബൈബിൾ മുഴുവൻ കഥകളാണ് വ്യക്തികളുടെ ജീവിതകഥ.

ഓരോ വ്യക്തിയുടെയും ജീവിതം പഠനവിഷയമാക്കുമ്പോൾ അവശ്യം ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്. (1) ബൈബിളിൽ എവിടെയാണ് അയാൾ പരാമർശ വിഷയമാകുന്നത്? ചിലപ്പോൾ പല ഇടങ്ങളിലും, പഴയനിയമത്തിലും പുതിയനിയമത്തിലും ആ വ്യക്തി പ്രത്യക്ഷപ്പെടുന്നുണ്ടാകാം. ഉദാ: അബ്രാഹം, മോശ, ദാവീദ്. (2) എന്താണ് അയാളെക്കുറിച്ച് ബൈബിൾ പറയുന്നത്. ജീവചരിത്രം, പ്രധാന സംഭവങ്ങൾ മുതലായവ. (3) എന്താണ് ആ വ്യക്തിയുടെ ദൈവാനുഭവം? ദൈവവുമായുള്ള കണ്ടുമുട്ടൽ-ദൈവവിളി, ഏല്പിക്കപ്പെടുന്ന ദൗത്യം, ദൈവവുമായുള്ള ബന്ധം മുതലായവ. (4) എപ്രകാരമാണ് ആ വ്യക്തി തനിക്കു ലഭിച്ചു വിളിയോടു പ്രതികരിക്കുന്നത്? വിശ്വസ്തത - അനുസരണം, പ്രതിഷേധം - അവിശ്വസ്തത. (5) വ്യക്തിയുടെ അന്ത്യം - എങ്ങനെയാണ് ആ ജീവൻ അവസാനിക്കുന്നത്? (6) രക്ഷാചരിത്രത്തിലെ സ്ഥാനം. ഈ വ്യക്തിക്ക് രക്ഷാചരിത്രത്തിൽ എന്തു സ്ഥാനമാണുള്ളത്? (7) സന്ദേശം. ഈ വ്യക്തിയുടെ ചരിത്രത്തിലൂടെ വി. ഗ്രന്ഥകാരൻ എന്തു സന്ദേശമാണ് നൽകാൻ ആഗ്രഹിക്കുന്നത്?

ഇപ്രകാരം വിശദമായ പഠനത്തിലൂടെ ബൈബിൾ മനസിലാക്കാൻ കഴിയും. വ്യക്തികളുടെ അനുഭവങ്ങളും പ്രതികരണങ്ങളും നമുക്ക് മാർഗ്ഗദർശനമേകും, പ്രചോദനമാകുകയും ചെയ്യും.

### 4. സംഭവങ്ങൾ - ഖണ്ഡികകൾ (paragraph study)

അനേകം സംഭവങ്ങളുടെയും പ്രബോധനങ്ങളുടെയും അവതരണമാണ് ബൈബിളിൽ കാണുന്നത്. സംഭവങ്ങൾ ഒന്നൊന്നായി വിശകലനം ചെയ്തു പഠിക്കാൻ കഴിയും; അതുപോലെതന്നെ പ്രബോധനങ്ങളും. ബൈബിൾ പുസ്തകങ്ങളായും പുസ്തകങ്ങൾ അധ്യായങ്ങളായും അധ്യായങ്ങൾ വാക്യങ്ങളായും തിരിച്ചിട്ടുണ്ട്. ആരംഭത്തിൽ ഇങ്ങനെ ഒരു വിഭജനം ഉണ്ടായിരുന്നില്ല. പുസ്തകങ്ങൾ അധ്യായങ്ങളായി തിരിച്ചത് 1214ൽ കാന്റർബറി മെത്രാപ്പോലീത്താ ആയിരുന്ന സ്റ്റീഫൻ ലാംഗ്തൺ (1150-1226) ആണ്. ഇന്നു

നമുക്ക് ലഭിച്ചിരിക്കുന്ന രീതിയിൽ ബൈബിൾ പുസ്തകങ്ങളെ വാക്യ ങ്ങളായി തിരിച്ചത് 1551-ൽ ഫ്രഞ്ച് പണ്ഡിതനും പ്രസ് ഉടമയുമായ റോബർട്ട് സ്റ്റീഫൻ (1503-1559) ആണ്. എന്നാൽ ഖണ്ഡികകളായി തിരിക്കുന്നതിൽ ഇതുപോലെ പൊതുവേ സ്വീകാര്യമായ ഒരു രീതി ഇന്നും നിലവിലില്ല. ബൈബിൾ പ്രസാധനം ചെയ്യുന്നവർ യുക്ത മെന്നു തോന്നുന്ന വിധത്തിൽ ഖണ്ഡികകളായി തിരിക്കുന്നു.

ഓരോ ഖണ്ഡികയും ഒരു വിഷയമായിരിക്കും അവതരിപ്പി ക്കുക. അതിന് ഒരു തുടക്കവും ഒടുക്കവുമുണ്ടാകും. എവിടെയാണ് വിഷയം ആരംഭിക്കുന്നത്, എവിടെ അവസാനിക്കുന്നു എന്നു നിശ്ച യിക്കുകയാണ് ആദ്യമേ ചെയ്യുന്നത്. ഉപയോഗിക്കുന്ന ബൈബി ളിൽ നൽകിയിരിക്കുന്ന വിഭജനക്രമം സ്വീകരിച്ചുകൊണ്ട് പഠനം ആരംഭിക്കുക. വിശദമായി പഠിച്ചകഴിയുമ്പോൾ ഒരുപക്ഷേ ഖണ്ഡി കയുടെ ഘടനതന്നെ മാറ്റി എഴുതേണ്ടിവന്നെന്നുവരാം.

ഖണ്ഡികാപഠനത്തിന് ഉപയോഗപ്രദമായൊരു രീതിയാണ് ചുവടെ ചേർക്കുന്നത്. (1) പാഠഭാഗം നിശ്ചയിക്കുക. പഠിക്കാൻ ഉദ്ദേ ശിക്കുന്ന ഖണ്ഡിക ഏത്, അതിന്റെ തുടക്കം, അവസാനം എവിടെ എന്നു കണ്ടെത്തുക. (2) അവതരണം. എവിടെയാണ് തുടങ്ങുന്ന ത്, തുടങ്ങുമ്പോഴത്തെ അവസ്ഥ എന്തായിരുന്നു? എവിടെ അവ സാനിക്കുന്നു? തുടക്കത്തിലെയും അവസാനിക്കുമ്പോഴത്തെയും അവസ്ഥകൾ തമ്മിൽ വ്യത്യാസമുണ്ടോ? എന്ത്? എങ്ങനെ ഈ വ്യത്യാസമുണ്ടായി? (3) കഥാപാത്രങ്ങൾ-ആരൊക്കെയാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്? ഓരോരുത്തരും എന്തു ചെയ്യുന്നു? പ്രോത്സാ ഹനം? തടസ്സം? എതിർപ്പ്? ആരാണ് കഥാനായകൻ? ആരാണ് എതി രാളികൾ? എന്താണ് എതിർക്കാൻ കാരണം? എങ്ങനെയാണ് എതി ർപ്പുകളെ അതിജീവിക്കുന്നത്? (4) പ്രധാന പ്രമേയങ്ങൾ - ഏതെ ങ്കിലും വിഷയത്തിന് അഥവാ വിഷയങ്ങൾക്ക് ഇവിടെ ഊന്നൽ നൽകുന്നുണ്ടോ? ഉണ്ടെങ്കിൽ ഏവ? ഈ വിഷയം പുസ്തകത്തിന്റെ മറ്റു ഭാഗങ്ങളിൽ പരാമർശ വിഷയമാകുന്നുണ്ടോ? എവിടെ? എന്താണ് അവിടെ അവതരിപ്പിക്കുന്നത്? (5) മുഖ്യസന്ദേശം - എന്തു പ്രധാന സന്ദേശമാണ് ഈ ഖണ്ഡികയിൽ നിന്നു ലഭിക്കുന്നത്?

യേശു പ്രവർത്തിച്ച അത്ഭുതങ്ങൾ, പറഞ്ഞ ഉപമകൾ, നട ത്തിയ പ്രഭാഷണങ്ങൾ മുതലായവയാണ് മുഖ്യമായും ഈ രീതി യിൽ പഠനവിഷയമാക്കാറുള്ളത്. ഇതിനുപുറമേ മറ്റു ബൈബിൾ ഗ്രന്ഥങ്ങളും ഇതേരീതിയിൽ ഖണ്ഡികകളായി വിശകലനം ചെയ്തു പഠിക്കുന്നത് ഉപകാരപ്രദമായിരിക്കും.

**5. പുസ്തകം (Book study)**

ബൈബിൾ വിശദമായി പഠിക്കാൻ ആഗ്രഹിക്കുന്നവർ ഓരോ പുസ്തകവും ആരംഭം മുതൽ അവസാനംവരെ പഠിക്കാൻ ശ്രമിക്കണം. മേൽവിവരിച്ച രീതികളെല്ലാം ബൈബിൾ സന്ദേശം ഭാഗികമായി ഗ്രഹിക്കാനേ സഹായകമാകൂ. സമ്പൂർണ്ണമായ ഒരു പഠനം എളുപ്പമായിരിക്കില്ല. എന്നാലും ഓരോ പുസ്തകവും കഴിയുന്നത്ര വിശദമായി പഠിക്കാൻ ശ്രമിക്കുന്നതു നന്നായിരിക്കും. പുസ്തകങ്ങൾ പഠിക്കാൻ ശ്രമിക്കുമ്പോൾ പുതിയനിയമവും അതിൽ പ്രത്യേകമായി സുവിശേഷങ്ങളും ആദ്യമേ പഠിക്കുന്നതാണ് ജീവിതത്തിൽ വചനം വഴിവിളക്കായി സ്വീകരിക്കാൻ ഏറ്റം ഉപകാരപ്രദം.

യേശുവാണ് ദൈവിക വെളിപാടിന്റെ കേന്ദ്രവും പൂർണ്ണതയും. പഴയനിയമത്തിൽ വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിച്ചു നൽകുന്ന വെളിപ്പെടുത്തലുകൾ യേശു പൂർത്തിയാക്കി. അതിനാൽ വിശ്വാസജീവിതത്തിനു മാനദണ്ഡമായി സ്വീകരിക്കേണ്ടത് യേശുവിന്റെ പ്രബോധനങ്ങളാണ്. പുസ്തക പഠനത്തിനു സഹായകമായൊരു മാർഗ്ഗരേഖയാണ് തുടർന്ന് അവതരിപ്പിക്കുന്നത്.

വായന, വിചിന്തനം, മറുപടി എന്നിങ്ങനെ മൂന്നു ഘട്ടങ്ങളായി ഈ പഠനത്തെ സമീപിക്കാം. ഓരോ ഘട്ടത്തിലും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. ഓരോന്നും ചുരുക്കമായി ചുവടെ അവതരിപ്പിക്കുന്നു. പഠനം എപ്പോഴും ഒരു ചെറിയ പ്രാർത്ഥനയോടെ ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യണം.

**I. വായന** പുസ്തകം വായിച്ചു പഠിക്കാൻ തുടങ്ങുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

**a. പശ്ചാത്തലം** പഠനവിഷയമായ പുസ്തകം വായിക്കുന്നതിനു മുമ്പേ അതിനെക്കുറിച്ച് ഒരു ചെറിയ പശ്ചാത്തലപഠനം ആവശ്യമാണ്. ആര്, എന്ന്, എവിടെവച്ച്, ആർക്കുവേണ്ടി എഴുതി എന്ന കാര്യങ്ങൾ അറിഞ്ഞിരിക്കുന്നത് പുസ്തകത്തിലെ സന്ദേശം ഗ്രഹിക്കാൻ സഹായിക്കും. പി.ഒ.സി. ബൈബിളിൽ ഓരോ പുസ്തകത്തിനും ആമുഖമായി ഈ കാര്യങ്ങൾ ചുരുക്കത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതു വായിക്കുക. സാധിക്കുമെങ്കിൽ ഏതെങ്കിലും നല്ല ഒരാമുഖപഠനവും വായിക്കുന്നത് ഉപകാരപ്രദമാകും. മിക്കവാറും ബൈബിൾ വ്യാഖ്യാനങ്ങളിലെല്ലാം ഇപ്രകാരം പുസ്തകപശ്ചാത്തലം വിശദീകരിക്കുന്ന ചെറിയ ആമുഖങ്ങൾ കാണാം.

**b. ഒറ്റവായന** ഒറ്റയിരുപ്പിന് പുസ്തകം മുഴുവൻ ഒരാവർത്തി വായിക്കുകയാണ് ആദ്യമേ ചെയ്യേണ്ടത്. പുതിയനിയമത്തിലെ എല്ലാ പുസ്തകങ്ങളും ഏറ്റം കൂടിയാൽ മൂന്നു മണിക്കൂർ കൊണ്ടു വായിച്ചുതീർക്കാനാവും. പല പുസ്തകങ്ങൾക്കും അരമണിക്കൂറിൽ താഴെ സമയമേ വേണ്ടിവരുകയുള്ളൂ. വായിക്കുമ്പോൾ മനസിലാകാതെ വരുകയോ സംശയങ്ങൾ ഉളവാക്കുകയോ ചെയ്യുന്ന എന്തെങ്കിലും ഉണ്ടെങ്കിൽ ഒരു നോട്ടുബുക്കിൽ അതു കുറിച്ചുവയ്ക്കുക. ഉത്തരം ഇപ്പോൾ തേടേണ്ടതില്ല.

**c. രത്നചുരുക്കം** പുസ്തകം വായിച്ചുതീരുമ്പോൾ ആദ്യവായനയിൽ നിന്നു മനസിലായ കാര്യങ്ങൾ ചുരുക്കമായി നോട്ടുപുസ്തകത്തിൽ കുറിച്ചുവയ്ക്കുക. ഒരു പേജിൽ കവിയാത്ത ഒരു സംഗ്രഹമായിരിക്കണം ഇപ്പോൾ കുറിക്കുന്നത്. വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടതില്ല.

**d. ഉള്ളടക്കം** അടുത്ത പടിയായി ചെയ്യുന്നത് പുസ്തകത്തിന്റെ വിശദമായ ഉള്ളടക്കം തയ്യാറാക്കുകയാണ്. കഴിയുന്നതും നോട്ടുപുസ്തകത്തിന്റെ ഒരു പേജിൽത്തന്നെ ഉള്ളടക്കം എഴുതാമെങ്കിൽ അത്രയും നന്ന്. പുസ്തകത്തിൽ എത്ര അധ്യായം, ഓരോ അധ്യായത്തിലെയും മുഖ്യപ്രതിപാദ്യം എന്ത് എന്ന് കുറിക്കുക. ഇതിന് ബൈബിളിൽത്തന്നെ കാണുന്ന ശീർഷകങ്ങളും ഉപശീർഷകങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്. അപ്പോൾ ഏകദേശരൂപവും പുസ്തകത്തിൽ അവതരിപ്പിക്കുന്ന പ്രമേയങ്ങളുടെ വികാസ പരിണാമങ്ങളും ഒറ്റനോട്ടത്തിൽ കാണാൻ കഴിയും.

**e. വിശകലനം** ഓരോ ഖണ്ഡികയും വിശദമായി അപഗ്രഥിക്കുകയാണ് പഠനത്തിലെ അടുത്തപടി. ഖണ്ഡിക എവിടെ തുടങ്ങുന്നു, എവിടെ അവസാനിക്കുന്നു എന്നു കണ്ടുപിടിച്ചതിനുശേഷം എന്താണ് ഈ ഖണ്ഡികയുടെ സാഹിത്യരൂപം എന്നുമനസിലാക്കണം. യാത്രാ വിവരണം, അത്ഭുതം, ഉപമ, പ്രബോധനം, അനുശാസനം, തെറ്റുതിരുത്തൽ, ശകാരം, അനുമോദനം എന്നിങ്ങനെ നിരവധി സാഹിത്യരൂപങ്ങളുള്ളതിൽ ഏതാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന സാഹിത്യരൂപം? അതോടൊപ്പം ആര്, എവിടെ, എപ്പോൾ, എങ്ങനെ, എന്തിന് എന്നിങ്ങനെയുള്ള ചോദ്യങ്ങൾവഴി ഖണ്ഡികയിൽ അവതരിപ്പിക്കുന്ന ആശയം പൂർണ്ണമായി കണ്ടെത്താൻ ശ്രമിക്കണം.

ഈ ഘട്ടത്തിൽ കണിശമായ നിരീക്ഷണം ആവശ്യമാണ്. ഓരോ വാക്കും ശ്രദ്ധിക്കണം. ആരൊക്കെയാണ് ഇവിടെ പ്രത്യക്ഷപ്പെടുന്ന വ്യക്തികൾ? ആരാണ് മുഖ്യകഥാപാത്രം? എവിടെയാണ് സംഭവം നടക്കുന്നത്? ദേവാലയം-സിനഗോഗ്-വഴി-കടൽത്തീരം-വീട് എന്നിങ്ങനെയുള്ള സ്ഥലനിർണ്ണയം വിവരണത്തിന്റെ ലക്ഷ്യവും സ്വഭാവവും മനസിലാക്കാൻ സഹായിക്കും. എപ്പോൾ എന്ന ചോദ്യവും പ്രസക്തമാണ്. രാത്രി, പകൽ, പ്രഭാതം, സാബത്ത്, തിരുനാൾ ദിവസം എന്നിങ്ങനെ വിവിധങ്ങളായ സമയസൂചനകൾ വിവരണത്തിൽ നിർണായകമായ സ്വാധീനം ചെലുത്തുന്നുണ്ടാവും. എന്താണ് സംഭവിക്കുന്നത്? തുടക്കത്തിൽനിന്ന് അവസാനത്തിലേക്കു വരുമ്പോൾ എന്തു മാറ്റമുണ്ടായി? ഏതേതു പടികളിലൂടെ കടന്നാണ് ഈ പരിസമാപ്തിയിലെത്തിയത്? ഈ പ്രക്രിയയിൽ ആരാണ് സഹായിക്കുന്നത്, ആരാണ് എതിർക്കുന്നത്, എന്നീ ചോദ്യങ്ങളും നിർണായകമാണ്.

അവസാനമായി എന്തിന് എന്ന ചോദ്യവും പരിഗണിക്കണം. ഈ ചോദ്യത്തെ മൂന്നുതലങ്ങളിൽ അപഗ്രഥിക്കണം. എന്തിനാണ് യേശു ഈ പ്രവൃത്തി ചെയ്തത്? കഥ പറഞ്ഞത്? ഇതു ചരിത്രപരമായ ചോദ്യമാണ്. രണ്ടാമത്തെ ഘട്ടത്തിൽ എന്തിനാണ് വിശുദ്ധഗ്രന്ഥകാരൻ ഇതു രേഖപ്പെടുത്തിയിരിക്കുന്നത്? അദ്ദേഹത്തിന്റെ സമകാലികരായ അനുവാചകർക്ക് എന്തു സന്ദേശം നൽകാൻ വേണ്ടിയാണിത് രേഖപ്പെടുത്തിയിരിക്കുന്നത്? ഈ ചോദ്യം രചയിതാവിന്റെ ലക്ഷ്യത്തെയാണ് സ്പർശിക്കുന്നത്. മൂന്നാമതായി ഈ വിവരണത്തിലൂടെ ദൈവാത്മാവ് എന്താണ് ഇന്ന് എന്നോടും എന്റെ സമൂഹത്തോടും പറയാൻ ആഗ്രഹിക്കുന്നത് എന്നു ചോദിക്കണം. ഇത് വചനത്തിന്റെ ആനുകാലിക വ്യാഖ്യാനത്തിലേക്കും നിർദ്ദേശങ്ങളിലേക്കും ഉൾക്കാഴ്ച നൽകും. ഈ മൂന്നാമത്തെ ചോദ്യം അടുത്ത ഘട്ടത്തിൽ കൂടുതൽ വിശദമായി ചർച്ചചെയ്യുന്നതാണ്.

ഇപ്രകാരം പഠനവിഷയമായ ഭാഗം വിശദമായി അപഗ്രഥിച്ചു ലഭിക്കുന്ന ഉത്തരങ്ങളും ഉൾക്കാഴ്ചകളും നോട്ടുപുസ്തകത്തിൽ കുറിച്ചുവയ്ക്കുക. എല്ലാ ചോദ്യങ്ങൾക്കും എപ്പോഴും ഉത്തരം കിട്ടിയെന്നു വരില്ല; മേൽ വിവരിച്ച എല്ലാ ചോദ്യങ്ങളും എപ്പോഴും പ്രസക്തമല്ലെന്നും വരാം. പാഠ്യഭാഗം വിശദമായി പഠിക്കാനും ഒന്നും ശ്രദ്ധയിൽപ്പെടാതെ വിട്ടുപോകാൻ ഇടയാകാതിരിക്കാനും വേണ്ടിയാണ് ഈ ചോദ്യങ്ങൾ. സൂക്ഷ്മമായ അപഗ്രഥനത്തിന്റെയും നിരീ

ക്ഷണങ്ങളുടെയും വെളിച്ചത്തിൽ ലഭിച്ച ഉൾക്കാഴ്ചകളുമായി അടുത്ത പടിയിലേക്ക് കടക്കണം.

## II വിചിന്തനം

ഇതുവരെ ചെയ്തത് മുഖ്യമായും ദൈവവചനം അതിൽ ത്തന്നെ അപഗ്രഥിച്ച് വിവിധങ്ങളായ അർത്ഥതലങ്ങളെ കണ്ടെത്താൻ ശ്രമിക്കുകയായിരുന്നു. വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ അപ ഗ്രഥനങ്ങളിലൂടെ കണ്ടെത്തുന്ന അർത്ഥതലങ്ങൾ എന്റെ ജീവിത ത്തോടു സംവദിക്കുമ്പോൾ മാത്രമേ വചനം എനിക്കും എന്റെ സമൂ ഹത്തിനും വഴിയും വഴികാട്ടിയും വഴിയിൽ പ്രകാശവും ആവുക യുള്ളൂ. അതിനാൽ ഈ വചനഭാഗത്തിലൂടെ ദൈവം എന്താണ് എന്നോട്, നമ്മോട് പറയുന്നത് എന്നു കണ്ടെത്താനാണ് അടുത്ത തായി ശ്രമിക്കുന്നത്.

"വിശുദ്ധ ലിഖിതമെല്ലാം.... പ്രബോധനത്തിനും ശാസനത്തിനും തെറ്റു തിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരി ക്കുന്നു" (2 തിമോ. 3,16) എന്ന അപ്പസ്തോല വചനങ്ങൾ ഇവിടെ മാർഗദർശകമായി സ്വീകരിക്കാം. എന്തു വിശ്വസിക്കണം, എന്റെ ജീവി തത്തിൽ എന്തെന്തു മാറ്റങ്ങൾ വരുത്തണം, എന്തു വാഗ്ദാനങ്ങ ളാണ് ഈ വചനഭാഗം ഉൾക്കൊള്ളുന്നത്, എന്തു പ്രതീക്ഷയാണ് എന്നിൽ ഉണർത്തുന്നത് എന്നിങ്ങനെയുള്ള ചോദ്യങ്ങൾ വിചിന്ത നത്തിനു സഹായിക്കും.

**a. പ്രബോധനം** എന്റെ വിശ്വാസത്തെ ഈ വചനഭാഗം എങ്ങനെ സ്വാധീനിക്കുന്നു? എന്തു പഠിപ്പിക്കുന്നു? ഓരോ സംഭവത്തിലും വച നത്തിലും വിശ്വാസത്തെ സംബന്ധിച്ച എന്തെങ്കിലും ഉൾക്കാഴ്ച കൾ കണ്ടെത്താനാവും.

**b. ശാസനം** കല്പനകൾ എന്നാണ് വിവക്ഷ. എപ്രകാരം എന്റെ ജീവിതത്തെ ക്രമീകരിക്കണം, എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്നിങ്ങനെ ജീവിതത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ വചന ത്തിൽനിന്നു ലഭിക്കും. നേരിട്ടുള്ള കല്പനകൾക്കു പുറമേ, ഉപമക ളിലൂടെയും സംഭവങ്ങളുടെ വിവരണങ്ങളിലൂടെയും നൽകുന്ന മാർഗനിർദ്ദേശങ്ങൾ കാണാതെ പോകരുത്.

**c. തെറ്റുതിരുത്തൽ** വചനം ഒരു മുഖക്കണ്ണാടിയോ മുഴക്കോലോ പോലെയാണ്. എന്റെ ജീവിതത്തിൽ സംഭവിക്കുന്ന പാളിച്ചകളും വന്നുപോകുന്ന കുറവുകളും വീഴ്ചകളും, നിയമലംഘനങ്ങളും ഉപേ ക്ഷകളും എല്ലാം വചനം എനിക്കു കാണിച്ചുതരും.

**d. നീതിയിലുള്ള പരിശീലനം** ഇങ്ങനെ ദൈവം വെളിപ്പെടുത്തുന്ന സത്യങ്ങൾ വിശ്വസിച്ച്, അവിടുത്തെ പ്രമാണങ്ങളും നിർദ്ദേശങ്ങളും അനുസരിച്ച്, തെറ്റുകൾ തിരുത്തി മുന്നേറുമ്പോൾ എന്റെ ജീവിതം ദൈവത്തിനു പ്രീതികരമാകുന്നു; സഫലമാകുന്നു. അതു തന്നെയാണ് നീതിയിലുള്ള പരിശീലനം. ഇപ്രകാരമുള്ള വിചിന്ത നങ്ങളെ സഹായിക്കാൻ CHRIST എന്ന ഒരു സൂത്രവചനം സഹായി ക്കും. ക്രിസ്തുവാണ് വഴിയും വഴികാട്ടിയും ലക്ഷ്യവും. ജീവനും പ്രകാശവും അവൻതന്നെ. അതിനാൽ CHRIST വചന വിചിന്തന ത്തിന് മാർഗ്ഗദർശകമാണ്. ഈ ഇംഗ്ലീഷ് വാക്കിലെ ഓരോ അക്ഷ രവും വിചിന്തനത്തിന്റെ ഓരോ മേഖലകളെയും വിഷയങ്ങളെയും സൂചിപ്പിക്കുന്നതായി പരിഗണിക്കുന്നു.

**C. Convict - Conviction** കുറ്റം തെളിയിക്കുക, കുറ്റം സ്ഥിരീകരി ക്കുക എന്നാണ് convict എന്ന വാക്കിനർത്ഥം. ഞാൻ വായിച്ച വച നഭാഗം ഒരുപക്ഷേ എന്റെ ഏതെങ്കിലും പാപത്തിന്റെ മേഖലയിലേ ക്കായിരിക്കും ശ്രദ്ധ ക്ഷണിക്കുന്നത്. ദരിദ്രനായ അയൽക്കാരന്റെ ഏക പെണ്ണാട്ടിൻകുട്ടിയെ കശാപ്പു ചെയ്തു കറിയൊരുക്കിയ ധനി കന്റെ കഥ കേട്ട് ക്രുദ്ധനായ ദാവീദിന്റെ നേരെ വിരൽചൂണ്ടി. “ആ മനുഷ്യൻ നീ തന്നെ” എന്നു പറഞ്ഞ നാഥാൻ ചെയ്തതുപോലെ (2 സാമു 12,1-13) അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്ന കുറ്റപ്പെടുത്തലാവാം വചനം നൽകുന്നത്.

ബോധ്യം എന്നാണ് conviction എന്ന വാക്കിന്റെ അർത്ഥം. അത് എന്റെ പാപത്തെയോ ഉത്തരവാദിത്വത്തെയോ ദൈവസ്നേ ഹത്തെയോ മറ്റെന്തിനെയെങ്കിലും സംബന്ധിച്ചതോ ആകാം. വചനം ബോധ്യങ്ങൾ നൽകും. ബോധ്യങ്ങൾ മനോഭാവത്തെയും തുടർന്ന് ജീവിതവീക്ഷണങ്ങളെയും പ്രവർത്തശൈലിയെയും സ്വാധീനിക്കും. അപ്പോൾ വചനം എന്റെ വഴിയിൽ വിളക്കാകും.

**H. Heal** സുഖമാക്കുക എന്നാണ് വാക്കിനർത്ഥം. ഇരുവായ്ത്തല വാൾപോലെ മൂർച്ചയുള്ളതാണ് വചനം. എന്നാൽ ഈ വാൾ മുറി പ്പെടുത്തുക മാത്രമല്ല, മുറിവുണക്കുകയും ചെയ്യും. “മുറിവുണക്കുന്ന വാൾ” എന്നത് വിരോധാഭാസമായി തോന്നാം. എന്നാൽ വൈദ്യന്റെ കയ്യിലെ കത്തി രോഗബാധിതമായ ശരീരഭാഗങ്ങൾ മുറിച്ചുമാറ്റുക വഴി മുറിവുണക്കി ശരീരത്തിന് സൗഖ്യം നൽകുകയാണല്ലോ ചെയ്യു ന്നത്. അതിനാൽ ദൈവവചനം എന്റെ മുറിവുണക്കും; എനിക്ക്

സൗഖ്യം നൽകും. പഠിച്ച ബൈബിൾ ഭാഗം ഇപ്രകാരം പ്രവർത്തിക്കുന്നുണ്ടോ എന്നു ചോദിക്കുക. ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹത്തെക്കുറിച്ചുള്ള ബോധ്യമാണ് എന്നെ സുഖപ്പെടുത്തുന്നത്.

**R. Reveal** വെളിപ്പെടുത്തുക എന്നാണ് വാക്കിനർത്ഥം. ദൈവവചനം നൽകുന്ന വെളിപ്പെടുത്തൽ പലവിധത്തിലാകാം. ദൈവികമായ രക്ഷാരഹസ്യങ്ങളാകാം വെളിപ്പെടുത്തിത്തരുന്നത്. അല്ലെങ്കിൽ എന്റെ ജീവിതത്തെ സംബന്ധിച്ച കാര്യങ്ങളാകാം. കഴിഞ്ഞ കാര്യങ്ങൾ അനുസ്മരിപ്പിക്കുന്നതാവാം. (remind); ദൈവികവാഗ്ദാനങ്ങൾ അനുസ്മരിപ്പിക്കുന്നതാവാം. വെളിപ്പെടുത്തപ്പെട്ട ദൈവികപദ്ധതിയാണല്ലോ ബൈബിളിന്റെ മുഖ്യവിഷയം. അതിനാൽ ഈ പാഠഭാഗത്തിലൂടെ എന്താണ് ദൈവം എനിക്കു വെളിപ്പെടുത്തിത്തരുന്നത് എന്നു കണ്ടെത്താൻ ശ്രമിക്കുക.

**I Instruct** പഠിപ്പിക്കുക എന്നർത്ഥം. പ്രബോധനത്തെക്കുറിച്ച് മുകളിൽ പറഞ്ഞതാണ് ഇവിടെ ഉദ്ദേശിക്കുന്നത്. വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിച്ച് എന്തു പ്രബോധനമാണ് എനിക്ക് നൽകുന്നത് എന്നു ചോദിക്കുക.

**S. Strengthen** ശക്തിപ്പെടുത്തുക എന്നർത്ഥം. ദൈവവചനം നമ്മെ ശക്തിപ്പെടുത്തുന്ന ആഹാരമാണ്. അപ്പം മാത്രംപോരാ, വചനവും വേണം മനുഷ്യനു ജീവിക്കാൻ എന്ന ഗുരുവചനം (മത്താ. 4,4) ഇവിടെ ശ്രദ്ധേയമാകുന്നു. അനുദിനമുള്ള വചന പാരായണവും പഠനവും പ്രാർത്ഥനയും ജീവിത വഴിയിൽ തളർന്നുപോകാതെ എന്നെ ശക്തിപ്പെടുത്തും. നിരാശയിൽപ്പെട്ട്, മരിക്കാൻ ആഗ്രഹിച്ച് മരുഭൂമിയിൽക്കിടന്ന ഏലിയായ്ക്ക് ദൂതൻവഴി ദൈവം നൽകിയ അപ്പംപോലെയാണ് വചനം. "എണീറ്റു ഭക്ഷിക്കുക. അല്ലെങ്കിൽ യാത്ര ദുഃഷ്കരമായിരിക്കും" (1 രാജാ 19,7). "പരിക്ഷീണന് ആശ്വാസം നൽകുന്ന" (ഏശ 50,4) താണ് ദൈവവചനം.

**T Transform** രൂപാന്തരപ്പെടുത്തുക എന്ന് അർത്ഥം. ദൈവവചനവുമായുള്ള നിരന്തര സമ്പർക്കം ജീവിതത്തിൽ കാതലായ മാറ്റമുണ്ടാക്കും. ചിലപ്പോൾ അതു പെട്ടെന്നാകാം. പക്ഷേ സാധാരണമായി സംഭവിക്കുന്നത് സാവധാനമായൊരു പരിവർത്തനമാകും. നിരന്തരം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന ദൈവവചനം ഞാൻ അറിയാതെ തന്നെ എന്റെ ഓർമ്മകളെ ശുദ്ധീകരിക്കും. ചിന്തകൾക്കു വഴിതെളിക്കും; ആഗ്രഹങ്ങളെ ദൈവികകാര്യങ്ങളിലേക്ക്

തിരിച്ചുവിടും. സ്വരുക്കൂട്ടുന്ന ഭൗതികസമ്പത്തിലും പിടിച്ചെടുക്കുന്ന അംഗീകാരത്തിലും സ്ഥാനമാനങ്ങളിലും പ്രസിദ്ധിയിലും ഒന്നും താൽപര്യമോ സന്തോഷമോ ഇല്ലാതാകും. മറിച്ച് ദൈവത്തിന്റെ പ്രിയപ്പെട്ട മകൻ/മകൾ ആണ് ഞാൻ എന്ന അവബോധം എന്നിൽ വളരും. അതുതന്നെ എന്റെ സന്തോഷത്തിന്റെ ഉറവിടമാകും. ഹൃദയത്തിലുണ്ടാകുന്ന ഈ പരിവർത്തനം എന്റെ ബാഹ്യജീവിതത്തിലും ബന്ധങ്ങളിലും ജീവിതശൈലിയിലും എല്ലാം പ്രതിഫലിക്കും. അങ്ങനെ സാവകാശം ഞാൻ ഒരു പുതിയ സൃഷ്ടിയാകും (ഗലാ. 6,15); ക്രിസ്തുവിന്റെ പൂർണ്ണതയിലേക്കു വളരും (എഫേ 4, 13-15).

### III പ്രതികരണം - മറുപടി

വ്യക്തിപരമായ ബൈബിൾ പഠനത്തിന്റെ മൂന്നാമത്തെ ഘട്ടമാണ് പ്രതികരണം. വായിച്ച്, വിശകലനം ചെയ്ത്, വിചിന്തനങ്ങളിലൂടെ വെളിപ്പെട്ടുകിട്ടിയ ദൈവത്തിന്റെ സന്ദേശത്തോട് ഞാൻ എങ്ങനെ പ്രതികരിക്കണം എന്നു തീരുമാനിക്കുകയാണ് അവസാനത്തെ ഘട്ടം. "വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ" (യാക്കോ 1,22) എന്ന അനുശാസനം ഇവിടെ ശ്രദ്ധേയമാകുന്നു. ഓരോ ഖണ്ഡികയും വായിച്ച്, അപഗ്രഥിച്ച്, വിചിന്തനവിഷയമാക്കിക്കഴിയുമ്പോൾ അതിന്റെ വെളിച്ചത്തിൽ എടുക്കുന്ന തീരുമാനമാണ് വിഷയം. വിചിന്തന വേളയിൽ കിട്ടുന്ന ഉൾക്കാഴ്ചകൾ തീരുമാനത്തിനു പ്രചോദനം നൽകണം.

ജീവിതത്തെ സമൂലം മാറ്റിമറിക്കുന്ന വലിയ തീരുമാനങ്ങൾ ഒന്നും എല്ലാ ദിവസവും എടുക്കേണ്ടതില്ല. "ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി" (മത്താ 6,34). എടുക്കുന്ന തീരുമാനം ലളിതവും ഉപകാരപ്രദവും പ്രായോഗികവും ആകണം. വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും മേഖലകളിലായിരിക്കണം ഈ തീരുമാനം എടുക്കുന്നത്. ദൈവത്തിന്റെ കരുണയിലും ക്ഷമിക്കുന്ന സ്നേഹത്തിലും കൂടുതൽ വിശ്വാസം അർപ്പിക്കാനാവാം. അല്ലെങ്കിൽ ചെയ്തുപോയ തെറ്റുകൾക്ക് മാപ്പപേക്ഷിക്കാനാവാം. സ്വന്തം ജീവിതത്തിൽ കൂടുതൽ നിഷ്ഠയും ക്രമവും വരുത്തുന്നതിനാവാം. മുൻഗണാക്രമത്തിൽ വീണ്ടുവിചാരമാകാം. സഹോദരങ്ങളോട്, പ്രത്യേകിച്ചും നിരന്തരം ഇടപെടുന്ന കുടുംബാംഗങ്ങളോടും

സ്നേഹിതരോടുമുള്ള ബന്ധത്തിലാവാം. അതുമല്ലെങ്കിൽ ജോലി ചെയ്യുന്ന ഇടങ്ങളിലാവാം; അവഗണിക്കപ്പെടുന്നവരോടുള്ള സമീപനങ്ങളിലാവാം. എന്തുമാകട്ടെ, ദൈവാത്മാവു നൽകുന്ന പ്രചോദനം അനുസരിച്ച് ഒരു തീരുമാനം എടുക്കുക. അതും നോട്ടുപുസ്തകത്തിൽ കുറിച്ചുവയ്ക്കുക. നടപ്പാക്കാൻ ശ്രമിക്കുക.

ലഭിച്ച ഉൾക്കാഴ്ചകൾക്കു നന്ദി പറഞ്ഞും വന്നുപോയ വീഴ്ചകൾക്ക് മാപ്പപേക്ഷിച്ചും എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ ശക്തിയും സഹായവും യാചിച്ചുകൊണ്ട് സ്വയം പ്രേരിതമായ ഒരു പ്രാർത്ഥനയോടെ പഠനം സമാപിക്കുന്നു. ഇപ്രകാരം ഒരു ദിവസം ഒരു ഖണ്ഡികവീതം പഠിക്കുമ്പോൾ കാണാം വചനത്തിന്റെ നവീകരണശക്തി. "സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം" (ഗലാ 5,22-23) എന്നിങ്ങനെയുള്ള ആത്മാവിന്റെ ഫലങ്ങൾ ജീവിതത്തിൽ നിറയും. അതിനായി ദിവസേന എത്രസമയം മാറ്റിവയ്ക്കണം എന്ന് സ്വയം തീരുമാനിക്കുക. ഏതെങ്കിലും ഒരു സുവിശേഷത്തിൽ പഠനം തുടങ്ങുന്നതാണ് അഭികാമ്യം.

8

# ബൈബിൾ വ്യാഖ്യാനം

സഭയുടെ നവീകരണത്തിന് പുതിയ മാനങ്ങളും മാർഗ്ഗങ്ങളും നിർദ്ദേശിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ 16 പ്രമാണ രേഖകളിൽ സുപ്രധാനമായ ഒന്നാണ് ദൈവവചനം (Dei Verbum) എന്ന പേരിൽ 1965 നവംബർ 18-ാം തീയ്യതി കൗൺസിൽ പിതാക്കന്മാർ ഏകകണ്ഠമായി അംഗീകരിച്ച്, പോൾ ആറാമൻ മാർപ്പാപ്പ പ്രസിദ്ധീകരിച്ച ദൈവാവിഷ്കരണത്തെ സംബന്ധിച്ച ഔദ്യോഗികരേഖ. സഭയിൽ ദൈവവചനത്തോടുള്ള ആഭിമുഖ്യവും വചനാധിഷ്ഠിത ജീവിതവും പ്രോത്സാഹിപ്പിക്കുന്നതിൽ ആ രേഖ ചെലുത്തികൊണ്ടിരിക്കുന്ന സ്വാധീനം വളരെ വലുതാണ്. ദൈവവചനത്തിന്റെ വിവിധമാനങ്ങളിലേക്ക് വീണ്ടും ശ്രദ്ധ തിരിക്കുന്നതിനായി 2008 ഒക്ടോബർ 5-16 തീയ്യതികളിൽ വത്തിക്കാനിൽവച്ചു നടന്ന മെത്രാന്മാരുടെ സിനഡിന്റെ 12-ാം ജനറൽ അസംബ്ലി "ദൈവവചനം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും" എന്ന വിഷയമാണ് പൊതു ചർച്ചയ്ക്കായി തിരഞ്ഞെടുത്തത്. സിനഡിന്റെ ചുവടുപിടിച്ച് കേരള കത്തോലിക്കാസഭ 2008 ദൈവവചനവർഷമായി ആചരിച്ചു. സിനഡിന്റെ തീരുമാനങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ദൈവവചനം ( Verbum Dei) എന്ന പേരിൽ ബെനഡിക്ട് 16-ാമൻ മാർപ്പാപ്പയുടെ കയ്യൊപ്പോടുകൂടി പ്രസിദ്ധീകരിച്ച ഔദ്യോഗികരേഖ ബൈബിൾ വ്യാഖ്യാനത്തെ സംബന്ധിച്ച വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകി.

വത്തിക്കാൻ കൗൺസിലിനുശേഷമുള്ള കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകളിൽ കേരള കത്തോലിക്കാസഭ ദൈവവചനത്തിന്റെ ശക്തി ശരിക്കും അനുഭവിച്ചറിയുന്നുണ്ട്. സഭയിലാകമാനം, പ്രത്യേകിച്ചും അത്മായരുടെ ഇടയിൽ, ദൈവവചനത്തോടുള്ള ഭക്തിയും ആദരവും, വചനം ഉപയോഗിച്ച് പ്രാർത്ഥിക്കാനും, വചനം പ്രഘോഷി

ക്കാനുമുള്ള താത്പര്യവും അത്ഭുതാവഹമാംവിധം ശക്തിയാർജ്ജി ച്ചിരിക്കുന്നു. അറുപതിൽപരം ധ്യാനകേന്ദ്രങ്ങളും നൂറുകണക്കിന് വചനപ്രഘോഷകരും ദൈവവചനം വ്യാഖ്യാനിച്ച് പ്രർത്ഥന നയി ക്കുന്നു; പ്രഘോഷിക്കുന്നു. രോഗശാന്തിയും മറ്റ് അത്ഭുതങ്ങളും അനേകരെ വചനത്തിലേക്ക് അടുപ്പിക്കുന്നു. സഭയിൽ ആകമാനം നവീകരണത്തിന്റെ അലയടികൾ ഉയർത്തികൊണ്ട് സെഹിയോൻ ഊട്ടുശാലയിൽ എന്നപോലെ കൊടുങ്കാറ്റിന്റെ ആരവത്തോടെ വചനം പ്രഘോഷിക്കപ്പെടുന്നു.

അതേസമയം വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങാൻ കഴി യാതെ ഉപരിപ്ലവമായി മാത്രം വചനം വായിക്കുകയും തങ്ങൾക്കു തോന്നുന്ന രീതിയിൽ വ്യാഖ്യാനിച്ചു പഠിപ്പിക്കുകയും ചെയ്തു കൊണ്ട് സഭയിൽ അനൈക്യത്തിനും വലിയ പിളർപ്പുകൾക്കും കാര ണക്കാരാകുന്ന വചനപ്രഘോഷകരും കുറവല്ല. ദൈവാത്മാവ് ഞങ്ങ ൾക്ക് പ്രത്യേക വെളിപ്പടുത്തലുകൾ നല്കിയിരിക്കുന്നു, ഞങ്ങളെ നയിക്കുന്നത് ആത്മാവിന്റെ അഭിഷേകമാണ്, മറ്റാരും ഞങ്ങളെ പഠി പ്പിക്കാൻ വരേണ്ടതില്ല, എന്നിങ്ങനെ വാദിച്ചുകൊണ്ട് സഭയുടെ നാളി തുവരെയുള്ള ഔദ്യോഗിക പ്രബോധനങ്ങൾക്കു വിരുദ്ധമായി അനേ കർ വചനം പ്രഘോഷിക്കുമ്പോൾ ക്രിസ്തുവിശ്വാസികൾ സംശയ ത്തിന്റെ ചുഴിയിൽപെടുന്നു. ഈ സാഹചര്യത്തിൽ, എന്താ ണ് ബൈബിൾ, അത് എങ്ങിനെയാണ് വ്യാഖ്യാനിക്കുകയും മനസ്സി ലാക്കുകയും ചെയ്യേണ്ടത് എന്ന് വ്യക്തമായി അറിഞ്ഞിരിക്കുക ആവ ശ്യമാണ്. അതിലേക്കാണ് അടുത്തതായി ശ്രദ്ധതിരിക്കുന്നത്.

**1. ബൈബിൾ ദൈവവചനമാണ്**

“വിശുദ്ധ ഗ്രന്ഥത്തിലൂടെ സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ മക്കളെ അതീവ സ്നേഹത്തോടെ ഉറ്റുനോക്കുകയും അവരുമായി സംഭാഷിക്കുകയും ചെയ്യുന്നു” (ദൈവാവിഷ്കരണം - Dei Verbum. 21) എന്ന സൂനഹദോസിന്റെ പ്രബോധനം ഇക്കാര്യം വ്യക്തമാ ക്കുന്നു. ദൈവം തന്നെത്തന്നെയും തന്റെ രക്ഷാകരപദ്ധതിയെയും വെളിപ്പെടുത്തുന്നുവെന്നും ഈ വെളിപാടിലൂടെ “മനുഷ്യരോട് സ്നേഹിതരോടെന്നപോലെ സംസാരിക്കുകയും അവരുടെ മധ്യേ വസിക്കുകയും ചെയ്യുന്നു” എന്നും സൂനഹദോസ് പഠിപ്പിക്കുന്നു. “തന്റെ സഹവർത്തിത്വത്തിലേക്ക് മനുഷ്യരെ ക്ഷണിക്കുകയും കൊണ്ടുവരികയുമാണ് ഈ വെളിപാടിന്റെ ലക്ഷ്യം (DV. 2).

ബൈബിളിലൂടെ ദൈവമാണ് നമ്മോട് സംസാരിക്കുന്നത്. അതിനാൽ വിശ്വാസത്തോടും ആദരവോടും കൂടിവേണം വായിക്കാൻ.

**2. ദൈവത്തിന്റെ വചനം-വാക്കും പ്രവൃത്തിയും വഴി**

"ദൈവം അരുളിചെയ്തു" എന്ന മുഖവുരയോടെ അവതരിപ്പിക്കുന്ന വാക്കുകൾ മാത്രമല്ല, ബൈബിൾ മുഴുവൻ ദൈവവചനമാണ്. വചനം എന്നാൽ വെളിപ്പെടുത്താൻ ഉപയോഗിക്കുന്ന മാധ്യമം എന്നാണല്ലോ അർത്ഥം. വാക്കും പ്രവൃത്തികളും വഴിയാണ് ദൈവം വെളിപ്പെടുത്തുന്നത്. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" എന്നു പറഞ്ഞുതുടങ്ങുന്ന ബൈബിൾ "കർത്താവായ യേശുവേ, വരണമേ" എന്ന പ്രാർത്ഥനയോടെയാണ് സമാപിക്കുന്നത്. സൃഷ്ടിമുതൽ എല്ലാറ്റിന്റെയും നവീകരണവും ദൈവരാജ്യത്തിന്റെ സാക്ഷാൽക്കാരവും വരെയുള്ള സകല പ്രവൃത്തികളും ദൈവവചനമാണ്, അഥവാ ദൈവിക വെളിപ്പെടുത്തലാണ്. അതിനാൽ ബൈബിൾ മുഴുവൻ ദൈവവചനമായി സ്വീകരിക്കണം.

**3. ബൈബിൾ ദൈവനിവേശിതഗ്രന്ഥം**

താൻ വെളിപ്പെടുത്താനും തലമുറകൾക്കു കൈമാറാനുമായി ദൈവം ആഗ്രഹിച്ച സത്യങ്ങൾ പൂർണ്ണമായും തെറ്റുകൂടാതെയും എഴുതി ഗ്രന്ഥരൂപത്തിലാക്കാൻ ദൈവം ചില വ്യക്തികളെ തിരഞ്ഞെടുത്ത് അവർക്ക് ആവശ്യമായ പ്രകാശവും കഴിവുകളും നൽകി. വി. ഗ്രന്ഥരചനയിൽ ഏർപ്പെട്ട ഗ്രന്ഥകർത്താക്കൾക്കു ദൈവം നൽകിയ പ്രചോദനത്തെയും സഹായത്തെയും ദൈവനിവേശനം എന്നു വിളിക്കുന്നു. "പരിശുദ്ധാത്മാവിന്റെ നിവേശനത്താൽ രചിക്കപ്പെട്ടതിനാൽ ബൈബിൾ ദൈവവചനമാണ്." ബൈബിൾ രചനയിൽ അനേകം ഗ്രന്ഥകർത്താക്കൾ പങ്കെടുത്തിട്ടുണ്ടെങ്കിലും യഥാർത്ഥ ഗ്രന്ഥകാരൻ ദൈവം തന്നെയാണ്. "വിശുദ്ധ ഗ്രന്ഥമെല്ലാം ദൈവനിവേശിതമാണ്" (2 തിമോ 3:16) എന്നു വി. പൗലോസും "പ്രവചനങ്ങൾ ഒരിക്കലും മാനുഷികചോദനയാൽ രൂപം കൊണ്ടതല്ല, പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചതാണ്" (2 പത്രോ 1:21) എന്ന് വി. പത്രോസും പഠിപ്പിക്കുമ്പോൾ ഇതേ സത്യമാണ് ഊന്നിപ്പറയുന്നത്.

**4. കാനോനിക ഗ്രന്ഥങ്ങൾ**

73 പുസ്തകങ്ങളുടെ ഒരു സമാഹാരമാണ് ബൈബിൾ. പഴയനിയമത്തിൽ 46 ഉം പുതിയനിയമത്തിൽ 27 ഉം പുസ്തകങ്ങളാണ്

ദൈവനിവേശിതഗ്രന്ഥങ്ങളായി കത്തോലിക്കാസഭ അംഗീകരിച്ചിട്ടുള്ളത്. പ്രൊട്ടസ്റ്റന്റു സഭകൾ പഴയനിയമത്തിൽ 39 പുസ്തകങ്ങളേ അംഗീകരിക്കുന്നുള്ളു. മറ്റ് ഏഴ് പുസ്തകങ്ങൾ മൂലഭാഷയായ ഹീബ്രുവിൽ ലഭ്യമല്ല എന്നതാണ് അവയെ ദൈവനിവേശിതമായി അംഗീകരിക്കാത്തതിന് കാരണമായി പറയുന്നത്. എന്നാൽ എ. ഡി. നാലാം നൂറ്റാണ്ടുമുതൽ കത്തോലിക്കാസഭയിൽ അംഗീകരിക്കുകയും അനേകം ഔദ്യോഗിക പ്രബോധനങ്ങളിലൂടെ പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതാണ് ബൈബിളിലെ പുസ്തകങ്ങളെക്കുറിച്ചുള്ള ഈ വിശ്വാസസത്യം. ഇപ്രകാരം സഭയുടെ ഔദ്യോഗിക പട്ടികയിൽപ്പെട്ട ഗ്രന്ഥങ്ങളെ കാനോനിക ഗ്രന്ഥങ്ങൾ എന്നു വിശേഷിപ്പിക്കുന്നു. ഏറ്റവും അവസാനമായി രണ്ടാം വത്തിക്കാൻ സൂനഹദോസ് ഈ പ്രബോധനം ഒരിക്കൽക്കൂടി ആവർത്തിച്ചുറപ്പിക്കുകയുണ്ടായി. "പുതിയ നിയമത്തിലെയും പഴയനിയമത്തിലെയും എല്ലാ പുസ്തകങ്ങളും അവയുടെ എല്ലാ ഭാഗങ്ങളുമുൾപ്പെടെ, സംപൂജ്യവും കാനോനികവുമാണ്" (DV. 11). തോബിത്, യൂദിത്ത്, 1-2 മക്കബായർ, ജ്ഞാനം, പ്രഭാഷകൻ, ബാറൂക്ക് എന്നീ ഏഴു പുസ്തകങ്ങൾ, എസ്തേർ 11-16, ദാനിയേൽ 3:23-24 വാക്യങ്ങൾക്കു മധ്യേ കാണുന്ന മൂന്നു യുവാക്കളുടെ കീർത്തനം എന്ന ശീർഷകത്തിൻകീഴിലുള്ള 68 വാക്യങ്ങൾ, ദാനിയേൽ 13-14 അധ്യായങ്ങൾ എന്നിവയാണ് പ്രോട്ടസ്റ്റന്റു ബൈബിളിൽ കാണാത്ത ഭാഗങ്ങൾ. അതിനാൽ ബൈബിൾ എടുക്കുമ്പോൾ അത് ആരു പ്രസിദ്ധീകരിച്ചതാണ്, ഏതെല്ലാം ഗ്രന്ഥങ്ങൾ അതിലുണ്ട് എന്നൊക്കെ അന്വേഷിച്ച് തിട്ടപ്പെടുത്തണം.

### 5. സാഹിത്യരൂപങ്ങൾ-ശ്രദ്ധിക്കണം

പാപിയായ മനുഷ്യന് ദൈവം നൽകുന്ന രക്ഷയുടെ സദ്വാർത്തയാണ് ബൈബിൾ. എന്നാൽ, ബൈബിളിലെ 73 പുസ്തകങ്ങളും ഒരേ കാലഘട്ടത്തിലോ ഒരേ രീതിയിലോ അല്ല രചിക്കപ്പെട്ടിട്ടുള്ളത്. ആയിരത്തിൽപരം വർഷങ്ങൾകൊണ്ട് അനേകം മാനുഷിക ഗ്രന്ഥകാരന്മാരിലൂടെയാണ് ബൈബിളിന്റെ രചന പൂർത്തിയായത്. നമ്മുടേതിൽനിന്നു തികച്ചും വ്യത്യസ്തമായ ഒരു സാംസ്കാരിക പശ്ചാത്തലത്തിൽ രൂപംകൊണ്ട ഈ ഗ്രന്ഥങ്ങളിലൂടെ ദൈവം നമ്മോട് എന്താണ് പറയുന്നത് എന്നു ഗ്രഹിക്കാൻ ആ ഗ്രന്ഥങ്ങളുടെ ചരിത്രപരവും സാംസ്കാരികവും സാഹിത്യപരവുമായ സവി

ശേഷതകൾ മനസിലാക്കണം. പ്രപഞ്ചസൃഷ്ടി മുതൽ പുഃനസൃഷ്ടിവരെയുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങളും അവിടുന്ന് വെളിപ്പെടുത്തുന്ന തിരുഹിതവും പ്രകാശിപ്പിക്കാൻ വി. ഗ്രന്ഥകാരന്മാർ വിവിധങ്ങളായ സാഹിത്യരൂപങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങളിലൂടെ ഇത് വ്യക്തമാക്കാം.

**a) ചരിത്രവിവരണങ്ങൾ**

1-2 സാമുവൽ; 1-2 രാജാക്കന്മാർ; 1-2 ദിനവൃത്താന്തം എന്നീ ഗ്രന്ഥങ്ങൾ വ്യക്തമായ രേഖകളെ ആസ്പദമാക്കി രചിച്ചിട്ടുള്ള ചരിത്രഗ്രന്ഥങ്ങളാണ്. അപ്പസ്തോല പ്രവർത്തനങ്ങളും ഇതുപോലൊരു ചരിത്രഗ്രന്ഥമത്രെ. എന്നാൽ ബൈബിളിലെ എല്ലാ പുസ്തകങ്ങളും ഇതുപോലുള്ള ചരിത്രപുസ്തകങ്ങളല്ല. പഞ്ചഗ്രന്ഥത്തിൽ ചരിത്രമുണ്ട്; എന്നാൽ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കപ്പെട്ട ചരിത്രമാണത്. സുവിശേഷങ്ങളിലും ചരിത്രമുണ്ട്. എന്നാൽ മറ്റു ചരിത്രപുസ്തകങ്ങളിൽനിന്ന് വേറിട്ടുനിൽക്കുന്ന ഒരു പ്രത്യേക സാഹിത്യരൂപമാണ് സുവിശേഷങ്ങൾ.

**b) നിയമസംഹിതകൾ**

ബൈബിളിൽ കാണുന്ന സുപ്രധാനമായ മറ്റൊരു സാഹിത്യരൂപമാണ് നിയമസംഹിതകൾ. പത്തുപ്രമാണങ്ങൾ (പുറ 20, 1-17; നിയ 5,1-27) തന്നെയാണ് ഏറ്റവും വ്യക്തമായ ഉദാഹരണം. ഇതിനുപുറമെ ഉടമ്പടിയുടെ നിയമസംഹിത (പുറ 21-23), വിശുദ്ധിയുടെ നിയമസംഹിത (ലേവ്യ 17-26), നിയമാവർത്തന നിയമ സംഹിത (നിയ 12 -26) എന്നിവയും ഈ സാഹിത്യരൂപത്തിന് ഉദാഹരണങ്ങളാണ്.

**c) പ്രബോധനങ്ങൾ**

വിശ്വാസത്തിൽ ആഴപ്പെടുത്തുന്നതിനും ജീവിതനവീകരണത്തിനു പ്രേരിപ്പിക്കുന്നതിനും വേണ്ടി നടത്തുന്ന പ്രസംഗങ്ങൾ മറ്റൊരു സാഹിത്യരൂപമാണ്. മലയിലെ പ്രസംഗം (മത്താ 5,1-12) തന്നെ ഏറ്റം വ്യക്തമായ ഉദാഹരണം. നിയമാവർത്തനപുസ്തകം മോശയുടെ നാലു പ്രസംഗങ്ങളായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇതിനുപുറമെ പ്രവാചകരുടെ അനേകം പ്രസംഗങ്ങൾ ബൈബിളിൽ കാണാം.

**d) പ്രവചനങ്ങൾ**

ദൈവവചനം ആധികാരികമായി പ്രഘോഷിക്കുന്നതാണ് പ്രവചനങ്ങൾ. ഇവ അധികപങ്കും ഭാവിയെ സംബന്ധിക്കുന്നവയാണ്.

ദൈവം നൽകിയിരിക്കുന്ന രക്ഷയെക്കുറിച്ചും മാനസാന്തരപ്പെടാതെ പാപത്തിൽ തുടർന്നാൽ ഉണ്ടാകാൻ പോകുന്ന ശിക്ഷാവിധിയെക്കുറിച്ചും ഉള്ള പ്രവചനങ്ങൾ ബൈബിളിൽ ഉടനീളം ദൃശ്യമാണ്. യേശുവിന്റെ യുഗാന്തപ്രഭാഷണം (മർക്കോ 13; മത്താ 24–25) വെളിപാടു പുസ്തകം മുതലായവ പുതിയനിയമത്തിലെ ഉദാഹരണങ്ങളത്രെ.

**e) ഗീതങ്ങൾ-കീർത്തനങ്ങൾ**

പലതരത്തിലുള്ള കീർത്തനങ്ങൾ ബൈബിളിൽ കാണാം. സങ്കീർത്തനഗ്രന്ഥം മുഴുവൻ ഉദാഹരണങ്ങളാണ്. ഉത്തമഗീതം, മറ്റൊരു ഉദാഹരണമത്രെ. അവയ്ക്കുപുറമെ മറ്റ് ബൈബിൾ ഗ്രന്ഥങ്ങളിലും കീർത്തനങ്ങൾ ദൃശ്യമാണ്. കീർത്തനങ്ങളിൽ ഉപയോഗിക്കുന്ന ഭാഷ ഗദ്യത്തിൽനിന്നും വ്യത്യസ്തമായി ആലങ്കാരികവും പ്രതീകാത്മ പ്രധാനവുമായിരിക്കും.

**f) ഉപമകൾ**

ആത്മീയസത്യങ്ങൾ ആവിഷ്കരിക്കുന്നതിനുവേണ്ടി ഭൗതികയാഥാർത്ഥ്യങ്ങളെ ഉദാഹരണങ്ങളായി ഉപയോഗിക്കുന്നതാണ് ഉപമകൾ. ശ്രോതാക്കൾക്ക് സുപരിചിതമായ സംഭവങ്ങളോ ഭൗതിക യാഥാർത്ഥ്യങ്ങളോ ആയിരിക്കും ഉപമകളായി അവതരിപ്പിക്കുന്നത്. കഥ ആകർഷകമാക്കാൻ വിശദാംശങ്ങൾ വിവരിക്കും. എന്നാൽ ഉപമയുടെ അർത്ഥം ഗ്രഹിക്കാൻ ഈ വിശദാംശങ്ങളിൽ തങ്ങിനിൽക്കുകയല്ല കേന്ദ്രവത്തായ ആശയം എന്താണ് എന്നന്വേഷിക്കുകയാണ് വേണ്ടത്. ഉപമകളിൽ പൊതുവെ ഒരു പ്രധാനാശയമായിരിക്കും ഊന്നിപറയുക. ശ്രോതാക്കളുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കാനും സാഹചര്യങ്ങളുടെ ഗൗരവം ഗ്രഹിച്ച് ഉചിതമായ തീരുമാനമെടുക്കാനും പ്രേരിപ്പിക്കുകയാണ് ഉപമയുടെ മുഖ്യലക്ഷ്യം. “ആ മനുഷ്യൻ നീതന്നെ” എന്ന കുറ്റാരോപണത്തിലേക്ക് നയിക്കുന്ന നാഥാൻ പറഞ്ഞ ആടിന്റെ ഉപമയും (2 സാമു 12,1–14) “നീയും പോയി അതുപോലെ ചെയ്യുക” എന്ന നിർദ്ദേശത്തിൽ അവസാനിക്കുന്ന നല്ല സമരായന്റെ ഉപമയും (ലൂക്ക 10, 25–37) ഉദാഹരണങ്ങളാണ്.

**g) ചൊല്ലുകൾ**

ജീവിതത്തിന്റെ അർത്ഥത്തെ സംബന്ധിച്ച് ആഴമേറിയ ഉൾക്കാഴ്ചകൾ നൽകുന്ന ആപ്തവാക്യങ്ങളാണ് ചൊല്ലുകൾ. സുഭാഷിതങ്ങൾ, പ്രഭാഷകൻ എന്നീ രണ്ടു ഗ്രന്ഥങ്ങൾ ഏതാണ്ട് മുഴുവനും

ചൊല്ലുകളുടെ സമാഹാരങ്ങളാണ്. വളരെ ചുരുക്കം വാക്കുകളിൽ വലിയൊരാശയപ്രപഞ്ചം ഉൾക്കൊള്ളുന്ന ഈ ചൊല്ലുകൾ പലപ്പോഴും ഗുളികരൂപത്തിലുള്ള ഉപമകളായിരിക്കും. "മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ" (ലൂക്ക 9, 60); "ശവം എവിടെയോ അവിടെ കഴുകന്മാർ വന്നുകൂടും" (ലൂക്ക 17, 37); "വാളില്ലാത്തവൻ കുപ്പായം വിറ്റ് വാൾ വാങ്ങട്ടെ" (ലൂക്കാ 22, 36) മുതലായ യേശു വചനങ്ങൾ ചൊല്ലുകളുടെ ഉദാഹരണങ്ങളാണ്. ഇവയൊന്നും അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കേണ്ടവയല്ല.

**h) നാടകം**

സംഘർഷഭരിതമായ സംഭവങ്ങളും സംഭാഷണങ്ങളും വഴി ജീവിതയാഥാർത്ഥ്യങ്ങളെ വിശകലനം ചെയ്ത് ആശയങ്ങൾ ശക്തമായി അവതരിപ്പിക്കുന്ന സാഹിത്യരൂപമാണ് നാടകം. ബൈബിളിലെ പലപുസ്തകങ്ങളിലും ഈ സാഹിത്യരൂപം ഉപയോഗിച്ചിട്ടുണ്ട്. ജോബ്, വെളിപാട് മുതലായവ ഉദാഹരണങ്ങളാണ്.

ഇവയ്ക്കെല്ലാം പുറമെ ഇതിഹാസം, മിത്ത്, ഹാസ്യം തുടങ്ങിയ മറ്റനേകം സാഹിത്യരൂപങ്ങളും ബൈബിളിൽ ദൃശ്യമാണ്. ഒരു പുസ്തകത്തിൽതന്നെ വ്യത്യസ്ത സാഹിത്യരൂപങ്ങൾ ഉണ്ടാകാം. അതിനാൽ പഠനവിഷയമായ ബൈബിൾഭാഗം ഏതു സാഹിത്യരൂപത്തിൽ പെട്ടതാണെന്നു നിർണ്ണയിക്കാതെ എല്ലാം അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ ദൈവം വെളിപ്പെടുത്തുന്നതും വി. ഗ്രന്ഥകാരൻ ഉദ്ദേശിച്ചതുമായ അർത്ഥം ഗ്രഹിക്കുവാൻ കഴിയാതെ പോകും.

**6. യേശുവിൽ പൂർത്തിയാകുന്ന രക്ഷാകരചരിത്രം**

"പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാനനാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോടു സംസാരിച്ചിരിക്കുന്നു" (ഹെബ്രാ 1, 1-2). ബൈബിളിൽ അനേകം കഥാപാത്രങ്ങളുണ്ടെങ്കിലും മുഖ്യകഥാനായകൻ യേശുക്രിസ്തുവാണ്. ദൈവപുത്രന്റെ മനുഷ്യാവതാരത്തിനുള്ള ഒരുക്കമാണ് പഴയനിയമം മുഴുവൻ; പുതിയനിയമമാകട്ടെ പൂർത്തീകരണത്തിന്റെ വിവരണവും. അതിനാൽ പുതിയനിയമത്തിന്റെ വെളിച്ചത്തിലാണ് പഴയനിയമം മനസ്സിലാക്കേണ്ടത്.

വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിക്കുന്ന കാര്യങ്ങളിൽപോലും രക്ഷാകരചരിത്രത്തിൽ പടിപടിയായ വ്യക്തത ഉണ്ടാ

കുന്നത് കാണാം. ഉദാഹരണത്തിന് ദൈവത്തിന്റെ ഏകത്വമാണ് പഴയനിയമത്തിൽ ഊന്നിപറയുന്നത്. എന്നാൽ ഈ ഏകദൈവം, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നാളുകളുടെ ത്രിത്വ മാണെന്ന് പുതിയനിയമത്തിൽ വെളിപ്പെടുത്തപ്പെടുന്നു. പഴയനി യമത്തിൽ ബഹുഭാര്യാത്വം അംഗീകരിക്കപ്പെട്ടിരുന്നു, അതിനെതി രായ ചില സൂചനകളുണ്ടെങ്കിലും. എന്നാൽ ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മരണംവരെ അഭേദ്യം ബന്ധിപ്പിക്കുന്ന വിവാ ഹമെന്ന കൂദാശയെക്കുറിച്ച് പുതിയനിയമമാണ് ഉറപ്പിച്ചു പറയു ന്നത്. "പൂർവ്വീകരോട് പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു" എന്ന് മുഖവുരയോടെ യേശു അവതരിപ്പിക്കുന്ന പുതിയ നിയമമാണ് നാം സ്വീകരിക്കേ ണ്ടത്. പഴയനിയമത്തിൽ പലതും കാലഹരണപ്പെട്ടതാണ്. ഉദാ: ലേവ്യരുടെ പുസ്തകത്തിലെ അനേകം ബലികൾ യേശുവിന്റെ ഏകബലിയിലേക്കുള്ള സൂചനകളും ഒരുക്കവുമായിരുന്നു. ആ ബലികളെല്ലാം യേശുവിന്റെ ബലിയോടെ അപ്രസക്തമായി ത്തീർന്നു. ശത്രുക്കൾക്കെതിരായ ശാപം (സങ്കീ 69, 22-28), പൂർവ്വീ കരുടെ പാപങ്ങൾക്ക് തലമുറകളിലൂടെ നീളുന്ന ശിക്ഷ (പുറ 20, 6), പ്രതികാരത്തിനുള്ള ആഹ്വാനം (പുറ 21,12-24) മുതലായവ യേശുവിന്റെ വാക്കുകളുടെ വെളിച്ചത്തിൽ തിരുത്തേണ്ടതുണ്ട്. അതിനാൽ പഴയനിയമമല്ല പുതിയനിയമമാണ് വിശ്വാസത്തിനും ധാർമ്മികതയ്ക്കും മാനദണ്ഡമായി എടുക്കേണ്ടത്.

### 7. ബൈബിളും ശാസ്ത്രവും

ദൈവത്തേയും പ്രഞ്ചത്തേയും സംബന്ധിക്കുന്ന ആത്യന്തിക സത്യങ്ങൾ ദൈവിക വെളിപാടിലൂടെ മനുഷ്യന് ലഭ്യമാക്കുകയും മനുഷ്യനെ ദൈവികജീവനിൽ പങ്കുക്കാരനാക്കുകയുമാണ് ബൈബി ളിന്റെ ലക്ഷ്യം, പ്രപഞ്ചത്തിന്റെ ഉത്ഭവം, ഘടന, പ്രവർത്തനം മുത ലായവയെക്കുറിച്ച് വിശദമായ വിവരണങ്ങൾ നല്കുകയല്ല. ആകാ ശഗോളങ്ങൾ എങ്ങനെ പോകുന്നു എന്നല്ല, എങ്ങനെ മനുഷ്യന് സ്വർഗ്ഗത്തിൽ പോകാം എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് എന്ന ചൊല്ല് ഇവിടെ പ്രസക്തമാണ്. പരീക്ഷണ നിരീക്ഷണങ്ങളുടെ അടി സ്ഥാനത്തിൽ നിഗമനങ്ങളിലെത്തുകയും ഒരിക്കൽ ചെന്നെത്തിയ നിഗമനങ്ങൾ പുതിയ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ തിരുത്തു കയും ചെയ്യുന്ന ശാസ്ത്രത്തിന്റെ ശൈലിയല്ല ബൈബിളിന്റേത്. എന്നാൽ ശാസ്ത്രവും ബൈബിളും തമ്മിൽ വൈരുദ്ധ്യമില്ല; രണ്ടും

പരസ്പരം പൂരകങ്ങളാണ്. സനാതനസത്യമായ ദൈവം തന്നെയാണ് രണ്ടിന്റേയും ഉറവിടം. പാപത്താൽ ദുർബ്ബലമാക്കപ്പെട്ട മനുഷ്യബുദ്ധി സത്യാന്വേഷണത്തിൽ വഴിതെറ്റാതിരിക്കാൻ ബൈബിളിലൂടെ നല്കപ്പെടുന്ന ദൈവികവെളിപാടും അന്ധവിശ്വാസങ്ങളിൽ ആണ്ടുപോകാതിരിക്കാൻ ശാസ്ത്രീയാന്വേഷണവും സഹായിക്കും.

ബൈബിളിലെ സാഹിത്യരൂപങ്ങളും ബൈബിളിന്റെ ആത്യന്തികലക്ഷ്യവും മനസ്സിലാക്കാതെ വ്യാഖ്യാനിച്ചതാണ് ശാസ്ത്രീയസത്യങ്ങൾക്കെതിരേ മുഖം തിരിക്കാൻ പലപ്പോഴും കാരണമായത്. അതേസമയം തന്റേതായ പരിമിതികൾ മറക്കുകയും ആത്യന്തികസത്യങ്ങൾ മുൻവിധിയോടെ നിഷേധിക്കുകയും ചെയ്യുമ്പോൾ ശാസ്ത്രത്തിനും വഴിതെറ്റുന്നു. അതിനാൽ ബൈബിളും ശാസ്ത്രവും, വിശ്വാസവും യുക്തിയും കൈകോർക്കുന്നിടത്താണ് സത്യം പ്രശോഭിക്കുക.

**8. ലോകാവസാനം**

ബൈബിളിൽ ലോകത്തിന്റെ ഉത്ഭവത്തെയും അവസാനത്തെയുംപറ്റി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ, എപ്പോൾ സംഭവിക്കുമെന്നോ അതെപ്രകാരമായിരിക്കുമെന്നോ ബൈബിൾ വിശദീകരിക്കുന്നില്ല. വെളിപാട് സാഹിത്യരൂപത്തിൽ നല്കിയിരിക്കുന്ന വിവരണങ്ങളൊന്നും അക്ഷരാർത്ഥത്തിൽ മനസ്സിലാക്കേണ്ടവയല്ല. ലോകാവസാനം കണക്കുക്കൂട്ടാനുള്ള രഹസ്യസങ്കേതങ്ങളൊന്നും ബൈബിൾ നൽകുന്നില്ല. ലോകാവസാനത്തിന്റെ കാലവും സമയവും ദൈവം നിഗൂഢമായി വച്ചിരിക്കുന്നു. ആ ദിവസത്തെയോ മണിക്കൂറിനെയോ കുറിച്ച് പിതാവിനല്ലാതെ മറ്റാർക്കും, സ്വർഗ്ഗത്തിലെ ദൂതന്മാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ (മർക്കോ 13, 32). അതിനാൽ പ്രത്യേക കണക്കുകൂട്ടലുകളുടേയോ സ്വകാര്യ വെളിപാടുകളുടെയോ വെളിച്ചത്തിൽ ലോകാവസാനത്തിന്റെ തിയ്യതി കൃത്യമായി അറിയിക്കുന്നവരെ സംശയിക്കണം. അതേസമയം എപ്പോഴും ശ്രദ്ധാപൂർവ്വം ഉണർന്നിരിക്കാനുള്ള യേശുനാഥന്റെ നിർദ്ദേശം പാലിക്കുകയും വേണം (ലൂക്കാ 21, 34-36; മർക്കോ 13, 33-39).

**9. ബൈബിൾ മാത്രം പോരാ, പാരമ്പര്യവും പരിഗണിക്കണം**

"ദൈവാവിഷ്കരണത്തിലെ എല്ലാ വസ്തുതകളെയും സംബന്ധിച്ചുള്ള അസന്നിഗ്ധമായ ബോധം വി. ലിഖിതങ്ങളിൽ നിന്നുമാത്രമല്ല സഭയ്ക്കു ലഭിക്കുന്നത്. അതിനാൽ വി. ലിഖിതങ്ങളും പാരമ്പര്യവും ഒരേ ബഹുമാനത്തോടും ഒരേ ആദരവോടുംകൂടെ

നാം സ്വീകരിക്കേണ്ടതാണ്" (DV 9). വിശ്വാസത്തിന് അടിസ്ഥാനമായി ബൈബിൾ മാത്രമേ സ്വീകരിക്കൂ എന്ന നിലപാട് യുക്തിക്കും ബൈബിളിന്റെ പഠനത്തിനും നിരക്കുന്നതല്ല.

മനുഷ്യരക്ഷയ്ക്കുവേണ്ടി ദൈവം വെളിപ്പെടുത്തിയ കാര്യങ്ങൾ ലോകാവസാനംവരെ, സകല ജനതകളോടും പ്രഘോഷിക്കുന്നതിനുവേണ്ടിയാണ് യേശു സഭ സ്ഥാപിച്ചതും അപ്പസ്തോലന്മാരെ തിരഞ്ഞെടുത്ത് അയച്ചതും. അപ്പസ്തോലന്മാർ തങ്ങളുടെ വാക്കും പ്രവൃത്തികളും വഴി സുവിശേഷം പ്രഘോഷിച്ചു. ജ്ഞാനസ്നാനം, അപ്പം മുറിക്കൽ മുതലായ ആഘോഷങ്ങളും അനുഷ്ഠാനങ്ങളും വഴി വിശ്വാസപരിശീലനം നല്കി. പിന്നീടാണ് ലിഖിതങ്ങൾ ഉണ്ടായത്. സഭാസമൂഹങ്ങൾ നേരിട്ട പ്രതിസന്ധികളിൽ മാർഗ്ഗനിർദ്ദേശങ്ങളും വിശ്വാസസത്യങ്ങളെക്കുറിച്ച് വ്യക്തതയും നൽകുന്നതിനുവേണ്ടി അപ്പസ്തോലന്മാർ ലേഖനങ്ങൾ രചിച്ചു. ദൃക്സാക്ഷികളുടെ തലമുറ അവസാനിച്ചുതുടങ്ങിയപ്പോഴാണ് സുവിശേഷങ്ങൾ വിരചിതമായത്. ഇങ്ങനെ ചരിത്രപരമായി നോക്കുമ്പോൾ എഴുതപ്പെട്ട ബൈബിൾ ഉണ്ടാകുന്നതിനുമുമ്പേ സഭ ഉണ്ടായിരുന്നു; സഭയിലാണ് ബൈബിൾ രൂപപ്പെട്ടത്; സഭയാണ് ബൈബിൾ പ്രചരിപ്പിച്ചതും വ്യാഖ്യാനിച്ചതും.

യേശു പഠിപ്പിച്ചതും പ്രവർത്തിച്ചതുമായ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടില്ല എന്ന് സുവിശേഷകൻതന്നെ ഏറ്റുപറയുന്നുണ്ട് (യോഹ 20, 30; 21, 25). "ഞങ്ങൾ വചനം മുഖേനയോ കത്തു മുഖേനയോ നിങ്ങളെ പഠിപ്പിച്ചിട്ടുള്ള പാരമ്പര്യത്തെ മുറുകെ പിടിക്കുകയും അവയിൽ ഉറച്ചുനിൽക്കുകയും ചെയ്യുവിൻ" (2 തെസ 2, 15) എന്ന് ഉദ്ബോധിപ്പിക്കുന്ന വി. പൗലോസും ഇതേ നിലപാട് ആവർത്തിക്കുന്നു. അതിനാൽ ദൈവം വെളിപ്പെടുത്തിയിട്ടുള്ള സത്യത്തെ ഗ്രഹിക്കാൻ ലിഖിതമായ ബൈബിളും സഭയുടെ പരമ്പരാഗത പ്രബോധനങ്ങളും സ്വീകരിക്കണം.

പാരമ്പര്യം എന്നതുകൊണ്ട് മുഖ്യമായും നാലു കാര്യങ്ങളാണ് അർത്ഥമാക്കുന്നത്. 1. ആദ്യനൂറ്റാണ്ടിലെ ആരാധനക്രമങ്ങൾ 2. സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ 3. സാർവ്വത്രികസൂനഹദോസുകളുടെ പ്രഖ്യാപനങ്ങൾ 4. മാർപ്പാപ്പമാരുടെ വിശ്വാസസത്യ പ്രഖ്യാപനങ്ങൾ. അപ്പസ്തോലന്മാരിൽനിന്നും സ്വീകരിച്ച വിശ്വാസം സഭയിൽ സജീവമായി തുടർന്നതും വളർച്ച പ്രാപിച്ചതും ഇപ്രകാരമുള്ള

പാരമ്പര്യങ്ങൾ വഴിയാണ്. അതിനാൽ കത്തോലിക്കാ സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഏതെങ്കിലും കാര്യം ബൈബിളിൽ അതേപടി വ്യക്തമായി കാണുന്നില്ല എന്നതിന്റെ പേരിൽ നിഷേധിക്കുന്നതും തിരസ്കരിക്കുന്നതും ശരിയല്ല. കൂദാശകൾ, പരി. കന്യാമറിയത്തിന്റെ അമലോത്ഭവം, ദൈവമാതൃത്വം, സ്വർഗ്ഗാരോപണം മുതലായവ ഉദാഹരണങ്ങളാണ്.

### 10. വിശ്വാസത്തിന്റെ വളർച്ച

ബൈബിളിൽ പ്രതിപാദിക്കുന്ന വിശ്വാസസത്യങ്ങളുടെ ആഴങ്ങളിലേക്ക് പരിശുദ്ധാത്മാവിന്റെ സഹായത്തോടെ സാവധാനമാണ് സഭ കടന്നുവന്നത്. യേശുതന്നെ അതിനെക്കുറിച്ച് സൂചന നല്കിയിരുന്നു. "ഇനിയും വളരെ കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട്. എന്നാൽ, അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും" (യോഹ 16, 12). ഏക സത്യദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വമാണെന്ന് സാവധാനമാണ് ഗ്രഹിച്ചത്. അനേകം സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും സാർവ്വത്രിക സൂനഹദോസുകളുടെ പ്രഖ്യാപനങ്ങളും ഈ സത്യത്തിനു വ്യക്തത നല്കി. യേശുക്രിസ്തു മനുഷ്യനായി അവതരിച്ച ദൈവപുത്രനാണെന്നും ഒരേ സമയം പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണെന്ന സത്യവും സാവകാശമാണ് വ്യക്തത പ്രാപിച്ചത്. വഴിതെറ്റിയ വ്യാഖ്യാനങ്ങളും പാഷണ്ഡതകളും സഭയുടെ പരിചിന്തനങ്ങൾക്കും നിർവ്വചനങ്ങൾക്കും പ്രേരകമായി. സത്യത്തിന്റെ ആഴങ്ങളിലേക്കുള്ള ഈ തീർത്ഥാടനം പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിൽ സഭ ഇന്നും തുടരുന്നു.

ബൈബിളിൽ ഇല്ലാത്ത എന്തെങ്കിലുമോ, ബൈബിളിൽ പറയുന്നതിനു വിരുദ്ധമായോ സഭ പഠിപ്പിക്കുന്നു എന്ന് ഇതിനർത്ഥമില്ല. ബൈബിൾ ഉൾക്കൊള്ളുന്ന സത്യങ്ങൾ കൂടുതൽ വ്യക്തമാക്കുകയും ആനുകാലികമായി വ്യാഖ്യാനിച്ചു പഠിപ്പിക്കുകയും മാത്രമാണ് സഭ ചെയ്യുന്നത്. അതിനാൽ ബൈബിളും സഭാപാരമ്പര്യവും തമ്മിൽ വൈരുദ്ധ്യമില്ല. രണ്ടും പരസ്പരം പൂരകങ്ങളായി വർത്തിക്കുന്നു.

### 11. ആധികാരികവും അന്തിമവുമായ വ്യാഖ്യാനം സഭയുടേത്

നിത്യരക്ഷയ്ക്ക് ആവശ്യമായ കാര്യങ്ങൾ ഏവർക്കും ഗ്രഹിക്കാൻ കഴിയും വിധം ലളിതമായിട്ടാണ് ബൈബിൾ അവതരിപ്പിച്ചിരി

ക്കുന്നത്. പത്തു പ്രമാണങ്ങൾ, മലയിലെ പ്രസംഗം മുതലായവ ഉദാഹരണങ്ങൾ. എന്നാൽ ബൈബിളിലെ എല്ലാ കാര്യങ്ങളും, പല കാരണങ്ങളാൽ അത്ര തന്നെ ലളിതമോ, വ്യക്തമോ അല്ല. വ്യാഖ്യാനത്തെ സംബന്ധിച്ചു സംശയങ്ങൾ ഉണ്ടാകുമ്പോൾ സഭയുടെ ആധികാരികമായ പ്രബോധനങ്ങളായിരിക്കണം അന്തിമമായ മാനദണ്ഡം. "വി. ലിഖിതവ്യാഖ്യാനം സംബന്ധിച്ച കാര്യങ്ങളെല്ലാം സഭയുടെ അന്തിമമായ തീരുമാനത്തിന് വിധേയമാണ്. കാരണം ദൈവവചനം കാത്തു സംരക്ഷിക്കുകയും, വ്യാഖ്യാനിക്കുകയും ചെയ്യുക എന്ന ദൈവിക ദൗത്യവും ജോലിയും നിർവ്വഹിക്കുന്നത് സഭയാണ്" (DV 12).

ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷം പ്രഘോഷിക്കാനുള്ള ദൗത്യം അപ്പസ്തോല സമൂഹത്തെയാണ് നാഥൻ ഭരമേല്പിച്ചത് (മത്താ 28, 16-20; മർക്കോ 16, 14-20). തെറ്റിലേക്കു നയിക്കുന്ന തിന്മയുടെ ശക്തിയിൽനിന്ന് സംരക്ഷണം വാഗ്ദാനം ചെയ്തിരിക്കുന്നത് പത്രോസിന്റെ നേതൃത്വത്തിൽ വർത്തിക്കുന്ന അപ്പസ്തോലസമൂഹത്തിനും അവരുടെ പിൻഗാമികൾക്കുമാണ്. നീ പത്രോസ് (കേപ്പാ) ആണ്. ആ പാറ (കേപ്പ)മേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല (മത്താ 16, 18) എന്ന വാഗ്ദാനം പത്രോസിന്റെ പിൻഗാമികളിലൂടെ നയിക്കപ്പെടുന്ന സഭയുടെ പ്രബോധനാധികാരത്തെ സൂചിപ്പിക്കുന്നു. അതിനാൽ വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിച്ച് സഭ തന്റെ പ്രബോധനാധികാരം ഉപയോഗിച്ച് പഠിപ്പിക്കുന്നതിനെ നിഷേധിക്കുന്നതും എതിർക്കുന്നതും സത്യവിശ്വാസത്തിൽനിന്നും അകറ്റുകയാണ് ചെയ്യുക.

### 12. സാഹചര്യം കണക്കിലെടുക്കണം

"വാക്യങ്ങളുടെ അർത്ഥം ശരിയായി ഗ്രഹിക്കാൻ വി. ഗ്രന്ഥത്തിന്റെ ആകെയുള്ള ഉള്ളടക്കവും പൊരുത്തവും കണക്കിലെടുക്കണം" (DV 12). ബൈബിളിനെ ഒറ്റപ്പെട്ട വാക്യങ്ങളായിട്ടല്ല ഒറ്റ ഗ്രന്ഥമായി കാണണം. വാക്യങ്ങൾ ഖണ്ഡികകളുടെയും ഖണ്ഡികകൾ അധ്യായത്തിന്റെയും അധ്യായം പുസ്തകത്തിന്റെയും ഭാഗമാണ്. തന്നെയുമല്ല 73 പുസ്തകങ്ങൾ ചുരുൾ വിടർത്തുന്നത് ഒരേയൊരു രക്ഷാകരസത്യമാണ്. അതിനാൽ ഒരോ വാക്യവും വ്യാഖ്യാനിക്കുമ്പോൾ അത് എങ്ങനെ ബൈബിൾ അവതരിപ്പിക്കുന്ന ആശയങ്ങളുമായി പൊരുത്തപ്പെടുന്നു എന്നു ശ്രദ്ധിക്കണം. ആത്യന്തികമായി ബൈബിളിന്റെ ഗ്രന്ഥകർത്താവ് ദൈവം തന്നെയാണ്. അതിനാൽ പരസ്പര വിരുദ്ധങ്ങളായ വെളിപ്പെടുത്തലുകൾ ഉണ്ടാകാൻ സാധ്യതയില്ല.

ബൈബിളിലെ ചില പ്രസ്താവനകൾ, പക്ഷേ, പരസ്പരവിരുദ്ധമായി തോന്നാം. യേശുവിന്റെ തന്നെ ചില പ്രഖ്യാപനങ്ങൾ ഇപ്രകാരമുള്ള പ്രതീതി ഉളവാക്കുന്നവയാണ്. "സമാധാനമല്ല വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത്" (മത്താ 10, 34). "എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു" (യോഹ 14, 27). പരസ്പരം വിരുദ്ധമെന്നു തോന്നാവുന്ന ഇത്തരം പ്രസ്താവനകളുടെ ആഴങ്ങളിലേക്കു കടന്നുചെല്ലുമ്പോൾ അവ പരസ്പരം പൂരകങ്ങളാണെന്ന് ഗ്രഹിക്കാൻ കഴിയും. യേശുവിന്റെ സാന്നിധ്യത്തിൽ തീരുമാനമെടുക്കാൻ പ്രേരിതരാകുന്ന ജനങ്ങൾ അവിടുത്തെ പ്രബോധനങ്ങൾ സ്വീകരിക്കുന്നവരും സ്വീകരിക്കാത്തവരും എന്ന നിലയിൽ രണ്ടായി തിരിയും. അത് അസമാധാനത്തിനു കാരണമാകും. എന്നാൽ സത്യം സ്വീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെ ആഴമേറിയ സമാധാനം മനുഷ്യഹൃദയങ്ങളിൽ വസിക്കും. ഈ സമാധാനമാണ് യേശു നല്കുന്നത്; അത് പീഡനങ്ങളുടെയും സഹനങ്ങളുടെയും മധ്യേ നിലനിൽക്കുന്ന ശാശ്വത സമാധാനമാണ്.

ചില വാക്കുകളും വാക്യങ്ങളും സാഹചര്യത്തിൽനിന്ന് അടർത്തിയെടുത്താൽ ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നതിൽനിന്നും തികച്ചും വ്യത്യസ്തമായ അർത്ഥത്തിൽ വ്യാഖ്യാനിക്കാൻ കഴിയും. "വാളില്ലാത്തവൻ ഉടുപ്പുവിറ്റ് വാൾ വാങ്ങട്ടെ" (ലൂക്കാ 22, 36) ഉദാഹരണമാണ്. യേശുവിന്റെ പീഡാസഹനത്തോടെ ആവിർഭവിക്കുന്ന പ്രതിസന്ധിയിൽ വിശ്വാസവും പ്രാർത്ഥനയും വഴി ശക്തിയാർജ്ജിക്കാനുള്ള പ്രതീകാത്മകമായ ഉപദേശത്തെ സായുധസമരത്തിനുള്ള ആഹ്വാനമായി വ്യാഖ്യാനിക്കുന്നത് സാഹചര്യം കണക്കിലെടുക്കാത്തതിനാലാണ്. സ്ത്രീകൾ എപ്പോഴും ശിരോവസ്ത്രം ധരിക്കണമെന്നും സഭയിൽ നിശബ്ദത പാലിക്കണമെന്നും വി. പൗലോസ് പഠിപ്പിക്കുന്നത് (1 കോറി 11,2-16) കോറിന്തോസിലെ പ്രത്യേക സാഹചര്യം മൂലമാണെന്ന് മനസ്സിലാക്കാതെ എക്കാലത്തും ബാധകമായ പ്രബോധനമായി വ്യാഖ്യാനിക്കുമ്പോൾ തെറ്റുപറ്റുന്നു.

### 13. ആഴങ്ങളിലേക്ക് ഇറങ്ങണം

എഴുതപ്പെട്ട ദൈവവചനം പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ ആഴമേറിയ അർത്ഥം ഉൾക്കൊള്ളുന്നുണ്ടാവും. വാച്യാർത്ഥമാണ് ആദ്യമേ ശ്രദ്ധിക്കേണ്ടത്. എങ്കിലും എല്ലാ കാര്യങ്ങളും വാച്യാർത്ഥത്തിൽ മാത്രം വ്യാഖ്യാനിച്ചാൽ പോരാ. സാഹിത്യ രൂപങ്ങളെക്കുറിച്ചു കണ്ടതിനുപുറമെ മറ്റു ചിലതുകൂടി ശ്രദ്ധിക്കാനുണ്ട്.

**a. ആഴമേറിയ അർത്ഥം (Sensus plenior)**

പഴയനിയമത്തിലെ പല പ്രവചനങ്ങൾക്കും രണ്ട് അർത്ഥതലങ്ങളുണ്ട്. സമകാലികർക്കു മനസ്സിലാകുന്നതും പ്രസക്തവുമാണ് ആദ്യതലം. അത് അധികപങ്കും വാച്യാർത്ഥ്യത്തിൽ തന്നെ നിലനിൽക്കുന്നു. എന്നാൽ സമകാലികർക്കു ഗ്രഹിക്കാൻ കഴിയാതിരുന്നതും ഏറെ കാലത്തിനുശേഷം മാത്രം പൂർത്തിയാവുന്നതുമായ മറ്റൊരർത്ഥവും പ്രവചനങ്ങൾക്കുണ്ട്. പൂർത്തീകരണത്തിനുശേഷം മാത്രമേ, അതും ആധികാരികമായ വ്യാഖ്യാനത്തിലൂടെയേ ഗ്രഹിക്കാൻ കഴിയൂ. കന്യാജനനം (ഏശ. 7, 14; മത്താ 1, 22), ഈജിപ്തിൽനിന്നുള്ള തിരിച്ചുവരവ് (ഹോസി 11, 1; മത്താ 2, 15), രക്ഷകന്റെ സഹനം (ഏശ 53, 7-8; അപ്പ 8, 22-23) മുതലായവ ഉദാഹരണങ്ങൾ. യേശു വ്യാഖ്യാനിച്ചുകൊടുക്കുകയും ഗ്രഹിക്കാനായി ഹൃദയം തുറന്നുകൊടുക്കുകയും ചെയ്തപ്പോഴാണ് ശിഷ്യന്മാർക്ക് പ്രവചനങ്ങളുടെ പൊരുൾ മനസ്സിലായത് (ലൂക്കാ 24, 27; 45).

**b. പ്രതീകാത്മക വ്യാഖ്യാനം (Typological interpretation)**

പഴയനിയമത്തിലെ പല വ്യക്തികളും വസ്തുക്കളും സംഭവങ്ങളും പുതിയ നിയമത്തിൽ പൂർത്തിയാകാനിരുന്നതിന്റെ പ്രതീകങ്ങളായിരുന്നു. ഉദാ: പഴയനിയമത്തിലെ ആദാം യേശുക്രിസ്തുവിന്റെ പ്രതീകമായി വ്യാഖ്യാനിക്കപ്പെടുമ്പോൾ പഴയ ആദാം - പുതിയ ആദാം എന്ന കാഴ്ചപ്പാടു സംജാതമാകുന്നു (റോമ 5, 12-21). ചുമലിൽ വിറകുമായി മല കയറുന്ന ഇസഹാക്ക് കുരിശു ചുമന്ന് ഗാഗുൽത്തായിലേക്ക് പോകുന്ന യേശുവിന്റെ പ്രതീകമായി നിലകൊള്ളുന്നു. പഴയനിയമത്തിലെ പ്രധാന പുരോഹിതൻ പുതിയനിയമത്തിലെ പ്രധാനപുരോഹിതനായ യേശുവിന്റെ പ്രതീകമാണ് (ഹെബ്രാ 8-9). പ്രമാണപ്പലകകൾ ഉള്ളടക്കം ചെയ്തിരുന്ന ഉടമ്പടിയുടെ പേടകം ദൈവപുത്രനെ ഉദരത്തിൽ വഹിച്ച മറിയത്തിന്റെ പ്രതീകമായി വ്യാഖ്യാനിക്കാം. പഴയനിയമത്തിലെ സകല ബലികളും യേശുവിന്റെ ഏക ബലിയിലേക്കു വിരൽ ചൂണ്ടുന്ന പ്രതീകങ്ങളായിരുന്നു.

**c. ആത്മീയ വ്യാഖ്യാനം (Spiritual Interpretation)**

ബൈബിളിലെ പല പരാമർശങ്ങളും ശാരീരികവും ആത്മീയവുമായ അർത്ഥത്തിൽ മനസ്സിലാക്കുവാൻ കഴിയും. ഇതു പഴയനിയമത്തിലും പുതിയ നിയമത്തിലും ഒരുപോലെ പ്രസക്തമാണ്. മരു

ഭൂമിയിൽ വർഷിച്ച് ജനത്തിന്റെ വിശപ്പടക്കിയ മന്ന ദൈവം നൽകുന്ന ആത്മീയ ഭക്ഷണത്തിന്റെ പ്രതീകവും ആയിരുന്നു. സ്വർഗ്ഗത്തിൽനിന്നു വന്ന യഥാർത്ഥ അപ്പം താനാണ്, തന്റെ ശരീരമാണ് എന്നു പഠിപ്പിച്ചപ്പോൾ ഈ രണ്ട് അർത്ഥതലങ്ങളും യേശു വ്യക്തമാക്കുകയായിരുന്നു. ചെങ്കടൽ കടന്നവർ ഫറവോയുടെ ആധിപത്യത്തിൽനിന്ന് രാഷ്ട്രീയ മോചനം നേടി; ഒപ്പം ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ആത്മീയയാത്രയുമായിരുന്നു അത്.

യേശു കുരുടർക്കു നൽകിയ കാഴ്ചയും ചെകിടർക്കു നൽകിയ കേൾവിയും ഒരേസമയം ശാരീരികവും ആത്മീകവുമായിരുന്നു. ആഹാരത്തിനുവേണ്ടി യാചിക്കാൻ പഠിപ്പിച്ചപ്പോൾ ശരീരത്തിനും ആത്മാവിനും വേണ്ട ആഹാരമാണ് യേശു ഉദ്ദേശിച്ചത്. അതിനാൽ ആത്മീയത പൂർണ്ണമായി അവഗണിക്കുന്ന ഭൗതികതയും ശരീരത്തെ പൂർണ്ണമായി അവഗണിക്കുന്ന ആത്മീയതയുമല്ല, രണ്ടും സമഞ്ജസമായി സ്വീകരിക്കുന്ന ഒരു ബൈബിൾ വ്യാഖ്യാനമാണ് ആവശ്യം. ഏതെങ്കിലും ഒരു തലത്തിൽ മാത്രം ഒതുങ്ങിനിൽക്കുമ്പോൾ ബൈബിളിന്റെ സന്ദേശം പകുതിയായി വെട്ടിച്ചുരുക്കപ്പെടുന്നു.

### d. രൂപാത്മക വ്യാഖ്യാനം (Allegoric Interpretation)

ബൈബിളിലെ വിവരണങ്ങളുടെ വിശദാംശങ്ങൾക്ക് വാച്യാർത്ഥത്തിൽ കാണുന്നതിൽനിന്നു വ്യത്യസ്തമായ അർത്ഥം കണ്ടെത്തുന്ന വ്യാഖ്യാനരീതിയാണിത്. സുവിശേഷങ്ങളിൽതന്നെ ഈ വ്യാഖ്യാനരീതിയുടെ സ്വാധീനം ദൃശ്യമാണ്. വിതക്കാരന്റെ ഉപമയും (മത്താ 13, 1-9) അതിന്റെ വ്യാഖ്യാനവും (മത്താ 13, 18-23) വ്യക്തമായ ഉദാഹരണമാണ്. ദൈവികമായ ഒരു യാഥാർത്ഥ്യത്തെ ഭൗതികമായ യാഥാർത്ഥ്യത്തോട് താരതമ്യം ചെയ്ത് ഒരു സന്ദേശം നല്കുകയാണ് ഉപമയുടെ ഉദ്ദേശ്യം. നിരവധി പ്രതിബന്ധങ്ങളെ മറികടന്ന് ദൈവരാജ്യത്തിന്റെ സുവിശേഷം ഫലമണിയും എന്ന സന്ദേശമാണ് വിതക്കാരന്റെ ഉപമയുടെ കേന്ദ്രം. എന്നാൽ വ്യാഖ്യാനത്തിൽ ഓരോ വിശദാംശത്തിനും പ്രത്യേകം പ്രത്യേകം അർത്ഥം നല്കുന്ന ഒരു വ്യാഖ്യാനരീതിയുണ്ട്. ഇതിനെ അന്യാപദേശം (alegory) എന്നു വിളിക്കാം. ഈ വ്യാഖ്യാനത്തിൽ ഉപമയുടെ കേന്ദ്രം ദൈവരാജ്യത്തിന്റെ ഫലദായകത്വത്തിൽനിന്ന് ദൈവവചനം സ്വീകരിക്കുന്നവരുടെ മനോഭാവത്തിലേക്ക് മാറുന്നു. വിതക്കാരൻ = മനുഷ്യപുത്രൻ, വിത്ത് = ദൈവവചനം, വയൽ = ഹൃദയം എന്നിങ്ങനെ വിശദീകരണം നല്കുന്നത് രൂപാത്മക വ്യാഖ്യാനത്തിന്റെ ഉദാഹരണമാണ്.

യഹൂദ റബ്ബിമാർ ഈ വ്യാഖ്യാനരീതി ഉപയോഗിച്ചിരുന്നു. റബ്ബിമാരുടെ സ്കൂളിൽ അഭ്യസിച്ച വി. പൗലോസും ഈ വ്യാഖ്യാനരീതി ഉപയോഗിച്ചിട്ടുണ്ട്. അബ്രാഹം, ഹാഗാർ, സാറാ, രണ്ടു മക്കൾ, സീനായ്, ജറുസലേം എന്നിവയുടെ വ്യാഖ്യാനത്തിൽ ഈ രീതിയുടെ സ്വാധീനം കാണാം (ഗലാ 4, 21–31). സഭാപിതാക്കന്മാർ ഈ വ്യാഖ്യാനരീതി വ്യാപകമായി ഉപയോഗിച്ചിരുന്നു. അന്ത്യോഖ്യൻ സഭയിൽ വാച്യാർത്ഥത്തിനു പ്രാധാന്യം നല്കി, ബൈബിളിന്റെ ശാസ്ത്രീയ വിശദീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ അലക്സാണ്ട്രിയൻ സഭയിൽ രൂപാത്മക വ്യാഖ്യാനത്തിനാണ് പ്രാധാന്യം കല്പിച്ചത്. വ്യാഖ്യാതാവിന്റെ ഭാവനയ്ക്കനുസൃതം ബൈബിളിൽ ഇല്ലാത്ത പല കാര്യങ്ങളും വ്യാഖ്യാനത്തിലൂടെ അവതരിപ്പിക്കാൻ കളമൊരുക്കുന്ന ഒരു വ്യാഖ്യാനരീതിയാണിത്. അതിനാൽ ഈ രീതിയുടെ പ്രയോഗത്തിൽ പ്രത്യേക ശ്രദ്ധയും കണിശമായ നിയന്ത്രണവും ആവശ്യമായി വരുന്നു.

### e. പ്രസംഗാത്മക വ്യാഖ്യാനം (Midrashic Interpretation)

യഹൂദ പണ്ഡിതന്മാരുടെയിടയിൽ പ്രചാരത്തിലിരുന്ന ഒരു ബൈബിൾ വ്യാഖ്യാനരീതിയാണ് *മിദ്രാശ്.* അന്വേഷിക്കുക എന്നർത്ഥമുള്ള *ദാറാശ്* എന്ന ക്രിയാധാതുവിൽനിന്നാണ് *മിദ്രാശ്* എന്ന വാക്കിന്റെ ഉത്ഭവം. ദൈവഹിതം അറിയാനുള്ള അന്വേഷണം എന്നാണ് മൂലാർത്ഥം. ബൈബിൾ വ്യാഖ്യാനത്തിൽ രണ്ടു രീതിയിലാണ് ഈ വ്യാഖ്യാനരീതി ഉപയോഗിച്ചിരിക്കുന്നത്. ബൈബിളിലെ നിയമങ്ങൾ ആനുകാലിക ജീവിതത്തിന് ആവശ്യമായ രീതിയിൽ വ്യാഖ്യാനിക്കുന്നതിനെ *ഹാലാക്കാ* എന്നു വിളിക്കുന്നു, നടക്കുക എന്നർത്ഥമുള്ള *ഹാലാക്ക്* എന്ന ക്രിയാധാതുവിൽ നിന്നാണ് ഈ വാക്കിന്റെ ഉത്ഭവം. ദൈവഹിതാനുസൃതം ജീവിതം നയിക്കുന്നതിന് ആവശ്യമായ നിയമങ്ങൾ എന്ന് ഇതിനെ വിശദീകരിക്കാം. രണ്ടാമത്തെ വ്യാഖ്യാനരീതി *ഹഗദ* എന്ന പേരിൽ അറിയപ്പെടുന്നു. വിശദീകരിക്കുക, പ്രഖ്യാപിക്കുക, തെളിയിക്കുക എന്നൊക്കെ അർത്ഥമുള്ള *നാഗാദ്* എന്ന ക്രിയാധാതുവിൽ നിന്നാണ് *ഹഗദാ* എന്ന വാക്കിന്റെ ഉത്ഭവം. ബൈബിളിലെ വ്യക്തികളെയും സംഭവങ്ങളെയും കുറിച്ചുള്ള വിവരണങ്ങൾ ആനുകാലികമായി വ്യാഖ്യാനിച്ച് വിശുദ്ധ ജീവിതം നയിക്കാൻ പ്രചോദനം നല്കുകയാണ് ഹഗദായുടെ ലക്ഷ്യം. ഈ രണ്ടു വിധത്തിലുള്ള വ്യാഖ്യാനങ്ങളും ബൈബിളിന്റെ ശാസ്ത്രീയ വ്യാഖ്യാനം എന്നതിനേക്കാൾ ജീവിത

ത്തിന് പ്രചോദനവും മാർഗ്ഗനിർദ്ദേശവും നൽകുന്ന നല്ല ഉപദേശങ്ങളായി പരിഗണിക്കണം.

പഴയനിയമത്തിൽത്തന്നെ ഇപ്രകാരമുള്ള പ്രസംഗാത്മക വ്യാഖ്യാനങ്ങൾ കാണാം. ദിനവൃത്താന്തം എന്ന പേരിൽ അറിയപ്പെടുന്ന രണ്ടു പുസ്തകങ്ങളും സാമുവേൽ, രാജാക്കന്മാർ എന്നീ പുസ്തകങ്ങളെ ആസ്പദമാക്കിയുള്ള പ്രസംഗാത്മക വ്യാഖ്യാനങ്ങളാണ്. യോനാ, തോബിത്, യൂദിത്ത്, എസ്തേർ തുടങ്ങിയ പുസ്തകങ്ങളിലും ഈ വ്യാഖ്യാനരീതി ദൃശ്യമാണ്. പഴയനിയമഗ്രന്ഥങ്ങൾക്കുശേഷം യഹൂദർക്കിടയിൽ രൂപപ്പെട്ടതും ബൈബിളിന്റെ ഭാഗമായി അംഗീകരിക്കപ്പെടാത്തതുമായ അനേകം അപ്രമാണിക ഗ്രന്ഥങ്ങൾ മിദ്രാശ് വ്യാഖ്യാനരീതി അനുവർത്തിച്ച് രചിച്ചിട്ടുള്ളവയാണ്. ആദാം, ഏനോക്ക്, ജോസഫ്, മോശ, ഏശയ്യ തുടങ്ങിയ അനേകം വ്യക്തികളെ കഥാപാത്രങ്ങളാക്കിയ ഹഗദാ രൂപത്തിലുള്ള കൃതികൾ ഉദാഹരണങ്ങളാണ്.

പുതിയ നിയമത്തിലും ഇപ്രകാരമുള്ള വ്യാഖ്യാനരീതി ദൃശ്യമാണ്. വിവാഹമോചനത്തെക്കുറിച്ചുള്ള ചോദ്യത്തിന് യേശു നൽകുന്ന ഉത്തരം *ഹലാക്കാ* രീതിയിലുള്ളതാണ് (മത്താ 5, 31–32; 19, 7–12). പുറപ്പാടു സംഭവത്തിന്റെ പുനർവായനയിൽ വി. പൗലോസ് *ഹഗദാ* രീതിയിലുള്ള വ്യാഖ്യാനമാണ് നൽകുന്നത് (1 കോറി 10, 1–13). മോശയെഎതിർത്ത ഈജിപ്തിലെ മന്ത്രവാദികളെക്കുറിച്ച് പൗലോസും (2 തിമോ 3,8–9), മോശയുടെ ശരീരത്തെച്ചൊല്ലി പിശാചുമായി തർക്കിച്ച മുഖ്യദൂതനായ മിഖായേലിനെക്കുറിച്ച് യൂദായും (യൂദാ 9) പരാമർശിക്കുമ്പോൾ ഇതേ വ്യാഖ്യാനരീതിതന്നെ അവലംബിക്കുന്നതുകാണാം.

ബൈബിൾ സന്ദേശം ആനുകാലികമായി വ്യാഖ്യാനിച്ച് ശ്രോതാക്കളെ ഉത്തേജിപ്പിക്കാൻ ഈ വ്യാഖ്യാനരീതി ഏറെ സഹായകമാണ്. ഇന്ന് ധ്യാനപ്രസംഗങ്ങളിലും കൺവെൻഷൻ പ്രഭാഷണങ്ങളിലുമൊക്കെ ഈ വ്യാഖ്യാനരീതി വളരെയേറെ ഉപയോഗിച്ചുവരുന്നു. കർത്താവു കയറിയ കഴുത, ബർത്തിമേയൂസ് വലിച്ചെറിഞ്ഞ പുറംകുപ്പായം, സക്കേവൂസ് കയറിയിരുന്ന സിക്കമൂർമരം, പത്രോസിന്റെ കോഴി എന്നിങ്ങനെ പ്രത്യക്ഷത്തിൽ അപ്രധാനമെന്നു തോന്നുന്ന ഏതെങ്കിലും ഒരു വിശദാംശം പ്രസംഗകന്റെ ഭാവന ഉപയോഗിച്ച് വിപുലമായി വ്യാഖ്യാനിച്ച് കേൾവിക്കാർക്ക്

ആവശ്യമായ നിർദ്ദേശങ്ങളും പ്രചോദനങ്ങളും നല്കുന്നതാണ് ഈ വ്യാഖ്യാനരീതി.

ഇതിനെ ബൈബിൾ വ്യാഖ്യാനം എന്നതിനേക്കാൾ ബൈബിളിന്റെ ഒരു പുനർവായന എന്നോ ബൈബിൾ വിവരണങ്ങളിൽ ഊന്നി നിൽക്കുന്ന ഒരു പ്രസംഗം എന്നോ വിശേഷിപ്പിക്കുകയാകും ഉചിതം. രൂപകാത്മക വ്യാഖ്യാനത്തേക്കാൾ ഭാവന കാടുകയറാനും വ്യാഖ്യാനം ബൈബിൾ സന്ദേശത്തിൽനിന്ന് അകന്നുപോകാനും ഇവിടെ സാധ്യതകൾ കൂടുതലുണ്ട്. സുവിശേഷപ്രഘോഷണത്തിന് ഈ വ്യാഖ്യാനരീതി വളരെ ഉപകാരപ്രദമാണ്. എന്നാൽ ബൈബിൾ പഠിപ്പിക്കുന്ന അടിസ്ഥാനസത്യങ്ങൾക്കും സഭയുടെ ആധികാരിക പ്രബോധനങ്ങൾക്കും അനുസൃതമായി വ്യാഖ്യാനം ക്രമീകരിക്കാൻ പ്രസംഗകൻ ശ്രദ്ധിക്കണം.

### 14 ബൈബിളിലെ അരോചകവിവരണങ്ങൾ

മനുഷ്യരക്ഷയ്ക്കാവശ്യമായ കാര്യങ്ങൾ ദൈവികവെളിപാടായി രേഖപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥമാണ് ബൈബിൾ. എന്നാൽ അതിൽ വിവരിക്കുന്ന ചില സംഭവങ്ങൾ രക്ഷാകരം എന്നതിനേക്കാൾ ഉതപ്പുളവാക്കുന്നതും അരോചകവുമായി തോന്നാം. വ്യഭിചാരവും കൊലപാതകവും എന്നല്ല എല്ലാതരം തിന്മകളും ബൈബിളിൽ പ്രതിപാദനവിഷയമാകുന്നു. നോഹിന്റെ മദ്യലഹരിയും നഗ്നതയും, ലോത്തിന്റെയും പെൺമക്കളുടെയും പതനവും, ദാവീദിന്റെ വ്യഭിചാരവും എല്ലാം ഉദാഹരണങ്ങളാണ്. അശ്ലീലം എന്നു തോന്നുന്ന വിവരണങ്ങളും ബൈബിളിൽ കാണാം. ഉത്തമഗീതത്തിലെ ചില വർണ്ണനകൾ, ചില പ്രവാചക ഗ്രന്ഥങ്ങളിലെ വിവരണങ്ങൾ, ഒരു ജനസമൂഹത്തെ മുഴുവൻ ഉന്മൂലനം ചെയ്യാനായി ദൈവത്തിന്റെ പേരിൽ രേഖപ്പെടുത്തിയിരിക്കുന്ന കല്പനകൾ മുതലായവയും സംശയമുണർത്തുന്നു. എന്തേ ഇത്തരം സംഭവങ്ങൾ വിശുദ്ധ ഗ്രന്ഥമായ ബൈബിളിൽ വിവരിച്ചിരിക്കുന്നു എന്ന് ന്യായമായും ചോദിക്കാവുന്നതാണ്.

ആത്മീയമായ ഉണർവ്വും ഉത്തേജനവും നല്കുന്ന വിശുദ്ധരുടെ ജീവചരിത്രവും ഉപദേശങ്ങളുമല്ല ബൈബിൾ. പാപിയായ മനുഷ്യന് ദൈവം നൽകുന്ന രക്ഷയുടെ ചരിത്രമാണത്. രക്ഷ ആവശ്യമായിവന്ന പാപത്തിന്റെ സാഹചര്യങ്ങൾ വിവരിക്കുക തികച്ചും ആവശ്യമായിരുന്നു. തന്നെയുമല്ല, ദൈവത്തെ ആശ്രയിക്കാതെയും അനു

സരിക്കാതെയും ജീവിക്കുന്ന മനുഷ്യൻ എത്ര ദയനീയവും ഭീകരവുമായ വിധത്തിൽ അധഃപതിക്കുന്നു എന്നതിന്റെ ഉദാഹരണങ്ങളാണ് അരോചകമായി തോന്നാവുന്ന വിവരണങ്ങൾ. ജനിക്കുന്നതിനുമുമ്പേ വിളിക്കപ്പെട്ട സാംസണും, ദൈവം പ്രത്യേകം സ്നേഹിച്ചു രാജാവായി തിരഞ്ഞെടുത്ത ദാവീദും, മഹാജ്ഞാനിയായ സോളമനും വീഴ്ചകൾ സംഭവിക്കാമെങ്കിൽ അത്രതന്നെ വിശുദ്ധരും ജ്ഞാനികളുമല്ലാത്ത സാധാരണക്കാർ എത്രയധികം ശ്രദ്ധിക്കണം, ദൈവത്തിൽ ആശ്രയിക്കണം എന്ന് ഈ വിവരണങ്ങളിലൂടെ പഠിപ്പിക്കുന്നു.

അശ്ലീലം എന്നു തോന്നാവുന്ന വിവരണങ്ങൾ രണ്ടു വിധത്തിലുള്ളവയാണ്. ഉത്തമഗീതം സ്നേഹത്തിന്റെ ഉദാത്തമായ ഒരു കാവ്യമാണ്. വിവാഹിതരാകാൻ ആഗ്രഹിക്കുന്ന രണ്ടു കമിതാക്കൾ തമ്മിലുള്ള സംഭാഷണവും വിശുദ്ധമായ പ്രേമത്തിന്റെ വിവരണങ്ങളുമാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. പ്രത്യക്ഷത്തിൽ കാണുന്ന പ്രേമവികാരത്തിനപ്പുറത്ത് ദൈവമനുഷ്യബന്ധത്തെ കുറിച്ച് കാവ്യാത്മകമായ ഒരവതരണമാണിത്. ഇസ്രായേലും ദൈവവും തമ്മിൽ, മനുഷ്യാത്മാവും ദൈവാത്മാവും തമ്മിൽ, യേശുവും സഭയും തമ്മിൽ, ഉള്ള ഗാഢമായ സ്നേഹബന്ധം ഈ കാവ്യത്തിൽ പ്രകീർത്തിക്കപ്പെടുന്നു. പ്രവാചകന്മാരുടെ വിവരണങ്ങളിൽ വിഗ്രഹാരാധനയെ വ്യഭിചാരമായി ചിത്രീകരിക്കുകയാണ്. വേശ്യാവൃത്തിയിലൂടെ ഭർത്താവിനോട് അവിശ്വസ്തയായിത്തീർന്ന ഭാര്യയേപ്പോലെയാണ് വിഗ്രഹാരാധന വഴി കർത്താവിനെ പരിത്യജിച്ച ഇസ്രായേൽ എന്ന് അവർ പഠിപ്പിക്കുന്നു. തങ്ങളുടെ പാപത്തിന്റെ കാഠിന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടിയാണ് വേശ്യാവൃത്തിയുടെ പ്രതീകങ്ങൾ വികാരതീവ്രതയോടെ അവതരിപ്പിക്കുന്നത്.

പഴയനിയമത്തിലെ പല കൽപനകളും ഇന്ന് അസ്വീകാര്യവും അരോചകവുമായി തോന്നാം. ഇസ്രായേൽ ജനത്തിനു മാത്രം സംരക്ഷണം നൽകുകയും മറ്റുജനതകളെ അവർക്കുവേണ്ടി നശിപ്പിക്കുകയും ചെയ്യുന്ന ഒരു ദൈവത്തിന്റെ ചിത്രം സ്വീകരിക്കാൻ ഇന്നു ബുദ്ധിമുട്ടുണ്ട്. കാലഹരണപ്പെട്ടുപോയ ഒരു കാഴ്ചപ്പാടാണ് ആ വിവരണങ്ങളിലും കൽപനകളിലും അവതരിപ്പിച്ചിരിക്കുന്നത്. ഓരോ ജനതയ്ക്കും ഓരോ ദൈവം എന്ന പൊതു വിശ്വാസം നിലവിലിരുന്ന കാലത്ത് ഇസ്രായേൽക്കാർ തങ്ങളുടെ ദൈവത്തെക്കുറിച്ച്

വച്ചുപുലർത്തിയിരുന്ന വിശ്വാസവും ഈ വിവരണങ്ങളിലുണ്ട്. സർവ്വശക്തനും കർത്താവുമായ ദൈവം ഇസ്രായേലിന്റെ മാത്രമല്ല സകല ജനതകളുടെയും ദൈവമാണെന്നും ഇസ്രോയേലിനെപ്പോലെ തന്നെ മററു ജനതകളെയും ദൈവം സ്നേഹിക്കുകയും സംരക്ഷിക്കുയും ചെയ്യുന്നുവെന്നും സാവകാശമാണ് അവർ ഗ്രഹിച്ചത്. ലോക ജനതകൾക്കു മദ്ധ്യേ കർത്താവിന്റെ സാക്ഷികളാവുകയാണ് തങ്ങളുടെ ദൗത്യം എന്നും സാവകാശം അവർക്കു വെളിപ്പെട്ടു. ഈ വെളിപാടിന്റെ പൂർണ്ണതയാണ് യേശുവിലൂടെ ലഭിച്ചത്. അതിനാൽ ഇന്ന് അസ്വീകാര്യമായ നിയമങ്ങൾ കടന്നുപോന്ന വഴികളെ അനുസ്മരിപ്പിക്കുന്ന നാഴികകല്ലുകളായി കരുതിയാൽ മതി.

9

# രക്ഷാചരിത്രം

ദൈവം മനുഷ്യന് നൽകുന്ന രക്ഷയുടെ ചരിത്രമാണ് ബൈബിൾ അനാവരണം ചെയ്യുന്നത്. തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച്, തന്റെ ശ്വാസത്താൽ ജീവൻ നൽകി പറുദീസായിൽ പാർപ്പിച്ച മനുഷ്യൻ എന്നും സന്തോഷവാനായി തന്നോടൊത്ത് കഴിയണം എന്നതായിരുന്നു ദൈവത്തിന്റെ ആഗ്രഹവും പദ്ധതിയും. ദൈവഹിതം അനുസരിച്ചു ജീവിച്ചാലേ ദൈവത്തോടൊന്നിച്ചായിരിക്കാൻ കഴിയൂ. അനുസരണവും വിധേയത്വവും അടിമത്തമല്ല, മക്കളുടെ സ്വാതന്ത്ര്യമാണ് പ്രകടമാക്കുക. കാരണം സൃഷ്ടി എന്തെന്നും എന്തിനെന്നും നിശ്ചയിക്കുന്നത് സൃഷ്ടിയല്ല, സ്രഷ്ടാവാണ്.

എന്നാൽ ദൈവഹിതം ജീവിതപ്രമാണമായി സ്വീകരിക്കുന്നത് എന്തോ കുറവാണെന്നു കരുതിയ മനുഷ്യൻ വിധേയത്വം വെടിഞ്ഞ് ദൈവമാകാൻ ശ്രമിച്ചു. കല്പന ലംഘിച്ച് ദൈവത്തോട് തുല്യനാകാൻ ശ്രമിച്ചവന് എല്ലാം നഷ്ടപ്പെട്ടു. ദൈവിക സാന്നിധ്യവും അതു നൽകുന്ന ആനന്ദവും സൂചിപ്പിക്കുന്ന പറുദീസായിൽ നിന്ന് മനുഷ്യൻ പുറത്താക്കപ്പെട്ടു. ജീവിതം ശോകപൂർണ്ണമായി. അധ്വാനവും രോഗങ്ങളും അവനെ വലച്ചു. സ്രഷ്ടാവിനെ ധിക്കരിച്ചവന് പ്രകൃതി ശത്രുവായി മാറി. ദൈവത്തിന്റെ ശ്വാസത്താൽ ത്രസിച്ച മണ്ണ് ശ്വാസം നഷ്ടപ്പെട്ട് വീണ്ടും മണ്ണിലേക്ക് മടങ്ങി. മരണം മനുഷ്യന്റെ മേൽ ആധിപത്യം സ്ഥാപിച്ചു.

ഈ അവസ്ഥയിൽ നിന്ന് വീണ്ടും ദൈവമക്കളുടെ സ്ഥാനത്തേക്ക് ഉയർത്തി, നിത്യം ദൈവത്തോടൊന്നിച്ചായിരിക്കാൻ മനുഷ്യനെ ഒരുക്കുന്നതാണ് ദൈവത്തിന്റെ രക്ഷാകര പദ്ധതി. ആ പദ്ധതി ചുരുൾ വിടരുന്നതിന്റെ ചരിത്രമാണു രക്ഷാചരിത്രം. ഈ ചരിത്രത്തെ 3 ഘട്ട

മായി തിരിക്കാം. 1. ഒരുക്കം 2. പൂർത്തീകരണം 3. പ്രഘോഷണം. പ്രപഞ്ച സൃഷ്ടിമുതൽ രക്ഷകനായ യേശുവിന്റെ വരവു വരെയുള്ള സുദീർഘമായ കാലഘട്ടം ഒരുക്കത്തിന്റെ കാലമാണ്. പ്രവചനങ്ങളും പ്രതീക്ഷകളും പൂർത്തിയാക്കുന്ന ക്രിസ്തു സംഭവമാണ് പൂർത്തീകരണം. യേശുവിലൂടെ മനുഷ്യകുലത്തിനു ലഭ്യമായ രക്ഷാലോകമെങ്ങും പ്രഘോഷിച്ച് സകലരേയും നിത്യജീവനിലേക്ക് ആഹ്വാനം ചെയ്യുന്ന കാലഘട്ടത്തെ പ്രഘോഷണത്തിന്റെ കാലഘട്ടം എന്നു വിളിക്കുന്നു. പൊതുവേ പറഞ്ഞാൽ, ആദ്യത്തേത് ഇസ്രായേൽ ജനനത്തിന്റെയും അവസാനത്തേത് ക്രിസ്തു സഭയുടെയും കാലമാണ്. ഇവയ്ക്ക് മദ്ധ്യേയുള്ള ക്രിസ്തു സംഭവമാണ് ചരിത്രത്തിന്റെ തന്നെ മധ്യം. പഴയ നിയമം മുഴുവൻ ഈ സംഭവത്തിലേക്ക് നയിക്കുന്നു. പുതിയ നിയമമാകട്ടെ ഈ സംഭവത്തിൽ നിന്നാരംഭിക്കുന്നു. ഈ മൂന്നു കാലഘട്ടങ്ങളെയും, പ്രത്യേകിച്ച് ആദ്യഘട്ടത്തെ, അൽപം ഒന്ന് അടുത്ത് പരിശോധിക്കാം.

### I. ഒരുക്കത്തിന്റെ കാലം

പ്രപഞ്ച സൃഷ്ടി മുതൽ രക്ഷകനായ യേശുവിന്റെ ആഗമനം വരെയുള്ള കാലം ഒരുക്കത്തിന്റെ കാലമാണ്. സുദീർഘമായ ഈ കാലഘട്ടം  മുഴുവനുമാണ് പഴയ നിയമത്തിന്റെ ഇതിവൃത്തം. ഈ കാലത്തെ പഠന സൗകര്യാർത്ഥം ഏഴു ഘട്ടങ്ങളായി തിരിക്കാം, 1. ആദിചരിത്രം 2. പൂർവ്വ പിതാക്കന്മാരുടെ ചരിത്രം 3. പുറപ്പാടു സംഭവം 4. വാഗ്ദത്തഭൂമിക്കു വേണ്ടി പോരാട്ടങ്ങൾ 5. രാജവാഴ്ച 6. പ്രവാസം 7. പ്രവാസാനന്തരം  പഴയനിയമം അവതരിപ്പിക്കുന്ന കാലഗണനയിൽ ഇസ്രായേൽ ജനത്തിന്റെ ഗതി വിഗതികളാണ് കേന്ദ്രസ്ഥാനത്ത് നിൽക്കുന്നത്. അതോടൊപ്പം ഇസ്രായേൽ ജനത്തിന് ഇതര ജനങ്ങളോടുള്ള ബന്ധവും സൂചിപ്പിക്കുന്നുണ്ട്. ഇസ്രായേലിനെ ലോകജനതയുടെ പ്രതിനിധിയും പ്രതീകവുമായി അവതരിപ്പിക്കുന്നു. ഇസ്രായേൽ ജനത്തിലൂടെയാണ് രക്ഷാകര പദ്ധതി അനാവരണം ചെയ്യപ്പെടുന്നതും പൂർത്തീകരണത്തിലെത്തുന്നതും. ഈ കാലഘട്ടത്തിൽ ഓരോന്നിന്റെയും മുഖ്യമായ സവിശേഷതകളും രക്ഷാചരിത്രത്തിലുള്ള സ്ഥാനവും ചൂണ്ടിക്കാണിക്കാനാണ് അടുത്തതായി ശ്രമിക്കുന്നത്. അതോടൊപ്പം ഏതെല്ലാം ബൈബിൾ ഗ്രന്ഥങ്ങൾ ഏതേതു കാലത്തു വിരചിതമായി എന്ന് എടുത്തു കാണിക്കാനും ശ്രമിക്കുന്നു.

**1. ആദിചരിത്രം - ഉൽപ 1-11 (ബി.സി-1850)**

പ്രപഞ്ച സൃഷ്ടി മുതൽ അബ്രാഹത്തിന്റെ വിളിവരെയുള്ള ദീർഘമായ കാലഘട്ടത്തെ ആദിചരിത്രം എന്നു വിളിക്കുന്നു. ചരിത്രരേഖകളോ മറ്റെന്തെങ്കിലും തെളിവുകളോ വഴി നിർണ്ണയിക്കാനാവാത്ത സംഭവങ്ങൾക്ക് ആധുനികമായ അർത്ഥത്തിലുള്ള ഒരു ചരിത്രപരത അവകാശപ്പെടാനില്ല. അതിനാൽ ഇതിനെ ചരിത്രാതീതചരിത്രം എന്നു വിശേഷിപ്പിക്കാറുണ്ട്. ഇതിനെ ചരിത്രം എന്നതിലുപരി ചരിത്രത്തിന്റെ ദൈവശാസ്ത്രം എന്നു വിശേഷിപ്പിക്കുന്നതാവും കൂടുതൽ അർത്ഥവത്താവുക.

എല്ലാറ്റിന്റെയും ഉൽഭവം അഥവാ ഉൽപത്തിയാണ് ഇവിടെ വിവരിക്കുന്നത്. പ്രപഞ്ചം, മനുഷ്യൻ, മനുഷ്യസമൂഹങ്ങൾ തുടങ്ങി എല്ലാറ്റിന്റെയും ആരംഭം വിശ്വാസത്തിന്റെ കണ്ണിലൂടെ ഇവിടെ വിവരിക്കുന്നു. മനുഷ്യൻ അനുഭവിക്കുന്ന തിന്മകളുടെ തുടക്കവും കാരണവും തിന്മയുടെ ആധിപത്യത്തിൽ നിന്നു മോചനം ലഭിക്കുമെന്ന പ്രതീക്ഷയും ഈ ഭാഗത്തു പ്രത്യക്ഷപ്പെടുന്നുണ്ട്. ആദം ഹവ്വാ എന്ന ഒരു ജോഡി മാതാപിതാക്കളിൽ നിന്നു ജനിച്ചതിനാൽ മനുഷ്യർ എല്ലാവരും പരസ്പരം സഹോദരങ്ങളാണ്. എന്നാൽ ദൈവകല്പന ലംഘിച്ച്, ദൈവികജീവൻ നഷ്ടപ്പെടുത്തിയ മനുഷ്യന്റെ മക്കൾ സാഹോദര്യം മറന്ന് പരസ്പരം കലഹിക്കുന്നു, ശത്രുക്കളായിത്തീരുന്നു, വധിക്കുന്നു. തലമുറകൾ കഴിയുന്തോറും മനുഷ്യൻ ദൈവത്തിൽ നിന്നും പരസ്പരവും കൂടുതൽ കൂടുതലായി അകലുന്നു. അവസാനം ദൈവം ഇടപെട്ട് പാപത്തിന്റെയും ശത്രുതയുടെയും ഈ ചരിത്രത്തിന് വിരാമമിടുന്നു, ജല പ്രളയത്തിലൂടെ.

പ്രളയജലത്തിൽ കഴുകി ശുദ്ധീകരിക്കപ്പെട്ട പ്രപഞ്ചത്തിൽ, ഷേം, ഹാം, യാഫെത്ത് എന്ന നോഹിന്റെ മൂന്ന് മക്കളിൽ നിന്നാണ് ഇന്ന് ഭൂമിയിലുള്ള സകല മനുഷ്യരും ഉത്ഭവിച്ചത് എന്ന് വരച്ചുകാട്ടുന്നതിലൂടെ മാനവ സാഹോദര്യം എന്ന പ്രമേയത്തിന് വീണ്ടും അടിവരയിടുന്നു. അതേസമയം തിന്മയെ അതിജീവിച്ച ഏക വ്യക്തിയായ നോഹയിലൂടെതന്നെ തിന്മ വീണ്ടും തലപൊക്കുകയും മനുഷ്യവർഗത്തെ മുഴുവൻ വീണ്ടും അടിമത്തത്തിലാക്കുകയും ചെയ്യുന്നു. മനുഷ്യന്റെ അഹങ്കാരത്തിന്റെയും താൻപോരിമയുടെയും പ്രതീകമായ ബാബേൽ ഗോപുരത്തിന്റെ നിർമ്മാണത്തോടെ പരസ്പരം അകന്ന് നാശത്തിൽ നിപതിക്കുന്ന മനുഷ്യന്റെ ചിത്രം അവതരി

പ്പിച്ചുകൊണ്ടാണ് ആദിചരിത്രം അവസാനിപ്പിക്കുന്നത്. അതേ സമയം തേരാഹിന്റെ മകനായ അബ്രാമിനെക്കുറിച്ചുള്ള സൂചന അടുത്ത കാലഘട്ടത്തിനു വഴിയൊരുക്കുന്നു.

**2. പൂർവ്വ പിതാക്കന്മാർ: ഉൽപ 12–50 (1850–1700)**

പരസ്പരം മനസിലാക്കാനാവാതെ ചിതറിത്തകർന്ന് അകന്നു പോകുന്ന ജനത്തിൽ നിന്ന് അബ്രാം എന്നൊരാളെ ദൈവം പേരു ചൊല്ലി വിളിച്ച്, വേർതിരിച്ച്, പുതിയ വഴിയിലൂടെ നടത്തുന്നതിലൂടെ രക്ഷാ ചരിത്രം അടുത്ത പടിയിലേക്കു കടക്കുന്നു. മാനുഷിക സാധ്യതകളെയും പ്രതീക്ഷകളെയും മറികടക്കുന്നതാണ് ദൈവത്തിന്റെ പദ്ധതിയും പ്രവൃത്തികളും. വൃദ്ധനായ ഒരുവന് വന്ധ്യയിൽ നിന്നു ജനിക്കുന്ന ശിശുവിലൂടെയാണ് രക്ഷാചരിത്രം തുടരുന്നത്. സ്വാഭാവികമായി നോക്കുമ്പോൾ അസാധ്യം എന്നു തോന്നാവുന്നതാണ് ദൈവം അബ്രാമിനു നൽകുന്ന വാഗ്ദാനങ്ങൾ. മക്കളായി വലിയൊരു ജനത, സ്വന്തമായി ഒരു രാജ്യം, തന്റെ സന്തതിയിലൂടെ സകല ജനതകൾക്കും അനുഗ്രഹം. അയാൾ വിശ്വസിച്ചു; ദൈവം കാട്ടിയ വഴിയിലൂടെ നടന്നു. ദൈവം അയാൾക്കു പുതിയ പേര് നൽകി. അബ്രഹാം. ദൈവജനത്തിന്റെയും അവസാനം മാനവരക്ഷകന്റെയും പിതാവാകാനുള്ള ദൗത്യവും ഏൽപ്പിച്ചു. അനിശ്ചിതത്വത്തിന്റെയും ത്യാഗത്തിന്റെയും കനൽവഴിയിലൂടെ ആയിരുന്നു നടത്തം; എല്ലാ വാഗ്ദാനങ്ങളുടെയും പ്രതീക്ഷകളുടെയും അടയാളമായ ഏകജാതനെ ബലിയർപ്പിക്കാൻ വിളിക്കപ്പെടുന്നതുവരെ എത്തിനിന്നു അയാൾ നേരിട്ട പരീക്ഷകൾ. അടിപതറാതെ ദൈവസ്വരത്തെ പിൻതുടർന്ന് അബ്രഹാം രക്ഷാചരിത്രത്തിൽ പ്രമുഖ സ്ഥാനം നേടി.

അബ്രാഹത്തിന്റെ കുടുംബകഥയായി തുടരുന്ന രക്ഷാചരിത്രം ഇസഹാക്കും കഴിഞ്ഞ് യാക്കോബിലെത്തുമ്പോഴേക്കും കുടുംബചരിത്രം ഒരു ജനതയുടെ ചരിത്രത്തിന് വഴി മാറുന്നു. ഒളിച്ചോടുന്ന ഭീരുവായ യാക്കോബിനെ തടഞ്ഞു നിർത്തി മൽപിടുത്തത്തിലൂടെ ശക്തനും ധീരനുമാക്കിയ ദൈവം പിതാക്കന്മാരുടെ കുടുംബചരിത്രത്തെ ഒരു ജനതയുടെ ചരിത്രമാക്കി മാറ്റി. വാഗ്ദത്ത ഭൂമിയിൽ നിന്നകലെ ഈജിപ്തിൽവച്ച് പിതാക്കന്മാരുടെ ചരിത്രം അവസാനിപ്പിക്കുമ്പോൾ വി. ഗ്രന്ഥകാരൻ വരച്ചുകാട്ടുന്നത് പരിമളദ്രവ്യം പൂശി ജോസഫിനെ അടക്കിയിരിക്കുന്ന ശവപ്പെട്ടിയാണ്. എന്നാൽ ഇത് അവസാനമല്ല; പുതിയൊരു തുടക്കം.

### 3. പുറപ്പാടു സംഭവം: പുറ; ലേവ്യർ, സംഖ്യ; നിയ (1700–1250)

രക്ഷാചരിത്രത്തിന്റെ മൂന്നാം ഘട്ടം ആരംഭിക്കുന്നത് ഈജിപ്തിലാണ്. രാജകീയ ബഹുമതികളോടെ ഈജിപ്തിലേക്കുവന്ന ഇസ്രായേൽ ജനം കാലക്രമത്തിൽ അവിടെ അടിമകളായി. 1700–1550 കാലഘട്ടത്തിൽ ഈജിപ്തു ഭരിച്ചത് ഹിക്സോസ് എന്നറിയപ്പെടുന്ന ഒരു വിദേശ ജനതയായിരുന്നു. 1550 ൽ ഇവരെ തോൽപ്പിച്ച് ഈജിപ്തുകാർ അധികാരം പിടിച്ചെടുത്തതോടെ വിജാതീയർ നാടുവിട്ടു; പോകാതെ നിന്നവർ അടിമകളാക്കപ്പെട്ടു. അങ്ങനെ യാക്കോബിന്റെ മക്കൾ ഈജിപ്തിൽ അടിമകളായി. തുടർന്ന് ദൈവത്തിന്റെ പ്രത്യേക ഇടപെടലിലൂടെ മോശയെന്ന നേതാവു വഴി ഇസ്രായേൽ ജനം മോചിതരായി. പ്രപഞ്ചത്തിന്റെ നാഥനും ജനതകളുടെ അധിപനും ഫറവോയല്ല, ദൈവമാണെന്നു വെളിപ്പെടുത്തുന്ന അനേകം അത്ഭുതങ്ങളോടെ അവരെ വഴി നടത്തി.

സീനായ് മലയുടെ അടിവാരത്തു കൂടാരമടിച്ച അവരുമായി ദൈവം ഒരു ഉടമ്പടി ചെയ്തു, സീനായ് ഉടമ്പടി. ഉടമ്പടിയിലൂടെ അവർ ദൈവത്തിന്റെ സ്വന്തം ജനമായി. ഉടമ്പടിയുടെ ലക്ഷ്യവും നിയമങ്ങളും മോശ അവർക്കു വിവരിച്ചു കൊടുത്തു. അതിനുശേഷം അവർ വാഗ്ദത്തഭൂമിയെ ലക്ഷ്യം വച്ചുള്ള യാത്ര തുടർന്നു. ജനത്തിന്റെ ഭീരുത്വവും അവിശ്വസ്തതയും അനുസരണക്കേടും ശിക്ഷകൾ വിളിച്ചു വരുത്തി; തീർത്ഥാടനത്തെ ദീർഘിപ്പിച്ചു. വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാതെ മൊവാബു സമതലത്തിൽ വച്ച് നേതാവായ മോശ മരിച്ചു.

ഈജിപ്തിലെ അടിമത്തം മുതൽ മോശയുടെ മരണം വരെയുള്ള സംഭവപരമ്പരകളാണ് പുറപ്പാടു സംഭവം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഈ കാലഘട്ടത്തെ സംബന്ധിക്കുന്ന വിവരങ്ങൾ വാ മൊഴിയായി കുടുംബങ്ങളിലും പിന്നീട് പ്രാർത്ഥനാ സമ്മേളനങ്ങളിലും കൈമാറപ്പെട്ടു. ഉടമ്പടിയുമായി ബന്ധപ്പെട്ട ചില കാര്യങ്ങളിലെങ്കിലും മോശ എഴുതി പിൻതലമുറയ്ക്കു കൈമാറി എന്നു കരുതാൻ ന്യായമുണ്ട്. എന്നാൽ ഈ സംഭവങ്ങളെല്ലാം ഇന്നു ലഭിച്ചിരിക്കുന്ന രീതിയിൽ എഴുതപ്പെട്ടതു ഏറെ കാലത്തിനു ശേഷമാണ്.

### 4. വാഗ്ദത്തഭൂമിക്കു വേണ്ടി പോരാട്ടം: ജോഷ്വ– റൂത്ത് ന്യായാധിപന്മാർ: (ബി.സി. 1250–1130)

മോശയുടെ മരണത്തിനുശേഷം ജോഷ്വായുടെ നേതൃത്വത്തിൽ ജനം യാത്ര തുടർന്നു. പുറപ്പാടിലെന്നപോലെ ദൈവം വീണ്ടും

അത്ഭുതങ്ങൾ പ്രവർത്തിച്ചു. കര കവിഞ്ഞൊഴുകിയിരുന്ന ജോർദ്ദാൻ നദി നിശ്ചലമായി. ജലമധ്യേ വഴി തെളിഞ്ഞു. അത്ഭുതകരമായി നദികടന്നവർക്ക് മുമ്പിൽ പ്രതിബന്ധമായി നിന്ന ജെറീക്കോ കോട്ട തകർന്നു. വാഗ്ദത്ത ഭൂമിയിലേക്ക് വഴി തുറന്നു. പിന്നെ അങ്ങോട്ട് വിജയങ്ങളുടെ വീരഗാഥയാണ്. ചെറുത്തു നിന്നവരെ തോൽപ്പിച്ചു കീഴടക്കി; എതിർക്കാതെ സഖ്യത്തിനു തയ്യാറായവരെ കൂടെ ചേർത്തു. കാനാൻ ദേശം പന്ത്രണ്ടു ഗോത്രങ്ങൾക്കായി വീതിച്ചു. ഷെക്കെമിൽ വച്ച് ഉടമ്പടി നവീകരിച്ചുകൊണ്ട് ജനം തങ്ങളുടെ വിശ്വസ്തതയും അനുസരണവും പരസ്യമായി പ്രഖ്യാപിച്ചു.

ജോഷ്വായുടെ മരണശേഷം പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടായി. ജനത്തിൽ വിഗ്രഹാരാധന കടന്നു കൂടി. ശത്രുക്കളുടെ ആക്രമണത്തെ ചെറുത്തുനിൽക്കാൻ കഴിയാതെയായി. ഈ പ്രതിസന്ധി അവതരിപ്പിച്ചു കൊണ്ടാണ് നാലാം ഘട്ടം സമാപിക്കുന്നത്. ഇതിനിടയിൽ ഒരിടവേളയായി റൂത്തിന്റെ പുസ്തകം ചേർത്തിരിക്കുന്നു. ഇസ്രായേലിന്റെ ദൈവത്തെ തന്റെ ദൈവമായി സ്വീകരിച്ച് കടന്നുവന്ന വിജാതിയയും വിധവയുമായ റൂത്തിന്റെ വിശ്വാസവും വിശ്വസ്തതയും ഇവിടെ എടുത്തു കാട്ടുന്നു. ഭാവിരാജാവായ ദാവീദിന്റെ മുത്തശ്ശിയാണ് റൂത്ത് എന്ന് പറയുന്നതിലൂടെ ആരും ദൈവത്തിന്റെ രക്ഷാകര പദ്ധതിക്കു പുറത്തല്ലെന്നും പലപ്പോഴും വിജാതീയർ എന്നു കരുതപ്പെടുന്നവർ ഇസ്രായേൽക്കാരേക്കാർ മെച്ചമാണെന്നും എടുത്തുകാട്ടുന്നു.

**5. രാജഭരണം: 1-2 സാമു; 1-2 രാജാ; 1-2 ദിന (1130-587)**

ഇസ്രായേലിലെ അവസാനത്തെ ന്യായാധിപനായ സാമുവേലിന്റെ ജനനം മുതൽ ബാബിലോൺ പ്രവാസത്തിന്റെ തുടക്കം വരെയുള്ള ഏകദേശം ആറു നൂറ്റാണ്ടു ദീർഘിക്കുന്ന കാലഘട്ടമാണിത്. അടിക്കടി ശക്തിയാർജ്ജിച്ചുവരുന്ന ശത്രുക്കളെ ചെറുത്തു നിൽക്കാൻ ന്യായാധിപ സംവിധാനം മതിയാവില്ല എന്നു കരുതിയ ജനം ഒരു രാജാവിനു വേണ്ടി മുറവിളി കൂട്ടി. സാമുവേൽ എതിർത്തെങ്കിലും ദൈവകൽപന പ്രകാരം ഇസ്രായേലിൽ ഒരു രാജാവിനെ വാഴിക്കാൻ നിർബ്ബന്ധിതനായി. ആദ്യത്തെ രാജാവായ സാവൂൾ ആരംഭത്തിൽ ചില യുദ്ധങ്ങൾ ജയിച്ചെങ്കിലും വിവിധ കാരണങ്ങളാൽ അയാളുടെ ജീവിതം പറ്റെ പരാജയപ്പെട്ടു. ഗിൽബൊവാക്കുന്നിൽ സ്വന്തം വാളിൽ വീണു രാജാവു ജീവനൊടുക്കിയപ്പോൾ ഇസ്രായേൽ ജനം വീണ്ടും വലിയ പ്രതിസന്ധിയിലായി.

തുടർന്നു രാജാവായ ദാവീദാണ് ഇസ്രായേലിനെ ശക്തമായ ഒരു രാജ്യമായി പടുത്തുയർത്തിയത്. ദാവീദിനെ ചുറ്റിപ്പറ്റി സ്വപ്നങ്ങൾ ചിറകു വിരിച്ചു. പ്രവചനങ്ങളുണ്ടായി. മതാചാരങ്ങൾക്ക് വ്യക്തമായ രൂപഭാവങ്ങൾ കൈവന്നു. ബൈബിൾ രചന ആരംഭിച്ചു. മകൻ സോളമനാണ് ഇസ്രായേലിനെ മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിച്ചത്. പക്ഷേ സോളമന്റെ മരണത്തിനു മുമ്പു തന്നെ (930) രാജ്യത്തിന്റെ അടിത്തറയിൽ വിള്ളലുണ്ടായി. വിഗ്രഹാരാധന ശക്തിപ്പെട്ടു; അഴിമതി അരങ്ങു തകർത്തു. പാവങ്ങൾക്കു നീതി നിഷേധിക്കപ്പെട്ടു. പ്രക്ഷോഭങ്ങളും കലാപങ്ങളും അടിച്ചമർത്താൻ സോളമൻ നന്നേ കഷ്ടപ്പെടേണ്ടിവന്നു.

സാവൂൾ മുതൽ സോളമൻ വരെയുള്ള മൂന്ന് രാജാക്കന്മാരുടെ ഭരണം ഏകദേശം നൂറു വർഷം ദീർഘിച്ചു (1030–930). എന്നാൽ സോളമന്റെ മരണത്തോടെ രാജ്യം രണ്ടായി പിളർന്നു. പത്തു ഗോത്രങ്ങൾ പിരിഞ്ഞു പോയി. വടക്ക് ഇസ്രായേൽ എന്ന പേരിൽ പുതിയൊരു രാജ്യമുണ്ടായി. യൂദായും ചേർന്നുനിന്ന ബെഞ്ചമിനും ഗോത്രങ്ങൾ തെക്ക് യൂദാ എന്ന പേരിൽ അറിയപ്പെട്ടു. യൂദായുടെ തലസ്ഥാനം ജറുസലെം; ഇസ്രായേലിന്റേത് സമറിയാ. ഈ രണ്ടു രാജ്യങ്ങൾ തമ്മിൽ പലപ്പോഴും യുദ്ധങ്ങളുണ്ടായി. ബാഹ്യ ശത്രുക്കളിൽ നിന്നു രക്ഷതേടുന്നതിനു പകരം പരസ്പരം ശത്രുക്കളായും പൊരുതിയുമാണ് അവർ അധികസമയവും ചിലവഴിച്ചത്. ചുരുക്കം ചില രാജാക്കന്മാരുടെ കാലത്തു മാത്രമേ അവർ തമ്മിൽ ഐക്യവും സഹകരണവും ഉണ്ടായിരുന്നുള്ളു.

ഏകദേശം രണ്ടു നൂറ്റാണ്ടുകൾക്കു ശേഷം (930–721) വടക്കൻ രാജ്യമായ ഇസ്രായേൽ അസീറിയായുടെ ആക്രമണത്തിൽ തകർന്നു. ജനങ്ങൾ നാടു കടത്തപ്പെട്ടു. വിജാതീയ ജനതകളെ അസീറിയാക്കാർ അവിടെ കുടിയിരുത്തി. നാടു കടത്തപ്പെടാതെ അവശേഷിച്ച ഇസ്രായേൽക്കാരും പുതുതായി കുടിയേറിയ വിജാതീയരും തമ്മിൽ ക്രമേണ വിവാഹ ബന്ധങ്ങൾ ഉണ്ടായി. അങ്ങനെ ഒരു സങ്കരവർഗ്ഗം രൂപം കൊണ്ടു. തലസ്ഥാനമായിരുന്ന സമറിയായുടെ പേരിൽ അവർ സമറിയക്കാർ എന്നറിയപ്പെട്ടു.

ഒന്നര നൂറ്റാണ്ടുകൂടി യൂദാ നാമമാത്രമായ ഒരസ്തിത്വം തുടർന്നു. അവസാനം 587-ൽ ബാബിലോണിന്റെ രണ്ടാമത്തെ ആക്രമണത്തിൽ സമൂലം തകർന്നു. നഗര മതിലുകൾ തകർക്ക

പ്പെട്ടു. കൊട്ടാരങ്ങൾ കത്തിയമർന്നു. ദേവാലയം അഗ്നിക്കിരയായി. ആയിരങ്ങൾ വിദൂരമായ ബാബിലോണിലേക്ക് നാട് കടത്തപ്പെട്ടു. അങ്ങനെ രാജവാഴ്ചയെന്ന രക്ഷാചരിത്രത്തിന്റെ അഞ്ചാം രംഗത്തിന് തിരശ്ശീല വീണു.

ഇസ്രയേൽ ഒരു ജനത-രാഷ്ട്രം എന്ന ആശയം ശക്തമായി രൂപപ്പെട്ടത് ഈ കാലഘട്ടത്തിലാണ്. ദൈവവചനം ആധികാരികമായി പ്രഘോഷിക്കുന്ന പ്രവാചകന്മാരുടെ സുവർണ്ണ ദശയായിരുന്നു രാജവാഴ്ചയുടെ കാലം. ഏലിയാ, ഏലീശ, മിക്കായാ തുടങ്ങി സ്വന്തം പേരിൽ പുസ്തകങ്ങളില്ലാത്ത അനേകം പ്രവാചകന്മാർ ഈ കാലഘട്ടത്തിൽ ദൈവജനത്തോട് ദൈവവചനം പ്രഘോഷിച്ചു. ആമോസ്, ഹോസിയാ, ഏശയ്യാ, മിക്കാ, ജറമിയാ തുടങ്ങിയ പ്രമുഖ പ്രവാചകന്മാരെല്ലാം ഈ കാലഘട്ടത്തിലാണ് രംഗപ്രവേശം ചെയ്തത്. വരാനിരിക്കുന്ന രക്ഷകനെ മിശിഹാരാജാവായി കണ്ട് പ്രതീക്ഷയോടെ കാത്തിരിക്കാൻ പ്രചോദനം നൽകിയത് അവർ വഴി നൽകപ്പെട്ട പ്രവചനങ്ങളായിരുന്നു. വാചികവും ലിഖിതവുമായി കൈമാറിവന്ന ദൈവവചനം പുസ്തകരൂപത്തിലാക്കാൻ തുടങ്ങിയതും ഈ കാലഘട്ടത്തിൽ തന്നെ. ദൈവത്തേയും അവിടുത്തെ തിരുഹിതമാകുന്ന രക്ഷാകരപദ്ധതിയെയും കുറിച്ച് കൂടുതൽ വ്യക്തവും ആഴമേറിയതുമായ ഉൾകാഴ്ചകൾ പ്രവാചകന്മാരിലൂടെ ലഭിച്ചു. ദേവാലയ കേന്ദ്രീകൃതവും അനുഷ്ഠാന പ്രധാനവുമായ ആരാധന ക്രമങ്ങൾ രൂപപ്പെട്ടു. രാജാവ്, പുരോഹിതർ, പ്രവാചകർ എന്നിങ്ങനെ മൂന്നു ഗണം ആളുകൾ നേതൃനിരയിലുണ്ടായി.

വടക്കൻ രാജ്യമായ ഇസ്രായേലിൽ 19 രാജാക്കന്മാർ ഭരിച്ചു. 40 വർഷം ഭരിച്ച ജെറൊബൊവാം രണ്ടാമനും ഏഴു ദിവസം മാത്രം ഭരിച്ച സിമ്രിയും അക്കൂട്ടത്തിലുണ്ട്. വിഭജനത്തിനുശേഷം യൂദായിൽ ആകെ 19 രാജാക്കന്മാരും അത്താലിയാ എന്ന ഒരു രാജ്ഞിയും ഭരണം നടത്തി. വിഭജനത്തിനു മുമ്പു ഭരിച്ച മൂന്നു പേരും കൂടെയാകുമ്പോൾ 41 രാജാക്കന്മാരും ഒരു രാജ്ഞിയും ഇസ്രയേൽ ജനത്തിനുമേൽ ഭരണം നടത്തി. ബാബിലോൺ പ്രവാസത്തോടെ രാജഭരണം എന്നേക്കുമായി അവസാനിച്ചു.

**6. ബാബിലോൺ പ്രവാസം: ബി.സി. (587–538)**

ബി.സി. 598 ൽ ബാബിലോൺ സൈന്യം ജറുസലെം കീഴടക്കി. യഹോയാക്കിൻ രാജാവും കുടുംബാംഗങ്ങളും ദേശത്തെ പ്രമു

ഖരുമടക്കം പതിനായിരത്തിൽപ്പരം ആളുകളെ തടവുകാരാക്കി ബാബിലോണിലേക്കു നാടുകടത്തി. (2 രാജാ 24,8–7). കനത്ത കപ്പം ചുമത്തി. എന്നാൽ ഏതാനും വർഷങ്ങൾക്കു ശേഷം, ബാബിലോൺ രാജാവുതന്നെ യൂദായുടെ രാജാവായി അവരോധിച്ച സെദെക്കിയാ കപ്പം കൊടുക്കൽ നിർത്തി. ഈജിപ്തുമായി സഖ്യം ചെയ്ത് ബാബിലോണിനെ ധിക്കരിച്ചു. മടങ്ങിവന്ന ബാബിലോൺ സൈന്യം 587ൽ നഗരം നശിപ്പിച്ചു. അവശേഷിച്ചവരിൽ ഭൂരിഭാഗത്തേയും അടിമകളാക്കി ബാബിലോണിലേക്കു കൊണ്ടുപോയി. അങ്ങനെ രക്ഷാചരിത്രത്തിലെ ആറാംഘട്ടമായ പ്രവാസം ആരംഭിച്ചു.

പുറമെനിന്നു നോക്കുമ്പോൾ വലിയ പരാജയവും വിനാശവുമായി തോന്നാമെങ്കിലും വലിയ വെളിപ്പെടുത്തലുകളുടെയും തിരിച്ചറിവിന്റെയും കാലമായിരുന്നു ബാബിലോൺ പ്രവാസം. രാജാവ്, ദേവാലയം, ബലിയർപ്പണം, തിരുനാളാഘോഷങ്ങൾ, തീർത്ഥാടനം എന്നിങ്ങനെ മതാത്മകതയുടെ ബാഹ്യ അടയാളങ്ങൾ ഒന്നും ഇല്ലാതായപ്പോൾ പൂർണ്ണ ഹൃദയത്തോടെ ദൈവത്തിലേക്ക് തിരിയാനും സ്ഥലകാലങ്ങൾക്കതീതമായ ദൈവിക സാന്നിധ്യവും, ആചാരാനുഷ്ഠാനങ്ങൾക്കുപരി വിശ്വാസവും, സ്നേഹത്തിൽനിന്നുരുത്തിരിയുന്ന അനുസരണവും അവർക്ക് അനുഭവവേദ്യമായി. ദൈവത്തിന്റെ അനന്തമായ കാരുണ്യം, അതിൽ നിന്നു രൂപം പ്രാപിച്ച സൗജന്യദാനമായ തിരഞ്ഞെടുപ്പ്, ദൈവജനം എന്ന ദാനത്തിന്റെ ലക്ഷ്യം, ദൈവത്തിന്റെ സാർവത്രിക സ്നേഹം, ലോകജനതകൾക്ക് ദൈവസ്നേഹത്തിന്റെ പ്രകാശമാകാനുള്ള ദൈവവിളി എന്നിങ്ങനെ അനേകം വെളിപ്പെടുത്തലുകൾ ലഭിച്ച കാലഘട്ടമായിരുന്നു പ്രവാസം.

രണ്ടാം ഏശയ്യാ (ഏശ 40–55), എസെക്കിയേൽ എന്നീ പ്രവാചകന്മാർ ഈ കാലഘട്ടത്തിൽ ദൈവജനത്തെ വഴി നടത്തി. ആമോസ്, ഹോസിയാ, ഏശയ്യാ, മിക്കാ, ജെറമിയാ തുടങ്ങിയ മുൻ പ്രവാചകന്മാരിൽ നിന്ന് പ്രചോദനം സ്വീകരിച്ച പുരോഹിതന്മാരും പ്രവാചക ശിഷ്യരും ദൈവജനത്തിനു വഴികാട്ടികളായി. നിയമാവർത്തനാത്മക ചരിത്രകാരന്മാർ എന്ന പ്രവാചക ചൈതന്യമുള്ള ഒരു വിഭാഗം ശിഷ്യർ ദൈവത്തോടുള്ള വിശ്വസ്തത എന്ന മാനദണ്ഡത്തിൽ ഇസ്രയേൽ ചരിത്രം രചിച്ചു. ജോഷ്വാ മുതൽ 2 രാജാക്കന്മാർ വരെയുള്ള ചരിത്രഗ്രന്ഥങ്ങൾ ഈ കാലഘട്ടത്തിൽ രൂപം കൊണ്ടതായി കരുതപ്പെടുന്നു. പല പ്രവാചകഗ്രന്ഥങ്ങളും ഈ കാലഘട്ടത്തിലാണ് പുസ്തകങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ടത്.

ഇതോടൊപ്പം നിയമങ്ങളുടെ പ്രാധാന്യം, ഉടമ്പടിയോടുള്ള വിശ്വസ്തത, ബാഹ്യമായ ആരാധനയുടെ പ്രസക്തി, വിജാതീയരുമായുള്ള ബന്ധം മുതലായ വിഷയങ്ങളെ വിശദമായി പഠനവിഷയമാക്കിയ പുരോഹിതന്മാർ ബൈബിളിന്റെ പ്രസാധനത്തിൽ സുപ്രധാനമായൊരു പങ്കു വഹിച്ചു. പ്രവാസാനന്തര കാലഘട്ടത്തിൽ അവർക്കു വലിയ സ്വാധീനമുണ്ടായിരുന്നു.

### 7. പ്രവാസാനന്തരം (ബിസി. 538–എഡി. 135)

പേർഷ്യൻ ചക്രവർത്തിയായ സൈറസ് 538 ൽ ബാബിലോൺ കീഴടക്കി; പ്രവാസികളായി കഴിഞ്ഞിരുന്ന സകല ജനതകൾക്കും താന്താങ്ങളുടെ രാജ്യങ്ങളിലേക്ക് തിരിച്ചു പോകാൻ അനുവാദം നൽകി. അതോടെ രക്ഷകന്റെ വരവിനൊരുക്കമായുള്ള ചരിത്രത്തിന്റെ ഏഴാമത്തേതും അവസാനത്തേതുമായ ഘട്ടം ആരംഭിച്ചു. ഈ കാലഘട്ടത്തെ മൂന്നായി തരം തിരിക്കാം, 1. പേർഷ്യൻ ഭരണം (538–332); ഗ്രീക്ക് ഭരണം (332–63); 3. റോമൻ ഭരണം (ബി.സി. 63–എ.ഡി. 135)

ഈ കാലഘട്ടമത്രയും ഇസ്രായേൽ ജനം ഏതെങ്കിലും ഒരു വിദേശരാജ്യത്തിന്റെ മേൽക്കോയ്മയ്ക്കു കീഴിലായിരുന്നു. പേർഷ്യക്കാർ രാഷ്ട്രീയാധികാരം നിലനിർത്തിക്കൊണ്ട് ഇസ്രയേലിനു പൂർണ്ണമായ മത സ്വാതന്ത്ര്യം അനുവദിച്ചു; ദേവാലയം പുതുതായി പണിയാൻ സഹായിച്ചു. ബൈബിൾ രചനയെ സംബന്ധിച്ച് പേർഷ്യൻ ഭരണം സുവർണ്ണ കാലഘട്ടമായിരുന്നു. പ്രവാസത്തിൽ നിന്നു മടങ്ങി വന്ന നിയമജ്ഞനായ എസ്രായുടെ നേതൃത്വത്തിലാണ് പ്രവാസാനന്തര ഇസ്രയേലിന്റെ മതനവീകരണം നടന്നത്. ബൈബിൾ ഗ്രന്ഥങ്ങളുടെ സമാഹരണവും പ്രസാധനവും ഇതിൽ മുഖ്യമായൊരു സ്ഥാനം നേടി. പഞ്ചഗ്രന്ഥം പൂർണ്ണമായും ഇന്നത്തെ രീതിയിൽ എഴുതപ്പെട്ടത് ഈ കാലഘട്ടത്തിലാണ്. അതുപോലെ തന്നെ മറ്റു ചരിത്ര ഗ്രന്ഥങ്ങളും പ്രവാചക ഗ്രന്ഥങ്ങളും ഈ കാലത്ത് ക്രോഡീകരിക്കപ്പെട്ടു. ജ്ഞാന ഗ്രന്ഥങ്ങളിൽ ജ്ഞാനം, പ്രഭാഷകൻ എന്നിവയൊഴികെ ബാക്കി എല്ലാം തന്നെ ഈ കാലഘട്ടത്തിലാണ് അന്തിമമായി പ്രസാധനം ചെയ്യപ്പെട്ടത്.

പുരോഹിതർക്കായിരുന്നു ഈ കാലഘട്ടത്തിൽ ഇസ്രായേലിൽ അധികാരം. രാഷ്ട്രീയമായി വിദേശമേൽക്കോയ്മയ്ക്കു കീഴിലായിരുന്നെങ്കിലും മതമേഖലയിൽ പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരുന്നു.

വിശ്വാസജീവിതത്തിൽ വന്ന വീഴ്ചകളാണ് പ്രവാസത്തിനു കാര ണമായത് എന്ന ബോധ്യം കർശനമായൊരു ജീവിത ക്രമത്തിനു വഴിതെളിച്ചു. വിജാതീയരുമായുള്ള ബന്ധമാണ് വിഗ്രഹാരാധ നയ്ക്കും മറ്റ് അനാചാരങ്ങൾക്കും കാരണമായത് എന്ന ധാരണ വിജാതീയരുമായുള്ള സമ്പർക്കം കഴിയുന്നത്ര ഒഴിവാക്കാൻ പ്രേര കമായി. നിയമങ്ങളുടെ അക്ഷരാർത്ഥത്തിലുള്ള അനുസരണം നിർബ്ബന്ധമാക്കി. സാവകാശം തങ്ങൾ മാത്രം വിശുദ്ധർ എന്ന വളരെ സങ്കുചിതമായൊരു കാഴ്ചപ്പാട് പ്രബലമായി. പ്രവാസകാലത്തു ലഭിച്ച സാർവ്വത്രിക രക്ഷയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾക്കു മങ്ങ ലേറ്റു. ഒരു ഗെറ്റോ മനോഭാവം രൂപപെട്ടു.

ഈ സാഹചര്യത്തിൽ പുരോഹിതരുടെയും ജ്ഞാനികളു ടെയും ഔദ്യോഗിക നിലപാടിനെ ചോദ്യം ചെയ്യുന്ന വിരുദ്ധചിന്ത കൾ കടന്നു വന്നു. നിയമങ്ങൾ കണിശമായി അനുസരിക്കുന്നതാണ് വിശുദ്ധിയുടെ മാനദണ്ഡം. വിശുദ്ധർക്ക് എപ്പോഴും ദൈവാനു ഗ്രഹം ലഭിക്കും. ദൈവാനുഗ്രഹമാകട്ടെ ഭൗതികസമ്പത്ത്, ആരോ ഗ്യം, ദീർഘായുസ് മുതലായവയിൽ പ്രകടമാകും എന്നിങ്ങനെയുള്ള ഔദ്യോഗിക പ്രബോധനങ്ങൾക്കെതിരേ ശക്തമായ പ്രതിഷേധവു മായി രംഗത്തുവന്നതാണ് ജോബ്, സഭാ പ്രസംഗകൻ എന്നീ പുസ്ത കങ്ങൾ. പ്രവാചകരുടെ അഭാവമാണ് ഈ കാലഘട്ടത്തിന്റെ മറ്റൊരു പ്രത്യേകത. ബി. സി. അഞ്ചാം നൂറ്റാണ്ടോടെ പ്രവാചകയുഗം അവ സാനിച്ചു എന്നു കരുതപ്പെടുന്നു. മലാക്കിയെ അവസാനത്തെ പ്രവാ ചകനായി കരുതുന്നു. പുരോഹിത നേതൃത്വത്തിന്റെ സങ്കുചിത മനോഭാവത്തെ പരിഹസിക്കുകയും ലോകത്തിന്റെ പ്രകാശമായി വർത്തിക്കാനുള്ള ഇസ്രയേലിന്റെ ദൗത്യത്തെ ഊന്നിപ്പറയുകയും ചെയ്യുന്ന യോനായുടെ പുസ്തകം ഈ കാലത്താണ് രചിക്കപ്പെട്ട തെങ്കിലും ഏറെക്കാലം മുമ്പ് സംഭവിച്ചതായാണ് അവതരിപ്പിക്കു ന്നത്.

ബി. സി. 336 ൽ തന്റെ പത്തൊമ്പതാം വയസ്സിൽ പിതാവായ ഫിലിപ്പ് രാജാവിന്റെ മരണത്തെതുടർന്നു മാസിഡോണിയായിൽ രാജവാഴ്ച ആരംഭിച്ച അലക്സാണ്ടർ അതിവേഗം ഗ്രീസിന്റെ മുഴു വൻ രാജാവായി. തുടർന്ന് പേർഷ്യാ സാമ്രാജ്യത്തെ പല യുദ്ധ ങ്ങളിൽ പരാജയപ്പെടുത്തി. ബി.സി. 332 ൽ പലസ്തീനാ അല ക്സാണ്ടറിനു കീഴടങ്ങി. അതോടെ പേർഷ്യൻ ഭരണം അവസാ

നിച്ച് ഗ്രീക്കു ഭരണത്തിന്റെ കാലമായി. ബി.സി. 323 ൽ 32-ാം വയസിൽ അലക്സാണ്ടർ മരിച്ചു. അദ്ദേഹത്തിന്റെ നാലു സൈന്യാധിപന്മാർ വിശാലമായ സാമ്രാജ്യം പങ്കിട്ടെടുത്തു. ഈജിപ്തിന്റെ അധിപനായി ടോളമിയും സിറിയായുടെ അധിപനായി സെലൂക്കസും ഭരണമേറ്റു. ഇസ്രായേൽ ഈജിപ്തിന്റെ ആധിപത്യത്തിലായി. ബി.സി. 200ൽ അന്തിയോക്കസ് മൂന്നാമൻ എന്ന സിറിയൻ ചക്രവർത്തി ഈജിപ്തിനെ തോല്പിച്ചതോടെ ഇസ്രായേൽ സിറിയൻ ഭരണത്തിനു കീഴിലായി.

അലക്സാണ്ടറിന്റെ ദിഗ്വിജയങ്ങൾ ജനങ്ങളിൽ ഗ്രീക്ക് സംസ്കാരത്തോട് വലിയ ആദരവും സ്നേഹവും സൃഷ്ടിച്ചു. ഗ്രീക്കു ഭാഷ പഠിക്കുക, അവരുടെ സർവ്വകലാശാലകളിൽ വിദ്യ അഭ്യസിക്കുക, മത്സരക്കളികളിൽ പങ്കെടുക്കുക, ദുരന്ത നാടകങ്ങൾ കണ്ട് ആസ്വദിക്കുക, ഇതെല്ലാം സമൂഹത്തിന്റെ ചിന്താഗതിയെയും ജീവിതശൈലിയെയും കാര്യമായി സ്വാധീനിച്ചു. ആരുടെയും നിർബ്ബന്ധം കൂടാതെ തന്നെ ഇസ്രയേൽക്കാരിൽ നല്ലൊരു പങ്ക് ഗ്രീക്കു സംസ്കാരം സ്വാംശീകരിച്ചു. ബി.സി 200 ൽ ഇസ്രായേൽ സിറിയയുടെ കീഴിലായി. കുറച്ചുകാലത്തേക്ക് സിറിയാക്കാരും മതകാര്യങ്ങളിൽ ഈജിപ്തിന്റെ സഹിഷ്ണുതാ മനോഭാവം നിലനിർത്തി. എന്നാൽ ബി.സി 175 ൽ സിറിയൻ രാജാവായ അന്തിയോക്കാസ് നാലാമൻ യവനവൽക്കരണം ഒരു ദേശീയ നയമായി സ്വീകരിച്ചു.

ഇസ്രയേലിന്റെ അതിവിശുദ്ധമായ ആചാരങ്ങൾ നിയമവിരുദ്ധമാക്കി. ഛേദനാചാരവും സാബത്താചരണവും വിലക്കി. പന്നിമാംസം ഭക്ഷിക്കാൻ ജനങ്ങളെ നിർബ്ബന്ധിച്ചു. സീയൂസ് ദേവന്റെ വിഗ്രഹം ജറുസെലെം ദേവാലയത്തിൽ പ്രതിഷ്ഠിച്ചു. ദേശത്തുടനീളം വിഗ്രഹങ്ങൾക്ക് ബലിയർപ്പിക്കാൻ കല്പിച്ചു. എതിർത്തവർ ക്രൂരമായി പീഡിപ്പിക്കപ്പെട്ടു. ബി.സി. 167-164 കാലഘട്ടം ഇസ്രായേലിന് മതമർദ്ദനത്തിന്റെ കാലമായിരുന്നു. ഈ കാലഘട്ടത്തിലാണ് എന്തു ത്യാഗം സഹിച്ചും നിയമം അനുസരിക്കും എന്നു വ്രതം ചെയ്ത ഫരിസേയരുടെ ഉത്ഭവം. മതമർദ്ദനത്തിനെതിരേയുള്ള സായുധപോരാട്ടമാണ് മക്കബായരുടെ രണ്ടു പുസ്തകങ്ങളുടെ ഇതിവൃത്തം. ദാനിയേൽ, യൂദിത്ത് മുതലായ പുസ്തകങ്ങൾ ചെറുത്തുനില്പിനു പ്രേരിപ്പിച്ചു.

ബി.സി. 164 ൽ അന്തിയോക്കസ് നാലാമൻ കൊല്ലപ്പെട്ടതോടെ മതമർദ്ദനത്തിനു വിരാമമായി, എന്നാൽ സ്വതന്ത്രമായുള്ള യവന വൽക്കരണം തുടർന്നു. പ്രഭാഷകൻ, ജ്ഞാനം എന്നീ ഗ്രന്ഥങ്ങൾ ഈ കാലഘട്ടത്തിലാണ് രൂപം കൊണ്ടത്. ബി.സി 63ൽ റോമൻ കോൺസുളായ പോംപേയുടെ നേതൃത്വത്തിൽ റോമക്കാർ പല സ്തീനാ കീഴടക്കി. അതോടെ ഒരുക്കത്തിന്റെ കാലഘട്ടത്തിന്റെ അവ സാനത്തെ രംഗമായി. ബി.സി 40 ൽ ഹേറോദേസ് റോമൻ സെനറ്റിന്റെ അംഗീകാരത്തോടെ പലസ്തീനായിൽ രാജാവായി പ്രഖ്യാപിക്കപ്പെ ട്ടു. മൂന്നു വർഷം ദീർഘിച്ച യുദ്ധങ്ങളിലൂടെ എതിരാളികളെ ഉന്മൂ ലനം ചെയ്ത് ബി.സി 37 ൽ ഹെറോദേസ് യാഥാർത്ഥിൽ രാജ വാഴ്ച ആരംഭിച്ചു. ബി.സി. 4ൽ അദ്ദേഹം മരിക്കുന്നതിന് തൊട്ടു മുമ്പാണ് ലോക ചരിത്രത്തെ എ.ഡി. - ബി.സി. എന്നു രണ്ടായി തിരിക്കുന്ന സംഭവം, രക്ഷകന്റെ ജനനം ഉണ്ടായത്. (A.D. Anno Domini: കർത്താവിന്റെ വർഷം; B.C. Before Christ: ക്രിസ്തു വിനുമുമ്പ്. ഈ കാലഗണനയ്ക്കു തുടക്കം കുറിച്ചവർ ലൂക്കാ 4,23 ലെ പരാമർശം തെറ്റിദ്ധരിച്ചതിനാൽ ഏതാനും വർഷങ്ങളുടെ വ്യത്യാസം കാണാം. പ്രവർത്തനം ആരംഭിക്കുമ്പോൾ യേശുവിന് ഏകദേശം മുപ്പതു വയസ് പ്രായമായിരുന്നു എന്നു വ്യാഖ്യാനിച്ച താണ് ഇതിനു കാരണമായത്.)

ഏ.ഡി. 70 ൽ റോമക്കാർ ജറുസലെം പട്ടണം നശിപ്പിച്ചു. അനേ കായിരം യഹൂദരെ നാടു കടത്തി; അടിമകളായി ലേലം ചെയ്തു വിറ്റു. ഏകദേശം അമ്പതു വർഷം കഴിഞ്ഞപ്പോൾ റോമിനെതിരേ യഹൂദർ വീണ്ടും ഒരു യുദ്ധം നടത്തി. 135 ൽ ആ യുദ്ധം പരാജയ പ്പെട്ടു. അതോടെ യഹൂദർക്ക് ജറുസലെമിൽ പ്രവേശനം നിഷേധി ക്കപ്പെട്ടു. ജറുസലെമിന്റെ പേരു തന്നെ മാറ്റി പൗരസ്ത്യ തലസ്ഥാനം (aelia capitolina- eastern capital) എന്നാക്കി. ദേവാലയം സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് ജൂപിറ്ററിനുവേണ്ടി ഒരു ക്ഷേത്രം നിർമ്മി ച്ചു. ഇതോടെ ഒരുക്കത്തിന്റെ കാലഘട്ടവും രക്ഷകനെ സ്വീകരി ക്കാൻ ഒരുങ്ങേണ്ടിയിരുന്ന ഇസ്രായേലിന്റെ രക്ഷാചരിത്രത്തിലെ പ്രസക്തിയും അവസാനിച്ചു. അതിനു മുമ്പേ പൂർത്തീകരണം സംഭ വിച്ചു കഴിഞ്ഞിരുന്നു.

**2. പൂർത്തീകരണം**

രക്ഷാചരിത്രത്തിന്റെ കേന്ദ്രമാണ് ക്രിസ്തു സംഭവം. ദൈവവചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചതാണ് നസ്രത്തിൽ നിന്നുള്ള യേശു. ജനനം ബി.സി. 6 നും 4 നും മധ്യേ ആയിരിക്കണം എന്നു ബൈബിൾ പണ്ഡിതരും ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നു. മരണം ഏ.ഡി. 30 ൽ. യേശുവിന്റെ ജീവിതവും പ്രബോധനങ്ങളും വിശ്വാസത്തിന്റെ കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കുന്ന ഗ്രന്ഥങ്ങളാണ് ബൈബിളിലെ നാലു സുവിശേഷങ്ങൾ. സാധാരണമായ അർത്ഥത്തിലുള്ള ചരിത്ര ഗ്രന്ഥങ്ങളോ ജീവചരിത്രങ്ങളോ ആയി അവയെ പരിഗണിക്കാൻ കഴിയില്ല. ഈ ഗ്രന്ഥങ്ങൾ അവതരിപ്പിക്കുന്നത് ചരിത്ര സത്യങ്ങളാണ്; വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുകയും പ്രഘോഷിക്കുകയും ചെയ്ത ചരിത്ര സത്യങ്ങൾ.

മനുഷ്യരക്ഷയ്ക്കായി ദൈവം വിഭാവനം ചെയ്തതും പ്രാവർത്തികമാക്കിയതുമായ ചരിത്രം യേശുവിൽ അതിന്റെ ലക്ഷ്യം പ്രാപിക്കുന്നു. മുൻകാലങ്ങളിൽ പ്രവാചകന്മാരിലൂടെ സംസാരിച്ച ദൈവം കാലത്തിന്റെ പൂർണ്ണതയിൽ തന്റെ ഏകജാതനിലൂടെ നമ്മോടു സംസാരിച്ചു (ഹെബ്രാ 1,1). യേശുവിന്റെ ജനനം, ജീവിതം, മരണം, ഉത്ഥാനം എന്നിങ്ങനെ ജനനം മുതൽ മഹത്വീകരണം വരെയുള്ള സംഭവപരമ്പരകളെയാണ് ക്രിസ്തു സംഭവം എന്നതു കൊണ്ട് വിവക്ഷിക്കുന്നത്. ദൈവം തന്നെത്തന്നെയും തന്റെ രക്ഷാകര പദ്ധതിയും അതിന്റെ പൂർണ്ണതയിൽ ക്രിസ്തു സംഭവത്തിലൂടെ വെളിപ്പെടുത്തി. അതിനാൽ സുവിശേഷങ്ങളാണ് ബൈബിളിന്റെ കേന്ദ്രം; ഏറ്റം പ്രധാനപ്പെട്ട ഭാഗവും. ഈ സുവിശേഷങ്ങളായിരിക്കണം ബൈബിൾ പഠനത്തിലും വ്യാഖ്യാനത്തിലും നിർണ്ണായക മാനദണ്ഡമായിരിക്കേണ്ടത്.

**3. പ്രഘോഷണം**

പഴയനിയമം മുഴുവൻ യേശുവിലേക്കു നയിക്കുന്നു. യേശുവിന്റെ മഹത്വീകരണത്തിനുശേഷം ആരംഭിക്കുന്ന രക്ഷാചരിത്രത്തിന്റെ മൂന്നാം ഘട്ടം അവന്റെ രണ്ടാം വരവു വരെ ദീർഘിക്കും. അപ്പസ്തോല പ്രവർത്തനങ്ങൾ മുതൽ വെളിപാടു വരെയുള്ള 23 പുസ്തകങ്ങൾ ഈ പ്രഘോഷണത്തിന്റെ ഭാഗമാണ്; യേശുശിഷ്യ

രുടെ സമൂഹമായ ക്രിസ്തുസഭ നടത്തുന്നതും നടത്തേണ്ടതുമായ സുവിശേഷപ്രഘോഷണങ്ങളുടെ ഉദാഹരണങ്ങളും മാർഗ്ഗദർശന ങ്ങളും.

ക്രിസ്തു സംഭവത്തിൽനിന്നു പ്രചോദനം ഉൾക്കൊണ്ട് യുഗാന്തംവരെ, ലോകത്തിന്റെ അതിർത്തികൾ വരെ സുവിശേഷം എത്തിക്കാനുള്ള ആഹ്വാനവും ഈ ഗ്രന്ഥങ്ങളിൽ കാണാം. യേശുവിന്റെ ഉത്ഥാനത്തോടെ ആരംഭിച്ചതാണ് ഈ കാലഘട്ടം. ഇതിനെ ആയിരം വർഷത്തെ ഭരണമെന്നോ (വെളി 20, 1-6) മൂന്നരവർഷത്തെ പീഡനമെന്നോ (വെളി 12,14) വിശേഷിപ്പിക്കാറുണ്ട്. പൈശാചിക ശക്തികൾക്കെതിരേ, യേശുക്രിസ്തുവിൽ നിന്നും അവന്റെ ആത്മാവിൽ നിന്നും ശക്തിയാർജ്ജിച്ച്, മാംസമായ വചനത്തിലൂടെ സകല മനുഷ്യർക്കും ലഭ്യമായ രക്ഷയുടെ സുവിശേഷം വിശ്വസിക്കാനും ജീവിക്കാനും പ്രഘോഷിക്കാനുമുള്ള അവസരമാണ് ഈ മൂന്നാം ഘട്ടം. ഈ പ്രപഞ്ചം മുഴുവൻ നവീകരിക്കപ്പെട്ട്, ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകുന്നതുവരെ ഇതു തുടരും. എപ്പോഴാണ് ഈ നവീകരണം പൂർത്തിയാവുക എന്നു ദൈവപിതാവിനേ അറിയൂ. എല്ലാം നവീകരിക്കാനായി കർത്താവേ, മടങ്ങി വരണമേ എന്ന പ്രാർത്ഥനയാകട്ടെ ബൈബിൾ വായന പ്രാർത്ഥന-പഠനത്തിന്റെ സമാപനം; **മാറാനാത്താ - കർത്താവേ വരണമേ!**

# 10 അനുബന്ധം

# ദൈവാവിഷ്കരണം

## ആമുഖം

രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ചിട്ടുള്ള പ്രമാണരേഖകളിൽ സാധാരണക്കാരുടെ ശ്രദ്ധ അധികം ആകർഷിച്ചിട്ടില്ലാത്തതും അതേസമയം മറ്റു പ്രമാണരേഖകളുടെ അടിസ്ഥാനമായി നിലകൊള്ളുന്നതുമായ ഒന്നാണ് ദൈവാവിഷ്കരണത്തെ സംബന്ധിക്കുന്ന കോൺസ്റ്റിറ്റ്യൂഷൻ. തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയ്ക്കൊപ്പംതന്നെ പ്രാധാന്യം ഇതിനും കല്പിക്കുന്നവരുണ്ട്. പ്രായോഗികതലത്തിൽ വളരെയേറെ പ്രതികരണങ്ങളും പരിവർത്തനങ്ങളും സൃഷ്ടിച്ചിട്ടുള്ള മറ്റു പ്രമാണരേഖകളുടെയെല്ലാം ആധാരം ദൈവവചനത്തിലുള്ള വിശ്വാസമാണ്. കൗൺസിലിന്റെ ആത്യന്തികലക്ഷ്യവും മറ്റൊന്നല്ല. ഈ ദൈവവചനത്തിലുള്ള വിശ്വാസം എന്താണെന്നാണ് ഈ കോൺസ്റ്റിറ്റ്യൂഷനിൽ വിവരിക്കുന്നത്. ഇതിനെ ഒരു അടിസ്ഥാന പ്രമാണരേഖയായി ദൈവശാസ്ത്രജ്ഞന്മാർ കണക്കാക്കുന്നത് ഇതുകൊണ്ടുതന്നെയാണ്.

എന്താണ് ദൈവാവിഷ്കരണം? ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ആരംഭമാണത്. ദൈവം അനന്തനും അഗ്രാഹ്യനുമാണ്. മനുഷ്യനോ കേവലം അപൂർണ്ണൻ. അവനു ദൈവത്തെ ഗ്രഹിക്കുക സുസാദ്ധ്യമല്ല. അതുകൊണ്ട് ദൈവംതന്നെ അവനു സ്വയം വെളിപ്പെടുത്തിക്കൊടുത്തു. ആ വെളിപ്പെടുത്തലിനെ നാം ദൈവാവിഷ്കരണം എന്നു വിളിക്കുന്നു. ഈ ദൈവാവിഷ്കരണത്തിന്റെ പൂർത്തീകരണമായിരുന്നു ക്രിസ്തു. (ഹെബ്രാ. 1:5) ക്രിസ്തുശിഷ്യനായ യോഹന്നാൻ സുവിശേഷകന്റെ മരണത്തോടെ പരസ്യവെളിപാടുകൾ സമാപിച്ചു.

നൂറ്റാണ്ടുകൾക്കു മുമ്പ് ദൈവം മനുഷ്യന് നൽകിയ സന്ദേശ വും, ആവിഷ്കരിച്ച പരിത്രാണപദ്ധതിയും നാം എവിടെയാണ് കണ്ടെത്തുക? ദൈവാവിഷ്കരണം വിശുദ്ധ ലിഖിതത്തിലും പാര മ്പര്യത്തിലുമായി തിരുസ്സഭ നിലനിർത്തിപ്പോരുന്നു എന്ന് 16-ാം നൂറ്റാ ണ്ടുവരെ എല്ലാവരും വിശ്വസിച്ചിരുന്നു. 16-ാം നൂറ്റാണ്ടിൽ പ്രോട്ട സ്റ്റന്റുകാർ ഈ വിശ്വാസം നിഷേധിക്കുകയുണ്ടായി. മുൻപറഞ്ഞ ചോദ്യത്തിന് അവർ നൽകിയ ഉത്തരം-ബൈബിൾ, ബൈബിൾ മാത്രം. അതോടെ പാരമ്പര്യം നിഷേധിക്കപ്പെടുകയും തിരുസ്സഭയുടെ അസ്തിത്വംതന്നെ ചോദ്യം ചെയ്യപ്പെടുകയും ചെയ്തു. ഈ പ്രശ്ന ങ്ങളിലേക്ക് കടക്കുന്നതിനുമുമ്പ് പാരമ്പര്യം എന്നു പറഞ്ഞാൽ എന്താണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഇംഗ്ളീഷിൽ "ട്രഡീഷൻ" (Tradition) എന്നും ലത്തീനിൽ "ട്രദീസ്യോ" (Traditio) എന്നും ഗ്രീക്കിൽ "പരദോസീസ്" (Paradosis) എന്നും പറയുന്നതിനെയാണ് പാരമ്പര്യമെന്നു വ്യവഹരിക്കുന്നത്. കൈമാറുകയെന്നാണ് ഇവയുടെ അർത്ഥം. തലമുറകളായി നില നിർത്തിപ്പോരുന്ന സിദ്ധാന്തങ്ങളെയാണ് ഇവിടെ വിവക്ഷിക്കുന്നത്. മറ്റു വാക്കുകളിൽ, തിരുസഭയിൽ ശതാബ്ദങ്ങളായി നിലനിർത്തി പ്പോരുന്ന വിശ്വാസം, ആചാരങ്ങൾ, തത്ത്വസംഹിതകൾ എന്നിവ യാണ് പാരമ്പര്യം എന്നതിന് കല്പിക്കുന്ന അർത്ഥം. തന്റെ പ്രബോ ധനങ്ങൾ, പ്രവൃത്തികൾ, മാതൃക ഇവയിലൂടെ ക്രിസ്തു നൽകിയ സത്യങ്ങളെ അപ്പസ്തോലന്മാർ തങ്ങളുടെ സുവിശേഷപ്രസംഗം, മാതൃക, നിയമങ്ങൾ മുതലായവ വഴി പിൻഗാമികൾക്കു കൈമാറി. ഈ പ്രക്രിയയിൽ രണ്ടു രൂപങ്ങളുണ്ടായിരുന്നു. ദൈവം വെളിപ്പെ ടുത്തിയവ നിലനിന്നുപോന്നത് വാമൊഴിയായും വരമൊഴിയായുമാ ണ്. വാമൊഴിയായിട്ടുള്ളതിനെ പാരമ്പര്യമെന്നും വരമൊഴിയായിട്ടു ള്ളതിനെ വി. ലിഖിതങ്ങൾ എന്നും വിളിക്കുന്നു.

വി. ലിഖിതം മനസ്സിലാക്കണമെങ്കിൽ പാരമ്പര്യം കൂടിയേ തീരൂ. കാരണം വിശുദ്ധ ലിഖിതങ്ങളുടെ അർത്ഥവും വ്യാപ്തിയും പാര മ്പര്യത്തിൽനിന്നാണ് ലഭിക്കുക. പോരെങ്കിൽ നിരന്തരമായ വ്യാഖ്യാ നവും വിശദീകരണങ്ങളും വിശുദ്ധ ലിഖിതങ്ങൾക്കാവശ്യമാണ്. ഇക്കാരണങ്ങളാൽ വിശുദ്ധ ലിഖിതങ്ങളും പാരമ്പര്യവും, തിരുസഭ യുടെ പ്രബോധനാധികാരവും പരസ്പരം അഭേദ്യമായി ബന്ധപ്പെ ട്ടാണിരിക്കുന്നത്.

എന്നാൽ 16-ാം നൂറ്റാണ്ടിലെ മതനവീകരണ പ്രസ്ഥാനത്തിന്റെ പ്രണേതാക്കളായ ലൂഥർ, കാൽവിൻ തുടങ്ങിയവർ ദൈവാവിഷ്കരണം പൂർണ്ണമായും ബൈബിളിൽ അന്ത:സ്ഥിതമാണെന്നും സഭയുടെ പ്രബോധനാധികാരവും പാരമ്പര്യവുമൊക്കെ അനാവശ്യമാണെന്നും ശഠിച്ചു. ഈ സന്ദർഭത്തിലാണ് ത്രെന്തോസ് സൂനഹദോസ് (1545-63) ഇങ്ങനെ പഠിപ്പിച്ചത്: ദൈവാവിഷ്കൃത സത്യങ്ങൾ ലിഖിതങ്ങളായ വിശുദ്ധ ഗ്രന്ഥത്തിലും അലിഖിതമായ പാരമ്പര്യത്തിലുമുണ്ട്. ഒന്നാം വത്തിക്കാൻ സൂനഹദോസും (1869-70) യുക്തിവാദത്തെ ഖണ്ഡിച്ചുകൊണ്ട് ത്രെന്തോസിന്റെ സിദ്ധാന്തം ആവർത്തിച്ചുറപ്പിക്കുകയുണ്ടായി.

ത്രെന്തോസ് സൂനഹദോസിന്റെ പ്രഖ്യാപനത്തെ വ്യാഖ്യാനിക്കുന്നതിൽ കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരുടെയിടയിൽത്തന്നെ ഭിന്നാഭിപ്രായങ്ങൾ പൊന്തിവന്നു. ദൈവാവിഷ്കൃത സത്യങ്ങൾ വി. ലിഖിതങ്ങളിലും പാരമ്പര്യത്തിലും പൂർണ്ണമായിത്തന്നെയുണ്ടെന്ന് ഒരുകൂട്ടർ വാദിക്കുന്നു. വി. ലിഖിതങ്ങളിൽ ദൈവാവിഷ്കരണം അപൂർണ്ണമാണെന്നും പാരമ്പര്യത്തിലാണ് അതു പൂർണ്ണമായിട്ടുള്ളതെന്നുമാണ് മറ്റൊരു വിഭാഗത്തിന്റെ വാദം. മൂന്നാമതൊരു വിഭാഗമുണ്ട്, ദൈവാവിഷ്കരണത്തിന്റെ ഒരു ഭാഗം വി. ലിഖിതങ്ങളിലും മറ്റൊരു ഭാഗം പാരമ്പര്യത്തിലുമാണെന്നും തന്മൂലം ഓരോന്നും തന്നിൽത്തന്നെ അപൂർണ്ണമാണെന്നും ഇക്കൂട്ടർ സിദ്ധാന്തിക്കുന്നു.

സുവിശേഷത്തിൽ ഗുപ്തമായോ സ്പഷ്ടമായോ ഉൾക്കൊള്ളാത്ത ചില ആവിഷ്കൃത സത്യങ്ങൾ പാരമ്പര്യത്തിൽനിന്നു മാത്രമേ ലഭിക്കുകയുള്ളൂ എന്ന ആശയത്തോടു വിയോജിക്കുന്നവരാണ് ചില ആധുനിക ദൈവശാസ്ത്രജ്ഞന്മാർ. ത്രെന്തോസ് സൂനഹദോസ് അപ്രകാരം പഠിപ്പിക്കുന്നില്ലെന്നാണ് ഇവർ വാദിക്കുന്നത്. ജെ.ആർ. ഗയിസൽമാൻ പറയുന്നു, വി. ലിഖിതത്തിലില്ലാത്തതായ സത്യങ്ങളൊന്നും പാരമ്പര്യത്തിലില്ല. വി. ലിഖിതങ്ങളുടെ വ്യാഖ്യാനത്തിനു പാരമ്പര്യം സഹായകമാണെന്നും മാത്രം. ഇങ്ങനെ ത്രെന്തോസ് സൂനഹദോസ് മുതൽ ദൈവശാസ്ത്രജ്ഞന്മാർ തുടങ്ങിവച്ച വാദപ്രതിവാദങ്ങൾ ഇന്നും കെട്ടടങ്ങിയിട്ടില്ല.

ഈ പശ്ചാത്തലത്തിലാണ് 2-ാം വത്തിക്കാൻ കൗൺസിലും ഈ പ്രമേയം ചർച്ച ചെയ്തത്. പോരെങ്കിൽ സഭൈക്യോന്മുഖമായ

ഈ കൗൺസിൽ ദൈവാവിഷ്കരണത്തെപ്പറ്റി പരാമർശിക്കേണ്ടത് ആവശ്യവുമായിരുന്നു. കാരണം കത്തോലിക്കരും അകത്തോലിക്കരും തമ്മിലുള്ള ഡയലോഗിന്റെ ആധാരം വി. ലിഖിതങ്ങളാണ്.

ദൈവശാസ്ത്രകമ്മീഷൻ "ആവിഷ്കരണത്തിന്റെ സ്രോതസ്സുകൾ" എന്ന പേരിൽ ഒരു സ്കേമ കൗൺസിലിന്റെ ഒന്നാം സെഷനിൽ (1962) അവതരിപ്പിച്ചു. ഈ സ്കേമ രൂക്ഷമായ വിമർശനത്തിനിടയാവുകയാണുണ്ടായത്. ചർച്ച തുടരണമോ എന്നാരായാൻ നടത്തിയ വോട്ടെടുപ്പിൽ 1368 പേർ പ്രതികൂലിക്കുകയും 822 പേർ അനുകൂലിക്കുകയും ചെയ്തു. മൂന്നിൽ രണ്ടു ഭാഗം വോട്ടുകൾ പ്രതികൂല വിഭാഗത്തിനു ലഭിക്കാതിരുന്നതിനാൽ ചർച്ച തുടരേണ്ടതായിരുന്നു. പക്ഷേ പോപ്പ് ജോൺ XXIII ഇടപെടുകയും ഭൂരിപക്ഷത്തിന് സ്വീകാര്യമാകുന്ന ഒരു പുതിയ സ്കേമ എഴുതിയുണ്ടാക്കാൻവേണ്ടി ഒരു പ്രത്യേക കമ്മീഷനെ നിയമിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ദൈവശാസ്ത്രക്കമ്മീഷനും ക്രിസ്തീയൈക്യത്തിനായുള്ള സെക്രട്ടറിയേറ്റും ചേർന്ന ഒരു മിശ്രകമ്മീഷൻ 'ദൈവാവിഷ്കരണത്തെപ്പറ്റി' എന്ന പേരിൽ തയ്യാറാക്കിയ സ്കേമ 2-ാം സെഷനു മുമ്പ് മെത്രാന്മാർക്കയച്ചുകൊടുത്തു. മെത്രാന്മാർ നൽകിയ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ഭേദഗതി ചെയ്യപ്പെട്ട സ്കേമ മൂന്നാം സെഷനിൽ (1964) ചർച്ച ചെയ്യപ്പെട്ടു. സംവാദശേഷവും ചില വ്യതിയാനങ്ങൾ വന്നു. പരി. പിതാവുതന്നെ മൂന്നു ഭേദഗതികൾ നിർദ്ദേശിക്കുകയുണ്ടായി. അങ്ങനെ നാലുപ്രാവശ്യം പുതുക്കിയെഴുതിയ സ്കേമ 1965 നവംബർ 18ന് 16-നെതിരെ 2344 വോട്ടുകളോടെ പാസ്സാകുകയും അന്നുതന്നെ പ. പിതാവ് അതു പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഈ കോൺസ്റ്റിറ്റ്യൂഷനിൽ ഭേദഗതികൾ പല വിധത്തിലാണുണ്ടായത്. (1) ഒന്നാമത്തെ സ്കേമയിൽ 'ദൈവാവിഷ്കരണം' എന്താണെന്നു പ്രസ്താവിച്ചിരുന്നില്ല. (2) വി. ഗ്രന്ഥത്തെക്കുറിച്ചു വിശദീകരണങ്ങൾ, വി. ലിഖിതങ്ങളും പാരമ്പര്യവും തിരുസ്സഭയുടെ പ്രബോധനാധികാരവും തമ്മിലുള്ള ബന്ധത്തെ സ്പർശിക്കുന്ന വിവാദാത്മക പ്രശ്നങ്ങൾ എന്നിവ ക്രമേണ കുറഞ്ഞുവന്നു. പ്രഥമ സ്കേമയിൽ വി. ലിഖിതത്തിലില്ലാത്ത ചില ആവിഷ്കൃത സത്യങ്ങൾ പാരമ്പര്യത്തിലുണ്ടെന്നു തെളിച്ചു പ്രസ്താവിച്ചിരുന്നു. എന്നാൽ അതു ദൈവശാസ്ത്രജ്ഞന്മാരുടെയിടയിൽ ഒരു വിവാദവിഷയമായതി

നാൽ ഭേദഗതിചെയ്യപ്പെട്ട സ്കേമയിൽ വിവാദപരമായ വിഷയങ്ങളെ അന്തിമമായി തീരുമാനിക്കാതെ ദൈവശാസ്ത്രജ്ഞന്മാരുടെ ഉപരി പഠനത്തിനായി വിട്ടുകൊടുത്തിരിക്കുകയാണ്. (3) വിശുദ്ധ ഗ്രന്ഥ നിവേശനത്തിന്റെ സ്വഭാവം, വി. ഗ്രന്ഥവ്യാഖ്യാനത്തിന്റെ ശാസ്ത്രീയ രീതികൾ എന്നിവയെ സംബന്ധിക്കുന്ന വിവാദപരമായ പ്രശ്നങ്ങ ളുടെ വിവരണത്തിൽ പ്രത്യേക സിദ്ധാന്തങ്ങളോടു ചേർന്ന് നില്ക്കാ തിരിക്കാനുള്ള ഒരു ശ്രമവും നടന്നു. ഇത്തരം ഭേദഗതികൾ മുഖേന ഈ പ്രമാണരേഖ തികച്ചും അജപാലനപരവും ആധുനിക ദൈവ ശാസ്ത്രവീക്ഷണോന്മുഖവുമായിട്ടുണ്ട്.

ആറദ്ധ്യായങ്ങളിലായി ദൈവാവിഷ്കരണം, അതിന്റെ കൈമാറ്റം, വി. ഗ്രന്ഥനിവേശനം, പഴയ ഉടമ്പടി, പുതിയ ഉടമ്പടി, തിരുസ്സഭയുടെ ജീവിതത്തിൽ വി. ലിഖിതങ്ങൾ എന്നീ വിഷയങ്ങ ളാണ് പ്രമാണരേഖ അവതരിപ്പിക്കുന്നത്. തിരുസ്സഭയുടെ സിദ്ധാന്ത ങ്ങളുടെ മാത്രമല്ല അവളുടെ ജീവിതത്തിന്റെതന്നെ ഹൃദയമാണു വി. ലിഖിതങ്ങളെന്നു സമർത്ഥിച്ചിരിക്കുന്നതു തികച്ചും അവസരോ ചിതമായിട്ടുണ്ട്. അല്മായരിലും വി. ഗ്രന്ഥവായന പ്രോത്സാഹിപ്പി ക്കാനുള്ള ആഹ്വാനവും വി. ഗ്രന്ഥാധിഷ്ഠിതമായ ദൈവശാസ്ത്ര വീക്ഷണവും ഈ പ്രമാണരേഖയുടെ പ്രത്യേകതകൾതന്നെ.

# ദൈവാവിഷ്കരണത്തെ സംബന്ധിക്കുന്ന കോൺസ്റ്റിറ്റ്യൂഷൻ

## പ്രാരംഭം

1. ദൈവവചനം ഭക്തിസമന്വിതം ശ്രവിക്കുകയും വിശ്വാസപൂർവ്വം പ്രഖ്യാപിക്കുകയും ചെയ്യുന്ന ഈ സൂനഹദോസ് മാർഗ്ഗനിർദ്ദേശത്തിനായി വി. യോഹന്നാന്റെ ഈ വാക്കുകളിലേയ്ക്കു തിരിയുന്നു. "പിതാവിനോടുകൂടെ ആയിരിക്കുകയും നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയും ചെയ്ത നിത്യജീവനെ ഞങ്ങൾ നിങ്ങളോടറിയിക്കുന്നു. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത ആ നിത്യജീവനെത്തന്നെ. തദ്വാരാ നിങ്ങൾക്കു ഞങ്ങളോടൊത്തു പങ്കുണ്ടായിരിക്കുകയും നമ്മുടെ ഈ പൊതുപങ്കാളിത്തം പിതാവിനോടും പുത്രനായ യേശുക്രിസ്തുവിനോടുംകൂടെ ആയിരിക്കുകയും ചെയ്യട്ടെ" (1 യോഹ. 1:2–3). അതുകൊണ്ട് ത്രെന്തോസ്, ഒന്നാം വത്തിക്കാൻ എന്നീ സൂനഹദോസുകൾ നൽകിയിട്ടുള്ള പഠനങ്ങളെ മുറുകെ പിടിക്കുന്ന ഈ സൂനഹദോസും ദൈവിക വെളിപാട്, അതിന്റെ കൈമാറൽ എന്നിവയെക്കുറിച്ച് അവികലമായ പഠനങ്ങൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നു. അങ്ങനെ സമസ്ത ലോകവും രക്ഷയുടെ സന്ദേശം ശ്രവിക്കുകയും വിശ്വസിക്കുകയും ചെയ്യട്ടെ. ഈ വിശ്വാസം പ്രതീക്ഷയിലേയ്ക്കും പ്രതീക്ഷ സ്നേഹത്തിലേയ്ക്കും അതിനെ നയിക്കട്ടെ.

## അദ്ധ്യായം 1
## എന്താണീ ദൈവാവിഷ്കരണം

2. *(വെളിപാടിന്റെ സ്വഭാവവും ലക്ഷ്യവും)* നന്മസ്വരൂപിയും ബുദ്ധിതന്നെയുമായ ദൈവം സ്വയം വെളിപ്പെടുത്താനും നമുക്ക് അജ്ഞാതമായ അവിടുത്തെ തിരുവിഷ്ടം നമ്മെ അറിയിക്കാനും തിരുമനസ്സായി (എഫേ. 1:9). ഇതനുസരിച്ചാണ് മനുഷ്യന് വചനം മാംസമായ ക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിൽ പിതാവിന്റെ പക്കലേയ്ക്കു പ്രവേശനവും ദൈവികസ്വഭാവത്തിൽ ഓഹരിയും ലഭിക്കുന്നത് (എഫേ. 2:18, 2 പത്രോ. 1:4). ഈ ദൈവാവിഷ്കരണംവഴി അദൃശ്യനായ ദൈവം (കൊളോ. 1:15, 1 തിമോ. 1:17) അവിടുത്തെ

സ്നേഹത്തിന്റെ പാരമ്യത്തിൽനിന്നു മനുഷ്യനോട് സ്നേഹിതരോടെന്നപോലെ സംസാരിക്കുകയും അവരുടെ മദ്ധ്യേ വസിക്കുകയും ചെയ്യുന്നു. തന്റെ സഹവർത്തിത്വത്തിലേയ്ക്ക് മനുഷ്യരെ ക്ഷണിക്കുകയും കൊണ്ടുവരികയുമാണ് ഇതിൽ ദൈവത്തിന്റെ ഉദ്ദേശം. ദൈവാവിഷ്കരണം ഉൾക്കൊള്ളുന്ന പദ്ധതിയും ഇതുതന്നെ. ഈ പദ്ധതിയുടെ പൂർത്തീകരണം സാധിക്കുന്നതു പരസ്പരം ആന്തരികമായി ബന്ധിതങ്ങളായ പ്രവൃത്തികളും വാക്കുകളും വഴിയാണ്. വാക്കുകൾ കാണിക്കുന്ന തത്ത്വങ്ങളെയും യാഥാർത്ഥ്യങ്ങളെയും രക്ഷയുടെ ചരിത്രത്തിൽ ദൈവം ചെയ്ത പ്രവൃത്തികൾ പ്രകാശിപ്പിച്ചുറപ്പിക്കുന്നു. അതേ സമയം ഈ വാക്കുകൾ പ്രവൃത്തികളെ വ്യാഖ്യാനിക്കുകയും അവയിൽ ഉൾക്കൊണ്ടിരിക്കുന്ന രഹസ്യം വിശദീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ വെളിപാടുവഴി ദൈവത്തെക്കുറിച്ചും മനുഷ്യരക്ഷയെക്കുറിച്ചുമുള്ള അഗാധസത്യങ്ങൾ ക്രിസ്തുവിൽ നിതരാം പ്രസ്പഷ്ടമാകുന്നു. ക്രിസ്തുവാണ് എല്ലാ ദൈവിക വെളിപാടിന്റെയും മദ്ധ്യസ്ഥൻ. അതേസമയം അതിന്റെ പൂർണ്ണതയും അവിടുന്നുതന്നെ.

3. വചനം വഴിയാണ് ദൈവം എല്ലാ വസ്തുക്കളെയും സൃഷ്ടിക്കുന്നതും അസ്തിത്വത്തിൽ നിലനിറുത്തുന്നതും (യോഹ. 1:3). അവയിലൂടെ തന്നെക്കുറിച്ചുള്ള സ്ഥായിയായ സാക്ഷ്യം ദൈവം മനുഷ്യനു നൽകിയിട്ടുണ്ട് (റോമ 1:19-20). ഒരു പടികൂടി കടന്ന് സ്വർഗ്ഗീയമായ രക്ഷയുടെ മാർഗ്ഗം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ട് ആരംഭത്തിൽതന്നെ ദൈവം ആദിമാതാപിതാക്കൾക്കു സ്വയം വെളിപ്പെടുത്തി. അവരുടെ അധഃപതനത്തെ തുടർന്നു ദൈവം അവർക്കു വീണ്ടെടുപ്പു വാഗ്ദാനം ചെയ്തുകൊണ്ട് രക്ഷയുടെ പ്രത്യാശയിൽ അവരെ ഉയർത്തി (ഉൽപ. 3:15). ആ സമയം മുതൽ സ്വർഗീയരക്ഷ അന്വേഷിച്ചുകൊണ്ട് സുകൃതപഥത്തിൽ നിരന്തരം ചരിക്കുന്നവർക്കു നിത്യജീവൻ നൽകുന്നതിലേക്ക് ദൈവം മനുഷ്യവംശത്തെ തന്റെ അനുസ്യൂതമായ സംരക്ഷണത്തിൽ ആക്കി (റോമ 2:6-7). പിന്നീട് ദൈവം അവിടുന്നു നിശ്ചയിച്ചിരുന്ന സമയത്ത് അബ്രാഹത്തെ വിളിച്ചു, അദ്ദേഹത്തെ ഒരു വലിയ ജനപദമായി കരുപ്പിടിക്കാൻ. ഈ ജനപദത്തെ പൂർവ്വപിതാക്കൾക്കുശേഷം മൂശയും പ്രവാചകരും വഴിയും അവിടുന്നു പഠിപ്പിച്ചു. തന്നെമാത്രം ജീവിക്കുന്ന സത്യദൈവമായി സ്വീകരിക്കാനും, താൻ കാരുണ്യവ

നായ പിതാവും നീതിമാനായ ന്യായാധിപനുമാണെന്ന് അംഗീകരിക്കാനും താൻ വാഗ്ദാനം ചെയ്ത രക്ഷകനെ പ്രതീക്ഷിച്ചിരിക്കാനും അവരെ അവിടുന്നു പഠിപ്പിച്ചു. ഇങ്ങനെയെല്ലാമാണ് ദൈവം ശതാബ്ദങ്ങളിലൂടെ സുവിശേഷത്തിനുവേണ്ടി വഴിയൊരുക്കിയത്.

4. *(ക്രിസ്തു - വെളിപാടിന്റെ പൂർണ്ണത)* പ്രവാചകന്മാർ വഴി നാനാവിധത്തിൽ പല സ്ഥലങ്ങളിലും സംസാരിച്ചശേഷം ഇപ്പോൾ ഇതാ ദൈവം തന്റെ പുത്രൻ മുഖേന ഈ അവസാന നാളുകളിൽ സംസാരിച്ചിരിക്കുന്നു (ഹെബ്രാ. 1:1-2). സകലരേയും പ്രകാശിപ്പിക്കുന്ന നിത്യവചനമായ സ്വപുത്രനെ അവിടുന്ന് അയച്ചു. അവൻ മനുഷ്യരോടൊന്നിച്ചു വസിക്കുന്നതിനും ദൈവത്തിന്റെ ഉറ്റ രഹസ്യങ്ങൾ അവരെ അറിയിക്കുന്നതിനുംവേണ്ടിയായിരുന്നു അത് (യോഹ. 1:1-18). തന്മൂലം മാംസം ധരിച്ച വചനമായ യേശുക്രിസ്തു എന്ന മനുഷ്യൻ മറ്റു മനുഷ്യരുടെ പക്കലേക്ക് എന്ന വിധം അയയ്ക്കപ്പെട്ടിരിക്കുന്നു. അവിടുന്ന് ദൈവത്തിന്റെ വാക്കുകൾ നമ്മോടു പറയുകയും (യോഹ. 3:34) പിതാവേകിയ പരിത്രാണ പദ്ധതി പൂർത്തിയാക്കുകയും ചെയ്യുന്നു (യോഹ. 5:36; 17,4). ഇക്കാരണത്താൽ ക്രിസ്തുവിനെ കാണുന്നവർ പിതാവിനെയും ദർശിക്കുന്നു (യോഹ. 14:9). സ്വസാന്നിദ്ധ്യത്താലും പ്രത്യക്ഷത്താലും വാക്കാലും പ്രവൃത്തിയാലും അടയാളങ്ങളാലും അത്ഭുതങ്ങളാലും പ്രത്യേകിച്ച് അവിടുത്തെ മരണത്താലും മൃതരിൽനിന്നുള്ള മഹത്വമേറിയ ഉത്ഥാനത്താലും അവസാനം പരിശുദ്ധാത്മാവിന്റെ പ്രേഷണത്താലും ക്രിസ്തു ദൈവിക വെളിപാടു പൂർണ്ണമാക്കി. കൂടാതെ ദൈവവചനം നമ്മോടുകൂടെയുണ്ടെന്നും, നമ്മെ പാപത്തിന്റെയും മരണത്തിന്റെയും ഇരുളിൽനിന്ന് മോചിപ്പിക്കുകയും സ്വർഗീയ ജീവിതത്തിലേക്ക് ഉയിർപ്പിക്കുകയും ചെയ്യുന്നുവെന്നും തന്റെ ദൈവികസാക്ഷ്യംകൊണ്ട് അവിടുന്നുറപ്പിക്കുന്നു.

നവീനവും അന്തിമവുമായ ഉടമ്പടി എന്ന നിലയ്ക്ക് ക്രിസ്തീയ ജീവിത വ്യവസ്ഥിതി എന്നെന്നും നിലനിൽക്കും. അതുകൊണ്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ പ്രകാശനംവരെ നാം മറ്റൊരു പുതിയ പൊതുവെളിപാട് പ്രതീക്ഷിക്കേണ്ടതില്ല (1 തിമോ. 6:14, തീത്തൊ. 2:13).

5. *(വെളിപാട് വിശ്വാസപൂർവ്വം നാം സ്വീകരിക്കണം)* വിശ്വാസത്തിൽനിന്നു വരുന്ന അനുസരണം (റോമ. 13-26, റോമ. 1:5, 2 കൊറി.

10:5-6) സ്വയം വെളിപ്പെടുത്തിയ ദൈവത്തിന് കൊടുക്കേണ്ടിയിരിക്കുന്നു. ഈ അനുസരണംവഴി മനുഷ്യൻ തന്റെ ബുദ്ധിയും മനസ്സും ദൈവത്തിന് സമ്പൂർണ്ണമായി അടിയറ വയ്ക്കുകയും ദൈവികവെളിപാട് ഹൃദയപൂർവ്വം അംഗീകരിക്കുകയും അങ്ങനെ തന്നെതന്നെ സ്വമനസ്സാ അവിടുത്തേക്ക് മുഴുവനായി സമർപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള വിശ്വാസം ഉണ്ടാകണമെങ്കിൽ ദൈവത്തിന്റെ മുൻകൂട്ടിയുള്ള പ്രേരകപ്രസാദവരവും പരിശുദ്ധാത്മാവിന്റെ ആന്തരിക സഹായവും ആവശ്യമാണ്. പരിശുദ്ധാരൂപി ഹൃദയത്തെ സ്പർശിക്കുകയും അതിനെ ദൈവത്തിലേക്ക് തിരിക്കുകയും ചെയ്യുന്നു. അതോടൊപ്പം ഉൾക്കണ്ണുകൾ തുറന്ന്, സത്യം സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നത് എല്ലാവർക്കും ഇമ്പകരമാക്കിത്തീർക്കുകയും ചെയ്യുന്നു. ഈ പരിശുദ്ധാരൂപിതന്നെയാണ് ദിവ്യദാനങ്ങളാൽ, വെളിപാടിനെക്കുറിച്ചുള്ള അറിവ് കൂടുതൽ അഗാധമാക്കാൻവേണ്ടി നമ്മുടെ വിശ്വാസം നിരന്തരം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നത്.

6. *(വെളിപാടിന്റെ ലക്ഷ്യം)* ദൈവികാവിഷ്കരണംവഴി ദൈവം തന്നെത്തന്നെയും മനുഷ്യരക്ഷയെക്കുറിച്ചുണ്ടായിരുന്ന തന്റെ തിരുമനസ്സിന്റെ ശാശ്വത തീരുമാനങ്ങളെയും വെളിപ്പെടുത്താനും പകർന്നുതരാനും തിരുമനസ്സായി. "മനസ്സിന്റെ ഗ്രഹണത്തിനതീതമായ അവിടുത്തെ ദൈവികസൗഭാഗ്യം തന്നോടൊത്ത് അനുഭവിക്കാൻവേണ്ടി" ആയിരുന്നു അത്.

പരിശുദ്ധ സൂനഹദോസ് ഇങ്ങനെ ഉറപ്പിച്ചു പ്രസ്താവിക്കുന്നു. മനുഷ്യബുദ്ധിയുടെ പ്രകാശംവഴി എല്ലാ വസ്തുക്കളുടെയും ആരംഭവും അവസാനവുമായ ദൈവത്തെ സൃഷ്ടവസ്തുക്കളിൽനിന്ന് അസന്നിഗ്ദ്ധമായി അറിയാൻ കഴിയും (റോമ.1:20). എങ്കിലും കൗൺസിൽ പഠിപ്പിക്കുന്നു. ദൈവിക വെളിപാടുവഴിയാണു മനുഷ്യബുദ്ധിക്കു സ്വതവേ ഗ്രാഹ്യങ്ങളായ മതസത്യങ്ങൾ തന്നേയും എല്ലാവരും എളുപ്പത്തിലും ഉറപ്പായ അബദ്ധത്തിന്റെ കലർപ്പില്ലാതെയും മനുഷ്യവംശത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയിൽ അറിയുന്നതു എന്ന്.

## അദ്ധ്യായം 2
## ദൈവവെളിപാടിന്റെ കൈമാറൽ

7. *(അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും സുവിശേഷദൂതന്മാരാണ്)* സമസ്തജനപദങ്ങളുടെയും രക്ഷയ്ക്കുവേണ്ടി ദൈവം വെളിപ്പെടുത്തിയവ അഭംഗുരം ശാശ്വതമായി നിലനിൽക്കുന്നതിനും എല്ലാ തലമുറകളിലേയ്ക്കും കൈമാറുന്നതിനും കാരുണ്യാതിരേകത്തോടെ അവിടുന്നുതന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത്യുന്നതനായ ദൈവത്തിന്റെ വെളിപാടു മുഴുവൻ തന്നിൽ പൂർത്തീകരിച്ച ക്രിസ്തുനാഥൻ (2 കൊറി. 1:30, 3:16, 4:6) എല്ലാ രക്ഷണീയ സത്യങ്ങളുടെയും ധാർമ്മിക പ്രബോധനങ്ങളുടെയും ഉറവിടമായ സുവിശേഷം സകല മനുഷ്യരോടും പ്രസംഗിക്കാനും അങ്ങനെ അവർക്കു ദൈവദാനങ്ങൾ നൽകാനും അപ്പസ്തോലന്മാരെ അധികാരപ്പെടുത്തുകയുണ്ടായി. ഈ സുവിശേഷമത്രെ മുൻകാലങ്ങളിൽ പ്രവാചകന്മാർവഴി വാഗ്ദാനം ചെയ്യുകയും താൻ തന്നെ സാക്ഷാത്കരിക്കുകയും സ്വന്തം അധരങ്ങളാൽ പ്രഖ്യാപിക്കുകയും ചെയ്തത്. ക്രിസ്തു നൽകിയ ദൗത്യം അപ്പസ്തോലന്മാർ വിശ്വസ്തതയോടെ നിറവേറ്റി. തങ്ങളുടെ പ്രസംഗം വഴിയും മാതൃക വഴിയും കല്പനകൾവഴിയും അവർ ക്രിസ്തുവിന്റെ വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും, സമ്പർക്കത്തിൽനിന്നും സ്വീകരിച്ചവയോ അഥവാ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൽനിന്നും പഠിച്ചവയോ ആയ കാര്യങ്ങൾ മറ്റുള്ളവർക്കു കൈമാറി. ഇതേ കൃത്യംതന്നെയാണ് പരിശുദ്ധാത്മാവിന്റെ നിവേശനത്താൽ രക്ഷയുടെ സന്ദേശം ലിഖിത രൂപത്തിൽ ആക്കിയ ആ അപ്പസ്തോലന്മാരും അവരോടു ബന്ധപ്പെട്ടവരും ചെയ്തത്.

സുവിശേഷം എക്കാലവും സഭയിൽ അവികലവും സജീവവുമായി സംരക്ഷിക്കാൻവേണ്ടി അപ്പസ്തോലന്മാർ "തങ്ങളുടെ സ്ഥാനത്ത്" അതു പഠിപ്പിക്കാൻ ആവശ്യമായ അധികാരം നൽകിക്കൊണ്ട് മെത്രാന്മാരെ പിൻഗാമികളായി നിയമിച്ചു. ഈ വിശുദ്ധ പാരമ്പര്യവും, പഴയതും പുതിയതുമായ ഉടമ്പടികൾ സംബന്ധിച്ച ലിഖിതങ്ങളും സഭയ്ക്ക് ഒരു മുഖക്കണ്ണാടിപോലെയാണ്. ഈ ലോകത്തിൽ തീർത്ഥാടകയായ സഭ ആ കണ്ണാടിയിൽക്കൂടി ദൈവത്തെ ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നു. എല്ലാം നൽകിയ ദൈവത്തെ അഭിമുഖമായി ദർശിക്കുന്നതുവരെ അവൾ അങ്ങനെ ചെയ്തുകൊണ്ടേയിരിക്കും (1 യോഹ. 3:3).

8. *(വിശുദ്ധ പാരമ്പര്യം)* ഈ ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ടി നിവേശിത ഗ്രന്ഥങ്ങളിൽ പ്രത്യേകവിധം രേഖപ്പെടുത്തിയിട്ടുള്ള അപ്പസ്തോലന്മാരുടെ പ്രസംഗം ലോകാവസാനംവരെ തുടരെയുള്ള പിന്തുടർച്ചവഴി അഭംഗുരം നിലനിർത്തുക ഒരാവശ്യമായിരുന്നു. തന്മൂലം അപ്പസ്തോലന്മാർ തങ്ങൾ സ്വീകരിച്ചതെല്ലാം വിശ്വാസികളെ ഏല്പിച്ചുകൊണ്ട് പ്രഭാഷണങ്ങളിലൂടെയോ ലിഖിതങ്ങളിലൂടെയോ പഠിച്ച പാരമ്പര്യമെല്ലാം (2 തെസ്സ. 2:15) മുറുകെപ്പിടിക്കാൻ അവരെ ഉപദേശിക്കുകയുണ്ടായി. ആത്യന്തികമായി ഏല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസത്തിനുവേണ്ടി അവർ യുദ്ധം ചെയ്യുകയും വേണം (യൂദാ. 3). അപ്പസ്തോലന്മാർ നൽകിയ പാരമ്പര്യത്തിൽ ദൈവജനത്തിന്റെ ജീവിതം വിശുദ്ധമായി നയിക്കുന്നതിനും വിശ്വാസം അഭിവൃദ്ധമാക്കുന്നതിനും ആവശ്യമായതെല്ലാം അടങ്ങിയിട്ടുണ്ട്. ഇങ്ങനെ തന്റെ പ്രബോധനത്തിലും ജീവിതത്തിലും ആരാധനയിലും തലമുറ തലമുറയായി സഭ തന്നെത്തന്നെയും താൻ വിശ്വസിക്കുന്നവയും എന്നും നിലനിർത്തുകയും എല്ലാ തലമുറകൾക്കുമായി പകർന്നു കൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

അപ്പസ്തോലന്മാരിൽനിന്നുള്ള ഈ പാരമ്പര്യം പരിശുദ്ധാത്മാവിന്റെ സഹായത്താൽ സഭയിൽ വളർന്നുകൊണ്ടിരിക്കുന്നു. കാരണം, പരമ്പരാഗതമായി നൽകപ്പെട്ടിട്ടുള്ള യാഥാർത്ഥ്യങ്ങളുടെയും വചനങ്ങളുടെയും ഗ്രഹണത്തിൽ വളർച്ച ഉണ്ടായിട്ടുണ്ട്. വിശ്വാസികൾ ഇവ തങ്ങളുടെ ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനവും പഠനവുംവഴി ഈ വളർച്ചയെ സഹായിക്കുന്നു. തങ്ങൾ അനുഭവിച്ചറിഞ്ഞ ആത്മീയ യാഥാർത്ഥ്യങ്ങളുടെ ആഴമായ അറിവും ഈ വളർച്ചയ്ക്കുപകരിക്കും. ഇനിയും മെത്രാൻ പദവിയിലുള്ള പിൻതുടർച്ചവഴിയായി സത്യത്തിന്റെ തെറ്റാവരം കിട്ടിയവരുടെ പ്രബോധനംവഴിയും ഈ വളർച്ച സംഭവിക്കുന്നുണ്ട്. കാലത്തിന്റെ മുന്നോട്ടുള്ള ഗമനത്തോടൊപ്പം ദൈവികസത്യത്തിന്റെ പൂർണ്ണതയിലേക്ക് സഭയും സദാ പുരോഗമിക്കുന്നു. ദൈവികവചനങ്ങളുടെ സമ്പൂർണ്ണമായ തികവ് അവളിൽ സംജാതമാകുവോളം ഈ പ്രയാണം തുടർന്നുകൊണ്ടേയിരിക്കും.

ഈ പാരമ്പര്യത്തിന്റെ സജീവ സാന്നിദ്ധ്യത്തിനു വി. പിതാക്കന്മാരുടെ വാക്കുകൾ സാക്ഷ്യം വഹിക്കുന്നു. വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന സഭയുടെ ജീവിതാനുഷ്ഠാനങ്ങളിൽ അതിന്റെ സമ്പത്സമർദ്ധി വർഷിക്കപ്പെട്ടിരിക്കുന്നു. സഭയിൽ അംഗീ

കൃതങ്ങളായിരിക്കുന്ന വി. ലിഖിതങ്ങളുടെ പട്ടിക മുഴുവനും ഇതേ പാരമ്പര്യം വഴിയാണു അറിയുന്നത്. മാത്രമല്ല ഈ പാരമ്പര്യം വഴി തന്നെ അവൾ വി. ലിഖിതങ്ങളെ കൂടുതൽ ഗാഢമായി ഗ്രഹിക്കുകയും നിതരാം സജീവമാക്കി പകർത്തുകയും ചെയ്യുന്നു. ഈ വിധത്തിൽ മുമ്പൊരിക്കൽ സംസാരിച്ച ദൈവം തന്റെ പ്രിയസുതന്റെ മണവാട്ടിയോടും ഇടവിടാതെ സംസാരിച്ചുകൊണ്ടാണിരിക്കുന്നത്. പരിശുദ്ധാത്മാവുവഴി സുവിശേഷത്തിന്റെ സജീവസ്വരം സഭയിലും സഭവഴി ലോകത്തിലും പ്രതിധ്വനിക്കുന്നുണ്ട്. അപ്രകാരം ഈ അരൂപി വിശ്വാസികളെ സമ്പൂർണ്ണ സത്യത്തിലേയ്ക്കു നയിക്കുകയും ക്രിസ്തുവിന്റെ വാക്കുകൾ അവരിൽ സമൃദ്ധമായി നിവസിപ്പിക്കുകയും ചെയ്യുന്നു (കൊളോ. 3:16).

9. *(പാരമ്പര്യവും വി. ലിഖിതങ്ങളും തമ്മിലുള്ള ബന്ധം)* ഇങ്ങനെ നോക്കുമ്പോൾ വി. ലിഖിതങ്ങളും പാരമ്പര്യവും തമ്മിൽ സുദൃഢമായ ബന്ധവും വിനിമയവും ഉണ്ടെന്നു കാണാം. എന്തെന്നാൽ, അവ രണ്ടിന്റെയും ഉത്ഭവം ഒരേ ഒരു ദിവ്യസ്രോതസ്സിൽനിന്നാണ്. ഒരു വിധത്തിൽ രണ്ടും ഒന്നായി ചേർന്നു ഒരേ ലക്ഷ്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. കാരണം, പരിശുദ്ധാരൂപിയുടെ നിവേശനത്താൽ ദൈവവചനം ലിഖിതരൂപത്തിലേയ്ക്കു പകർത്തിയിരിക്കുന്നതുകൊണ്ട് വി. ലിഖിതങ്ങൾ ദൈവവചസ്സുകളാണ്. അതേസമയം കർത്താവായ ക്രിസ്തുവും പരിശുദ്ധാത്മാവും അപ്പസ്തോലന്മാരെ ഏല്പിച്ചിട്ടുള്ള ദൈവവചനം, അവരുടെ പിൻഗാമികൾക്ക് പാരമ്പര്യം വഴി തീർത്തും കലർപ്പില്ലാതെ ലഭിക്കുന്നു. തൽഫലമായി സത്യാത്മാവിന്റെ പ്രകാശത്താൽ ദൈവവചനം പ്രസംഗിച്ചുകൊണ്ട് അതിനെ വിശ്വസ്തതയോടെ പാലിക്കാനും വിശദീകരിക്കാനും പ്രചരിപ്പിക്കാനും അവർക്കു കഴിവുണ്ടാകും. ഇതിൽനിന്നും ഒരു കാര്യം സ്പഷ്ടമാണ്. ദൈവികാവിഷ്കരണത്തിലെ എല്ലാ വസ്തുതകളേയും സംബന്ധിച്ചുള്ള അസന്ദിഗ്ധമായ ബോധം വി. ലിഖിതങ്ങളിൽനിന്നു മാത്രമല്ല സഭയ്ക്കു ലഭ്യമാകുന്നത്. അതുകൊണ്ട് വി. ലിഖിതങ്ങളും പാരമ്പര്യവും ഒരേ ബഹുമാനത്തോടും ഒരേ ആദരവോടുംകൂടി നാം സ്വീകരിച്ചു വണങ്ങേണ്ടതാണ്.

10. *(വി. ലിഖിതത്തിനും പാരമ്പര്യത്തിനും സഭയോടും അവളുടെ പ്രബോധനാധികാരത്തോടുമുള്ള ബന്ധം)* വിശുദ്ധ പാരമ്പര്യവും ലിഖിതങ്ങളും സഭയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവവച

നത്തിന്റെ ഏക കലവറയാണ്. ഇടയന്മാരോട് യോജിച്ചുകൊണ്ട് വി. ജനം ഈ നിക്ഷേപം മുറുകെ പിടിക്കുകയും അപ്പസ്തോലന്മാരുടെ പഠനത്തിലും കൂട്ടായ്മയിലും അപ്പം മുറിക്കലിലും പ്രാർത്ഥനകളിലും ദൃഢപ്രതിജ്ഞരായി നില്ക്കുകയും ചെയ്യുന്നു (അപ്പ. 2-42). ഇതു മൂലം വിശ്വാസികളും മെത്രാന്മാരും തമ്മിൽ അതുല്യമായൊരു സഹകരണം ഉളവാകുന്നുണ്ട്. ഏല്പിക്കപ്പെട്ട വിശ്വാസം കാത്തു പാലിക്കുന്നതിലും തദനുസരണം ജീവിക്കുന്നതിലും അതിനെ പ്രഖ്യാപിക്കുന്നതിലുമാണ് ഈ സഹകരണം.

എന്നാൽ ദൈവവചനം ലിഖിതമായി ലഭിച്ചതായാലും പാരമ്പ ര്യമായി കിട്ടിയതായാലും അതിനെ ആധികാരികമായി വ്യാഖ്യാനി ക്കേണ്ട ചുമതല, സഭയുടെ ജീവിക്കുന്ന പ്രബോധനാധികാര ത്തിനുമാത്രം നൽകപ്പെട്ട ഒന്നാകുന്നു. ഈ അധികാരം യേശുക്രി സ്തുവിന്റെ നാമത്തിൽ അവർ കൈകാര്യം ചെയ്യുന്നു. എന്നാൽ സഭയുടെ ഈ പ്രബോധനാധികാരം ദൈവവചനത്തിന് ഉപരിയല്ല, പ്രത്യുത, അതിനെ സേവിക്കുവാനുള്ളതാണ്. ഏല്പിക്കപ്പെട്ടിരിക്കു ന്നതല്ലാതെ മറ്റൊന്നും സഭ പഠിപ്പിക്കുന്നില്ല. ദൈവകല്പനയാലും പരിശുദ്ധാത്മാവിന്റെ സഹായത്താലും അവൾ ഭക്തിപൂർവ്വം വചനം ശ്രവിച്ചു പവിത്രമായി സംരക്ഷിക്കുകയും വിശ്വസ്തതയോടെ വിശ ദീകരിക്കുകയും ചെയ്യുന്നു. പ്രബോധനാധികാരം ദൈവാവി ഷ്കരണങ്ങളാണെന്നു പഠിപ്പിക്കുന്നതെല്ലാം വിശ്വാസത്തിന്റെ ഏക കലവറയിൽനിന്ന് എടുത്തിട്ടുള്ളവയാണ്.

ഇവയിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാണ്. വി. പാരമ്പ ര്യവും വി. ലിഖിതങ്ങളും സഭയുടെ പ്രബോധനാധികാരവും ദൈവ ത്തിന്റെ അതിവിശിഷ്ടമായ സംവിധാനത്തിൽ അപരിത്യാജ്യമായ വിധത്തിൽ പരസ്പരം ബന്ധിതങ്ങളാണ്. തന്മൂലം ഒന്നു മറ്റൊ ന്നിൽനിന്നു വേർപ്പെട്ടു നില്ക്കുക സാദ്ധ്യമല്ല. പ്രത്യുത, എല്ലാം ഒരുമിച്ച്, എന്നാൽ ഓരോന്നും സ്വന്തം രീതിയിൽ, ഒരേ പരിശുദ്ധാ ത്മാവിന്റെ പ്രവർത്തനത്താൽ ആത്മരക്ഷ കൈവരുത്താൻ ഫലപ്ര ദമായി സഹായിക്കുന്നു.

## അദ്ധ്യായം 3

# വി. ലിഖിതങ്ങളുടെ ദൈവനിവേശനവും അതിന്റെ വ്യാഖ്യാനവും

11. *(വി. ലിഖിതങ്ങളിൽ കാണുന്ന നിവേശനവും സത്യവും തമ്മിലുള്ള ബന്ധം)* വി. ലിഖിതങ്ങളിൽ അനേകം ദൈവാവിഷ്കൃത സത്യങ്ങൾ ഉള്ളടങ്ങി പ്രകാശിക്കുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ നിവേശനത്താലാണ് ഇവ എഴുതപ്പെട്ടത്. അപ്പസ്തോലന്മാരിൽനിന്ന് സ്വീകരിച്ച വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മാതാവായ തിരുസ്സഭ ഇങ്ങനെ പഠിപ്പിക്കുന്നു; പുതിയ നിയമത്തിലെയും പഴയനിയമത്തിലെയും എല്ലാ പുസ്തകങ്ങളും പൂർണ്ണമായി, അവയുടെ എല്ലാ ഭാഗങ്ങളുമുൾപ്പെടെ, സംപൂജ്യവും കാനോനികവുമാണ്. കാരണം, അവയുടെ രചന പരിശുദ്ധാത്മാവിന്റെ നിവേശനത്തിൽനിന്നാണ്. (യോഹ. 20:31, 2 തിമോ.3:16, 2 പത്രോ. 1:19–21, 3:15–16). ദൈവമാണ് അവയുടെ കർത്താവ്. ആ നിലയിൽ വി. ലിഖിതങ്ങൾ സഭയ്ക്കു തന്നെ ഏല്പിക്കപ്പെട്ടിട്ടുള്ളവയാണ്. വി. ലിഖിതങ്ങൾ രചിക്കാൻ വേണ്ടി ദൈവം ചിലരെ തിരഞ്ഞെടുത്തു. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവർ സ്വന്തം ശക്തിയും കഴിവുകളും ഉപയോഗിച്ചിട്ടുണ്ട്. തന്മൂലം അവരും യഥാർത്ഥ ഗ്രന്ഥകർത്താക്കളാണ്. എന്നാൽ ദൈവമാണ് അവരിലും അവർ വഴിയും പ്രവൃത്തിച്ചത്. അതുകൊണ്ട് അവിടുന്ന് ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും, അവ മാത്രവുമാണ് അവർ എഴുതിയിട്ടുള്ളത്.

നിവേശിതകർത്താക്കൾ അഥവാ വി. ഗ്രന്ഥകാരന്മാർ അസന്നിഗ്ദ്ധമായി പറയുന്നതെല്ലാം പരിശുദ്ധാത്മാവിന്റേതായി സ്വീകരിക്കണം. തന്മൂലം ദൈവം നമ്മുടെ രക്ഷയ്ക്കുവേണ്ടി വി. ലിഖിതങ്ങളിൽ രേഖപ്പെടുത്താൻ തിരുമനസ്സായ സത്യം വി. ഗ്രന്ഥത്തിലെ പുസ്തകങ്ങൾ സുദൃഢമായും വിശ്വസ്തമായും അബദ്ധരഹിതമായും പഠിപ്പിക്കുന്നുവെന്ന് സിദ്ധിക്കാം. അതുകൊണ്ട് “ദൈവനിവേശിതമായ ലിഖിതങ്ങളെല്ലാം പഠിപ്പിക്കാനും തിരുത്താനും നീതിയിൽ അഭ്യസിപ്പിക്കാനും ശാസിക്കാനും ഉപകരിക്കും. തദ്വാരാ ദൈവിക മനുഷ്യൻ എല്ലാവിധ സത്കൃത്യങ്ങളും ചെയ്യാൻ കഴിവുള്ളവനും സജ്ജീകൃതനുമായിത്തീരും” (2 തിമോ. 3:16–17).

12. *(വി. ലിഖിതങ്ങളുടെ പ്രഖ്യാപനം)* വി. ലിഖിതങ്ങളിൽ ദൈവം മനുഷ്യർവഴി മാനുഷികമായ രീതിയിലാണു സംസാരിച്ചി

രിക്കുന്നത്. തന്മൂലം അവയുടെ വ്യാഖ്യാതാവ് ചിലതെല്ലാം ശ്രദ്ധി ക്കേണ്ടതുണ്ട്. എന്താണ് ദൈവം നമ്മോടു പറയാൻ ഉദ്ദേശിക്കുന്ന തെന്നു മനസ്സിലാക്കാൻവേണ്ടി വി. ഗ്രന്ഥകാരന്മാർ ഓരോന്നിനും എന്തർത്ഥമാണ് യഥാർത്ഥത്തിൽ കല്പിക്കുന്നതെന്നും അവരുടെ വാക്കുകളിലൂടെ ദൈവം എന്താണു പ്രകാശിപ്പിക്കാൻ മനസ്സാകു ന്നതെന്നും പരിശോധിക്കേണ്ടതുണ്ട്.

വി. ഗ്രന്ഥകാരന്മാരുടെ ഉദ്ദേശ്യം ആരായുന്നവർ ഇതിനുവേണ്ടി മറ്റു പലതിന്റെയും കൂട്ടത്തിൽ പരിശോധിക്കേണ്ടത് അവയുടെ സാഹിത്യരൂപത്തെയാണ് (genera litteraria). കാരണം വിവിധ രീതി കളിലാണ് വി. ലിഖിതങ്ങളിൽ സത്യം ആവിഷ്കരിച്ചു പ്രകാശിപ്പി ച്ചിട്ടുള്ളത്. ഒരു സ്ഥലത്ത് ചരിത്രാനുസാരേണയാണെങ്കിൽ മറ്റൊ രിടത്തു പ്രവചനപരമായിരിക്കാം. വേറൊരിടത്തു കവിതയിലൂടെയോ മറ്റേതെങ്കിലും സാഹിത്യരൂപത്തിലൂടെയോ ആകാം. വി. ഗ്രന്ഥകാ രൻ എന്താണു പ്രകാശിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും, അദ്ദേഹ ത്തിന്റെ കാലത്ത്, ഒരു പ്രത്യേക സ്ഥലത്തു നിലവിലിരുന്ന ഗ്രഹ ണരീതി, സംസാരരീതി, വർണ്ണനാസമ്പ്രദായം ഇവ സസൂക്ഷ്മം മന സ്സിലാക്കേണ്ടതുണ്ട്. ഇനിയും അക്കാലത്തെ ആളുകൾ പരസ്പര സംസർഗ്ഗത്തിനു സാധാരണ ഉപയോഗിച്ചിരുന്ന മാർഗ്ഗങ്ങളേയും പരി ഗണിക്കേണ്ടിയിരിക്കുന്നു.

ഇവയ്ക്കെല്ലാം പുറമെ, വി. ലിഖിതങ്ങൾ പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ടിരിക്കുന്നതിനാൽ അതേ ആത്മാവിൽ തന്നെ വായിക്കു കയും വ്യഖ്യാനിക്കപ്പെടുകയും ചെയ്യണം. അതിലെ വാക്യങ്ങളുടെ ശരിയായ അർത്ഥം ഗ്രഹിക്കാൻ വി. ഗ്രന്ഥത്തിന്റെ ആകെയുള്ള ഉള്ളട ക്കവും പൊരുത്തവും കണക്കിലെടുക്കണം. ഇതു ചെയ്യുന്നത് സഭ മുഴുവനിലും ജീവിക്കുന്ന പാരമ്പര്യവും വിശ്വാസസത്യങ്ങൾ തമ്മി ലുള്ള പൊരുത്തവും പരിഗണിച്ചുകൊണ്ടാണ്. വി.ഗ്രന്ഥ വ്യാഖ്യാ താക്കൾ ഈ തത്ത്വങ്ങൾ പാലിച്ച്, വി. ലിഖിതങ്ങളുടെ കൂടുതൽ അഗാധമായ അറിവിനും പ്രകാശത്തിനുംവേണ്ടി പരിശ്രമിക്കണം. പ്രാഥമികമെന്നു പറയാവുന്ന ഈ പഠനം പരിപക്വമായ ഒരു തീരുമാ നമെടുക്കാൻ സഭയ്ക്കു സഹായകമായിരിക്കും. വി. ലിഖിത വ്യാഖ്യാനം സംബന്ധിച്ച ഇക്കാര്യങ്ങളെല്ലാം സഭയുടെ അന്തിമ തീരു മാനത്തിനു വിധേയങ്ങളാണ്. കാരണം ദൈവവചനം കാത്തുസംര ക്ഷിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്ന ദൈവിക ദൗത്യവും ജോലിയും നിർവ്വഹിക്കുന്നതു സഭയാണ്.

13. വി. ലിഖിതങ്ങളിൽ ദൈവികസത്യവും ദൈവികപരിശുദ്ധിയും അവികലമായി നിലകൊള്ളുന്നു. അതേസമയം അനന്തജ്ഞാനമായ ദൈവത്തിന്റെ വിസ്മയകരമായ "കനിവും" അവിടെ ദൃശ്യമാണ്. എത്ര അവാച്യമായ വിധത്തിൽ ദൈവം ദയാനിധിയാണെന്നും തന്റെ ആലോചനാപൂർവ്വമായ പരിപാലനയിൽ അവിടുന്ന് സ്വഭാഷ എത്രമാത്രം നമ്മുടെ പ്രകൃതിയ്ക്കു യോജിച്ചതാക്കിയെന്നും നാം അറിയാൻവേണ്ടിയാണത്. കാരണം, ദൈവവചസ്സുകൾ മാനുഷിക ഭാഷയിൽ അവതരിപ്പിക്കുമ്പോൾ അവ മനുഷ്യഭാഷണത്തോടു സദൃശമാകും. നിത്യനായ പിതാവിന്റെ വചനം ഒരിക്കൽ ബലഹീനമായ മനുഷ്യശരീരം സ്വീകരിച്ചപ്പോൾ മനുഷ്യസദൃശനായല്ലോ, അതുപോലെതന്നെ.

## അദ്ധ്യായം 4
## പഴയ ഉടമ്പടി

14. *(പഴയ ഉടമ്പടിയിലെ പുസ്തകങ്ങളിൽ കാണുന്ന രക്ഷാചരിത്രം)* അതുല്യസ്നേഹമൂർത്തിയായ ദൈവം ആകാംക്ഷാപൂർവ്വമാണ് നരവംശം മുഴുവന്റെയും രക്ഷയ്ക്കുവേണ്ടി സംവിധാനം ചെയ്തു വഴിയൊരുക്കിയത്. അവിടുത്തെ പ്രത്യേക പരിപാടിയനുസരിച്ച് ഒരു ജനതയെ തനിക്കായി അവിടുന്ന് തിരഞ്ഞെടുത്തു. അവർക്കു ചില വാഗ്ദാനങ്ങൾ നൽകുകയായിരുന്നു അതിന്റെ ഉദ്ദേശം. അതു സാധിക്കാൻവേണ്ടി ഒന്നാമതായി അബ്രാഹത്തോടും (ഉത്പ. 15:18) പിന്നീട് മൂശവഴി ഇസ്രയേൽ ജനത്തോടും ദൈവം ഒരു ഉടമ്പടിചെയ്തു (പുറ. 24:8). താൻ നേടിയെടുത്ത ഈ ജനത്തിന് വാക്കാലും പ്രവൃത്തിയാലും ജീവിക്കുന്ന ഏക സത്യദൈവമായി അവിടുന്നു സ്വയം വെളിപ്പെടുത്തി. ഇപ്രകാരം ദൈവം മനുഷ്യനോടു പെരുമാറുന്ന രീതി ഇസ്രായേൽ അനുഭവിച്ചറിഞ്ഞു. മാത്രമല്ല പ്രവാചകർവഴി ദൈവം അവരോടു സംസാരിച്ചതുകൊണ്ട് അവിടുത്തെ വഴികളെക്കുറിച്ചുള്ള അവരുടെ ജ്ഞാനം കൂടുതൽ സ്പഷ്ടവും അഗാധവുമായിത്തീർന്നു. തദനുസരണം ജനങ്ങളിൽ ദൈവിക മാർഗ്ഗങ്ങളെപ്പറ്റിയുള്ള അറിവ് അവർ കൂടുതൽ വ്യാപകമാക്കി (സങ്കീ. 21:29, 25:13, എസ. 2:15, ജെറ. 3:17). രക്ഷാകരപദ്ധതിയെക്കുറിച്ച് വി. ഗ്രന്ഥകർത്താക്കൾ പ്രവചിക്കുകയും വർണ്ണിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ആ സംവിധാനം പഴയനിയമത്തിലെ പുസ്തകങ്ങളിൽ യഥാർത്ഥ ദൈവവചനമായി നില

കൊള്ളുന്നു. അതുകൊണ്ടത്രെ ദൈവനിവേശിതങ്ങളായ ഈ പുസ്തകങ്ങൾക്കു ശാശ്വതമൂല്യം ലഭിച്ചിരിക്കുന്നത്. എന്തെന്നാൽ എഴുതപ്പെട്ടതെല്ലാം നമ്മുടെ പഠനത്തിനുവേണ്ടിയാണ്. വി. ലിഖിതങ്ങളിൽനിന്നു ലഭ്യമാകുന്ന ക്ഷമയും സമാശ്വാസവും വഴി പ്രതീക്ഷ കൈവളർത്താൻതന്നെ (റോമ 15:4).

15. *(പഴയ ഉടമ്പടി ക്രിസ്ത്യാനികൾക്ക് അപരിത്യാജ്യം)* സർവ്വലോകരക്ഷകനായ ക്രിസ്തുവിന്റെയും അവിടുത്തെ രാജ്യത്തിന്റെയും ആഗമനവാർത്ത ഉദ്ഘോഷിക്കുക, ഉദ്ദർശനം ചെയ്ത് അറിയിക്കുക, അതിനുകളമൊരുക്കുക, ഇതായിരുന്നു പഴയ ഉടമ്പടികൊണ്ട് മുഖ്യമായി ഉദ്ദേശിച്ചത് (ലൂക്ക 24:44, യോഹ. 5:39, 1 പത്രോ.1:10). അതിലെ വിവിധ പ്രതിരൂപങ്ങൾ ക്രിസ്തു വരുന്നതിന്റെ ഉദ്ദേശം പ്രകടിപ്പിക്കാൻവേണ്ടിയാണ് (1 കൊറി.10:11). പഴയ ഉടമ്പടിയിലെ പുസ്തകങ്ങൾ ക്രിസ്തു സമാരംഭിച്ച രക്ഷയുടെ കാലത്തിനുമുമ്പ് ജീവിച്ചിരുന്ന മനുഷ്യരുടെ പരിതഃസ്ഥിതിക്കനുരൂപമായി അവർക്കു ദൈവത്തേയും മനുഷ്യരേയുംകുറിച്ച് ജ്ഞാനം നൽകിയിരുന്നു. നീതിമാനും ദയാശീലനുമായ ദൈവം മനുഷ്യരോട് വർത്തിക്കുന്ന രീതിയും ഏവർക്കും അവിടെ ദൃശ്യമാണ്. ഈ പുസ്തകങ്ങളിൽ വെറും കാലികവും അപൂർണ്ണവുമായ പലതുമുണ്ട്. എങ്കിലും അവ ദൈവിക ബോധന സമ്പ്രദായം യഥാതഥം പ്രകടമാക്കുന്നുണ്ട്. അവയിൽ ദൈവത്തിന്റെ സജീവചിത്രം പ്രകടമാണ്. ദൈവത്തെപ്പറ്റിയുള്ള വിശിഷ്ടമായ പഠനങ്ങളുടെ ഒരു മുതൽക്കൂട്ടത്രെ അവ. മനുഷ്യജീവിതത്തെക്കുറിച്ച് രക്ഷാദായകമായ ജ്ഞാനം അവയിൽനിന്നു ലഭിക്കും. അവ അമൂല്യമായ ഒരു പ്രാർത്ഥനാ സഞ്ചയവുമാണ്. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ രക്ഷണീയരഹസ്യം അവയിൽ ഒളിഞ്ഞുകിടപ്പുണ്ട്. അതിനാൽ ക്രിസ്തീയ വിശ്വാസികൾ പഴയ ഉടമ്പടി സാദരം സ്വീകരിക്കേണ്ടതാണ്.

16. *(പഴയതും പുതിയതുമായ ഉടമ്പടികളുടെ പൊരുത്തം)* ദൈവമാണ് പഴയതും പുതിയതുമായ ഉടമ്പടികളിലെ പുസ്തകങ്ങളുടെ നിവേശകനും കർത്താവും. അവിടുത്തെ ബുദ്ധിപൂർവ്വകമായ ക്രമീകരണത്താൽ പുതിയ ഉടമ്പടി പഴയതിൽ ഒളിഞ്ഞുകിടക്കുന്നു. അതേസമയം പഴയതു പുതിയതിൽ പ്രകാശിക്കുകയും ചെയ്യുന്നു. എന്തെന്നാൽ സ്വരക്തത്താൽ പുതിയ ഉടമ്പടി സ്ഥാപിച്ച ക്രിസ്തു (ലൂക്കാ 22:20, 1 കൊറി. 11:25) സുവിശേഷ പ്രഖ്യാപനത്തിൽ, പഴയ ഉടമ്പടി പുസ്തകങ്ങൾ മുഴുവനും ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ

ഉടമ്പടിയിൽ മാത്രമേ പഴയത് അതിന്റെ പൂർണ്ണമായ അർത്ഥം സമ്പാദിക്കുകയും പ്രസ്പഷ്ടമാക്കുകയും ചെയ്യുന്നുള്ളൂ (മത്താ. 5:17, ലൂക്കാ 24:27, റോമ 16:25-26, 2 കൊറി. 3:14-16). പഴയ ഉടമ്പടിയിലെ പുസ്തകങ്ങളാകട്ടെ, പുതിയതിന്മേൽ പ്രകാശം ചൊരിയുകയും അതിനെ വിശദീകരിക്കുകയും ചെയ്യുന്നു.

## അദ്ധ്യായം 5
## പുതിയ ഉടമ്പടി

17. *(പുതിയ ഉടമ്പടിയുടെ വൈശിഷ്ട്യം)* വിശ്വസിക്കുന്നവർക്കെല്ലാം രക്ഷയ്ക്കുള്ള ദൈവികശക്തിയാണ് ദൈവവചനം (റോമ 1:16). അതു പുതിയ ഉടമ്പടിയെ സംബന്ധിച്ച ലിഖിതങ്ങളിൽ അത്യുൽകൃഷ്ടമായി പ്രകാശിക്കുകയും അതിന്റെ ശക്തി പ്രകടിപ്പിക്കുകയും ചെയ്യുന്നു. എന്തെന്നാൽ സമയത്തിന്റെ പൂർണ്ണതയിൽ വചനം മാംസം ധരിക്കുകയും പ്രസാദവരവും സത്യവും നിറഞ്ഞു തൂകിക്കൊണ്ട് നമ്മുടെ ഇടയിൽ വസിക്കുകയും ചെയ്തു. (യോഹ. 1:14) ദൈവത്തിന്റെ രാജ്യം ക്രിസ്തു ഭൂമിയിൽ സ്ഥാപിച്ചു. തന്റെ വാക്കാലും പ്രവൃത്തിയാലും പിതാവിനെയും തന്നെത്തന്നെയും വെളിപ്പെടുത്തി. തന്റെ മരണം, പുനരുത്ഥാനം, മഹത്വപൂർണ്ണമായ സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മാവിന്റെ പ്രേഷണം എന്നിവവഴിയായി തന്റെ ദൗത്യം അതിന്റെ പൂർണ്ണതയിലെത്തിച്ചു. ഭൂമിയിൽനിന്നുയർത്തപ്പെട്ടപ്പോൾ ക്രിസ്തു സകലരെയും തന്നിലേക്കാകർഷിച്ചു (യോഹ.12:32). അവിടുത്തെ സമക്ഷം മാത്രമേ സനാതന ജീവന്റെ വചസ്സുകളുള്ളൂ (യോഹ. 6:68). ഈ രഹസ്യം വി. അപ്പസ്തോലന്മാർക്കും പ്രവാചകന്മാർക്കും പരിശുദ്ധാത്മാവിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നതുപോലെ ഇതര തലമുറകൾക്കൊന്നും വെളിപ്പെടുത്തപ്പെട്ടിരുന്നില്ല (എഫേ. 3:4-6). അതിന്റെ ഉദ്ദേശ്യം അവർ സുവിശേഷം പ്രസംഗിക്കുകയും കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസം ഉദ്ദീപിപ്പിക്കുകയും സഭയെ സംഘടിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു. ഈ വസ്തുതകളുടെ ശാശ്വതമായ ഒരു ദൈവിക സാക്ഷ്യമായി നിലകൊള്ളുകയാണ് പുതിയ ഉടമ്പടിയിലെ ലിഖിതങ്ങൾ.

18. *(സുവിശേഷങ്ങളുടെ അപ്പസ്തോലികമായ ഉത്ഭവം)* പുതിയ ഉടമ്പടിയിലെ ലിഖിതങ്ങൾ ഉൾപ്പെടെ, വി. ഗ്രന്ഥസമുച്ചയത്തിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നത് സുവിശേഷങ്ങളാണെ

ന്നത് സുവിദിതമാണ്. കാരണം, മനുഷ്യനായി അവതരിച്ച വചനമായ നമ്മുടെ രക്ഷകന്റെ ജീവിത പ്രബോധനങ്ങളെ സംബന്ധിച്ചും പ്രമുഖ സാക്ഷ്യങ്ങളാണവ.

നാലു സുവിശേഷങ്ങൾക്കും അപ്പസ്തോലിക ഉത്ഭവമാണുള്ളത്. ഈ വസ്തുത സഭ എക്കാലവും എവിടെയും പഠിപ്പിച്ചിട്ടുണ്ട്. ഇപ്പോഴും അങ്ങനെതന്നെ പഠിപ്പിക്കുന്നു. കാരണം, ക്രിസ്തുവിന്റെ ആജ്ഞാനുസരണം തങ്ങൾ പ്രസംഗിച്ചതെല്ലാം പിൽക്കാലത്ത് അപ്പസ്തോലന്മാരും അവരോടു ബന്ധപ്പെട്ടവരും ചേർന്ന് പരിശുദ്ധാത്മാവിന്റെ നിവേശനത്താൽ ലിഖിതരൂപത്തിൽ നമുക്കു നൽകിയിരിക്കുന്നു. അവയാണ് നമ്മുടെ വിശ്വാസത്തിന്റെ അസ്ഥിവാരം. മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവരുടെ നാലു സുവിശേഷങ്ങളാണവ.

19. *(സുവിശേഷങ്ങളുടെ ചരിത്രപരത)* മേലുദ്ധരിച്ച നാലു സുവിശേഷങ്ങൾ ചരിത്രപരമാണെന്ന് മാതാവായ തിരുസ്സഭ സംശയലേശമെന്യേ പ്രഖ്യാപിക്കുന്നു. അവ ദൈവസുതനായ ക്രിസ്തു മനുഷ്യരുടെ ഇടയിൽ വസിച്ചുകൊണ്ട് സ്വർഗ്ഗാരൂഢനായതുവരെ (അപ്പ.1:1-2) അവരുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുയും പഠിപ്പിക്കുകയും ചെയ്തവ വിശ്വസ്തതാപൂർവ്വം വിവരിക്കുന്നുവെന്നു സഭ ദൃഢമായും സ്ഥിരമായും വിശ്വസിച്ചിട്ടുണ്ട്, വിശ്വസിക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷമാണ് അപ്പസ്തോലന്മാർ അവിടുന്ന് പറഞ്ഞതും പ്രവർത്തിച്ചതുമെല്ലാം ശ്രോതാക്കൾക്ക് പകർന്നുകൊടുത്തത്. അപ്പോൾ തീർച്ചയായും ഇവയെപ്പറ്റിയുള്ള അവരുടെ ജ്ഞാനം കൂടുതൽ വികസിച്ചിരുന്നു. കാരണം അപ്പോൾ അവർ ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ ജീവിതസംഭവങ്ങളാലും പരിശുദ്ധാത്മാവിന്റെ പ്രകാശനത്താലും പ്രബോധിതരായിരുന്നു. നാലു വി. ഗ്രന്ഥകാരന്മാരും സുവിശേഷം രചിച്ചപ്പോൾ അന്നു വാമൊഴിയായോ വരമൊഴിയായോ ഏല്പിക്കപ്പെട്ടിരുന്നവയിൽ ചിലതു സ്വീകരിക്കുകയും മറ്റു ചിലതു ഉദ്ഗ്രഥിക്കുകയുമുണ്ടായി. ഇനിയും, ഓരോ സഭയുടെയും പരിതഃസ്ഥിതി പരിഗണിച്ച് അവ വിശദീകരിച്ചിട്ടുണ്ട്. അവയുടെ പ്രഘോഷണരൂപം നിലനിർത്തിക്കൊണ്ടുപോന്നിട്ടുമുണ്ട്. അതേസമയം ഇവയിലെല്ലാം അവരുടെ ലക്ഷ്യം ക്രിസ്തുവിനെപ്പറ്റിയുള്ള കറയറ്റ പരമാർത്ഥം നമുക്കു തരിക എന്നതു മാത്രമായിരുന്നു. കാരണം തങ്ങളുടെ ഓർമ്മയിൽനിന്നോ അനുചിന്തനത്തിൽനിന്നോ അതുമല്ലെ

ങ്കിൽ ആരംഭംമുതലേ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷക രുമായിരുന്നവരിൽനിന്നോ നമ്മെ പഠിപ്പിച്ചിരിക്കുന്ന ആ വസ്തുത കളെ സംബന്ധിച്ച യാഥാർത്ഥ്യം നാം അറിയണമെന്ന (ലൂക്ക 1:2-4) തായിരുന്നു അവരുടെ ഉദ്ദേശ്യം.

20. *(പുതിയ ഉടമ്പടിയിലെ ഇതരലിഖിതങ്ങൾ)* നാലു സുവി ശേഷങ്ങൾക്കും പുറമെ, പുതിയ ഉടമ്പടിയിൽ വേറെയും കാനോ നിക ലിഖിതങ്ങളുണ്ട്. അവയാണു പരിശുദ്ധാത്മാവിന്റെ നിവേശ നത്താൽ എഴുതപ്പെട്ട പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളും മറ്റ് അപ്പസ്തോലിക ലിഖിതങ്ങളും. ദൈവത്തിന്റെ ബുദ്ധിപൂർവകമായ സംവിധാനത്തിൽ അവ ക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷ്യം ഉപ രിദൃഢീകരിക്കുകയും അവിടുത്തെ യഥാർത്ഥ പഠനങ്ങൾ കൂടുതൽ വ്യക്തമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ ക്രിസ്തുവിന്റെ ദൈവിക പ്രവർത്തനത്തിനുള്ള രക്ഷാകരശക്തിയെ പ്പറ്റി അവ പഠിപ്പിക്കുന്നു. കൂടാതെ സഭയുടെ ഉത്ഭവവും അത്ഭുത കരമായ വളർച്ചയും സംബന്ധിച്ച വിവരങ്ങൾ നൽകുകയും അവ യുടെ വിജയശ്രീയോലുന്ന സമാപ്തിയെപ്പറ്റി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

കർത്താവായ ക്രിസ്തു തന്റെ വാഗ്ദാനമനുസരിച്ച് അപ്പസ്തോ ലന്മാരുടെകൂടെ ഉണ്ടായിരിക്കുകയും (മത്താ. 28:20) അവരെ സത്യ ത്തിന്റെ പൂർണ്ണതയിലേക്കു നയിക്കാൻ സമാശ്വാസകനായ പരി ശുദ്ധാത്മാവിനെ അയക്കുകയും ചെയ്തു (യോഹ.16:31).

## അദ്ധ്യായം 6
## വി. ഗ്രന്ഥം സഭയുടെ ജീവിതത്തിൽ

21. *(വി. ഗ്രന്ഥത്തിന്റെ പ്രാധാന്യം)* നമ്മുടെ കർത്താവിന്റെ തിരുശരീരത്തെ വണങ്ങുന്നതുപോലെയാണ് വി. ഗ്രന്ഥത്തേയും സഭ എന്നും വണങ്ങിപ്പോന്നിട്ടുള്ളത്. സംപൂജ്യമായ ആരാധനക്രമ ത്തിൽ ജീവന്റെ അപ്പം ക്രിസ്തുവിന്റെ ശരീരമാകുന്ന മേശയിൽ നിന്നെന്നപോലെ ദൈവവചനമാകുന്ന മേശയിൽനിന്നും സ്വീകരിച്ച് വിശ്വാസികൾക്കു വിതരണം ചെയ്യുന്ന വിശുദ്ധ പാരമ്പര്യങ്ങളോ ടുചേർന്ന് വിശുദ്ധ ലിഖിതങ്ങളെയും വിശ്വാസത്തിന്റെ പരമ മാന ദണ്ഡമായി സഭ എന്നും കരുതിപ്പോന്നിട്ടുണ്ട്. കാരണം, ദൈവനി വേശനത്താലാണ് വി. ഗ്രന്ഥം എന്നന്നേയ്ക്കുമായി ലിഖിതരൂപ

ത്തിൽ പകർത്തപ്പെട്ടത്. ആ നിലയ്ക്കു ദൈവത്തിന്റെതന്നെ വചനം അന്യൂനമായി അതിൽ ലഭ്യമാണ്. അതിൽ കാണുന്ന പ്രവാചകന്മാരുടെയും അപ്പസ്തോലന്മാരുടേയും വാക്കുകളിൽ പരിശുദ്ധാത്മാവിന്റെ സ്വരമാണു പ്രതിധ്വനിക്കുന്നത്. വി. ഗ്രന്ഥം ക്രിസ്തുമതത്തെ എങ്ങനെ പഠിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്തുവോ അങ്ങനെതന്നെ അതു സഭയുടെ പ്രബോധനങ്ങളിലും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, വി. ഗ്രന്ഥത്തിലൂടെയാണ് സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ മക്കളെ അതീവ സ്നേഹത്തോടെ ഉറ്റുനോക്കുന്നതും അവരുമായി സംഭാഷണം ചെയ്യുന്നതും. ദൈവവചനത്തിന്റെ ശക്തിയും കഴിവും വളരെ വലുതാണ്. അത് സഭയ്ക്ക് ആലംബവും ഊർജ്ജസ്വലതയും നൽകുന്നു. അവളുടെ മക്കൾക്കാവശ്യമായ വിശ്വാസത്തിനുവേണ്ട ശക്തിയും ആത്മാവിന്റെ ഭക്ഷണവും അതുതന്നെ. ആദ്ധ്യാത്മിക ജീവിതത്തിന്റെ വിശുദ്ധവും അക്ഷയവുമായ ഉറവിടമായും അത് വർത്തിക്കുന്നു. തദ്ഫലമായി താഴെപറയുന്ന വാക്കുകൾ വി. ലിഖിതങ്ങളെ സംബന്ധിച്ചിടത്തോളം തികച്ചും അന്വർത്ഥമായിരിക്കുന്നു. കാരണം, ദൈവവചനം സജീവവും ഫലദായകവുമാണ് (ഹെബ്രാ. 4:12). നിങ്ങളെ കെട്ടിപ്പടുക്കാനും നിങ്ങളുടെ പൈതൃകം വിശുദ്ധരുടെ മദ്ധ്യേ നിങ്ങൾക്കു തരാനും അതിനു കഴിയും (അപ്പ. 20:32, തെസ.2:13).

22. ഓരോ ക്രൈസ്തവനും വി. ഗ്രന്ഥം വായിക്കാൻ സുഗമമായ അവസരം നൽകേണ്ടതാണ്. ഇക്കാരണത്താലാണ് സഭ ആരംഭംമുതൽതന്നെ, സെപ്ത്വജിന്താ എന്നറിയപ്പെടുന്ന പഴയനിയമത്തിന്റെ പ്രാചീന ഗ്രീക്കു വിവർത്തനം സ്വന്തമായി സ്വീകരിച്ചത്. ഇതര പൗരസ്ത്യ വിവർത്തനങ്ങൾക്കും ലത്തീൻ വിവർത്തനങ്ങൾക്കും സഭ എന്നും പൂജ്യമായ സ്ഥാനം നൽകിയിട്ടുണ്ട്; ലത്തീൻ വിവർത്തനങ്ങളിൽ വുൾഗാത്ത എന്നറിയപ്പെടുന്ന വിവർത്തനത്തിന് പ്രത്യേകിച്ചും. ദൈവവചനം എക്കാലവും കൂടുതൽ സുഗമമായി തീരേണ്ടതിന് മാതൃസഹജമായ ശ്രദ്ധയോടെ സഭ വിവിധ ഭാഷകളിൽ നല്ലതും അവികലവുമായ പരിഭാഷകൾ ഉണ്ടാക്കാൻ പരിശ്രമിക്കുന്നു. കഴിയുന്നതും ഇവ വി. ഗ്രന്ഥങ്ങളുടെ മൂലകൃതികളിൽ നിന്നായിരിക്കാനാണ് സഭയുടെ ആഗ്രഹം. അവസരം ലഭിക്കുകയാണെങ്കിൽ സഭാധികാരികളുടെ അംഗീകാരത്തോടെ വി. ഗ്രന്ഥപരിഭാഷകൾ വേർതിരിഞ്ഞു നിൽക്കുന്ന സഹോദരന്മാരുടെ സഹകര

ണത്തോടുകൂടിയും പൊതുവായി നിർമ്മിക്കാവുന്നതാണ്. അങ്ങനെ യെങ്കിൽ അവ എല്ലാ ക്രിസ്ത്യാനികൾക്കും ഉപയോഗിക്കാൻ സാധി ക്കുമല്ലോ.

23. *(കത്തോലിക്കാ ദൈവശാസ്ത്രപണ്ഡിതന്മാരുടെ കർത്തവ്യം)* മനുഷ്യവതാരം ചെയ്ത വചനത്തിന്റെ മണവാട്ടിയും പരിശുദ്ധാ ത്മാവാൽ പ്രബോധിതയുമായ തിരുസ്സഭ വി. ലിഖിതങ്ങളെപ്പറ്റി കൂടു തൽ അഗാധമായ ജ്ഞാനം നേടാൻ ശ്രമിക്കുന്നതിൽ എന്നും ഉത്സു കയാണ്. തദ്വാരാ തന്റെ മക്കളെ ദൈവികവചസ്സുകൾകൊണ്ട് നിര ന്തരം പരിപോഷിപ്പിക്കുവാൻ അവൾ ആഗ്രഹിക്കുന്നു. ഇതേ കാര ണത്താൽതന്നെയാണ് പാശ്ചാത്യരും പൗരസ്ത്യരുമായ വി. പിതാ ക്കന്മാരുടെ കൃതികളെയും പൂജ്യമായ ആരാധനക്രമത്തെയും പഠി ച്ചറിയാൻ സഭ എല്ലാവരേയും പ്രോത്സാഹിപ്പിക്കുന്നത്. കത്തോലി ക്കരായ വി. ഗ്രന്ഥവ്യാഖ്യാതാക്കളും ദൈവശാസ്ത്രജ്ഞന്മാരും ചെയ്യേണ്ടതിതാണ്. അവർ സഭയുടെ പ്രബോധനാധികാരത്തിന്റെ ശ്രദ്ധാപൂർവ്വമായ സംരക്ഷണത്തിൻകീഴിൽ ഒത്തൊരുമിച്ച് തങ്ങളുടെ കഴിവുകൾ ഉത്സാഹപൂർവ്വം ഉപയോഗിക്കണം. തദ്ഫലമായി ദൈവ ത്തിന്റെ ശുശ്രൂഷകരിൽ വളരെയധികംപേർക്കും വി. ലിഖിതങ്ങ ളിൽനിന്നുള്ള പോഷണം ഫലപ്രദമായി ദൈവജനത്തിനു കൊടു ക്കുവാൻ സാധിക്കും. ഈ പോഷണം മനുഷ്യരുടെ ബുദ്ധിയെ പ്രകാ ശിപ്പിക്കുകയും മനസ്സിനെ ശക്തിപ്പെടുത്തുകയും ഹൃദയത്തെ ദൈവ സ്നേഹംകൊണ്ട് ജ്വലിപ്പിക്കുകയും ചെയ്യും. വി. ലിഖിതങ്ങളുടെ പഠനത്തിൽ ഏർപ്പെട്ടിരിക്കുന്ന സഭാസന്താനങ്ങളെ സൂനഹദോസ് പ്രോത്സാഹിപ്പിക്കുന്നു. അവർ സസന്തോഷം സമാരംഭിച്ചിരിക്കുന്ന ജോലിയിൽ എന്നും നവചൈതന്യം ഉൾക്കൊണ്ടു സർവ്വശക്തിയും ഉപയോഗിച്ചു മുന്നോട്ടുപോകട്ടെ. സഭയുടെ മനസ്സിനോട് യോജിച്ചാ യിരിക്കണം അവരുടെ പരിശ്രമം.

24. *(ദൈവശാസ്ത്രപഠനവും വി. ഗ്രന്ഥവും)* വി. പാരമ്പര്യങ്ങ ളോടുചേർന്ന് ശാശ്വതമായ അടിസ്ഥാനത്തിൽ വർത്തിക്കുന്ന ലിഖി തമായ ദൈവവചനത്തിലാണ് ദൈവശാസ്ത്രം ചുവടുറപ്പിച്ചിരിക്കു ന്നത്. ക്രിസ്തുവാകുന്ന രഹസ്യത്തിൽ ഉൾക്കൊണ്ടിരിക്കുന്ന സർവ്വ സത്യത്തേയും വിശ്വാസത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുന്ന തുവഴി ദൈവശാസ്ത്രം ഇതേ ദൈവവചനത്താൽ ഉറപ്പിക്കപ്പെടു കയും നിരന്തരം യുവചൈതന്യമുറ്റതായിരിക്കുകയും ചെയ്യുന്നു. വി. ലിഖിതങ്ങൾ ദൈവവചനത്തെയാണ് ഉൾക്കൊള്ളുന്നത്. അവ

ദൈവനിവേശിതങ്ങളാകയാൽ യഥാർത്ഥത്തിൽ ദൈവത്തിന്റെ വാക്കുകൾതന്നെയാണ്. അതുകൊണ്ടും ദൈവശാസ്ത്രത്തിന്റെ ജീവൻ വി. ഗ്രന്ഥപഠനമായിരിക്കട്ടെ. ദൈവവചനം പകർന്നുകൊടുക്കാൻ പല മാർഗ്ഗങ്ങളുണ്ട്. ആത്മപാലനപരമായ പ്രഭാഷണങ്ങൾ, മതതത്ത്വബോധനം, മറ്റു ക്രിസ്തീയോപദേശങ്ങൾ. ഇവയിൽ ദിവ്യബലിയോടനുബന്ധിച്ചുള്ള പ്രഭാഷണത്തിന് അതുല്യമായ സ്ഥാനമുണ്ടാകണം. ഇപ്പറഞ്ഞ ദൈവവചന ശുശ്രൂഷകളെല്ലാം വി. ലിഖിതങ്ങളിലെ വചനങ്ങളാലാണ് ആരോഗ്യകരമായി പോഷിക്കപ്പെടുകയും പരിശുദ്ധമായി വളരുകയും ചെയ്യുന്നത്.

25. *(വി. ഗ്രന്ഥപാരായണം)* വൈദികശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും, പ്രത്യേകിച്ചു ക്രിസ്തുവിന്റെ പുരോഹിതരും അതുപോലെതന്നെ വചനശുശ്രൂഷയിൽ നിയമാനുസൃതം ഏർപ്പെട്ടിരിക്കുന്ന ഡീക്കന്മാരും മതബോധകരും വി. ഗ്രന്ഥത്തിന്റെ നിരന്തര പാരായണത്തോടും സൂക്ഷ്മപഠനത്തോടും അഭേദ്യമായി ബന്ധപ്പെടുക അവശ്യാവശ്യകമാണ്. അവരിലാരും ദൈവവചനത്തെ ആന്തരികമായി ശ്രവിക്കാത്ത അകക്കാമ്പില്ലാത്ത ഉപരിപ്ലവപ്രഭാഷകർ ആകാതിരിക്കേണ്ടതുമാണ്. കാരണം, ദൈവവചനത്തിന്റെ സമൃദ്ധമായ സമ്പത്ത് തങ്ങളെ ഏല്പിച്ചിരിക്കുന്ന വിശ്വാസികൾക്ക് പകർന്നുകൊടുക്കാൻ, പ്രത്യേകിച്ച് വി. ആരാധനക്രമംവഴി അവർ കടപ്പെട്ടവരാണ്. യേശുക്രിസ്തുവിനെപ്പറ്റിയുള്ള വിശിഷ്ട ജ്ഞാനം (ഫിലി. 3:8)

വി. ലിഖിതങ്ങൾ കൂടെക്കൂടെ വായിച്ച് എല്ലാവരും പൂർണ്ണമായി പഠിക്കണം. എല്ലാ ക്രിസ്തീയ വിശ്വാസികളെയും വിശേഷിച്ചു സന്യാസികളെയും ഇതിനായി പ. സൂനഹദോസ് പ്രത്യേകമായി ശക്തിയുക്തം ആഹ്വാനംചെയ്യുന്നു. കാരണം, വി. ലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞത തന്നെയാണ്. അതുകൊണ്ട് വി. ഗ്രന്ഥത്തെ അവർ നല്ല മനസ്സോടെ സമീപിക്കട്ടെ. ദൈവവചനം നിറഞ്ഞുനിൽക്കുന്ന ആരാധനക്രമത്തിലൂടെയോ ഭക്തിപൂർവകമായ പാരായണത്തിലൂടെയോ ഇതു സാധിക്കാവുന്നതാണ്. ഇതേകാര്യത്തിനുവേണ്ടി ലക്ഷ്യപ്രാപ്തിക്കുപറ്റിയ പഠനങ്ങളോ മറ്റുപ്രയുക്ത മാർഗ്ഗങ്ങളോ സ്വീകരിക്കാം. സഭയിലെ ഇടയന്മാരുടെ അംഗീകാരവും നിയന്ത്രണവുംവഴി ഇക്കാലത്തു സ്തുത്യർഹമാംവിധം എവിടെയും പ്രചരിച്ചിട്ടുള്ളതാണല്ലോ ഈ മാർഗ്ഗങ്ങൾ. എന്നാൽ എല്ലാവരും ഓർക്കേണ്ട ഒന്നുണ്ട്, വി. ഗ്രന്ഥപാരായണ

ത്തോടൊപ്പം പ്രാർത്ഥനയും ആവശ്യമാണ്. അങ്ങനെയാണ് ദൈവവും മനുഷ്യനും തമ്മിലുള്ള സംഭാഷണം നടക്കുന്നത്. കാരണം, നാം പ്രാർത്ഥിക്കുമ്പോൾ ദൈവവുമായി സംസാരിക്കുന്നു. ദിവ്യവചനങ്ങൾ വായിക്കുമ്പോൾ അവിടുത്തെ ശ്രവിക്കുന്നു. അപ്പസ്തോലിക പഠനങ്ങൾ സ്വീകരിക്കുന്ന പരിശുദ്ധരായ മെത്രാന്മാർ ചെയ്യേണ്ടത് ഇതാണ്. വി. ലിഖിതങ്ങൾ, അവയിൽ പ്രത്യേകിച്ച് പുതിയ നിയമവും സർവ്വോപരി സുവിശേഷങ്ങളും, ശരിയായി ഉപയോഗിക്കാൻ തങ്ങളുടെ കീഴിലുള്ള വിശ്വാസികളെ പരിശീലിപ്പിക്കണം. വി. ഗ്രന്ഥപരിഭാഷകൾ വഴി ഇതിനു സൗകര്യമുണ്ടാക്കാവുന്നതാണ്. ആവശ്യമുള്ളിടത്ത് ശരിയായതും മതിയായതുമായ വിശദീകരണങ്ങൾ നല്കണം. ഇതുവഴി സഭാസന്താനങ്ങൾ വി. ലിഖിതങ്ങൾ അബദ്ധരഹിതമായും ഫലപ്രദമായും വായിക്കാനും അവയുടെ ചൈതന്യത്താൽ നിറയാനും ഇടവരും.

കൂടാതെ ക്രൈസ്തവരുടെ ഉപയോഗത്തിനായി വേണ്ടത്ര വിവരണങ്ങളോടെ, അവരുടെ സാഹചര്യത്തിനു യോജിച്ച രീതിയിൽ വി. ലിഖിതപതിപ്പുകൾ തയ്യാറാക്കേണ്ടതുമുണ്ട്. ഇത്തരം പതിപ്പുകൾ വിവേകപൂർവ്വം ഏതെങ്കിലും യോജിച്ച മാർഗ്ഗത്തിലൂടെ പ്രചരിപ്പിക്കാൻ ആത്മപാലകരും വിശ്വാസികളും ശ്രമിക്കേണ്ടതുണ്ട്.

26. ഇപ്രകാരം വി. ഗ്രന്ഥത്തിന്റെ വായനയും പഠനവും വഴി ദൈവവചനം വേഗം പ്രചരിക്കുകയും മഹത്വപൂരിതമാകുകയും ചെയ്യട്ടെ (2 തെസ. 3:1). സഭയെ ഏല്പിച്ചിരിക്കുന്ന ദൈവികവെളിപാടിന്റെ ആ നിധി ഏവരുടെയും ഹൃദയങ്ങളെ ഉപര്യുപരി നിറയ്ക്കട്ടെ. സഭയുടെ ജീവിതം വി. കുർബാനയാകുന്ന ആ രഹസ്യത്തിന്റെ ഇടവിടാതെയുള്ള ആവർത്തനംവഴി വളർച്ച പ്രാപിക്കുന്നതുപോലെ സനാതനമായ (ഏശ. 40:8, 1 പത്രോ. 1:23-25) ദൈവവചനത്തോടുള്ള വർദ്ധമാനമായ ഭക്തിവഴി ആദ്ധ്യാത്മിക ജീവിതത്തിൽ ഒരു പുതിയ ഉത്തേജനം ഉണ്ടാകുമെന്നും പ്രതീക്ഷിക്കാം.